പുസ്തകം 7 ലക്കം 4
മാർച്ച് 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്ത്വ

*Eka Thathwa*

മാസിക



## കത്തിത്തീരും മുൻപേ...




## ആത്മാർത്ഥതയുടെ പ്രതീകമായ്,
## വിശ്വാസ്യതയുടെ ആൾരൂപമായ്
# നിർമ്മാണമേഖലയിൽ അമ്പതാണ്ട് തികയുന്ന വിജയേട്ടന്
# ഏക തത്ത്വയുടെ ഊഷ്മളമായ സ്നേഹാദരങ്ങൾ.





വിജയേട്ടന്റെ മേൽനോട്ടത്തിൽ പണി പുരോഗമിക്കുന്ന ഒരു വീട്

ഒരു വീടെന്ന നിങ്ങളുടെ സുന്ദര സ്വപ്നങ്ങൾക്ക് അഴകും മിഴിവുമേകാൻ സദാ സമയവും ചുറുചുറുക്കോടെ കർമ്മഭൂമിയിൽ കർമ്മനിരതനായിരിക്കുന്ന അദ്ദേഹത്തിന്റെ സേവനം നിങ്ങൾക്കും ലഭ്യമാക്കാം. മികച്ച പ്ലാനുകൾ, ചിലവുകുറഞ്ഞ എസ്റ്റിമേറ്റ്, വൈവിധ്യമാർന്ന ഡിസൈനുകളിൽ, കുറഞ്ഞ സമയത്തിനുള്ളിൽ കൂടാതെ കെട്ടിടനിർമ്മാണ സംബന്ധിയായ എല്ലാ വർക്കുകളും നിങ്ങളുടെ ഇഷ്ടാനുസരണം ചെയ്തുകൊടുക്കുന്നു.

ബന്ധപ്പെടേണ്ട വിലാസം :

**വിജയൻ, മേക്കോണം, പെരിങ്ങോട്ടുകുറുശ്ശി.**

**മൊബൈൽ : 9846507480**

₹ 15

# ഏക തത്ത്വ
മാസിക

പുസ്തകം 7 ലക്കം 4

മാർച്ച് 2017

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർ ഫോട്ടോ**

പ്രമോദ് മഞ്ചേരി

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**

8 – അച്ഛന്റെ മടിയിൽ ഇരിക്കുകയും വേണം, അമ്മയുടെ പാൽ കുടിക്കുകയും വേണം – എം. എം. മേനോൻ
10 – കയ്യെഴുത്തും സ്വഭാവവും – ടി. ജെ. നായർ
11 – വെളുക്കാൻ തേച്ചത് പാണ്ടായി – പി. വി. ഗോപാലൻ
12 – സർക്കാർ വണ്ടി – പി. രാധാകൃഷ്ണൻ നായർ
13 – കടൽ മലിനീകരണം നിസ്സാരമാക്കുന്ന പ്രവണത തുടരരുത് – വിനോദ് കുമാർ ദാമോദർ
16 – രാഷ്ട്രഭാഷാ പഠനം – ഒ. സി. പ്രമോദ്

**കഥ**

22 – ദൈവങ്ങളുണ്ടാകുന്നത് – പ്രമോദ് മഞ്ചേരി
23 – സ്വർണ്ണം – ടി. കെ. ഉണ്ണികൃഷ്ണൻ
24 – കൊണ്ടച്ചീപ്പുരു – കെ. വിജയകുമാരൻ
29 – മരണം – അരവിന്ദൻ
30 – ജീവിതം ഒരു പോസ്റ്റുമാർട്ടം – പുള്ളോട് പ്രവീൺ
31 – മരണത്തിന്റെ ഗന്ധം – ഗോപിനാഥ് മേനോൻ ചെറുവട്ടത്ത്
33 – വിനോദക്കാഴ്ച – മോഹൻദാസ് പെരിങ്ങോട്ടുകുറുശ്ശി
34 – ശിലയുടെ മോഹം – രാധാ കണ്ണൻ
38 – വിദേശയാത്ര – രേഖ രമേശൻ
42 – മൂന്നു കഥകൾ – സുരേഷ് തെക്കീട്ടിൽ

**കവിത**

11 – സിവിൽ കോഡുകൾ – പ്രശോഭ് മണ്ണാർക്കാട്
17 – ഏകാത്മകം – എം. അൽഖാഫ്
18 – എന്റെ ഭാഷ – പ്രസാദ് വാസുദേവൻ
18 – നന്മയാകാം – ഗംഗാധരപണിക്കർ
21 – അതിജീവനം – അജയ് ബാലചന്ദ്രൻ
28 – മാതൃവാത്സല്യം – കെ. സുധാകരൻ
32 – ഹൂറി – ദേവീപ്രസാദ് പീടിയ്ക്കൽ
39 – ആൽമരം – മുരളീധർ കൊല്ലത്ത്
39 – വസന്തനിലാവിൽ – അന്ന ജോസഫ് കോരുത്തോട്
41 – അമ്മ ഒരു വിസ്മയഭാവം – ഇന്ദുജൻ ഇന്ദീവരം
41 – മധുരാസ്വാസ്ഥ്യം – സുകുമാരൻ നെല്ലാനിക്കാട്
42 – ചിത – ജയകൃഷ്ണൻ പെരിങ്ങോട്ടുകുറുശ്ശി

**ആരോഗ്യം**

18 – ഇംപെറ്റിഗോ, ഫംഗസ്സ് – ഡോ. സി. രാമകൃഷ്ണൻ
19 – ക്യാൻസർ പകരുമോ ? – ഡോ. (മേജർ) നളിനി ജനാർദ്ദനൻ

**പാചകം**

34 – പപ്പായ ഓലൻ – ജയ ബാലചന്ദ്രൻ

**കഥയും കാര്യവും**

35 – ജീവിതവിജയത്തിന് വേണ്ട വഴികൾ – സത്യൻ താന്നിപ്പുഴ
35 – നന്മ വിളഞ്ഞ കാലം – എം. പി. വാസുദേവൻ

**സ്മരണ**

14 – എന്റെ അഭിനയ സ്മരണകൾ – മുക്കം ഭാസി
15 – ഗുരുദക്ഷിണ – സ്റ്റെല്ലാ ഡൺസ്റ്റൺ

**പുസ്തകപരിചയം**

20 – ഇത്തിരി പ്രണയവും ഏറെ നർമ്മവും – കെ. പി. രാധാകൃഷ്ണൻ

**നോവൽ**

40 – ഇത് അനസൂയയുടെ കഥ നിന്റേയും – കൃഷ്ണ എഴക്കാട്

## എനിക്കു പറയാനുള്ളത്



ഇ. ടി. മുരളീധരൻ

# കത്തിത്തീരും മുൻപേ...

സമാധാന കാംക്ഷികളല്ലാത്ത ജനതയ്ക്ക് അടിയും ഇടിയും കളവും ചതിയും പീഡനങ്ങളും ഒന്നുമില്ലാത്ത ഒരു ദിവസത്തെ കുറിച്ച് ഓർക്കാൻ കൂടി കഴിയില്ല. കാശിനുവേണ്ടി സ്വന്തം മകളെ കൂട്ടിക്കൊടുക്കും, കൊലയ്ക്ക് കൊടുക്കും കാലം. സ്വന്തം വീടിനകത്തുപോലും സ്ത്രീകൾ സുരക്ഷിതരല്ല. ആരേയും സമാധാനമായി ജീവിക്കാൻ അനുവദിക്കില്ല. നന്മയെ പ്രോത്സാഹിപ്പിക്കില്ല. തിന്മയുടെ കൂടെയാണ് ഏറിയ പങ്ക് ആളുകളും. ആരേയും ഇവിടെ നല്ല കുട്ടിയാകാൻ വിടില്ല. എങ്ങിനെയെങ്കിലും ചെളിവാരിത്തേയ്ക്കും ഈ സമൂഹം. ഹിരണ്യകശിപുവിന്റെ കഥയിലെ ഹിരണ്യകശിപുവായി ജീവിക്കുകയാണ് ഏവരും. എല്ലാവരും അസുരൻമാരായി. അവർ പറഞ്ഞത് നടക്കണം. ഇല്ലെങ്കിൽ നടത്തും, വകവരുത്തും. എപ്പോഴെല്ലാം ധർമ്മത്തിന് നാശം സംഭവിക്കുന്നുവോ അപ്പോഴെല്ലാം ധർമ്മം നിലനിർത്താനായി ഒരാൾ വരാറുണ്ട്. അദ്ദേഹത്തെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് നന്മ നശിക്കാത്ത ന്യൂനപക്ഷം.

സമാധാനം കാംക്ഷിക്കുന്നവരുടെ മനസ്സിൽ എന്നും തീയാണ്. എല്ലാത്തിനേയും കുറിച്ച് പഠിച്ചും, ചിന്തിച്ചും, പ്രവർത്തിച്ചും മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള വിഫലശ്രമങ്ങൾക്കൊടുവിലും വളരെ പ്രതീക്ഷയോടെ അവർ ജീവിക്കുന്നു. സമാധാനപ്രിയർ എന്നും എണ്ണത്തിൽ കുറവാണെങ്കിലും അവരുടെ ശ്രമങ്ങളാണ് അതുമല്ലെങ്കിൽ അവർക്ക് വേണ്ടിയാണ് പല അനിഷ്ടസംഭവങ്ങളും സംഭവിക്കാതെ ഈ ഭൂമിയെ ഈ വിധം ദൈവം നിലനിർത്തുന്നത്. സമാധാനപ്രിയർ ഏറെ ദുഃഖിതരാണ്. അവർ സ്വയം കത്താനാവാതെ ഉരുകുകയാണ്. നിനക്ക് സാധിക്കില്ലല്ലോ ? ആരെങ്കിലും എന്തെങ്കിലുമൊക്കെ ചെയ്യട്ടെ എന്നുപറഞ്ഞ് നന്മയുടെ പാതയിൽ സഞ്ചരിക്കുന്നവരെക്കൂടി മാറ്റി ചിന്തിപ്പിക്കുന്നു. സമാധാനം കാംക്ഷിക്കാതെ അക്രമത്തിന്റെ പാതയിൽ പോയവരെല്ലാം ഒരുനാൾ മടങ്ങിവന്ന് എല്ലാം സമാധാനമായി കേൾക്കും. അപ്പോഴവർ പണ്ടുചെയ്തുപോയ തെറ്റിനെയോർത്ത് പശ്ചാത്തപിക്കും.

കളിയിലെ അപാകതകളെക്കുറിച്ച് കളിക്കാരുടെ കോച്ച് കളിയുടെ വിശ്രമവേളയിൽ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. ഗ്യാലറിയിലിരുന്ന് കളി കണ്ടുകൊണ്ടിരിക്കുന്ന നമ്മൾ അവരെ ഉപദേശിക്കാനായി മുതിർന്നാൽ എന്താവും സ്ഥിതി ? ഇന്ന് എല്ലാത്തിലും എല്ലാവരും കയറി ഇടപെടുന്നുണ്ട്. ഈ ഗ്യാലറിയിലിരിക്കുന്നവർ കൂട്ടത്തോടെ ചെന്ന് കളിക്കാരേയും കോച്ചിനേയും കൈകാര്യം ചെയ്യുന്നു, പേടിപ്പിക്കുന്നു. ഒടുവിൽ കളിക്കാനാളില്ലാതെ കളിക്കളങ്ങൾ വെറുതെ കിടക്കുന്നു. കളിക്കുകയുമില്ല, കളിപ്പിക്കുകയുമില്ല നാം. വെറുതെ വർത്തമാനം പറഞ്ഞ് കാര്യങ്ങളെ വഷളാക്കും. എല്ലാവർക്കും ആളാവണം. പദവി മാത്രം മതി. എന്തിനെന്നോ, പണമുണ്ടാക്കാൻ. അദ്ധ്യാപകനായി ജോലി കിട്ടിയതിൽ പിന്നെ മര്യാദയ്ക്ക് ക്ലാസ്സെടുത്തിട്ടില്ല. ഡോക്ടറായതിൽ പിന്നെ ആതുരസേവനം ഇതുവരേയും ചെയ്തിട്ടില്ല. മതപണ്ഡിതനായി മതത്തിന്റെ പൊള്ളത്തരം പിടികിട്ടിയിട്ടും എല്ലാം മൂടിവെച്ച് പ്രഭാഷണ പരമ്പരകൾ തീർക്കുന്നു. രാഷ്ട്രീയ നേതാവായിട്ടും രാഷ്ട്രത്തിനുവേണ്ടി ഒന്നും ഇതുവരെ ചെയ്യാത്തവർ തുടങ്ങി എല്ലാവരും പണം മാത്രം ലക്ഷ്യം വച്ച് ജീവിക്കുന്ന കാലഘട്ടത്തിലാണ് നാം. എല്ലാവരും കൈയിട്ടുവാരി കാലിയാക്കിയ ഖജനാവും, വെള്ളമില്ലാത്ത പുഴയും, മലകളും, കുന്നുകളും, മരങ്ങളില്ലാത്ത കാടുകളും, വികലമായ മതാചാരങ്ങളും, മൂല്യമില്ലാത്ത രാഷ്ട്രീയ പാർട്ടികളും എല്ലാം നാം ഓരോരുത്തരുടേയും പ്രവർത്തിയിലെ അപാകതകൾ കൊണ്ട് രൂപപ്പെട്ടവയാണ്. ഇതിനെല്ലാം ഉത്തരവാദികൾ നാം തന്നെയാണ്. ഐക്യമില്ലാത്ത ജനത, കാര്യങ്ങളറിഞ്ഞും അറിയാതെയും പ്രതികരിക്കുന്ന ജനത, സമാധാനം കാംക്ഷിക്കാത്തൊരു ജനത. ഇനിയെങ്കിലും അപകടം തിരിച്ചറിഞ്ഞ് നാമോരോരുത്തരും നമുക്ക് കിട്ടിയ പദവിയെ ദുരുപയോഗം ചെയ്യാതെ ആത്മാർത്ഥമായി കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുക. അങ്ങനെ ഓരോരുത്തരും അവരവരുടെ പണികൾ വൃത്തിയായും ആത്മാർത്ഥതയോടും ചെയ്യുമ്പോൾ എല്ലാ പ്രശ്നങ്ങളും തീരും.

നമ്മൾ സഞ്ചരിക്കുന്ന വാഹനത്തിന്റെ ഡ്രൈവർ ശരിയല്ലെങ്കിൽ എന്താവും സ്ഥിതി ? യുവനടിക്ക് സംഭവിച്ചതുപോലെ പലതും സംഭവിക്കും. പീഡനത്തിന് വഴിയൊരുക്കിയതും കൂട്ടുനിന്നതും സ്വന്തം വാഹനത്തിന്റെ ഡ്രൈവർ!

നിരവധി പെൺകുട്ടികൾ നിരന്തരം പീഡനത്തിനിരയാവുന്നുണ്ട്. കുറ്റവാളികളെ പിടിച്ച് നല്ല ഭക്ഷണത്തോടും സുഖസൗകര്യങ്ങളോടും ജയിലിൽ താമസിപ്പിച്ചിരിക്കുകയാണ്. കൊലക്കുറ്റത്തിന് ജയിലിൽ ശിക്ഷയനുഭവിക്കുന്നവർ വളരെ ഹാപ്പിയാണ്. അവർ അവിടെയിരുന്ന് ഭരണത്തെ നിയന്ത്രിക്കുന്നു. എന്നാൽ റൊട്ടി/അപ്പം കട്ടവനെ പരസ്യമായി പിടിച്ച് മാനം കെടുത്തി അടിയും ഇടിയും കൊടുത്ത് പൊതുവീഥിയിലൂടെ നടത്തി ജയിലിലിട്ട് ശിക്ഷിക്കും. എന്നാൽ സാമ്പത്തികമായി വലിയ ക്രമക്കേടുകൾ നടത്തുന്ന മന്ത്രിമാരേയും ഉദ്യോഗസ്ഥരേയും തുടങ്ങി വലിയ പണച്ചാക്കുകളെ പിടിച്ചുകൊണ്ടുപോകുമ്പോൾ മുഖം മറച്ചാണ് ടി. വി. ഉൾപ്പടെയുള്ള മാധ്യമങ്ങളിൽ കാണിക്കാറുള്ളു. നാളെ ഇവൻ എന്തായാലും പുറത്തുവരുമെന്ന് അറിഞ്ഞതുകൊണ്ടാണോ എന്തോ ? എല്ലാ പ്രമുഖരും രക്ഷപ്പെടു

ന്നുണ്ട്. നിവർത്തികേടുകൊണ്ട് ചെറിയ തെറ്റുകൾ ചെയ്തുപോയവരെ ശിക്ഷിക്കാനിവിടെ നിയമസംവിധാനങ്ങളുണ്ട്. അവർ പുറത്തിറങ്ങാതെ നോക്കാനിവിടെ സംവിധാനങ്ങളുണ്ട്. അതുപോലെ ഇരുപത്തയ്യായിരവും അമ്പതിനായിരവും തുടങ്ങി ലോണെടുത്തിട്ട് അടയ്ക്കാൻ കഴിയാതെ പോയ സാധാരണക്കാരന്റേയും കർഷകന്റേയും സ്വത്തുക്കൾ ജപ്തി ചെയ്യും, ശിക്ഷിക്കും. എന്നാൽ കോടികൾ ലോണെടുത്ത് ബാങ്കിനേയും, രാജ്യത്തിനേയും പറ്റിച്ചവനെ രക്ഷപ്പെടുത്തും. അവന്റെ കടം എഴുതിത്തള്ളും. അതിന്റെ പേരിൽ ലോൺ കൊടുത്ത ബാങ്ക് പൊളിയാതിരിക്കാൻ, പൊളിഞ്ഞതറിയാതിരിക്കാൻ മറ്റു പ്രമുഖ ബാങ്കിനെ അതിൽ ലയിപ്പിക്കും. എന്നിട്ട് വീണ്ടും കോടികൾ ലോണായി കൊടുക്കും കോർപ്പറേറ്റുകൾക്ക്.

മെഡിക്കൽ ഇൻഷൂറൻസ് നിർബന്ധമാക്കി വരികയാണ്. മെഡിക്കൽ ഇൻഷൂറൻസ് എടുക്കുന്നതു വഴി ഇൻഷൂറൻസ് കമ്പനിയ്ക്കും കോർപ്പറേറ്റ് ഹോസ്പിറ്റലുകൾക്കും വൻലാഭം. ചെറിയ രോഗത്തിനുപോലും കിടത്തി ചികിത്സിച്ച് ആവശ്യമില്ലാതെ ഓപ്പറേഷനുകൾ ചെയ്തും ഇൻഷൂറൻസ് എടുത്ത രോഗിയെ ചികിത്സിച്ച് ബുദ്ധിമുട്ടിക്കുകയാണ് ഇവിടെ. ഒറ്റത്തവണ കൊണ്ടുതന്നെ അവരുടെ മാക്സിമം ലിമിറ്റ് എഴുതിയെടുക്കും ഹോസ്പിറ്റലുകൾ. അതുകൊണ്ടുതന്നെ മെഡിക്കൽ ഇൻഷൂറൻസ് എടുക്കാത്ത രോഗികളെ ഒന്നും ഹോസ്പിറ്റലുകാർക്ക് ഇഷ്ടമല്ല. ഗവൺമെന്റ് ഹോസ്പിറ്റലുകളിലെ സ്ഥിതിയാണെങ്കിൽ ഇതിലും മോശം. ഡോക്ടർമാരെ വീട്ടിൽ പോയി കാണണം. ഇല്ലെങ്കിലവർ മയക്കാതെ പച്ചയ്ക്ക് ഓപ്പറേഷൻ ചെയ്ത് വേദനിപ്പിക്കും എന്ന് ഹെർണ്ണിയ ഓപ്പറേഷന് പണമില്ലാതെ അലയുന്ന, വഴിനീളെ നടന്ന് ലോട്ടറി വില്ക്കുന്ന ഒരാൾ എന്നോട് പറഞ്ഞപ്പോൾ എന്റെ മനസ്സൊന്ന് പിടഞ്ഞു. സാധാരണക്കാരുടെ ജീവിതം നാൾക്കുനാൾ ദുസ്സഹമായിക്കൊണ്ടിരിക്കുന്നു. അതൊന്നും നാം കാണാതെ പോകരുത്.

ആയിരക്കണക്കിന് ഹെക്ടർ വനഭൂമി കാട്ടുതീയിലമർന്നു. അവിടെയുള്ള മറ്റു ജീവജാലങ്ങളെല്ലാം നശിച്ചു. കാട്ടുതീ തടയുന്നതിനായുള്ള ഫണ്ടുകളെല്ലാം കാലങ്ങളായി ദുരുപയോഗം ചെയ്യപ്പെടുന്നു. അതുപോലെ പുഴയ്ക്ക് കുറുകെയുള്ള തടയണകളുടെ നിർമ്മാണവും അതിന്റെ ബലക്കുറവും ഒരുതരത്തിൽ ഫണ്ട് ദുരുപയോഗവും അഴിമതിയുമാണ്. റോഡരുകിലെ ഫലവൃക്ഷങ്ങളെല്ലാം മുറിച്ചുമാറ്റി റോഡിനു വീതി കൂട്ടുകയാണ്. മുറിച്ചുമാറ്റിയതിനുപകരമായി വീതി കൂട്ടിയ റോഡിനിരുവശത്തും ആര് മരം നട്ടുപിടിപ്പിക്കും ? ഭംഗിയുള്ള പൂച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിനും വെള്ളം നനയ്ക്കുന്നതിനുമായി എത്ര പണം, ഗവൺമെന്റ് ഫണ്ട് ദുരുപയോഗം/അഴിമതി നടത്തുന്നത് ആര് ചോദിക്കാൻ. പലതിനേയും ചോദ്യം ചെയ്യാനായി പല പ്രമുഖ സംഘടനകൾക്കു പുറമെ പുതിയ പല സംഘടനകളും ദിനവും രൂപപ്പെടുന്നു. അവരുടെ ലക്ഷ്യം പണവും അധികാരവും മാത്രമാകുന്നു. സമരം ചെയ്യാനുൾപ്പടെ എല്ലാറ്റിനും ആളുകളെ കിട്ടും. പക്ഷെ ഭക്ഷണവും, കൂലിയും നല്കണം എന്ന സ്ഥിതിയായി. സ്വാതന്ത്ര്യ സമരം ഇന്നായിരുന്നെങ്കിൽ പങ്കെടുക്കുന്നവരെല്ലാം പണം ചോദിച്ചേനേ. വെട്ടിപ്പിടിച്ചതും തട്ടിപ്പിടുങ്ങിയതുമെല്ലാം കോടികൾ. എന്നിട്ടും നമ്മുടെ അയൽസംസ്ഥാനത്തെ മുഖ്യമന്ത്രി മരിക്കുമ്പോൾ എന്തു കൊണ്ടുപോയി. മര്യാദയ്ക്ക് ഒന്ന് മരിക്കാൻ കൂടി കഴിഞ്ഞില്ലല്ലോ അവർക്ക്. ചിന്തിച്ചുനോക്കിയോ ?

റൂമിനകത്ത് അപ്രതീക്ഷിതമായി ഒരുപറ്റം തേനീച്ചകൾ കയറിക്കൂടി. അതിനെ പുറത്താക്കാനെന്താണ് വഴി ? അതിനെ ഉപദ്രവിച്ചാലും അത് ഏതെങ്കിലും വിധത്തിൽ ഭയന്നാലും നമുക്ക് കുത്ത് കിട്ടും. എന്തുചെയ്യും ? ഒരു മണ്ണെണ്ണ വിളക്കെടുത്ത് കത്തിച്ചുവെച്ചു. ഓരോ തേനീച്ചകളായി വന്ന് തീയുടെ അടുത്തുപോയി ഇല്ലാതായി. ഓരോന്നും കരിഞ്ഞില്ലാതാകുമ്പോഴും മറ്റു തേനീച്ചകൾ ഒന്നും പഠിക്കുന്നില്ല. അല്ലെങ്കിൽ ഒന്നും ശ്രദ്ധിക്കുന്നില്ല. അവരും വന്ന് തീയ്ക്ക് ചുറ്റും വലംവെച്ച് ചിറകുകരിഞ്ഞും ശരീരം പൊള്ളിയും തറയിൽ മരണത്തെ കാത്ത് കിടപ്പായി. അല്പനേരത്തിനകത്ത് റൂമിലുള്ള എല്ലാ തേനീച്ചകളും സ്വയം ഹോമിച്ച് ഇല്ലാതായി. എന്താണവർക്ക് സംഭവിച്ചത് എന്നുപോലും തിരിച്ചറിയാതെ അവർ ചത്തൊടുങ്ങി. ഇതുപോലെയാണ് മനുഷ്യൻ പണത്തിലേയ്ക്ക് കുതിക്കുന്നത്. മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കും കാരണം പണമാണ്. എല്ലാറ്റിനും പണം വേണം എന്നുകരുതി പണമുണ്ടാക്കും. അധികമാവുമ്പോൾ മറ്റൊരാളുമെടുക്കാതെ സൂക്ഷിക്കുവാൻ ബുദ്ധിമുട്ടും. ആർഭാടങ്ങൾക്കായി വിനിയോഗിച്ച് അസുഖങ്ങളും അപകടങ്ങളും വരുത്തിവയ്ക്കും. ഒരിത്തിരി തീയിനെ, പ്രകാശത്തെ തേനീച്ചയ്ക്ക് ഇവിടെ നിന്നും കൊണ്ടുപോവാനാവാത്തതുപോലെ മനുഷ്യനും ഉണ്ടാക്കിയതും സ്വരൂപിച്ചതുമായ സ്വത്തിനേയും പണത്തിനേയും ഇവിടെ തന്നെ ഉപേക്ഷിച്ചേ യാത്രയാകാനാകൂ. ഏതൊക്കെ വിധത്തിൽ പറഞ്ഞാലും കാര്യങ്ങളെല്ലാം വളരെ ലളിതമാണ് എങ്കിലും കാര്യം മനസ്സിലാകാഞ്ഞിട്ടല്ല തീയിനെ കണ്ടപ്പോഴുള്ള ഈയാംപാറ്റകളുടെ മാനസികാവസ്ഥ പോലെ മനുഷ്യനെപ്പോഴും പണത്തിൽ ആകൃഷ്ടനാണ് എന്നതാണ് സത്യം.

കണ്ണു കാണണമെങ്കിൽ വെളിച്ചം വേണം. ഏറ്റവും വലിയ ഊർജ്ജസ്രോതസ്സായ സൂര്യൻ കത്തുകയാണ്. ആ പ്രകാശത്തിലാണ് ഏവരും ജീവിക്കുന്നത്. സൂര്യനില്ലെങ്കിൽ പിന്നെ ഒന്നിനും നിലനില്പ്പില്ലല്ലോ. ഒരു വിളക്ക് കത്തിച്ചുവെച്ചാൽ പ്രകാശം ലഭിക്കും. രാത്രി കാലങ്ങളിൽ പ്രത്യേകിച്ച് പ്രകാശം കൂടുതലായനുഭവപ്പെടും. വെയിലത്ത് വെച്ചാൽ വിളക്കിലെ പ്രകാശം കുറവായി തോന്നും. വലിയ മഹത്തുക്കളുടെ മുന്നിൽ നാം വളരെ ചെറുതായിരിക്കും. എന്നാൽ നമ്മളെക്കാളും വിവരം കുറഞ്ഞവർക്ക് നാം പണ്ഡിതനാണ്. അവർക്കുവേണ്ടിയെങ്കിലും നമ്മളിലെ നന്മയെ കാത്തു സൂക്ഷിക്കുക. മാതൃകാപരമായി ജീവിക്കുക. വളച്ചുകെട്ടില്ലാതെ അറിയാവുന്ന മുഴുവൻ കാര്യങ്ങളും പറഞ്ഞു കൊടുക്കുക. ഒന്നും ഒളിച്ചുവെയ്ക്കരുത്. അറിയാവുന്ന മുഴുവൻ പറഞ്ഞാൽ നാളെ എന്തുപറഞ്ഞ് പിടിച്ചുനില്ക്കും എന്ന് കരുതരുത്. നമ്മൾ അറിയാവുന്നവ മുഴുവനായി പറഞ്ഞുകഴിയുമ്പോൾ നമ്മളിൽ വീണ്ടും ഒരായിരം അറിവ് വന്ന് നിറയും. അതുപോലെ നമ്മുടെ പക്കലുള്ള അവസാന നാണയവും ദാനധർമ്മത്തിനായി വിനിയോഗിച്ചുകഴിയുമ്പോൾ വീണ്ടും ധനം നമ്മുടെ പക്കലിലെത്തും തീർച്ച. സ്വരൂപിച്ചുവെച്ച പണം കൊണ്ട് നിങ്ങളെന്തെല്ലാം ചെയ്തു. പണമില്ലാഞ്ഞിട്ടും കാര്യങ്ങളെല്ലാം പലപ്പോഴും ഭംഗിയായി നടന്നിട്ടില്ലേ ? ചിന്തിക്കുക.

ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടെങ്കിലും ബ്രിട്ടീഷുകാർ ചെയ്ത നീച പ്രവർത്തികൾ നാം ഏറ്റെടുത്ത് നടത്തുന്നുണ്ട്. അതിലൊന്നാണ് ഡിവൈഡ് ആന്റ് റൂൾ, ഭിന്നിപ്പിച്ച് ഭരിക്കുക. പല തരത്തിലുള്ള സംഘട്ടനങ്ങൾ നാം കാണുന്നില്ലേ ? എല്ലാം ലക്ഷ്യം കാണാതെ തുടരുന്നുണ്ട്. ജാതിയുടേയും മതത്തിന്റേയും ദേശത്തിന്റേയും പേരിൽ

വേർതിരിച്ച് നമ്മെ വിവിധ തട്ടുകളിലാക്കി, സ്വാർത്ഥന്മാരായ ചിലർ നമ്മെ അവരുടെ വറുതിയിൽ നിർത്തിയിരിക്കുന്നത് അറിയാതെ നാമും വിവരമില്ലാതെ പ്രതികരിക്കുന്നു. എന്നാൽ ഭിന്നിച്ചുനിൽക്കുന്നതു കാരണം നാം വേണ്ടിടത്ത് പ്രതികരിക്കുന്നുമില്ല. പുഴയുടെ അരികിലുള്ള ഭൂപ്രദേശമാണ് കൃഷിക്ക് അനുയോജ്യമായ സ്ഥലം. ഇപ്പോൾ പുഴയുടെ തീരത്തുള്ള കർഷകർക്ക് അവരുടെ പറമ്പിലെ കുളത്തിൽ നിന്നുപോലും കൃഷിയാവശ്യങ്ങൾക്ക് വെള്ളമെടുക്കാൻ പാടില്ലത്രെ. കാരണമായി കുടിവെള്ളക്ഷാമം ഉണ്ടാകും എന്നാണ് പുതിയ കണ്ടെത്തൽ. ഇവരുടെ കൃഷിക്കാവശ്യമായ വൈദ്യുതിക്കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. ഇതുകണ്ട് മറ്റു ഭാഗത്തുള്ള കർഷകർക്ക് സന്തോഷമായി. സ്വയമേവ വെള്ളം കിട്ടാതെ അവരുടെയെല്ലാം കൃഷികൾ നശിച്ചിരിക്കുമ്പോൾ കൂട്ടത്തിലുള്ളവനാണെങ്കിലും അങ്ങനെ അവൻ മാത്രം സുഖിക്കേണ്ട എന്ന് കരുതിയിരിക്കുന്ന മറ്റു കർഷകരുടെ പിന്തുണ ഇവർക്കില്ലാതെ പോകുന്നു. ബ്രിട്ടീഷുകാരുടെ സൂത്രമായ ഭിന്നിപ്പിച്ച് കാര്യങ്ങൾ നേടാൻ ഓരോരുത്തരും ശ്രമിക്കുന്നു, പഠിച്ചിരിക്കുന്നു. അവശേഷിക്കുന്ന കർഷകൻ കൂടി കൃഷിപ്പണി നിർത്തി സ്ഥലം വിടാൻ പോകുന്നു എന്നത് ആരെ വേദനിപ്പിക്കാൻ ? ഇതൊന്നും വാർത്തയാകില്ല. നമുക്കിഷ്ടം പീഡനക്കഥകൾ കേൾക്കാനും വായിക്കാനുമാണല്ലോ. കോളേജ് വിദ്യാർത്ഥിയുടെ മരണം, ലോ കോളേജ് പ്രശ്നം എല്ലാം കാശുകൊണ്ടൊതുക്കി. ചിലർക്ക് മാനവും മറ്റു ചിലർക്ക് ജീവിതവും നഷ്ടപ്പെട്ടു. അതൊന്നും നമുക്ക് വിഷയമേയല്ല.... അതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രം എന്നു പറഞ്ഞ് എല്ലാത്തിനേയും ഒറ്റപ്പെടുത്തി. എല്ലാവരും ഒറ്റപ്പെട്ടു.

ടാക്സ് കലക്ട് ചെയ്യുന്ന മേഖലകളെ ശക്തമായി നിരീക്ഷിച്ച് വെട്ടിപ്പ് നടത്തുന്നവരേയും അതിന് കൂട്ടുനിൽക്കുന്നവരേയും പിടിച്ചിരുന്നുവെങ്കിൽ സാധാരണ ജനങ്ങൾക്ക് ഗുണപ്രദമായേനേ. അതിനുപകരം പഴയ നോട്ട് പിൻവലിച്ചും പുതിയ നോട്ടിറക്കിയും ജനങ്ങളെ ബുദ്ധിമുട്ടിച്ചും പുരോഗതിയെ പുറകോട്ട് വലിച്ചും കാര്യങ്ങൾ മുന്നോട്ടുപോകുന്നു. അതുപോലെ നല്ല പൗരബോധമുള്ള, മൂല്യമുള്ള ജനതയേ സൃഷ്ടിക്കാൻ എന്താണ് ചെയ്യുക എന്നും സ്കൂളുകളിലും കോളേജുകളിലും പഠനനിലവാരം എങ്ങനെയുണ്ട് എന്ന് പരിശോധിക്കാനും നിയന്ത്രിക്കാനും ശ്രമിക്കാതെ സ്വാശ്രയ വിദ്യാഭ്യാസത്തെ കുറിച്ചും സംവരണ സീറ്റുകളെ കുറിച്ചും ഫീസിനെ കുറിച്ചും അനുകൂലിച്ചും പ്രതികൂലിച്ചും ചർച്ച ചെയ്തുകൊണ്ടിരുന്നിട്ടെന്തു കാര്യം ? ഏതു കാര്യവും ഇടയിൽ പിടിച്ച് നന്നാക്കാനാവില്ല. അങ്ങനെയൊരു ശ്രമം നടത്തിയാൽ പിന്നെ ഗുണത്തെക്കാളേറെ ദോഷമാണ് സംഭവിക്കുക. ഇതുപോലെത്തന്നെയാണ് കർഷകരോട് വെള്ളമെടുക്കരുത് എന്ന് പറയുന്നതും. മരം മുറിക്കുന്നവരേയും അവർക്ക് കൂട്ടുനില്ക്കുന്നവരേയും പിടിക്കാതെ മരം നട്ടുപിടിപ്പിച്ചവരോട് വെള്ളമൊഴിക്കാതെ ആ മരവും കരിയട്ടെ എന്ന് പറയുന്നത് എത്ര വിചിത്രം ? നട്ടുവളർത്തിയ ചെടി കൺമുമ്പിൽ നിന്ന് ഉണങ്ങിക്കരിയുന്നത് കാണാൻ കർഷകർക്ക് ത്രാണിയില്ല. കർഷകരുടെ മനസ്സു തളർന്നാൽ അതവരുടെ നാശത്തിനു മാത്രമല്ല തുടർന്ന് അത് നാമേവരുടേയും സർവ്വനാശത്തിലേയ്ക്ക് വഴി വെയ്ക്കും എന്ന് തിരിച്ചറിഞ്ഞ് കൃഷിയേയും കൃഷിക്കാരേയും സംരക്ഷിക്കുക. എല്ലാ ഭാഗത്തേയും സംതൃപ്തിപ്പെടുത്തി ഭരിക്കാനാകില്ല എന്നത് ശരിയാണ്. കുടിവെള്ളപ്രശ്നം കാരണമാണ് കർഷകരോട് വെള്ളമെടുക്കരുത് എന്ന് പറഞ്ഞിരിക്കുന്നത് എന്നറിയാനായി. കേൾക്കുന്നവർക്ക് ന്യായമായി തോന്നാം. നല്ല മുതൽമുടക്കിൽ ദിനവും അദ്ധ്വാനിച്ച് കൃഷിയെ സംരക്ഷിക്കുന്നവന്റെ മാനസികാവസ്ഥ ആരറിയുന്നു ? കുടിവെള്ളമില്ലെങ്കിൽ വിദേശരാജ്യങ്ങളിലെ പോലെ കടൽ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള പദ്ധതികൾക്കല്ലേ മുൻതൂക്കം നല്കേണ്ടത്. അല്ലാതെ സൂപ്പർ ഹൈവേകൾക്കും മെട്രോ റെയിലിനും മാളുകൾക്കും വാഹനനിർമ്മാണത്തിനുമല്ലല്ലോ പ്രാധാന്യം നൽകേണ്ടത് ? പഴയ പല ക്ഷേത്രനിർമ്മിതികളും നമ്മെ അതിശയിപ്പിക്കും. ഇരുനൂറടി ഉയരമുള്ള ക്ഷേത്രങ്ങൾ നിർമ്മിക്കാൻ ഒരു മണൽക്കൂന നിർമ്മിച്ച് അതിലൂടെ വലിയ പാറക്കല്ലുകളെ തള്ളിനീക്കിക്കൊണ്ടുപോയിട്ടാണ് പഴയകാല ക്ഷേത്രങ്ങളുടേയും കൊട്ടാരങ്ങളുടേയും നിർമ്മാണം നടത്തിയിട്ടുള്ളത്. ക്ഷേത്ര/കൊട്ടാര മതിലിന്റെ ഉയരം കൂട്ടാനായി ആദ്യം മണൽക്കൂനയുടെ ഉയരവും കൂട്ടും. ഇന്നും ഇത്തരത്തിലൊരു ശ്രമം നമുക്ക് നടത്താവുന്നതല്ലേയുള്ളൂ. കടൽ വെള്ളം ശുദ്ധീകരിക്കാനും തിരമാലയിൽ നിന്നും, കാറ്റിൽ നിന്നും സൂര്യനിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുമെല്ലാം, പാർട്ടി സമ്മേളനത്തിനു കൊടിപിടിക്കാനും സെക്രട്ടേറിയറ്റിനു മുന്നിലും പാർലമെന്റിനുമുന്നിലും സമരം നടത്തി അടിപിടി കൂടി രക്തസാക്ഷിയാകാനും തയ്യാറായി നില്ക്കുന്ന ജനതയെ ഇത്തരം നല്ല കാര്യങ്ങൾക്കായി ഉപയോഗിച്ചുകൂടെ ? ഗവൺമെന്റെടുക്കുന്ന ഏത് തീരുമാനങ്ങൾക്കുമെതിരെ പ്രതികരിക്കാനായി കൂലി കൊടുത്ത് മനുഷ്യരെ പൊതുനിരത്തിലിറക്കുമ്പോൾ ഒരു ബക്കറ്റ് വെള്ളം കൂടി കൊണ്ടുവരുവാൻ പറയണം. വരിവരിക്ക് നിർത്തുമ്പോൾ മനുഷ്യമതിൽ, മനുഷ്യച്ചങ്ങലകൾ തീർക്കുമ്പോൾ ഒരു ബക്കറ്റ് വെള്ളം കൈമാറാൻ പറയണം. ചെടിക്കും കുടിവെള്ളം കിട്ടാത്തവർക്കും അല്പം വെള്ളമെങ്കിലും എത്തിക്കാനായി എന്നാശ്വസിക്കാമല്ലോ. പക്ഷെ അതിന് സാധിക്കില്ല. കാരണം അതിനുവേതനം വേറെ കൊടുക്കേണ്ടിവരും. ഇവിടെ വേണ്ടതിനൊന്നുമല്ല സമരം. നേതാവിന്റെ ശക്തി തെളിയിക്കാനുള്ള, നിലനില്പിനുള്ള സമരങ്ങളാണ് ഇവിടെ നടക്കുന്നത്. സ്പോൺസേഡ് സമരങ്ങൾ. സമരത്തിനുള്ള പണം പിരിച്ചെടുക്കുന്നവർക്കും കൂലിയുണ്ട്. ഇല്ല കൂലിയില്ല എന്നാരെങ്കിലും പറഞ്ഞാൽ ഓർക്കുക അവൻ ഗവൺമെന്റ് ഉദ്യോഗസ്ഥനായിരിക്കും. ജോലി സമയത്ത് രാഷ്ട്രീയ പ്രവർത്തിന് നടക്കുന്നവനായിരിക്കും. അവന് വേറെന്തിന് കൂലി... ഭക്ഷണവും കൂലിയും കിട്ടി. സമരത്തിൽ പങ്കെടുത്തവർ ഹാപ്പിയായി. നേതാവ് ആരായാലെന്ത് ? നേതാവ് ഭരിച്ച് മുടിക്കട്ടെ. എന്തായാലും നമുക്ക് ഇടയ്ക്കിടെ പണി കിട്ടുന്നുണ്ടല്ലോ (പണി തരുന്നുണ്ടല്ലോ, ഒരു റേഷൻ കാർഡ് പോരെ. പോരാ. കാർഡ് രണ്ടാക്കി. രണ്ടായി. ഇപ്പോൾ അഞ്ചാവാൻ പോകുന്നു. ജാതി, മത-രാഷ്ട്രീയത്തിനു പുറമെ കാർഡിന്റെ കളർ കൊണ്ടും നമ്മെ വേർതിരിക്കുന്നു.) ഭാഗ്യം ! നമുക്കും പണി കൊടുക്കാം. നാളെ എതിർ പാർട്ടി നേതാവിന്റെ ജാഥയ്ക്ക് പങ്കെടുക്കാൻ പോകുകയാണ്. ബിരിയാണിയും ആയിരം രൂപയും ആണെന്നാണ് കേൾവി. നീതിയില്ലാത്ത മനുഷ്യർ !

സംഘടനകൾക്കതീതമായി ഏവരും സംഘടിക്കുക. ഏവരും ഒന്നായി നിന്ന് പ്രതികരിക്കുക. അതുമല്ലെങ്കിൽ നന്മയേ ഇല്ലായ്മ ചെയ്യുവാൻ പ്രത്യക്ഷത്തിലും പരോക്ഷത്തിലും കൂട്ടുനില്ക്കാതിരിക്കുക. എല്ലാവരേയും ബോധവൽക്കരിക്കാനായി സമയം കളയണ്ട. ഓരോരുത്തരും പ്രവർ

ത്തിച്ചുതുടങ്ങൂ... മുൻധാരണകളില്ലാതെ എല്ലാം കൊച്ചുകുട്ടിയെപ്പോലെ കേൾക്കൂ ആദ്യം എന്നിട്ട് ഒരു ധീരയോദ്ധാവിനെപ്പോലെ ജനനന്മയ്ക്കായ്, പ്രകൃതി നന്മയ്ക്കായി ജീവിക്കൂ... അപ്പോൾ കത്തിത്തീർന്നാലും നീയും ഒരുനാൾ വാഴ്ത്തപ്പെട്ടവനാകും.

ഇലക്ട്രോണിക് ഉപകരണങ്ങളെല്ലാം നമ്മെ മടിയൻമാരാക്കിയിരിക്കുന്നു. എല്ലാം ആവശ്യത്തിന് മാത്രം ഉപയോഗിക്കുക. ബാക്കിസമയം മണ്ണിലേക്ക് ഇറങ്ങുക. മനുഷ്യമനസ്സിലേയ്ക്കിറങ്ങി പ്രവർത്തിക്കുക. ഏവരിലും വരട്ടെ നല്ല മാറ്റം. നമ്മളേവരും പഴയതുപോലെയാകുമ്പോൾ ഭൂമിയും പഴയതുപോലെ കനിഞ്ഞുനല്കും.

എരിപൊരിവെയിലത്ത് വേലയും പൂരവും നേർച്ചയും പെരുന്നാളുമായി പണപ്പിരിവുനടത്തി ആഘോഷിക്കുമ്പോളോർക്കുക ഇതൊന്നുകൊണ്ടും നമ്മൾ രക്ഷപ്പെടില്ല. ഇതൊന്നും പുണ്യപ്രവർത്തികളുമല്ല. സമൂഹത്തിൽ നല്ല മാറ്റം സൃഷ്ടിക്കുന്നവയുമല്ല. എല്ലാം വർഗ്ഗീയതയുടെ ശക്തിപ്രകടനത്തിന്റെ ഭാഗമായി കഴിഞ്ഞു. എല്ലാ ആഘോഷങ്ങളുടേയും പവിത്രത നഷ്ടപ്പെട്ടിരിക്കുന്നു. ദേശീയവാദവും മതതീവ്രവാദവും ദിനംപ്രതി ശക്തി പ്രാപിച്ചുവരുന്നു. ഒന്നിലും ചേരാതെ മാറി നിൽക്കുക പ്രയാസമാണ്. എങ്കിലും മാറി നില്ക്കാൻ ശ്രമിക്കുക. ഒന്നിന്റേയും വക്താവാകേണ്ട. കാണുന്നതിനപ്പുറത്ത് കാഴ്ചകളുണ്ട്, കാര്യങ്ങളുണ്ട്. ചിന്തിക്കുക. ചിന്തിക്കാതെ പ്രവർത്തിച്ചുപോയത് മനസ്സിലായാൽ വീണവിടെ കിടന്ന് ഉരുളാതെ മാപ്പ് ചോദിക്കുക.

ഗ്രൈന്ററിൽ അരിയും ഉഴുന്നും ഇട്ട് വെള്ളവുമൊഴിച്ചു. ഇവ മൂന്നും മൂന്നു മതങ്ങൾ പോലെ, രാജ്യങ്ങൾ പോലെയാണെന്ന് കരുതുക. നമ്മൾ (ദൈവം) ഗ്രൈന്ററിന്റെ സ്വിച്ചിട്ടു. എല്ലാം തമ്മിൽ തമ്മിൽ ഉരയാൻ തുടങ്ങി. എല്ലാവരും പരസ്പരം തൊട്ടടുത്ത് നില്ക്കുന്ന സ്വന്തം വംശജരോടും അല്ലാത്തവരേയും കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. ഒടുവിൽ കല്ലുകൾക്കിടയിൽ പെട്ട് പൊടിയുമ്പോഴും ചിലർക്കു മാത്രമേ കല്ലാണ് അതിന് കാരണം എന്ന് പിടികിട്ടിയുള്ളൂ. കല്ലിനോട് നേരിട്ട് സമ്പർക്കം വന്നവർക്ക് ഒരുവശത്ത് നമ്മൾ മൂന്നുപേരുമല്ലാതെ വേറൊരാളുണ്ട് എന്ന് പിടികിട്ടിയിട്ടുള്ളൂ. അപ്പോഴും മറുഭാഗത്തെ കല്ലിനെക്കുറിച്ച് ഇവർക്ക് പിടികിട്ടിയില്ല. രണ്ടു കല്ലുകൾക്കിടയിലൂടെ ആരോ നമ്മളെ തള്ളിവിട്ടാണ് ഈവിധമാക്കുന്നത് എന്ന് ആർക്കും പിടികിട്ടിയില്ല. മാവ് പാകമാവുമ്പോൾ നമ്മൾ (ദൈവം) സ്വിച്ചോഫ് ചെയ്യുന്നു. എല്ലാം നിശ്ചലം. ഈ മാവെടുത്ത് നമ്മൾ ഇഡ്ഡലി, ദോശ, ഊത്തപ്പം, ഇടിയപ്പം, ആപ്പം തുടങ്ങി പലതും ആക്കി മാറ്റുന്നു. അത് മറ്റുള്ള പലരും സ്വാദോടെ ഭക്ഷിക്കും. ഇതുപോലെയാണ് പലതും. എല്ലാം സ്വയമേവ തിരിച്ചറിഞ്ഞ് ഉൾക്കൊണ്ട് മാറ്റത്തിലൂടെ രസകരമായി സഞ്ചരിച്ച് മറ്റൊന്നായി മാറും വരേയും മറ്റൊന്നായി മാറിയതിനുശേഷവും ഏവരിലും എപ്പോഴും സന്തോഷവും സ്നേഹവും മാത്രം വച്ചുപുലർത്തുക. അരിക്കോ ഉഴുന്നിനോ വെള്ളത്തിനോ കുഴവയ്ക്കോ (അരകല്ലിനോ) എന്തെങ്കിലും ചെയ്യാനാവുമോ ? ഒന്നും ചെയ്യാനില്ല. അതുകൊണ്ടുതന്നെ വെറുതെ ബഹളം വെച്ച് സമാധാനം കളയാമെന്നല്ലാതെ എന്തുപ്രയോജനം ? ഇതുപോലെത്തന്നെയാണ് ഓരോ മതത്തിലും രാജ്യത്തിലും പെട്ടവരെ ഈവിധം സൃഷ്ടിച്ച് പരിപാലിച്ച് മറ്റൊന്നായി പരിണമിപ്പിക്കുന്നവന്റെ പദ്ധതികളെക്കുറിച്ച് നമുക്ക് അറിയില്ല. നമുക്ക് എന്ത് ചെയ്യാം ? സന്തോഷമായി ഈ എത്തിപ്പെട്ട സ്ഥലത്ത് ആരേയും കുറ്റപ്പെടുത്താതെ ഉപദ്രവിക്കാതെ ജീവിക്കാൻ ശ്രമിക്കാം. അതിനൊരുപാട് പ്രയത്നം വേണം. അതൊരു ത്യാഗവുമാണ്. എല്ലാവർക്കും സാധിച്ചെന്നും വരില്ല. സാധിച്ചാൽ ഭാഗ്യവാൻ.

ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ നാമാരെല്ലാമോ ആയി മാറുന്നു. പുത്രൻ, അനുജൻ, ജ്യേഷ്ഠൻ, അച്ഛൻ, മുത്തച്ഛൻ അതുപോലെ ജോലിയുമായി ബന്ധപ്പെട്ട് പ്യൂൺ, ക്ലർക്ക്, ഓഫീസർ, മാനേജർ, ഉടമസ്ഥൻ, ഡോക്ടർ, എഞ്ചിനീയർ, ടീച്ചർ, പോലീസ്, കളക്ടർ, മന്ത്രി തുടങ്ങി എന്തു പദവി വഹിക്കുമ്പോഴും ആ പദവിയോട് നീതി പുലർത്തുക. ഈ പദവികളെല്ലാം മറ്റുള്ളവരുടെ സംഭാവനയാണ്. അതുമല്ലെങ്കിൽ ഔദാര്യമാണെന്ന് മനസ്സിലാക്കുക. എന്റെ അവകാശമാണ്, ഞാൻ നേടിയെടുത്തതാണ് ഇതെല്ലാമെന്ന് കരുതരുത്. മറ്റുള്ളവർ അംഗീകരിക്കുമ്പോഴാണ് നാമിതെല്ലാമായി മാറുന്നത്. മകൻ അച്ഛനെ, അമ്മയെ ആ നിലയ്ക്ക് കാണാതിരുന്നാൽ, അദ്ധ്യാപകൻ വിദ്യാർത്ഥിയെ വിദ്യാർത്ഥിയായി കാണാതിരുന്നാൽ എല്ലാം കുഴപ്പമായി. സ്വന്തം മകളാണെന്ന് അച്ഛൻ മറന്നുപോകുമ്പോൾ, സ്വന്തം ഗുരുവാണ്, കൂടപ്പിറപ്പാണ് എന്ന് ശിഷ്യനും സഹോദരനും മറന്നുപോകുമ്പോൾ എല്ലാം താളം തെറ്റുന്നു. നിങ്ങൾ എന്താണ് എന്ന് വിവിധ പദവികൾ തന്നവർക്കറിയാം. നിങ്ങൾക്ക് ആ പദവിയെക്കുറിച്ച് അറിയാതെ പോയാൽ കാര്യം പ്രശ്നമാവും. എല്ലാ പദവിയും നാം ഒരേസമയം അലങ്കരിക്കുമ്പോൾ, ഈ ഞാൻ തന്നെയാണ് എല്ലാമെന്ന് തിരിച്ചറിയുമ്പോൾ, എല്ലാറ്റിനും കാരണം ഞാനാണെന്നും എന്നിൽ നിന്നാണെന്നും മനസ്സിലാകും. നാം നന്നാകുമ്പോൾ ഈ ലോകവും നന്നാകും. നാം നിശ്ചലമായി നിന്ന് എല്ലാം വീക്ഷിക്കുമ്പോൾ ഉയർന്ന തലത്തിലല്ലാതെയുള്ള വീക്ഷണം ഉള്ളിൽ ഭയം ഉളവാക്കും. ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ ജനിക്കും. അതിനുത്തരം തരാൻ പോന്ന വ്യക്തികളെ കിട്ടിയെന്നുവരില്ല. അപ്പോൾ ഇരുട്ടിൽ നില്ക്കുന്ന കുട്ടിയെപ്പോലെ പേടിച്ച് അല്ലെങ്കിലിനി രക്ഷയില്ല എന്ന് കരുതി നിരാശരാകും. അതുകൊണ്ട് മറ്റ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാതെ തന്നിൽ നിക്ഷിപ്തമായവയെ ആത്മാർത്ഥമായി ചെയ്തുകൊണ്ടിരിക്കുക. വിശ്രമിക്കാതേ... വെറുതെയിരിക്കാതേ... മടി പിടിക്കും. എത്ര ചെയ്താലും ഇതൊന്നും തീരില്ല എന്ന് തോന്നും. പക്ഷെ നിരന്തരം കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുക. ഈ പണിയെന്താ അവന് ചെയ്തൂടെ ? എല്ലാം എന്റെ തലയ്ക്കിട്ട് എന്നെ ബുദ്ധിമുട്ടിക്കണോ ? എന്നൊന്നും ചിന്തിക്കേണ്ട, പറയേണ്ട. അവനുള്ള പണി പിന്നാലെ വരുന്നുണ്ട്. അതേക്കുറിച്ചും ചിന്തിക്കേണ്ട. പരാതിയും പരിഭവങ്ങളുമില്ലാതെ ജീവിക്കൂ...

വർഷങ്ങൾക്കുമുൻപ് സ്വന്തം അംഗരക്ഷകരാൽ വെടിയേറ്റ് മരിച്ചു നമ്മുടെ ഒരു ധീരവനിത ! മരണം എപ്പോഴും നമ്മുടെ ഒപ്പമുണ്ട്. സമയമാകുമ്പോൾ നമ്മെ വന്നുപുൽകും. മരണം ഏതുവിധവുമാവാം, എപ്പോൾ വേണമെങ്കിലുമാവാം. എല്ലാവരേയും നയിക്കുന്ന ഒരു യഥാർത്ഥ ഡ്രൈവറുണ്ടിവിടെ. അവനേ അറിയൂ എല്ലാം... സൂര്യതാപം ദിനംപ്രതി കൂടിക്കൊണ്ടുവരുന്നു. കാലവർഷം ദുർബ്ബലമായി, തുലാവർഷത്തെ കാണാതായി. വെള്ളം ഭൂമിയിൽ നിന്ന് പൂർണ്ണമായും അപ്രത്യക്ഷമാകും നാൾ വിദൂരത്തിലല്ല. നാം കത്തിത്തീരും. അതിനുമുമ്പ് മറ്റുള്ളവർക്ക്, സഹജീവികൾക്ക്, പ്രയോജനകരമായ പ്രകൃതിക്ക് ദോഷം വരാത്ത ഒരു കർമ്മമെങ്കിലും ചെയ്യുക. ഓരോരുത്തരുടേയും ഇത്തരത്തിലുള്ള എളിയ പ്രവർത്തികൾ ഭാവിയിലെങ്കിലും മനുഷ്യനുൾപ്പടെ സകല ജീവജാലങ്ങൾക്കും ഗുണകരമായി തീരട്ടെ. •

“ ചുറ്റുപാടും നടക്കുന്നതിനെ അടക്കി നിയന്ത്രിക്കാൻ നമ്മളാൽ കഴിയുകയില്ല. എന്നാൽ ഇവയെക്കുറിച്ച് നിയന്ത്രണമില്ലാതെ ദുഃഖിതനാവും വിധം പ്രതികരിച്ചു, നമുക്കു തന്നെ നരകത്തെയുണ്ടാക്കുന്നത് തീർച്ചയായും ഒഴിവാക്കാം. വേണ്ടത് മനസ്സിന്റെ നിയന്ത്രണമാണ്. ”

# അച്ഛന്റെ മടിയിൽ ഇരിക്കുകയും വേണം, അമ്മയുടെ പാൽ കുടിക്കുകയും വേണം.



എം. എം. മേനോൻ
0491 6451469

ഭൂലോകത്തിന്റെ ഒരു ഖണ്ഡമാണ് ഏഷ്യ. അതിലെ നഗണ്യമല്ലാത്ത വിഭാഗമാണ് ഇന്ത്യ; ഇന്ത്യയുടെ ചെറു ഘടകമാണ് കേരളം; കേരളത്തിലെ ഒരു നഗരമാണ് പാലക്കാട്; ഇവിടെ നിന്ന്, അളവറ്റ വിഘ്നങ്ങളോട് ധൈര്യത്തോടെ തുടർന്ന് പോരാടിക്കൊണ്ട് വാസ്തവ ജനനന്മയ്ക്കായി വെളിപ്പെടുത്തപ്പെട്ട മലയാള മാസികയാണ് 'ഏക തത്ത്വ'. ഇതിലെ ഗുണകര ലേഖനങ്ങളേയും ഇത്തരം അന്യ കൃതികളേയും ക്ഷമയോടെ, നിസ്സംഗതയോടെ, വായിച്ചു, ചിന്തിച്ചു, മനസ്സിലാക്കി, ദൈനിക ജീവിതത്തിൽ ഇറക്കി തൊട്ടപരിസരത്തിൽ നമുക്കായിത്തന്നെ ഒരു ചെറുസ്വർഗ്ഗത്തെ സൃഷ്ടിക്കുവാൻ ശ്രമിച്ചാൽ ജന്മസാഫല്യം ആയില്ലെ ? ചിന്തിക്കുക.

**ഒ**രു കാലത്ത്, അച്ഛനമ്മാരുടെ ശ്രമത്തിന്റെ ഫലമായി, അവരുടെ അനുഗ്രഹത്തോടുംകൂടി, പലതര “പൊരുത്തങ്ങളും” കണ്ടു സ്ഥാപിച്ചശേഷം, വിവാഹം എന്നത് ഈശ്വരൻ നിർണ്ണയിച്ച മംഗളകരമായ ഒന്നായി നമ്മുടെ മധ്യവർഗ്ഗം കരുതിയിരുന്നു. അതുപോലെത്തന്നെ സ്വാർത്ഥപരതയും അഹങ്കാരവും, ഇന്നത്തെ അളവിൽ മൂക്കും മുമ്പ്, അന്യോന്യം സ്നേഹിക്കുന്ന ദമ്പതികൾ അവരുടെ കുഞ്ഞുങ്ങളെ ദൈവത്തിന്റെ വരദാനമായി സ്വീകരിച്ചിരുന്നു, സ്നേഹിച്ചിരുന്നു. കൂട്ടുകുടുംബത്തിന്റെ ആ കാലത്തു, കുഞ്ഞുങ്ങളെ താലോലിക്കാൻ അച്ഛനമ്മമാരോടൊപ്പം അടുത്ത ബന്ധുക്കളായ വലിയമ്മ/ചെറിയമ്മമാരും മറ്റും ഉണ്ടായിരുന്നു. ഇന്നത്തെപ്പോലെ കൂടുതൽ പണത്തിനായി, വീട്ടിൻ പുറത്തു ജോലിചെയ്യേണ്ട മനസ്ഥിതി ഇല്ലാത്ത ആ കാലത്ത്, അമ്മമാർക്ക് ശിശുക്കളെ ക്ഷമയോടെ, സ്നേഹത്തോടെ പാലൂട്ടാനും. അവരോടു കൊഞ്ചാനും സമയവും മനസ്സും ഉണ്ടായിരുന്നു. കൂറപ്രാന്തു പിടിച്ചതുപോലെ പരക്കം പായേണ്ട നിർബന്ധം ഇല്ലാത്തതിനാൽ, അച്ഛൻ കുട്ടിയെ മടിയിൽ വെച്ചു കളിപ്പിക്കുക സാധാരണമായിരുന്നു. ചിലപ്പോൾ ചില 'വികൃതി'ക്കുട്ടികൾ അച്ഛന്റെ മടിയിൽ ഇരുന്നും കൊണ്ട് അമ്മയുടെ പാൽ കുടിക്കാൻ ശാഠ്യം പിടിക്കാറുണ്ടായിരുന്നു. ഈ അവസരങ്ങളിൽ ചിലർ ചോദിക്കുന്നതായിരുന്നു, 'അമ്പട കുറുമ്പ ! അച്ഛന്റെ മടിയിൽ ഇരിക്കുകയും വേണം, അമ്മടെ പാൽ കുടിക്കുകയും വേണമല്ലെ?'

സ്നേഹം എന്ന പദത്തിന്റെ വാസ്തവ അർത്ഥം അറിയുന്നതിനുമുമ്പ്, അതായത് നമ്മൾ സ്നേഹിക്കുന്നവരെക്കുറിച്ച് അവർക്കായി അവസരോചിതമായ ചെറു ത്യാഗങ്ങൾക്കായി ഒരുങ്ങുന്നതിനുമുമ്പ് – അരക്ഷിതത്വം കാരണം ശിശുക്കൾ അവരുടെ പിഞ്ചു കൈകളാൽ പിടിത്തം വിടാൻ മനസ്സില്ലായ്മ കാട്ടുന്നത് നാം കണ്ടിട്ടുണ്ടാവും. എന്നാലും ശീർഷകത്തിൽ കൊടുത്തതിന്റെ അസാധ്യത ആ നിഷ്കളങ്കർ വളരെ വേഗം മനസ്സിലാക്കിയിട്ടുണ്ടാവും ! പാഠം പഠിച്ചിട്ടുണ്ടാവും.

ശിശുക്കൾ മുതിർന്നു വന്നു... കാലം മാറി... സാങ്കേതിക വിജ്ഞാനശാസ്ത്രം (Science and Technology) വികസിച്ചു... ആധുനിക ഭൗതികത (modern materialism), ഉപഭോക്താ സംസ്കാരം (Consumer Culture), പുതു ആവിഷ്കാരങ്ങളും കണ്ടുപിടിത്തങ്ങളും (new discoveries and inventions) കാരണം, അതുവരെ മാനിച്ചനുസരിച്ച 'പഴഞ്ചൻ' വിശ്വാസങ്ങളേയും വിലക്കുകളേയും (beliefs and inhibitions) അടിയോടെ മാറ്റി വന്നു... എന്നാൽ അത്രയും നിഗൂഢ/അഗോചര/അസ്പഷ്ട ഒരു ശക്തിയെ - കമ്പ്യൂട്ടറിനെ - സർവ്വജ്ഞൻ/സർവ്വശക്തൻ/സർവ്വ വ്യാപിയായ ഒന്നായി മാനിച്ചു, അസാധ്യത്തെ സാധ്യമെന്നു വിശ്വസിക്കാൻ ഒരുങ്ങിയിരിക്കുകയല്ലേ നാം ? ആർത്തിപിടിച്ചു, സ്വാർത്ഥപരരായി വരുന്ന നാം, ഇംഗ്ലീഷിലെ ചൊല്ലു “Eat the cake and have it too” (കേക്കു തിന്നുകയും വേണം, തിന്ന കേക്കു കൈയ്യിൽ തന്നെ ഉണ്ടാവുകയും വേണം !) എന്നതി

നെ സാധ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയല്ലെ നാം ? മാസ്മരിക ആകർഷണമുള്ള ആധുനിക ഭൗതിക പ്രഗതിയാൽ മുഗ്ധരായി, നമ്മുടെ നന്മക്കു/രക്ഷക്കുതന്നെ ചിന്തിക്കുവാൻ മനസ്സും സമയവും നഷ്ടപ്പെട്ടുവരുന്നത് നാം അറിയുന്നില്ല !

കമ്പ്യൂട്ടറിന്റെ മിന്നൽ വേഗത മനുഷ്യനില്ല. കമ്പ്യൂട്ടറിന് 'തളർച്ച' എന്നത് ഇല്ല. എന്നാൽ മനുഷ്യനാൽ ചെയ്യാൻ കഴിയാത്തത് കമ്പ്യൂട്ടർക്ക് സാധിക്കില്ല. മനുഷ്യൻ കമ്പ്യൂട്ടറിനെ സൃഷ്ടിച്ചു എന്നാൽ മനുഷ്യനെ ഏത് കമ്പ്യൂട്ടറിനാലും സൃഷ്ടിക്കാൻ സാധിക്കുകയില്ല. ദൈവം എന്ന നിഗൂഢ/അഗോചര ശക്തിയെ വിശ്വസിച്ചു സർവ്വ നന്മക്കു പ്രവർത്തിക്കാൻ മനുഷ്യന് കഴിയും. എന്നാൽ ആധുനിക ദൈവം - കമ്പ്യൂട്ടറിനെ വിശ്വസിച്ചു വരുത്തിക്കൂട്ടുന്ന അസാമാനതയും അത്യാചാരവും ഒരുപക്ഷെ പരിഹാരാതീതമായി വരുന്നത് നാം അറിയുന്നില്ല.

സാങ്കേതിക വിജ്ഞാന ശാസ്ത്രത്തിലെ അന്ധവിശ്വാസത്താൽ ശീർഷകത്തിലെ പ്രസ്താവനയെ വാസ്തവമാക്കാൻ ശ്രമിച്ചുകൊണ്ടുള്ള ചേഷ്ടകളെ നമുക്ക് പരിശോധിക്കാം.

1) ഈ ഭൂമിയിലെ ഭൂസ്വത്തുക്കൾ - പ്രത്യേകിച്ചും പുനരുദ്ധരിക്കാൻ കഴിയാത്ത കൽക്കരി, പെട്രോളീയം എന്നിവ - സീമിതമാണ്. വളരുന്ന ജനപ്പെരുക്കവും അതിലും അധിക വേഗത്തിൽ അധികരിക്കുന്ന ആർത്തിയും കാരണം നാം ശിശുകാലത്തെ പാഠത്തെ മറന്നിരിക്കുകയല്ലെ ? ചുമതലാബോധമുള്ള 'വിവേക ജീവി', നമ്മുടെ അനന്തരാവകാശികളെ, അവരുടെ ന്യായിക ഓഹരി നീക്കിവെക്കാതെ, വഞ്ചിച്ചു വരുന്നത് നാം അറിയുന്നുണ്ടോ ? നിയന്ത്രണമില്ലാത്ത സുഖാസ്വാദനം ശാശ്വതം എങ്ങിനെ ആവും?

2) എത്രതന്നെ നവീനമായ ഉൽപ്പാദന വഴിയാണെങ്കിലും ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ ഒരു ഭാഗം പരിസരത്തിലേക്കു നിഷ്കാസിതം (eject - പുറത്തേക്കു തള്ളപ്പെടുക) ആവുന്നു. വളരുന്ന ആർത്തിയാൽ വർദ്ധിക്കുന്ന ഉൽപ്പാദനത്തിന്റെ ഒപ്പംതന്നെ നിഷ്കാസിതമാകുന്ന ഊർജ്ജം താപമാനവർദ്ധകം ആയല്ലെ വന്നുകൊണ്ടിരിക്കുന്നത് ?

3) നിർമ്മിതമായ എല്ലാ വസ്തുക്കൾക്കും ഒരു നിശ്ചിത ആയസ്സുണ്ട്. Recycling (ഉപയോഗിച്ച വസ്തുക്കളെ വീണ്ടു തരം മാറ്റി ഉപയോഗം) എന്നതിന് പരിധിയുണ്ട്. ശേഷമുള്ളത് പരിസരത്തെ മലിനീകരിച്ചല്ലെ വരുന്നത് ? ഇതിനു പോംവഴിയുണ്ടോ ?

4) അടുത്ത തലമുറയുടെ പരിപാലനത്തിനും മാർഗ്ഗദർശനത്തിനും busy ആയ നമുക്ക്, സമയവും മനസ്സും ഇല്ല. ഇതിന്റെ നേർഫലമായി അവർ അക്രമവും അനീതിയും കൈക്കൊള്ളുന്നത് അശേഷം അവരുടെ കുറ്റമായാണല്ലെ നാം കാണുന്നത് ? കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനുശേഷം അവരുടെ പരിപാലനത്തെ നാം outsource - ഇന്ന് വ്യാപാര/കച്ചവട മേഖലയിൽ പ്രചാരമുള്ള ക്രമം/വിധി ! - ചെയ്തിരിക്കുകയല്ലെ ആയ/നാന്നി (Ayah/Nanny)മാർക്ക്? പോരാതെ, ഇന്നത്തെ ഏറ്റവും ആധുനിക വിധി, Surrogacy, (അന്യരുടെ യോനി/ഗർഭപാത്രം വഴി, പ്രസവവേദന, അസൗകര്യം എന്നിവയില്ലാതെ സ്വന്തം ബീജങ്ങളുടെ ജീവീകരണം!) അല്ലെ 'പണക്കൊഴുപ്പിനാൽ' ഉണ്ടായിരിക്കുന്നത് ? സ്വന്തം മക്കളുടെ സ്നേഹത്തോടുള്ള പാലനം പോഷണം എന്നതിന് സമയവും മനസ്സും ഇല്ലാത്ത നാം, നമ്മുടെ വാർദ്ധക്യത്തിൽ/രോഗാവസ്ഥയിൽ മക്കളാൽ ഉപേക്ഷിക്കപ്പെടുന്ന ('തിരിഞ്ഞു നോക്കുന്നില്ല ഈ ജന്തുക്കൾ !') എന്നു വിലപിക്കാമോ ? ഫ്രാൻസിസ് പുണ്യവാളന്റെ (St. Francis of Assissi) പ്രാർത്ഥനയിലെ അർത്ഥപൂർണ്ണമായ വരികൾ 'ദിവ്യ ഗുരോ ! ആരിൽ നിന്നും സ്നേഹം പ്രതീക്ഷിക്കാതെ അവരെ സ്നേഹിക്കുവാനുള്ള കഴിവു/ത്രാണിയുള്ളവനാക്കീടണമേ ! എന്തെന്നാൽ, കൊടുക്കുന്നതിലാണ് വാസ്തവത്തിൽ നാം ലഭിക്കുന്നത്...' (ഏക തത്ത്വ പുസ്തകം 5 ലക്കം 1 ഡിസംബർ 2014 എക്കണത്ത് ഈശ്വരന്റെ 'എട്ടംശ പരിപാടി' നോക്കുക)

5) സമുദായത്തിനോടുള്ള നമ്മുടെ ചുമതലയെക്കുറിച്ച് ആരും നമ്മെ ശല്യപ്പെടുത്തരുത്. എന്നാൽ സമുദായത്തിൽ നിന്ന് നമുക്കുള്ള (inflated) ഊതി വീർപ്പിച്ച അവകാശങ്ങൾ മുടങ്ങാതെ വന്നുകൊണ്ടിരിക്കണം ! ഈ വിഷയത്തിൽ ഗാന്ധിജി നൽകിയ ചേതാവനിയെ 'അവകാശങ്ങൾ കടമകളെ നിർവ്വഹിച്ചതിൽ നിന്നാണ് ഉയരുന്നത്' (അതായത്, കടമ നിറവേറ്റാത്തവർക്ക് ഒരുവിധ അവകാശങ്ങളും ഇല്ല), നാം നിരസിച്ചിരിക്കുകയല്ലെ ?

6) ഭൗതിക മേഖലയിലെ മൂത്തുവരുന്ന ആർത്തിയുടെ ഏറ്റവും ദുഃഖകരവും വിനാശകരവുമായ പ്രഭാവമാണ് 'മഹിളാവകാശവാദം'. ശിശുക്കാലം തൊട്ടു കുട്ടികളിൽ മൗലികമായ മാനവമൂല്യങ്ങളുടെ ഉറച്ച അടിത്തറയിട്ടു കൊടുക്കുവാൻ സമയവും മനസ്സും ഉപയോഗിക്കാത്ത മഹിളമാർ, മുതിർന്ന അതേ കുട്ടികളിൽ നിന്ന് സ്നേഹവും, ന്യായവും, ഉചിത വ്യവഹാരവും പ്രതീക്ഷിക്കുന്നത് ശരിയാണോ ?

(മുഖ്യ കുറിപ്പ് - നഗണ്യനായ ഈ ചെറുലേഖകൻ, All World Male Chauvinist Pig (AWMCP) കളുടെ - പുരുഷപ്രധാന/പുരുഷമേധാവിത്വ/സ്ത്രീപീഡന/സ്ത്രീസമത്വ വിരോധി സംഘത്തിന്റെ - അധ്യക്ഷനോ അംഗമോ അല്ല ! എന്നാൽ ആധുനിക ഭൗതികതയുടെ മാസ്മരിക ആകർഷണത്താൽ ക്ഷമാസാഗരമായ ഭൂമിദേവിയുടെ നിലവിട്ടു, സ്വാർത്ഥപരരെന്ന ദോഷാരോപണം ചുമത്തപ്പെട്ട പുരുഷന്മാരുടെ ഘൃണായോഗ്യമായ ദോഷാംശങ്ങളെ മാത്രം സ്വീകരിച്ചനുകരിക്കുന്നത് സർവ്വനാശമല്ലെ വരുത്തുക? ചിന്തിക്കുക !!) ഈ സന്ദർഭത്തിൽ ശ്രീ എക്കണത്ത് ഈശ്വരനോടുണ്ടായ ചോദ്യവും നൽകിയ മറുപടിയും വീണ്ടും ആവർത്തിക്കുന്നു. (ഇരുപതാം നൂറ്റാണ്ടിന്റെ 50, 60, 70 ദശകങ്ങളിൽ പ്രഗതിയുടെ മൂർധന്യമെത്തിയ അമേരിക്കയിൽ വിദ്യാർത്ഥികളുടെ അവിശ്വാസം തുളുമ്പുന്ന ചോദ്യം) 'ഈ ആധുനിക യുഗത്തിലും സ്ത്രീകളുടെ സ്ഥാനം വീടുകളാണോ?' ഉത്തരം. 'തീർച്ചയായും ! പുരുഷന്മാരുടേതും തന്നെ !!'

ശബരിമലയിലെ അയ്യപ്പദർശനത്തെക്കുറിച്ച് അവകാശവാദത്തെ എതിർത്തും, എതിർപ്പിനെ എതിർത്തും, ലേഖനങ്ങൾ/അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. ദർശനത്തിനുള്ള നിബന്ധനകളും, യാത്ര/ദർശനം എന്നിവയിലുള്ള തിക്കും തിരക്കും സൗകര്യങ്ങളും (സൗകര്യക്കുറവും!) സ്ത്രീകളുടെ ഈ അവകാശവാദം. അനേകം വഴക്കുകളെ സൃഷ്ടിക്കുവാൻ സാധ്യതയുള്ളതിനാൽ ഈ സർവ്വ സമസ്യ/പ്രശ്നം അനാവശ്യമായാണ് ഞാൻ കാണുന്നത്. എന്തെന്നാൽ താമസിയാതെതന്നെ സ്ത്രീരക്ഷക്കു പ്രത്യേക ഏർപ്പാടുകൾ, പ്രത്യേക 'ക്യൂ', (എന്തിന്?) പ്രത്യേക ദിവസങ്ങൾ/വിഗ്രഹങ്ങൾ എന്നിവക്ക് ഒച്ചപ്പാട് ഉണ്ടാവുകയില്ലെ ? ഗാന്ധിജിയുടെ പൂർണ്ണ സമർത്ഥനം ലഭിച്ച 'ഏഴു സാമാജിക പാതകങ്ങൾ' എന്ന പരമ്പരയിൽ (ഏക തത്ത്വയിൽ പുസ്തകം 2 ലക്കം 12 നവംബർ 2012) "ത്യാഗരഹിത പൂജ"

എന്ന ലേഖനം, അധികം കഷ്ടപ്പെടാതെ പുണ്യം സമ്പാദിക്കാനുള്ള ആഗ്രഹത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട് !!

സ്ത്രീപുരുഷന്മാർ അന്യോന്യം പൂരകമായി മുന്നേറുന്നതിനുപകരം 'ഞാനോ നീയോ' എന്നു മത്സരിച്ചു വിനാശത്തെ വരിക്കേണമോ ? ചിന്തിക്കുക. ഒരുകാലത്ത് തീർത്ഥാടനം എന്നതു കർശനമായ നിബന്ധനകളടങ്ങിയ പ്രശംസനീയ ശ്രമമായിരുന്നു. ഇന്നോ ? ചിന്തിക്കുക...

***വായനക്കാരുടെ വാസ്തവ നന്മക്കായി 'ഏക തത്ത്വ'യുടെ ചെറു സംഭാവന***

ആധുനിക ഭൗതികത, ഉപഭോക്താസംസ്കാരം എന്നിവയാൽ അധികരിച്ചു വരുന്ന നകാരാത്മക (Negative) ചിന്തയുടെ ഉദാഹരണമായി ഒരിക്കൽ അഭിപ്രായവും പ്രതികരണവും എന്ന വിഭാഗത്തിൽ, ഒരു കത്തിൽ പ്രകടിപ്പിച്ച വിചാരമായിരുന്നു, 'ഏക തത്ത്വ'യിലെ ലേഖന/വിചാരപ്രസിദ്ധീകരണത്താൽ ലോകക്ഷേമം വരുത്താമെന്ന വിചാരമാണോ ?' (പരിഹാസമായി !)

ഇത്തരം ചിന്തയെ വെടിഞ്ഞു സകാരാത്മക (Positive Thinking) കാഴ്ചപ്പാട് സ്വീകരിച്ചു, സ്വന്തം നന്മക്കായി ഗുണകരലേഖനങ്ങൾ/കൃതികൾ/പുസ്തകങ്ങൾ എന്നിവയെ വായിച്ചു, നിസ്സംഗതയോടെ ഗാഢമായി ചിന്തിച്ചു (Introspect with detachment), മനസ്സിലാക്കി, ഉചിത വഴിയിൽ സ്വന്തം ദൈനിക ജീവിതത്തിൽ പകർത്തുന്നത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത ധർമ്മമാണ്. ഏക തത്ത്വയിലെ വിചാരധാരകൾ എല്ലാവർക്കും ഗുണകരവും, എല്ലാവരാലും സ്വീകാര്യമായതുമായ ഏക മാസികയാണെന്ന് എഡിറ്റർ ഇതുവരെ ശഠിച്ചിട്ടില്ല. പലർക്കും പ്രിയം തോന്നുന്ന പലവഴികളും ഉണ്ട്. എന്നാൽ ഈ സന്ദർഭത്തിൽ ഗാന്ധിജി സ്പഷ്ടമാക്കിയ വിചാരത്തെ (ഏക തത്ത്വ പുസ്തകം 2 ലക്കം 5 മാർച്ച് 2015ൽ "ഏഴു സാമാജിക പാതകങ്ങൾ" എന്ന ശീർഷകത്തിൽ കൊടുത്തതിനെ) വീണ്ടും ആവർത്തിക്കുന്നു. 'മനുഷ്യരായ നമ്മുടെ മഹത്വം ഈ ലോകത്തെ ഇഷ്ടാനുസാരം മാറ്റി പുനർഘടിപ്പിക്കാൻ സാധിക്കുമെന്ന വിശ്വാസമല്ല – ഇത് ഈ ആണവിക യുഗത്തിന്റെ മാനസിക ഭ്രമമാണ്. പക്ഷെ പൊതുജനങ്ങളുടേയും സ്വന്തം നന്മയ്ക്കായി തന്നെത്താൻ മാറ്റി വാർത്തെടുക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസമാണ് വേണ്ടത്.

ഭൂലോകത്തിന്റെ ഒരു ഖണ്ഡമാണ് ഏഷ്യ. അതിലെ നഗണ്യമല്ലാത്ത വിഭാഗമാണ് ഇന്ത്യ; ഇന്ത്യയുടെ ചെറു ഘടകമാണ് കേരളം; കേരളത്തിലെ ഒരു നഗരമാണ് പാലക്കാട്; ഇവിടെ നിന്ന്, അളവറ്റ വിഘ്നങ്ങളോട് ധൈര്യത്തോടെ തുടർന്ന് പോരാടിക്കൊണ്ട് വാസ്തവ ജനനന്മയ്ക്കായി വെളിപ്പെടുത്തപ്പെട്ട മലയാള മാസികയാണ് "ഏക തത്ത്വ". ഇതിലെ ഗുണകര ലേഖനങ്ങളേയും ഇത്തരം അന്യ കൃതികളേയും ക്ഷമയോടെ, നിസ്സംഗതയോടെ, വായിച്ചു, ചിന്തിച്ചു, മനസ്സിലാക്കി, ദൈനിക ജീവിതത്തിൽ ഇറക്കി തൊട്ടുപരിസരത്തിൽ നമുക്കായിത്തന്നെ ഒരു ചെറു സ്വർഗ്ഗത്തെ സൃഷ്ടിക്കുവാൻ ശ്രമിച്ചാൽ ജന്മസാഫല്യം ആയില്ലെ ? ചിന്തിക്കുക. ഇത് നമ്മളാൽ കഴിയും. നമ്മളാലേ സാധ്യമാവുകയുള്ളൂ. ചിന്തിക്കുക. ചുറ്റുപാടും നടക്കുന്നതിനെ അടക്കി നിയന്ത്രിക്കാൻ നമ്മളാൽ കഴിയുകയില്ല. എന്നാൽ ഇവയെക്കുറിച്ച് നിയന്ത്രണമില്ലാതെ ദുഃഖിതനാവും വിധം പ്രതികരിച്ചു, നമുക്കു തന്നെ നരകത്തെയുണ്ടാക്കുന്നത് തീർച്ചയായും ഒഴിവാക്കാം. വേണ്ടത് മനസ്സിന്റെ നിയന്ത്രണമാണ്. എല്ലാവർക്കും ഭഗവദ് ഗീത അധ്യായം 6 ശ്ലോകം 5 (ഉദ്ധരേതാത്മനാത്മാനം........ രിപുരാത്മനഃ) പ്രചോദകവും സാധ്യവും ആയി വരട്ടെ ! •


**Statutory Declaration**


**FORM IV**

**Statement about ownership and other particulars about newspaper (Eka Thathwa)**

1. Place of Publication : Palakkad
2. Periodicity of its Publication : Monthly
3. Printer's Name : E. T. Muralidharan
   Nationality : Indian
   Address :18/225 "Syamalalayam" A- 9 New Civil Nagar, Behind Civil Station, Palakkad 678 001.
4. Publisher's Name : E. T. Muralidharan
   Nationality : Indian
   Address :18/225 "Syamalalayam" A- 9 New Civil Nagar, Behind Civil Station, Palakkad 678 001.
5. Editor's Name : E. T. Muralidharan
   Nationality : Indian
   Address :18/225 "Syamalalayam" A- 9 New Civil Nagar, Behind Civil Station, Palakkad 678 001.
6. Names and Addresses of Individuals who own the newspaper and partners or shareholders holding more than one per cent of the total capital : Nil

I, E. T. Muralidharan, hereby declare that the particulars given above are true to the best of my knowledge and belief.

Date : 15-02-2017 Signature of Publisher


ടി. ജെ. നായർ
9446630412


# കയ്യെഴുത്തും സ്വഭാവവും

ഗ്രാഫോളജി എന്നൊരു ശാസ്ത്രമുണ്ട്. ഈ ശാസ്ത്രം വശമായാൽ കയ്യക്ഷരം നോക്കി ആളറിയാം; അതായത് അവരവരുടെ സ്വഭാവം മനസ്സിലാക്കാം.

കയ്യക്ഷരത്തിന് വലത്തോട്ട് നല്ല പോലെ ചെരുവുണ്ടായാൽ അയാൾ വികാരങ്ങളെ നിയന്ത്രിക്കുവാൻ കഴിവുള്ള ആളായിരിക്കും. അതായത് അവരെ ഭരിക്കുന്നത് തലയല്ല മനസ്സായിരിക്കും. വലതുവശത്തേക്ക് ചെറിയ ഒരു ചെരിവേ ഉള്ളുവെങ്കിൽ അന്യരെ സഹായിക്കുന്നതിൽ തല്പരരായിരിക്കും. അവരുടെ സന്തോഷത്തിലും, സന്താപത്തിലും തല്പരരുമായിരിക്കും.

നേരെ ചൊവ്വെയുള്ള എഴുത്ത് കണ്ടാൽ അറിയാം അവർ വികാരജീവിയായിരിക്കുമെന്ന്. അവർ അളന്ന് തൂക്കിയേ തീരുമാനങ്ങൾ എടുക്കൂ. ഇടത്തോട്ട് ചെരിച്ചെഴുതുന്നവർ സ്വാർത്ഥ താല്പര്യമുള്ളവരായിരിക്കും. അവർക്ക് സ്വന്തം കാര്യം സിന്ദാബാദ്.

വാക്കുകളും വരികളും തമ്മിലുള്ള അകലം ഒരുപോലെയാണെങ്കിൽ അവർ കാര്യങ്ങൾ വിശകലനം ചെയ്യുവാൻ സമർത്ഥരായിരിക്കും. അതെ, നീതി ബോധതല്പരർ. വാക്കുകളും വരികളും തമ്മിലുള്ള അകലം ക്രമരഹിതമെങ്കിൽ ദുർബല മാനസരായിരിക്കും. വരികൾ തമ്മിലുള്ള അകലം ഇടുങ്ങിയതാണെങ്കിൽ അവരുടെ മനസ്സും ഇടുങ്ങിയതായിരിക്കും.

ഗ്രാഫോളജി വശമുള്ളവർക്ക് ഒരാളുടെ കയ്യെഴുത്തുനോക്കി എഴുപതിലേറെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. •




പി. വി. ഗോപാലൻ
8593951355


# വെളുക്കാൻ തേച്ചത് പാണ്ടായി

**ന**മ്മുടെ പ്രധാനമന്ത്രി കള്ളപ്പണം തുടച്ചുനീക്കുവാൻ 2016 നവംബർ എട്ടാം തിയതി ആയിരവും, അഞ്ഞൂറും നോട്ടുകൾ റദ്ദാക്കി, നാടു നീളെ കറൻസി രഹിത ഇടപാടുകൾ നടത്തുവാൻ ഉഗ്രൻ പ്രഭാഷണങ്ങളും, ഉപദേശവും പിന്നീട് ഒരു ബജറ്റ് അവതരണവും. എല്ലാം എല്ലാം കൂട്ടിക്കിഴിച്ചുനോക്കുമ്പോൾ വ്യാപാര, വ്യവസായ ശൃംഗലയിൽ കാര്യമായ മാന്ദ്യം സംഭവിക്കുകയും, കള്ളപ്പണം വെള്ളപ്പണമായി പരിണമിക്കുകയും സാധാരണക്കാരൻ വലയുകയും വൃദ്ധരും സാധാരണക്കാരനും ദാരിദ്രത്താലും രോഗത്താലും തെരുവുകളിലും ആശുപത്രികളിലും കിടക്കുന്നതും കൂടുതലായി കാണുവാനുള്ള നിർഭാഗ്യം ഉണ്ടായല്ലോ എന്ന വേദന വിളമ്പുവാനില്ലാതെ നമുക്ക് എന്തുചെയ്യുവാൻ കഴിയും.

കഴിഞ്ഞ രണ്ടുമാസത്തെ അനുഭവങ്ങൾ ഞാൻ പ്രത്യക്ഷത്തിൽ കാണുന്നത് മാത്രമാണ് ഇവിടെ എഴുതുന്നത്. 'മൊബൈൽ ഫോണിലൂടെ എല്ലാ ക്രയ, വിക്രയങ്ങളും നടത്താം എന്നു പറയുന്നതിൽ എത്രത്തോളം പ്രായോഗികമാക്കാം എന്നു ചിന്തിക്കുന്നില്ല. വിശിഷ്യവൃദ്ധർക്ക്, പത്തുനമ്പറുകൾ നോക്കി അടിച്ചു മക്കളോടുപോലും സംസാരിക്കാൻ വളരെ പ്രയാസമാണ്. അവശ്യസാധനങ്ങൾ വാങ്ങുവാൻ അവർക്ക് സാധ്യമാണോ ?

ഒരു രോഗം വന്നാൽ ആശുപത്രിയിൽ പോയാൽ അവർക്ക് മരുന്നു വാങ്ങേണ്ടതായ് വരും, ചിലപ്പോൾ അത്യാഹിത വിഭാഗത്തിൽ കിടത്തുവാനും ഡോക്ടർമാർ നിരസിക്കും, ചെക്ക് സ്വീകാര്യമല്ല. അങ്ങിനെ ചെക്ക് സ്വീകരിച്ചില്ലെങ്കിൽ ജില്ലാ ഭരണാധികാരിക്ക് ഹർജി സമർപ്പിക്കുക. രോഗിക്ക് കഴിവില്ലെങ്കിൽ അവരുടെ അവകാശികളോ ബന്ധപ്പെട്ടവരോ ചെയ്താൽ തന്നെ അതിന്റെ പേരിൽ ഭരണാധികാരികൾ നടപടി എടുക്കുമ്പോഴേക്കും രോഗി പരലോകത്ത് എത്തിയിട്ടുണ്ടാവും, ബന്ധുക്കൾ മരണാനന്തരം ചടങ്ങുകൾ നിർവ്വഹിക്കുന്നു.

നിത്യജീവിതത്തിൽ വൃദ്ധരും, വിദ്യാഭ്യാസം കുറഞ്ഞവർ, സ്ത്രീകൾ, കുട്ടികൾ ഇവരെയെല്ലാം കണക്കാക്കിയാൽ തന്നെ, ഫോൺ പോലും രൂപത്തിൽ കൈകാര്യം ചെയ്യാൻ കഴിയാത്തവർക്ക് ഈ നാട്ടിൽ എങ്ങിനെ ജീവിക്കും എന്ന് ചോദിച്ചാൽ എന്തുത്തരമാണ് പറയാൻ കഴിയുക. എന്നുമാത്രമല്ല ഇവരെല്ലാം ഭൂമിയിൽ ജീവിക്കേണ്ടേ - അധികപ്പറ്റാണോ, ഈ ദുഃസ്ഥിതി എത്രകാലം വേണ്ടിവരും എന്ന് ആർക്കും പറയാൻ കഴിയില്ല. സർക്കാർ നിത്യേന കല്പനകൾ മാറ്റിക്കൊണ്ടേയിരിക്കുന്നു. കള്ള പണവും, കള്ള നോട്ടും ഇല്ലാതാക്കാൻ എത്രത്തോളം ശ്രമിച്ചിട്ടുണ്ട് എന്ന് ചിന്തിച്ചാൽ പാക്കിസ്ഥാനിൽ അച്ചടിച്ച് ഇന്ത്യയിൽ വിതരണം നടത്തി പിടിക്കപ്പെട്ടത് മൂവായിരം കോടി എന്നു പത്രങ്ങളിൽ കണ്ടു. പിടിക്കപ്പെടാത്തത് എത്രയുണ്ടാകും എന്ന് ഓർക്കാൻ സാധിക്കും.

നോട്ട് റദ്ദാക്കിയതിനുശേഷം റിസർവ് ബാങ്കിൽ എത്തിയ പണം എത്ര ? പകരം സർക്കാർ എത്ര പുതിയ നോട്ടുകൾ വിതരണം ചെയ്തു എന്ന കണക്കുപോലും 'റിസർവ്വ് ബാങ്കിന് കഴിഞ്ഞിട്ടില്ല എന്നുള്ളതും ന്യായീകരിക്കാൻ പറ്റില്ല. കൃത്യമായ കണക്കുകൾ, സത്യസന്ധമായി രേഖപ്പെടുത്തുവാനും അധികൃതർക്ക് സാധിച്ചിട്ടില്ലെങ്കിൽ വൻകിട നികുതിവെട്ടിപ്പുകാരെ എങ്ങിനെ കണ്ടെത്തും ? പിടിച്ചെടുത്ത കള്ളപ്പണത്തിൽ തന്നെ എത്ര കള്ള നോട്ടുകൾ ഉണ്ട്. ഇതുകൊണ്ടൊന്നും വൻവ്യവസായികളും വ്യാപാരികളും കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥന്മാരും വളരുന്നു, സാധാരണക്കാരൻ തളരുന്നു. ഭരണകർത്താക്കളും, രാഷ്ട്രീയ പാർട്ടികളും നേതാക്കൻമാരും തമ്മിലടിക്കുന്നു എന്നതിൽ കവിഞ്ഞ് ഒന്നും കാണുന്നില്ല.

●

## കവിത

# സിവിൽ കോഡുകൾ


പ്രശോഭ് മണ്ണാർക്കാട്
9809161279, 8606730497


വെട്ടിലൊതുക്കിയ
കാലുകളുമായി വേണം,
ഇനി ചെരുപ്പ് വാങ്ങാൻ പോകാൻ,
നിങ്ങളുടെ
കാലളവുകൾക്കൊത്ത ചെരുപ്പുകൾ
കടയിലുണ്ടാക്കില്ല.
ഇനി... ഒരളവ്
ഒരൊറ്റയളവ് മാത്രം.
ശരീരത്തെ,
ഒരിക്കലും പടരാനനുവദിക്കരുത്.
അവ,
മുൻകൂട്ടി നെയ്ത
കുപ്പായങ്ങൾക്കകത്തിരിക്കാനുള്ള
താണ്.
സിലബസ്സിലില്ലാത്തത്
പഠിക്കരുത്,
ചോദ്യപ്പേപ്പറുകൾ
നിങ്ങളെ നോക്കി പല്ലിളിക്കും.
ഇനി... ഒരളവ്...
ഒരൊറ്റയളവ് മാത്രം
ഓണമുണ്ണാൻ എത്താത്തവരുണ്ട്
എന്റെ നാട്ടിൽ
വംശചരിത്രത്തിലും...
ഇതിഹാസ പുറമ്പോക്കുകളിൽ
നിന്നും...
ഒക്കെ ആട്ടിയോടിക്കപ്പെട്ടവർ
ഒരിക്കൽ പോലും
പൂ പറിക്കാൻ പോകാത്തവർ
മനഃപ്പായസത്തിന്റെ രുചി പോലും
അറിയാത്തവർ
പുതുമണ്ണിന്റെ കറുത്ത ഗന്ധം
മാത്രം ശ്വസിച്ചവർ.
ഒരോണം ബമ്പറുപോലും എടുത്ത്
ഭാഗ്യം പരീക്ഷിക്കാത്തവർ
എന്നിട്ടും നിങ്ങളെന്തിനാണ്
ഞങ്ങളെ ഓണമുണ്ണിക്കുന്നത് ?


**ഏക തത്ത്വയിലേയ്ക്ക്
മികവുറ്റ സൃഷ്ടികൾ
അയച്ചുതരിക.**

**വരിസംഖ്യ എടുത്തും
വരിസംഖ്യ യഥാസമയം
പുതുക്കിയും
സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

## ലേഖനം

**പി. രാധാകൃഷ്ണൻ നായർ**
**9495367909**





# സർക്കാർ വണ്ടി

**അ**ല്ല; അറിയാതെ ചോദിക്കുന്നതാണ് ! നമ്മുടെ സർക്കാർ ബസ്സിനുമാത്രം എന്താ ഏഴരശനി വിടാതെ പിൻതുടരുന്നത് ? അതോ കണ്ടകശനിയോ ? കണ്ടകശനിയാണെങ്കിൽ കൊണ്ടേ പോകൂ എന്നൊരു ചൊല്ലുണ്ട്; കേരളത്തിൽ മാത്രമല്ലല്ലോ സർക്കാർ ഗതാഗതം നടത്തുന്നത് ? മറ്റുള്ള സംസ്ഥാനങ്ങളിലൊന്നും നഷ്ടത്തിന്റെ കണക്ക് പുറത്തുവരുന്നില്ല.

കേരളത്തിൽ എന്നും നഷ്ടത്തിന്റെ വരവേ പറയാനുള്ളൂ. ഏതോ ഒരു കാലയളവിൽ ശുക്രദശയാണെന്ന് കേട്ടിരുന്നു. (ചിലപ്പോൾ ശുക്രന്റെ അപഹാരമായിരിക്കാം)

പാലക്കാട് - കോഴിക്കോട് റൂട്ടിൽ ഓടുന്ന വണ്ടികളിലെ വരുമാനം നല്ലതാണെന്നും കേൾക്കുന്നു. എങ്കിൽ പിന്നെ ആ റൂട്ട് സർക്കാർ മാത്രം ഏറ്റെടുത്ത് നടത്തിക്കൂടെ ? ചില ബസ്സുകൾ ചില ദിവസങ്ങളിൽ ഓടിക്കാറില്ലത്രേ; കാരണം അന്വേഷിച്ചാൽ ഡ്രൈവർ ഇല്ല അല്ലെങ്കിൽ ടിക്കറ്റ് കൊടുക്കാൻ ആളില്ല. ഓരോരോ ബസ്സാഫീസിലും ഉള്ള ഓഫീസ് ജീവനക്കാർക്ക് ആ ആപ്പീസിനുള്ളിലേ ഇരിക്കാൻ സ്ഥലം പോരാത്തത്ര ജീവനക്കാരെ കാണാം.

എന്നാൽ യാത്രക്കാർക്ക് വല്ല സംശയവും ചോദിക്കണമെങ്കിൽ ഒത്തിരിനേരം കിളിവാതിലിൽ തല കടത്തിവെച്ച് ചോദിച്ചാലെ വല്ലപ്പോഴും ഉത്തരം കിട്ടൂ. ഇനി ഏമാൻമാരുടെ ഭാവം കണ്ടാൽ നമ്മൾ വല്ല കാശും കടം വാങ്ങാൻ വന്നു നില്ക്കുന്ന മാതിരിയാണ്. ചോദ്യം തന്നെ ഒറ്റ പ്രാവശ്യമേ നമ്മൾ ചോദിക്കാവൂ. സംശയം തീർന്നില്ലെങ്കിൽ പിന്നെ, നാരായണാ നാരായണാ... ജപിച്ച് പിൻമാറുകയേ തരമുള്ളൂ.

ആപ്പീസിൽ തിക്കിത്തിരക്കി നടക്കുന്ന ഏമാൻമാരുടെ മാസശമ്പളം അന്വേഷിച്ചാൽ നമുക്ക് തലകറക്കം വരും. പണ്ടെന്നോ വണ്ടി കഴുകാൻ കരാർകാരെ ക്ഷണിക്കുന്നെന്നു കേട്ടു. ആ വഴി അന്വേഷിച്ചു ചെന്നപ്പോൾ, അതിനെന്നു പറഞ്ഞ് ഒരു വിഭാഗം തന്നെ ഉണ്ടെന്ന് അറിയാൻ കഴിഞ്ഞു.

പണ്ട് നമ്മുടെ സർക്കാർ വണ്ടിയിൽ യാത്രക്കാർക്ക് കൊടുത്തിരുന്ന ടിക്കറ്റ് ശ്രദ്ധിച്ചിട്ടുണ്ടോ ? അത് എവിടെ നിന്നാണ് അച്ചടിച്ചിരുന്നത് ? തമിഴ്നാട്ടിലെ ഒരു അച്ചുകൂടത്തിൽ നിന്നുമാണ്. നമ്മുടെ നാട്ടിൽ സർക്കാരിന്റേയോ, സ്വകാര്യ വ്യക്തികളുടേയോ അച്ചുകൂടം ഇല്ലാത്തതിനാലാവാം. പണിപ്പെട്ട് പണിയെടുത്ത് വേതനം കൈപ്പറ്റുന്ന എത്രയോ ഭാഗ്യവാൻമാരുണ്ടെന്ന് ഓർക്കണം.

പണ്ട് നമ്മുടെ മഹാരാജാവിന് തോന്നിയ ഒരു മഹാകാര്യമാണ് ഇന്നത്തെ നമ്മുടെ അഭിമാനമായ കെ. എസ്. ആർ. ടി. സി. ഭരണകർത്താക്കൾ മാറി മാറി ഭരണം നടത്തി ഇന്നത്തെ അവസ്ഥയിൽ എത്തിച്ചതിന് നാം തീർച്ചയായും സ്തുതി പാടണം.

ഈയ്യിടെ നൂറു കോടി രൂപ കിട്ടിയാൽ ശമ്പളവും, പെൻഷനും തൊഴിലാളികൾക്ക് കൊടുക്കാൻ കഴിയുമായിരുന്നത്രേ ! അതിനുള്ള നീക്കവും തുടങ്ങി. കടം തരാമെന്ന് കനറാ ബാങ്ക് സമ്മതിച്ചതായും വാർത്ത വന്നിരുന്നു. പക്ഷേ, ഇനി ഏത് ഡിപ്പോ പണയം കൊടുക്കാം എന്ന കാര്യത്തിൽ തീരുമാനമാകാതെ അതും വെള്ളത്തിലായി. കാരണം നിലവിൽ ഇരുപത്തേഴ് ഡിപ്പോകളും, അവിടെ നിന്നുള്ള വരുമാനവും ഇപ്പോഴേ പണയത്തിലാണ്.

ഇതിനും പുറമെ അമ്പത്തിരണ്ടു ഡിപ്പോകൾ എസ്. ബി. ടി. യിലും സഹകരണ ബാങ്കുകളിലും പണയത്തിലാണ്. ഇതിനുപുറമെ നൂറു കോടി രൂപ കടമെടുക്കുമ്പോൾ ഏതൊക്കെ ഡിപ്പോകൾ പണയപ്പെടുത്തണം എന്നതാണ് പ്രശ്നം. എല്ലാറ്റിനും കാരണം പിടിപ്പുകേടു തന്നെ. ചില ബസ്സ് സ്റ്റാന്റ് പൊളിച്ചു നീക്കി വർഷങ്ങളായി. ചിലത് പണി കഴിഞ്ഞ് ഭംഗി വരുത്തി ഇട്ടിരിക്കുന്നത് കാണാം. കോടികൾ മുതൽ മുടക്കി നിർമ്മിച്ച പീടികമുറികൾ ഇന്നും ഒഴിഞ്ഞുകിടക്കുന്നതും കാണാം. കാലാകാലങ്ങളിൽ അറ്റകുറ്റ പണി നടത്താത്തതുകൊണ്ട് ചില മന്ദിരങ്ങൾ കണ്ടാൽ ഏതോ പുരാവസ്തുവാണെന്ന് തോന്നും.

ചില ഡിപ്പോകളിൽ (സ്റ്റാന്റിൽ) ഉള്ള സ്ഥലങ്ങൾ കാടുകയറി ഭയാനകമായും കാണാം. എന്തേ നമ്മുടെ സർക്കാർ വണ്ടിക്കുമാത്രം (കെ. എസ്. ആർ. ടി. സി) ഈ ദുരവസ്ഥ ? "എന്നെ തല്ലണ്ടമ്മാവ ഞാൻ നന്നാകൂല !" എന്നാണോ ? അതോ അമ്മാവൻ ശിക്ഷിക്കാത്തതുകൊണ്ടാണോ ? ഇവിടെ എത്രയോ സ്വകാര്യ വ്യക്തികൾ ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്. ഓരോ ബസ്സിലും, ചുരുങ്ങിയത് മൂന്നു ജീവനക്കാരെങ്കിലും ജോലിക്ക് നിയമിച്ചും കാണുന്നു. ചില ബസ് ഉടമസ്ഥൻമാർ ബസ്സിന്റെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നത് കാണാം. എന്നാൽ കെ. എസ്. ആർ. ടി. സി. ഓഫീസിലെ സാറൻമാരിൽ പലരും കയ്യിൽ ഒരു ഡയറിയും വെച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതും കാണാം. (ഞങ്ങൾ നേതാക്കൻമാർ പണിയെടുക്കാറില്ല)

ആവശ്യത്തിലധികം ജോലിക്കാരുണ്ടെങ്കിൽ ഇതായിരിക്കും അവസ്ഥ. എങ്ങിനെയെന്നാൽ 'നന്ദനം സിനിമയിൽ പറയുന്ന മാതിരി.'

ഇനിയെങ്കിലും നമ്മുടെ സ്വന്തം യാത്രാവാഹനമായ കെ. എസ്. ആർ. ടി. സി യെ രക്ഷിക്കാനുള്ള വഴികൾ ഭരണകർത്താക്കൾ ശ്രദ്ധിക്കുന്ന കാര്യത്തിൽ അനാസ്ഥ കാണിക്കാതിരിക്കാൻ അഭ്യർത്ഥിക്കുന്നു. ഗ്രഹണി രോഗം പിടിപെട്ട കുട്ടിയെ നല്ല വൈദ്യ പരിശോധന നടത്തി ആരോഗ്യം വീണ്ടെടുത്തു കൊടുക്കേണ്ടത് ഏതൊരു രക്ഷിതാക്കളുടേയും കടമയാണ്. അതാണ് രക്ഷിതാക്കളുടെ ധർമ്മം. നമ്മുടെ കെ. എസ്. ആർ. ടി. സി. യും ഒരു കൂട്ടുകുടംബമാണ്. നാം ഓരോരുത്തരും ആ കുടുംബത്തിലെ അംഗങ്ങ


ളുമാണ്. കുടുംബത്തിലെ ഉത്തരവാദിത്വം ഏറ്റെടുക്കാത്ത കുടുംബനാഥന്റെ കുടുംബം തന്നെ അന്യം നിന്നുപോയ അവസ്ഥ ഈ രാജ്യത്ത് ധാരാളം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് വരും തലമുറയെ പറ്റിയെങ്കിലും ഓർക്കേണ്ടത് അത്യാവശ്യമാണ്. ഞാനോ പഠിച്ചില്ല, എന്റെ മക്കളെങ്കിലും പഠിക്കട്ടെ എന്ന ബോധമാണ് വേണ്ടത്. അല്ലാതെ എന്നെപ്പോലെ തന്നെ മക്കളും ആയാൽ മതി എന്നു പോര.

സാങ്കേതിക വിദ്യ പുരോഗമിച്ച് കമ്പ്യൂട്ടർ വന്നപ്പോൾ കാര്യങ്ങൾ വേഗം നടത്താം എന്നായിരുന്നു പ്രതീക്ഷ. കമ്പ്യൂട്ടർ വന്നാൽ തൊഴിൽ മേഖലയിൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാവുമെന്ന പ്രചാരം അക്കാലത്തുണ്ടായിരുന്നു. എങ്കിലും വളരെ ലാഭം കൊയ്യാം എന്ന് കണക്കുകൂട്ടി. പക്ഷേ സംഭവിച്ചതോ ? വഞ്ചി കടവിൽ തന്നെ. സർക്കാർ സ്ഥാപനങ്ങൾ സ്വകാര്യവ്യക്തികൾക്ക് തീറെഴുതി കൊടുക്കുകയാണെന്നുപറഞ്ഞ് നാം കലപില കൂട്ടിയിരുന്നു. ഇങ്ങിനെ പോയാൽ ക്രമേണ നമ്മുടെ കെ. എസ്. ആർ. ടി. സിയും കൊടുക്കേണ്ടിവരുമോ ? വരാതിരിക്കട്ടെ എന്ന് കൂട്ടത്തോടെ പ്രാർത്ഥിക്കാം.

ഇങ്ങിനെ പോയാൽ നാം ഒന്ന് നമ്മളൊന്ന് എന്നതുമാറ്റി, നാം പലത് നമ്മളിൽ പലത് എന്ന് ചിന്തിക്കേണ്ടി വരും. പാലക്കാട് കെ. എസ്. ആർ. ടി. സി. സ്റ്റാന്റിൽ യാത്രക്കാരെ ഇറക്കിയിരുന്നത്, അവിടുത്തെ കക്കൂസ് മാലിന്യത്തിന്റെ സ്ലാബ് പൊട്ടി അതിലൂടെ ഒഴുകിയിരുന്ന അതിദുർഗന്ധം പരത്തിയിരുന്ന മലിന ജലത്തിൽ കൃത്യമായി കാലുകുത്താവുന്ന തരത്തിൽ സൗകര്യം ഒരുക്കിക്കൊടുത്തിരുന്നു. അതിനെ പല പ്രാവശ്യം ഈയുള്ളവനും മറ്റു പലരും പരാതിപ്പെട്ടിട്ടും വണ്ടി ഒന്ന് മുന്നോട്ടു നീക്കി നിർത്താൻ അതിലെ സാരഥി തയ്യാറല്ലായിരുന്നു. പലപ്പോഴും തർക്കങ്ങളും നടത്തിയിട്ടുണ്ട്. നമ്മുടെ മെല്ലെ പോക്കുനയം കാരണം സ്വന്തം പേരു പോലും നഷ്ടമായ അവസ്ഥ വന്നു ചേർന്നു. തിരുവിതാംകൂർ മഹാരാജാവ് നമുക്ക് നൽകിയ സ്ഥാപനം തുടങ്ങി എത്രയോ വർഷം കഴിഞ്ഞാണ് കർണ്ണാടക (കെ. എസ്. ആർ. ടി. സി) തുടങ്ങിയത്. എന്നാൽ ഇപ്പോഴത്തെ അവസ്ഥ കെ. എസ്. ആർ. ടി. സി യെന്നാൽ കർണ്ണാടക ബസ് എന്നാണ്. ഓൺ ലൈനിൽ കെ. എസ്. ആർ. ടി. സി കർണ്ണാടകയ്ക്ക് മാത്രം സ്വന്തം.

പെൻഷൻ പറ്റിയ പാവം ചില ജീവനക്കാർ പണം വരുന്നതും നോക്കി കാത്തിരിപ്പാണ്. മറ്റു മാർഗ്ഗമൊന്നുമില്ലാത്തതുകൊണ്ട് ആ ദുഃഖസത്യം ഇനിയെങ്കിലും ഭരണകർത്താക്കളുടെ ശ്രദ്ധയിൽ വരാൻ വൈകിക്കൂടാ. മെക്കാനിക്കൽ വിദഗ്ദ്ധരും, സാമ്പത്തിക വിദഗ്ദ്ധരും, നിറഞ്ഞ നമ്മുടെ സ്ഥാപനത്തെ ഇനിയെങ്കിലും വേണ്ട വിധത്തിൽ തുടർന്നു നടത്തിക്കൊണ്ടുപോകുമെന്ന് വിശ്വസിക്കുന്നു. ഇതിനിടയിൽ നോട്ടുപിൻവലിക്കൽ വന്നതോടെ; പണ്ടേ ദുർബ്ബല ഇപ്പോൾ ഗർഭിണി എന്ന അവസ്ഥയിലായി നമ്മുടെ കെ. എസ്. ആർ. ടി. സി. കൂനിൽ മേൽ കുരു എന്ന പോലെ എല്ലാ റൂട്ടുകളിലും വരുമാനം നന്നേ കുറഞ്ഞു.

ശുഭാപ്തി വിശ്വാസത്തോടെ നിർത്തുന്നു.



**വിനോദ് കുമാർ ദാമോദർ**
**9446352141**

# കടൽ മലിനീകരണം നിസ്സാരമാക്കുന്ന പ്രവണത തുടരരുത്

**ചെ**ന്നൈ തീരത്ത് കഴിഞ്ഞ ദിവസം രണ്ട് കപ്പലുകൾ തമ്മിൽ കൂട്ടിയിടിച്ചപ്പോൾ ഉണ്ടായ എണ്ണ ഒഴുക്കുമൂലമുണ്ടായ മാലിന്യവും കടലിലെ അഴുക്കും സമയബന്ധിതമായി വൃത്തിയാക്കിയെടുക്കുവാനുള്ള ഉത്തരവു ഈ സംഭവത്തിന്റെ തെളിവ് നശിപ്പിക്കുന്നതിന്റെ ഭാഗമായി പലപ്രമുഖ പരിസ്ഥിതി സംഘടനകളും സാമൂഹിക സംഘടനകളും ആരോപിക്കുന്നു.

രണ്ടു കപ്പലുകൾ കാമരാജർ തുറമുഖത്ത് കുറച്ചു ദിവസങ്ങൾക്കു മുമ്പ് എന്നോറിൽ വൻകൂട്ടിയിടിക്കലുകൾ നടത്തിയപ്പോൾ വൻതോതിൽ എണ്ണയാണ് പുറത്തേക്ക് ഒഴുകിയത്. എന്നാൽ ശരിയായ രീതിയിൽ വേണ്ട വിധം വൃത്തിയാക്കാതെ പത്ത് ദിവസത്തിനുള്ളിൽ സംഗതി പൂർത്തിയാക്കണമെന്ന് കോസ്റ്റ് ഗാർഡിനോടാവശ്യപ്പെട്ടിരിക്കുകയാണ്. മാത്രമല്ല ഇത്ര ദിവസമായിട്ടും ഇതിനെപ്പറ്റി ഒരക്ഷരം മിണ്ടാതെ ഇരിക്കുന്ന തമിഴ്നാട് മലിനീകരണ ബോർഡിന്റെ നിലപാടും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാടും ജനങ്ങൾക്ക് ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ഇത്ര സമയബന്ധിതമായി തീർക്കേണ്ടതായിട്ടുള്ള ഒരു പദ്ധതിയായി നൽകേണ്ടതല്ല എണ്ണ ഒഴുക്കുമാലിന്യം. വൻരീതിയിൽ കടൽ ജീവികളെ മരണത്തിനിരയാക്കിയിട്ടുള്ളതും ഇനി അങ്ങോട്ടും അപകടങ്ങൾ നേരിടുവാൻ സാധ്യതയുള്ളതിനാലും കടൽ വൃത്തിയാക്കൽ വളരെ ശ്രദ്ധയോടെ മാത്രമെ ചെയ്യാൻ പാടുള്ളുവെന്നാണ് ജനങ്ങൾ പറയുന്നത്.

കടലിൽ ഒഴുകിയ പെട്രോളിയം എണ്ണ വളരെയധികം ടോക്സിക്ക് നിറഞ്ഞതും പരിസ്ഥിതിക്ക് വളരെയധികം ദോഷം ചെയ്യുന്നവയുമാണ്. കടൽ വിവരകേന്ദ്രത്തിന്റെ കണക്കനുസരിച്ച് ചുരുങ്ങിയത് ഇരുപത് ടൺ എണ്ണയെങ്കിലും വെള്ളത്തിലേക്ക് ഒഴുകിയിട്ടുണ്ട്. ഇതിൽ കടലിന്റെ മുകളിൽ കാണുന്ന ഒഴുകുന്ന എണ്ണ മാത്രമാണിപ്പോൾ നടക്കുന്ന വൃത്തിയാക്കലിൽ ശുദ്ധീകരിക്കപ്പെട്ടിട്ടുള്ളൂ. കടലിലെ പാറയിലും മറ്റും ഒട്ടിപ്പിടിച്ചുള്ള എണ്ണ ഇതുവരെ ശുദ്ധീകരണം നടത്തിയിട്ടില്ല. ഇത് നടത്താനുള്ള സംവിധാനവും കോസ്റ്റൽ ഗാർഡിന്റെ പക്കലില്ലയെന്നതാണ് ഏറ്റവും ദുഃഖകരം.

**ഒരുവൻ ലോകത്തുള്ള സകല മതങ്ങളിലും വിശ്വസിക്കുകയും സകല വിശുദ്ധ ഗ്രന്ഥങ്ങളെയും തലയ്ക്കകത്ത് പേറിനടക്കുകയും – എന്നിട്ടും തനിക്കകത്തെ ഈശ്വരനെ കാണാതിരിക്കുകയും ചെയ്താൽ അവനാണ് ലോകത്തെ ഏറ്റവും വലിയ നിരീശ്വരവാദി. ഇന്നോളം ആരാധനാലയങ്ങളിലൊന്നും ചെന്നിട്ടില്ലെങ്കിലും മതപരമായ ആചാരങ്ങൾ ഒന്നും ചെയ്തില്ലെങ്കിലും – എന്നിട്ടും ലോകത്തിന്റെ സകലമാന കപടതകളെയും മറികടന്നവനുമാണെങ്കിൽ അവനാണ് യഥാർത്ഥ വിശുദ്ധൻ.**

**–സ്വാമി വിവേകാനന്ദൻ–**

## എന്റെ അഭിനയ സ്മരണകൾ
### ഭാഗം -2



# അരങ്ങിലൊരു ചുവടുവെപ്പ്

**മുക്കം ഭാസി**
**9846138693**

**അ**ച്ഛനും അമ്മാവന്മാരുമൊക്കെ കൃഷിക്കാരായിരുന്നു. പാട്ടത്തിനെടുത്ത നെൽപ്പാടങ്ങളിൽ കൃഷി നടത്തുന്നവർ. ഭാരിച്ച പാട്ടമായിരുന്നു ജന്മിമാർക്ക് നല്കേണ്ടിയിരുന്നത്. രണ്ടും മൂന്നും പുകിൽ കൃഷി നടത്തും. കാലവർഷത്തിന്റെ കനിവിലാണ് കൃഷി. മുണ്ടകൻ കൊയ്ത്താണ് പ്രധാനം. അത് കഴിഞ്ഞാണ് പാട്ടമളക്കൽ. കന്നിക്കൃഷിയും, പുഞ്ചയും പാട്ടമളക്കാത്ത വിളവാണ്.

ചിലപ്പോൾ കാലവർഷം ചതിയ്ക്കും. ഘോരമാരിയിൽ തോട് വരമ്പ് പൊട്ടും. കണ്ടി പൊട്ടുക എന്നാണ് നാട്ടിൽ പറയാറ്. വെള്ളം കുത്തിയൊഴുകി കൃഷിയിടങ്ങൾ മൂടും. ചരലും മണ്ണും കേറി വിളവ് മുക്കാലും നശിയ്ക്കും. അതൊന്നും ജന്മിയ്ക്ക് പ്രശ്നമല്ല. അദ്ദേഹത്തിന് കിട്ടാനുള്ളത് കിട്ടിയേതീരൂ. കോടതിയും നിയമവുമൊക്കെ അവർക്കനുകൂലമാണ് !

കൃഷിയിൽ സഹായിക്കാൻ അടിയാളരുണ്ടാവും, കാർഷിക തൊഴിലാളികൾ, ഹരിജനങ്ങൾ. അവരുടെ ജീവിതം കഷ്ടാൽ കഷ്ടമാണ്. അദ്ധ്വാനിയ്ക്കാൻ വേണ്ടി മാത്രം ജനിച്ചവർ. സ്വന്തമായി ഭൂമിയില്ല; വീടില്ല; ഒന്നുമില്ല; വെറും അടിമകൾ !

ജന്മിമാരുടെയോ ഇടക്കുടിയാന്മാരുടെയോ സ്ഥലത്ത് കുടിൽ കെട്ടി കഴിയുന്നവർ - 'ചാള' എന്നാണ് അവരുടെ കുടിലിന്റെ പേര്. ഐത്തജാതിക്കാരാണ് അവർ. നിശ്ചിത അകലത്ത് മാത്രമെ അവർക്ക് നിൽക്കാവൂ. അടുത്തെങ്ങാനും വന്നാൽ ഐത്തമായി. തീണ്ടൽ !!

നിലത്ത് കുഴികുത്തി അതിൽ വാഴയില വെച്ച് കഞ്ഞി ഒഴിച്ചുകൊടുക്കും. അത് മുക്കി കുടിയ്ക്കണം. മൃഗസമാനർ !

മറ്റുള്ളവരുടെ കിണർ തൊടാൻ പാടില്ല. അവരുടെ കുട്ടികളുടെ കൂടെ സവർണ്ണകുട്ടികൾ പഠിയ്ക്കില്ല. കൂട്ടു കൂടില്ല, കളിയ്ക്കില്ല. ചങ്ങമ്പുഴയുടെ 'വാഴക്കുല' ഓർക്കുക.

നേരം വെളുത്താല് പാടത്ത്
നേരം കറുത്താല് മാടത്ത്
എരിപൊരി കൊള്ളും വയറീന്ന്
ഉരിയരിപോലും കിട്ടൂലാ...

അതായിരുന്നു അവസ്ഥ. അവരിൽ പല വിഭാഗങ്ങളുമുണ്ട്. കള്ളാടി, കണക്കൻ, ചെറുമൻ എന്നൊക്കെയുള്ള സമാന്തരവിഭാഗങ്ങൾ ! അവർക്കും പരസ്പരം ഐത്തമുണ്ട്!!

എന്റെ കുട്ടിക്കാലത്ത് കേരളം ഒരു കറുത്ത ആഫ്രിക്ക തന്നെയായിരുന്നു. ഇപ്പോൾ അവരെയെല്ലാം 'ദളിതർ' എന്ന സാമാന്യ നാമം നൽകി ചായം പൂശിയിരിയ്ക്കയാണ് നാം.

ഇത്തരം അടിയാളരാണ് അക്കാലത്ത് ചേറിൽ ഞാറുനടുന്നത്. നിരനിരയായി ചേറ്റിൽ കുനിഞ്ഞുനിന്ന് ഞാറ്റിൻ പിടി പകുത്ത് നുരിയാക്കി നാട്ടി പാട്ടും പാടി ഞാറുനടുന്ന കാഴ്ച കൗതുകകരവും കലാപരവുമായിരുന്നു.

ഇവർക്ക് ഞാറ്റിൻ പിടികൾ എറിഞ്ഞുകൊടുക്കൽ എനിയ്ക്കിഷ്ടമുള്ള വിനോദമായിരുന്നു. വക്ക് പൊട്ടിയും തേഞ്ഞുമുള്ള അക്ഷരങ്ങൾ കോർത്ത വടക്കൻ പാട്ടാണ് അവർ പാടാറ്. തച്ചോളി ഒതേനന്റേയും ഉണ്ണിയാർച്ചയുടേയും പാട്ട്. ഒരാൾ നീട്ടി പാടും. മറ്റുള്ളവർ ഏറ്റു പാടും. ഈ ഏറ്റുപാടുന്ന കൂട്ടത്തിൽ ഞാനുമുണ്ടാവും. പാട്ട് ഏതാണ്ട് ഇങ്ങനെ...

ലച്ചോളി ലോമന
ലുഞ്ഞ്യോതേനൻ
ലടകളി ലുറ്റത്തും ലന്നിറങ്ങി !

തച്ചോളിയാണ് അവർ ലച്ചോളിയാക്കുന്നത്. 'ല' കാരത്തോട് അവർക്ക് വലിയ ഇഷ്ടമാണെന്ന് തോന്നുന്നു ! ഇനി "ആറ്റും മണമ്മേലെ ഉണ്ണിയാർച്ച..." എന്ന പാട്ടാണ് അവർ പാടുന്നത് എന്നിരിയ്ക്കട്ടെ, അവർ ഇങ്ങനെ പാടിക്കളയും,

"ലാറ്റും ലണമ്മേലെ
ലുണ്ണിയാർച്ചാ..."

ഈ പാട്ടുകൾ കോറസ്സായി ചേറിൽ ഉതിർന്നുവീഴുമ്പോൾ പാടം കോരിത്തരിയ്ക്കും. മണ്ണിന്റെ മക്കളുടെ പാട്ട്. വിശപ്പും, ദാഹവും, വെയിലും, മഴയും തോറ്റുപോകുന്ന പാട്ട് ! വയലേലകളുടെ പാട്ട് ! കുളിരണിയിക്കുന്ന നെൽ പാട്ടുകൾ !!

ഇതൊക്കെ കണ്ടുകൊണ്ടാണ് എന്റെ വളർച്ച. കൂടാതെ കാവുകളിലെ തെയ്യം, തിറകൾ ! പാലും വെള്ളരി ! ചോരയൊലിപ്പിച്ച് ആർത്തട്ടഹസിയ്ക്കുന്ന കോമരങ്ങൾ.



സ്റ്റെല്ലാ ഡൺസ്റ്റൺ
9446284735, 7293578021

# ഗുരുദക്ഷിണ

**ഞാ**ൻ പഠിച്ചിരുന്ന സ്കൂളിൽ ഒന്നു മുതൽ അഞ്ചുവരെ ക്ലാസ്സുകളാണുണ്ടായിരുന്നത്. അഞ്ചാം ക്ലാസ്സ് പഠനം പൂർത്തിയാകുമ്പോൾ റ്റി. സി. വാങ്ങി മറ്റു സ്കൂളിലേക്ക് പോകും. കൂടുതൽ പേരും കൊട്ടിയം സി. എഫ്. ഹൈസ്കൂളിലാണ് പോകാറുള്ളത്. അഞ്ചാം ക്ലാസ്സിൽ ഒന്നാമതായി വിജയിച്ചത് ഞാനാണ് എന്നറിഞ്ഞത് റ്റി. സി. വാങ്ങാൻ വൈകിയപ്പോഴായിരുന്നു. പാസ്സായ എല്ലാ കുട്ടികളും (ഞാനൊഴികെ) റ്റി. സി. വാങ്ങി വിവിധ സ്കൂളിൽ ചേർന്നുകഴിഞ്ഞു. എന്റെ സ്കൂളിലെ പ്രധാന അദ്ധ്യാപിക എന്റെ കൂട്ടുകാരിൽ പലരോടും "സ്റ്റെല്ല ഫിലിപ്പിനെ കാണുമ്പോൾ റ്റി. സി. വാങ്ങാൻ പറയണം" എന്ന് ഓർമ്മിപ്പിച്ച് വിട്ടു. അവർ പലരും എന്റെ വീട്ടിൽ വന്ന് വിവരം പറയുകയും ചെയ്തു. അതുകേൾക്കുമ്പോൾ എനിക്ക് കരച്ചിൽ വരും. കാരണം അഞ്ചുവരെ പഠിച്ചതുമതി. ഇനി ഒരുവഴിയും ഞാൻ കാണുന്നില്ല എന്ന് അമ്മച്ചി ഇടയ്ക്കിടെ പറയുന്നത് ഞാൻ കേൾക്കുന്നുണ്ട്. റ്റി. സി. വാങ്ങാൻ ചെല്ലുമ്പോൾ മിക്ക കുട്ടികളും പ്രധാന അദ്ധ്യാപികയ്ക്ക് ദക്ഷിണ കൊടുത്താണ് വാങ്ങുക പതിവ്. മിക്കവാറും അത് ഒരു വെള്ളി രൂപ ആയിരിക്കും എന്ന് കേട്ടിട്ടുണ്ട്. ആറാം ക്ലാസ്സിൽ അഡ്മിഷന് 4 രൂപ ചിലവുണ്ട്. അങ്ങനെ ദക്ഷിണ ഉൾപ്പടെ 5 രൂപയുടെ കുറവുകൊണ്ടാണ് എന്റെ പഠനം വഴിമുട്ടി നില്ക്കുന്നത്. ആറാം ക്ലാസ്സിൽ ചേർന്നുകഴിഞ്ഞാൽ പുസ്തകവും ബുക്കും വേറേ. അങ്ങനെയിരിക്കെ ഒരു ദിവസം സ്കൂളിൽ റ്റി. സി. വാങ്ങാൻ പോകാനായി ഒരുങ്ങാൻ അമ്മച്ചി പറഞ്ഞു. ഞാൻ പെട്ടെന്ന് ഉടുപ്പിട്ട് റെഡിയായി. അമ്മച്ചിയോടൊപ്പം നടന്നു. വഴിയിൽ വെച്ച് ഒരു വെള്ളി രൂപ അമ്മച്ചി എന്റെ കൈയ്യിൽ തന്നു. ടീച്ചർ റ്റി. സി. തരുമ്പോൾ മോൾ ഈ രൂപ ടീച്ചർക്ക് കൊടുക്കണം എന്ന് പറഞ്ഞു. സ്കൂളിലെത്തി റ്റി. സി. വാങ്ങാൻ കൈ നീട്ടിയപ്പോൾ റ്റി. സി. യോടൊപ്പം ടീച്ചറിന്റെ വക ഒരു വെള്ളി രൂപ എനിക്ക് തന്നു. എന്റെ കൈയ്യിലിരുന്ന വെള്ളി രൂപ ടീച്ചറിന് നീട്ടാൻ തുടങ്ങുമ്പോൾ ടീച്ചർ തന്നെ എന്റെ വിരൽ മടക്കി രൂപ കൈവെള്ളയിൽ വച്ചു. ഞാൻ ടീച്ചറിന് കൊടുക്കാൻ കൊണ്ടുപോയതും ടീച്ചർ തന്നതുമായ രണ്ടു വെള്ളിരൂപകളുമായി ഞാൻ മടങ്ങി. ദക്ഷിണ കൊടുക്കാനായി അമ്മച്ചി ഒരു രൂപ ആരോടാണ് കടം വാങ്ങിയതെന്ന കാര്യം ചോദിക്കാൻ മറന്നുപോയി. ഇപ്പോഴും എനിക്കറിയില്ല ആരാണ് ആ സന്മനസ്സിന്റെ ഉടമ എന്ന്.

അന്നൊക്കെ എനിയ്ക്കൊരു മോഹമുണ്ടായിരുന്നു. തിറ കെട്ടി, ചെണ്ടകൊട്ടിന്റെ താളലയത്തിൽ കാവുകളിൽ തിറയാടാൻ...! കഴിഞ്ഞില്ല. പക്ഷെ ഒരു നാടകത്തിൽ ഞാനൊരു തിറയാടി ! അതിനെക്കുറിച്ച് സന്ദർഭോചിതം വിവരിക്കാം.

എന്റെ അമ്മാവൻ നല്ല കോൽക്കളി ആശാനായിരുന്നു. വീട്ടിൽ രാത്രികാലങ്ങളിൽ കോൽക്കളി പരിശീലനമുണ്ടാവും. കുട്ടിക്കാലത്തുതന്നെ ഞാനും അമ്മാവന്റെ ശിഷ്യനായി. ചുവട് കളിയാണ് പ്രഥമഘട്ടം. ഒരു കളരിയഭ്യാസമുറ തന്നെയാണ് ചുവട് കളി. ശരീരത്തെ യഥേഷ്ടം വളയ്ക്കാനും തിരിയ്ക്കാനും ചാടാനുമൊക്കെ പാകപ്പെടുത്തിയെടുക്കൽ. പിന്നീടാണ് കോലെടുക്കൽ. അഞ്ചുവർഷമെങ്കിലും ഞാനീക്കളി പരിശീലിച്ചിട്ടുണ്ട്.

പ്രധാനമായും പുരാണകഥകളാണ് കളിപ്പാട്ടുകൾ. ശ്രീകൃഷ്ണ ചരിതം മുഴുവനും പാടിക്കളിയ്ക്കും. അദ്ധ്യാപകനാവേണ്ടിവന്ന എനിയ്ക്ക് ഈ കളി വളരെ പ്രയോജനം ചെയ്തിട്ടുണ്ട്.

വാർഷികത്തിനും യുവജനോത്സവത്തിനും മറ്റും ഞാനീ കളി കുട്ടികളെ പരിശീലിപ്പിക്കയും സമ്മാനാർഹരാക്കയും ചെയ്തിട്ടുണ്ട്. എന്റെ മനോധർമ്മമനുസരിച്ച് ചില പരിഷ്കാരങ്ങളും ഇത്തരം കളികളിൽ ഞാൻ വരുത്തിയിട്ടുണ്ട്.

1951 ൽ ഞാൻ എട്ടാം ക്ലാസ്സിൽ പഠിയ്ക്കുന്നു. വീട്ടിൽ നിന്ന് അഞ്ചാറുമൈൽ അകലെ. നാട്ടിലൊന്നും അക്കാലത്ത് യു.പി. സ്കൂളുകളില്ല. നടന്നുവേണം സ്കൂളിലെത്താൻ. യു. പി. സ്കൂൾ എന്നതിനുപകരം എച്ച്. ഇ. സ്കൂൾ എന്നാണ് പറയാറ്. ഹയർ എലിമെന്ററി സ്കൂൾ. വയറിൽ വിശപ്പിന്റെ വിപ്ലവഗാനം മൂളിക്കൊണ്ടിരിയ്ക്കും.

അദ്ധ്യാപകർ പറയുന്നതൊന്നും തലയിൽ കേറില്ല. വിശക്കുന്നവന്റെ കാതിൽ വേദമോതിയിട്ടെന്തു കാര്യം ? എങ്കിലും അന്നത്തെ പൊതുപരീക്ഷയായ ഇ. എസ്. എൽ. സി. നല്ല മാർക്കോടെ ഞാൻ പാസ്സായി ! ഭാഗ്യഷോടതി അടിയ്ക്കാറുണ്ടല്ലോ ചിലർക്ക് ചില കാലത്ത് !!

അക്കൊല്ലം സ്കൂളിൽ വാർഷികം ഗംഭീരമായി ആഘോഷിച്ചു. അടുത്തുള്ള സ്കൂളിൽ നിന്ന് ഒന്നു രണ്ടു ചെറുപ്പകാരായ അദ്ധ്യാപകർ വന്നു. ഞങ്ങളെ നാടകം പഠിപ്പിച്ചു. നാടകത്തിന്റെ പേര് 'പ്രതാപ സിംഹൻ'. അക്ബർചക്രവർത്തിയുടെ മകൻ സലീമായി എനിയ്ക്ക് വേഷപ്പകർച്ച ! പള പള മിന്നുന്ന ഉടുപ്പ് ! അരയിൽ ഉടവാൾ ! ഒരു കിന്നരി തൊപ്പി ! കൊച്ചുമീശ !!

പ്രതാപസിംഹനുമായി ഏറ്റുമുട്ടി, ജീവനും കൊണ്ട് രക്ഷപ്പെട്ട സലിം രാജകുമാരൻ കാച്ചിയ ഒരു ഡയലോഗ് ഓർമ്മ വരുന്നു !

"അച്ഛന്റെ ഭാഗ്യത്തെക്കാൾ എന്റെ തലയുടെ ഭാഗ്യമാണച്ഛാ വലുത് !"

നാടകത്തിന്നുപുറമെ, കവിതാപാരായണത്തിലും കോൽക്കളിയിലും ഞാൻ പങ്കെടുത്ത് മുഖത്ത് ചായം തേച്ച് മേക്കപ്പിട്ട് അങ്ങനെ അരങ്ങിലേയ്ക്കൊരു ചുവട് വെച്ച് അഭിനയത്തിന്റെ ഹരിശ്രീ കുറിച്ചു ഞാൻ ആ നാടകത്തിലൂടെ !!

(തുടരും)

**അനേകം നീരുറവകൾ ഒന്നുചേർന്ന് സാഗരത്തോടു ചേരുന്നതുപോലെ വ്യത്യസ്ത രീതികളിൽ മനുഷ്യൻ സ്വീകരിക്കുന്ന മതവിശ്വാസങ്ങൾ ഒരുനാൾ അവനെ ഒരേ ദൈവത്തിലേക്ക് തന്നെ നയിക്കുന്നു.**

***- സ്വാമി വിവേകാനന്ദൻ -***



ഒ. സി. പ്രമോദ്
9446071421

# രാഷ്ട്രഭാഷാ പഠനം

1987–88 അദ്ധ്യയന വർഷം. വടകര വിദ്യാഭ്യാസ ജില്ലയിലെ തിരുവള്ളൂർ എന്ന മനോഹരമായ ഗ്രാമത്തിൽ ശാന്തിനികേതൻ എന്ന വിദ്യാലയത്തിൽ 9ാം തരം വിദ്യാർത്ഥി ആയിരിക്കുന്ന കാലം. അവിടെ ഒരുപാട് പ്രത്യേകതകൾ ഉള്ള ഒരു അദ്ധ്യാപകൻ ഹിന്ദി പഠിപ്പിച്ചിരുന്നു. 'നമ്പൂതിരി' സമുദായത്തിൽപ്പെട്ട അദ്ദേഹം 'നമ്പൂതിരി മാഷ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് കുട്ടികൾക്കൊന്നും അറിയില്ലായിരുന്നു. അന്നൊക്കെ അദ്ധ്യാപകരോട് കുട്ടികൾ പേര് ചോദിക്കുന്നത് തെറ്റായ കീഴ്‌വഴക്കം ആയിരുന്നു. സഹാദ്ധ്യാപകർക്ക് അദ്ദേഹത്തിന്റെ മുഴുവൻ പേര് അറിയാമായിരിക്കുമെങ്കിലും അവരും അദ്ദേഹത്തെ 'നമ്പൂരി മാഷ്' എന്നാണ് പറഞ്ഞിരുന്നത്. 8ാം ക്ലാസ്സിൽ ഹിന്ദി പഠിപ്പിച്ചിരുന്നത് 'കർത്താവ് മാഷാ'യിരുന്നു. മാഷിന്റെ ശരിയായ പേരാണ് അതെന്നാണ് അക്കാലങ്ങളിൽ ഞങ്ങളൊക്കെ മനസ്സിലാക്കിയിരുന്നതെങ്കിലും 'കർത്താ' എന്നത് ജാതിപ്പേരാണെന്ന് വർഷങ്ങൾക്ക് ശേഷമാണ് മനസ്സിലായത്.

'നമ്പൂരിമാഷ്' ഹിന്ദി പഠിപ്പിക്കുന്ന കാര്യത്തിൽ അഗ്രഗണ്യനായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ഗുണത്തെക്കാളേറെ തിന്മകൾ കാണാനായിരുന്നു എല്ലാവർക്കും താത്പര്യം. അയിത്തം നിയമം മൂലം നിരോധിച്ചിരുന്നെങ്കിലും, ഒരു യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിൽ പിറന്നതുകൊണ്ട് നിരോധനമൊക്കെ ഉൾക്കൊള്ളാൻ മാഷിന് സാധ്യമല്ലായിരുന്നു. വടികൊണ്ടുപോലും മാഷ് ഒരു കുട്ടിയെ തൊടില്ലായിരുന്നു. ക്ലാസ്സുകളിൽ 'വടി' പ്രതാപശാലിയായിരുന്ന കാലത്ത് വടി ഉപയോഗിക്കാത്ത അദ്ധ്യാപകനെ കുട്ടികൾക്ക് പെരുത്ത് ഇഷ്ടമായിരുന്നു. അന്നൊക്കെ ഭാഷാവിഷയങ്ങൾക്ക് 'പകർപ്പ് എഴുത്ത്' നിർബന്ധമായിരുന്നു. നമ്പൂരി മാഷ് അക്കാര്യത്തിൽ വിട്ടു വീഴ്ച കാണിക്കാറില്ലായിരുന്നു. മാഷിന്റെ പിര്യേഡിൽ, മാഷ് ക്ലാസ്സിലേക്ക് വരുന്നതിനു മുമ്പേ തന്നെ മേശപ്പുറത്ത് പകർപ്പ് അട്ടിയിട്ട് വയ്ക്കണമായിരുന്നു. എന്നാൽ തീണ്ടൽ ജാതിക്കാരായ ഞങ്ങളുടെ പകർപ്പ് മാഷ് ഒരിക്കലും തൊടാറു പോലുമില്ലായിരുന്നു. എല്ലാവരും പകർപ്പ് വച്ചിട്ടുണ്ടോ എന്നും തലേന്ന് പറഞ്ഞിരുന്ന ഭാഗം തന്നെ ആണോ എഴുതിക്കൊണ്ട് വന്നതെന്ന് അന്വേഷിച്ചതിന് ശേഷമേ മാഷ് പാഠഭാഗത്തിലേക്ക് കടക്കുമായിരുന്നുള്ളു. അതിനു ശേഷം ക്ലാസ്സ് ലീഡറിനെക്കൊണ്ട് എല്ലാവരുടേയും പകർപ്പുകൾ ശരിയിട്ട് വയ്ക്കാൻ പറയും. ക്ലാസ്സിലെ വിരുതന്മാരായ ചിലർ ക്ലാസ്സ് ലീഡറിനെ സ്വാധീനിച്ച് ജൂൺ മാസത്തിൽ എഴുതിയ പകർപ്പിൽ ശരി ഇടുവിക്കാതെ മാർച്ച് മാസം വരെ അതേ പേജ് കാണിക്കുമായിരുന്നു. ഉപകാരസ്മരണയ്ക്ക് രഹസ്യമായി ഇടയ്ക്കിടെ ഓരോ മിഠായി കിട്ടുന്നത് ലീഡറും വലിയ കാര്യമായി കണ്ടു. അടുപ്പക്കാർക്ക് മിഠായി ഇല്ലാതെയും ലീഡർ സാമൂഹ്യസേവനം നടത്തിയിരുന്നു.

1987 ജൂൺ മാസാവസാനം മാഷ് ക്ലാസ്സിലേക്ക് വന്നപ്പോൾ, ഒരു പാഠഭാഗം പറയുകയും അത് പകർപ്പ് എഴുതാതെ വേറെ എന്തെങ്കിലും എഴുതിക്കൊണ്ട് വന്നവർ എഴുന്നേറ്റ് നിൽക്കാൻ പറഞ്ഞപ്പോൾ, മാഷ് ഇപ്പോൾ പറഞ്ഞ ഭാഗം അല്ല എഴുതിയതെന്ന് ഞെട്ടലോടെ തിരിച്ചറിഞ്ഞ ഞാൻ അറിയാതെ എഴുന്നേറ്റ് നിന്നുപോയി. വിശന്ന് വലഞ്ഞ പെരുമ്പാമ്പ് ഇരയെ വരിഞ്ഞ് മുറുക്കി കീഴ്പ്പെടുത്തുംപോലെ, അന്നേ ദിവസം ഞാൻ മാഷിന്റെ ഇരയായി തീർന്നു. മാഷിന്റെ നീളൻ നാക്കുകൊണ്ട് എന്നെ മാനസികമായി തളർത്തിക്കളഞ്ഞു. ആ പിര്യേഡ് മുഴുവൻ മാഷിന് വായിൽ തോന്നിയതെല്ലാം വിളിച്ചുപറഞ്ഞു. എന്റെ വസ്ത്രധാരണം മുതൽ എന്റെ രൂപത്തെ വരെ കളിയാക്കി കളഞ്ഞു. ആ ദിവസം മറ്റൊന്നും പഠിപ്പിക്കാതെയാണ് വാതോരാതെ ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നത്. അപമാനവും നാണക്കേടും കാരണം എന്റെ കണ്ണിൽ നിന്നും കണ്ണുനീർത്തുള്ളികൾ ധാരയായി താഴേയ്ക്ക് വീണുകൊണ്ടിരുന്നു. അന്നൊക്കെ അടി വാങ്ങുന്നത് ആർക്കും ഒരു പുത്തിരി അല്ലെങ്കിലും വടിയെടുക്കാത്ത മാഷിന്റെ നാക്കുകൊണ്ടുള്ള പ്രയോഗം ഒരു നൂറ് ചൂരൽ പ്രയോഗത്തേക്കാൾ മാരകമായിരുന്നു എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. പൊതുവെ എല്ലാ ദിവസവും ക്ലാസ്സിൽ മുടങ്ങാതെ ഹാജരാവുന്ന എനിക്ക്, മഴക്കാലമായതിനാൽ പനി പിടിച്ച് ഒരു ദിവസം വരാൻ സാധിച്ചിരുന്നില്ല. അതിനുശേഷം തൊട്ടടുത്ത ദിവസങ്ങളിൽ വിദ്യാർത്ഥിസമരം കാരണമോ മഴ കാരണമോ മറ്റോ സ്കൂളിന് അവധിയും ആയിരുന്നു. അതിനുമുമ്പ് മാഷ് പറഞ്ഞ പാഠഭാഗമാണ് ഞാൻ എഴുതിക്കൊണ്ട് വന്നത്. ഞാൻ വരാതിരുന്ന ദിവസം മാഷ് ക്ലാസ്സിൽ വന്ന് പുതിയ പാഠഭാഗം കൊടുത്തത് ഞാനറിഞ്ഞിരുന്നില്ല. മനപ്പൂർവ്വം വരുത്തിയ തെറ്റല്ലാത്തതുകൊണ്ട് അക്കാര്യം മാഷോട് പറഞ്ഞാൽ മതിയായിരുന്നു. പക്ഷെ എനിക്ക് അസുഖം വന്ന കാര്യങ്ങളൊക്കെ ആ സമയത്ത് ഞാൻ മറന്ന്പോയിരുന്നു. ഒരുപക്ഷെ മാഷിന്റെ നാക്കിനോട് കിട പിടിക്കാൻ എനിക്ക് അന്ന് ആവുമായിരുന്നില്ല. പരാക്രമങ്ങളൊക്കെ കഴിഞ്ഞ് മാഷ് ഇറങ്ങിയപ്പോൾ കഴിഞ്ഞ വർഷം മുതലേ 9ാം തരത്തിൽ വേരുറപ്പിച്ചിരുന്ന ചിലർ എന്നോട് ചാടി എഴുന്നേറ്റതിനെ വിമർശിക്കുകയുണ്ടായി. വെറുതെ ഇരുന്നാൽ മാഷിന്റെ വായിലുള്ളത് കേൾക്കണമായിരുന്നോ എന്ന് ചോദിച്ചപ്പോൾ എനിക്ക് എന്റെ സത്യസന്ധതയെ ഓർത്ത് കുണ്ഠിതപ്പെടേണ്ടി വന്നു.

നമ്പൂരിമാഷ് ഒരിക്കലും സ്റ്റാഫ് റൂമിൽ ഇരിക്കാറില്ലായിരുന്നു. അയിത്തജാതിക്കാരോടൊത്ത് ഇരിക്കാൻ അദ്ദേഹത്തിന്റെ മനസ്സ് അനുവദിക്കാത്തത് കൊണ്ടാവാം അത്. എന്നും മാഷ് കൃത്യ സമയത്ത് മാത്രമേ സ്കൂളിൽ എത്താറുണ്ടായിരുന്നുള്ളൂ. നേരത്തേ വന്നാലും വരാന്തയിലെവിടെയെങ്കിലും നിൽക്കണമല്ലോ എന്ന് വിചാരിച്ചാവണം സമയകൃത്യത പാലിച്ചിരുന്നത്. വെള്ളിയാഴ്ചകളിൽ തൊട്ടടുത്ത മാപ്പിള സ്കൂളിന് അവധിയായതിനാൽ അതിന്റെ വരാന്തകളിൽ മാഷിനെ ആ ദിവസങ്ങളിൽ കാണാമായിരുന്നു. സ്കൂളിൽ നിന്ന് തിരികെ ചെന്ന ശേഷം മാഷ് കുളിച്ചതിന് ശേഷം മാത്രമേ വീട്ടിനകത്ത് കയറാറുള്ളൂ എന്നാണ് അദ്ദേഹത്തിന്റെ വീടിനടുത്ത് നിന്ന് വരുന്ന കുട്ടികൾ പറയുന്നത്. അദ്ധ്യാപകനായതിനാൽ കുട്ടി

കളുടെ പരീക്ഷാപേപ്പർ നോക്കേണ്ട ത് ആവശ്യമാകയാൽ അതിൽ നിന്ന് അദ്ദേഹത്തിന് ഒഴിഞ്ഞുമാറാൻ സാധ്യമല്ലായിരുന്നു. ഉത്തരക്കടലാസ്സുകൾ വീട്ടുപറമ്പിലുള്ള പ്ലാവിൻ പൊത്തിലാണ് സൂക്ഷിക്കുന്നതത്രേ!! അവധിദിവസങ്ങളിലും മറ്റും ഓലക്കീറുകൾ നിരത്തിയിട്ട് അതിന്മേൽ ഇരുന്നായിരുന്നു ഉത്തരക്കടലാസ്സുകൾ നോക്കിയിരുന്നത്. അന്നൊക്കെ മനഃപ്പാഠം ചെയ്യേണ്ട ഹിന്ദി പദ്യം പരീക്ഷയ്ക്ക് ചോദിക്കാമായിരുന്നു. അതിലും ഒരു സൂത്രം കുട്ടികൾ ഒപ്പിക്കാറുണ്ടായിരുന്നു. പരീക്ഷയ്ക്ക് പദ്യം ചോദിക്കുമ്പോൾ മിക്കവാറും കുട്ടികൾ ആദ്യത്തെ ഉത്തരമായി പദ്യം മനോഹരമായി നമ്പറിട്ട് എഴുതിവയ്ക്കും. പിന്നീട് ചോദ്യ ക്രമത്തിൽ വരുമ്പോഴും അതുതന്നെ പിന്നീടും എഴുതിവയ്ക്കും. ഒരേ ഉത്തരം രണ്ട് പ്രാവശ്യം എഴുതിവയ്ക്കുന്നത്, ഓലക്കീറിൽ നിന്ന് ഉത്തരക്കടലാസ്സ് ശീഘ്രം നോക്കുന്ന അദ്ധ്യാപകന്റെ കണ്ണിൽ തടയാറില്ലായിരുന്നു. ഏതായാലും ഈ മാർക്ക് ദാനത്താൽ ചിലർക്കൊക്കെ വിജയപ്പടിയിൽ എത്താൻ സാധിച്ചിരുന്നു.

സാധാരണഗതിയിൽ ഭാഷാവിഷയം പഠിപ്പിക്കുന്ന എല്ലാ അദ്ധ്യാപകരും അവരവരുടെ പുസ്തകങ്ങൾ ക്ലാസ്സിൽ കൊണ്ടുവന്നാണ് പഠിപ്പിക്കുന്നത്. എന്നാൽ നമ്പൂരി മാഷ് പുസ്തകം വീട്ടിൽ നിന്ന് ഹൃദ്യസ്ഥമാക്കിയാണ് ക്ലാസ്സിൽ വന്നിരുന്നത്. സംശയം വരുകയാണെങ്കിൽ മാത്രം ആദ്യബഞ്ചിലെ അറ്റത്തിരിക്കുന്ന കുട്ടിയുടെ പുസ്തകത്തിലേക്ക് തലനീട്ടി നോക്കുമായിരുന്നു. നമ്പൂരിമാഷിന്റെ ഈ രീതികൾ ഇഷ്ടപ്പെടാത്ത ഒരു വികൃതിക്കുട്ടി മുൻകാലത്തെന്നോ മറ്റോ മാഷിനെ മനഃപ്പൂർവ്വം തൊട്ടെന്നും അന്ന് അദ്ദേഹത്തിനകത്തെ ജാതിക്കോമരം ഉറഞ്ഞുതുള്ളിയെന്നും, അന്നേ ദിവസം യാതൊരു ദാക്ഷണ്യവുമില്ലാതെ എന്തെങ്കിലും കാരണമുണ്ടാക്കി കുട്ടികളെ പൊതിരെ തല്ലിയിട്ടുണ്ടെന്നും മറ്റും പറഞ്ഞ് കേട്ടിട്ടുണ്ട്. മാഷിനെ അശുദ്ധമാക്കിയാൽ ഏതായാലും കുളിച്ചാലേ ശുദ്ധമാകൂ എന്നതിനാൽ അന്നേദിവസം വടി കൊണ്ടും വേണ്ടിവന്നാൽ കൈ കൊണ്ടും മാഷ് കുട്ടികളെ ശിക്ഷിക്കുമായിരുന്നുവത്രേ !! ഈ കഥ കൈമാറി കുട്ടികളുടെ ചെവിയിൽ എത്തിയതിനാൽ ആരും പിന്നീട് ഒരു സാഹസത്തിന് മുതിർന്നിട്ടില്ലെന്നാണ് അറിവ്. നമ്പൂരിമാഷിന്റെ ഇത്തരം കാര്യങ്ങളിൽ കീഴ്ജാതിക്കാരായ പ്രധാനാദ്ധ്യാപകരുൾപ്പെടെയുള്ളവരൊന്നും ഇടപെടാത്തതുകൊണ്ട് കുട്ടികൾക്ക് നമ്പൂരി മാഷിന്റെ അടുത്തേക്ക് പോകാൻ പോലും ഭയമായിരുന്നു.

പത്താം ക്ലാസ്സോടുകൂടി ഹിന്ദി എന്ന വിഷയത്തോട് വിട പറഞ്ഞെങ്കിലും ജീവിത സാഹചര്യവുമായി ബന്ധപ്പെട്ട് വടക്കെ ഇന്ത്യക്കാരായ ഹിന്ദി മാത്രം അറിയാവുന്ന ആളുകളോട് എന്തെങ്കിലും പറയണമെങ്കിൽ നമ്പൂരിമാഷ് പഠിപ്പിച്ച കാര്യങ്ങളാണ് ഇന്നും തുണ. 8ാം ക്ലാസ്സിൽ ഹിന്ദി പഠിപ്പിച്ച കർത്താവ് മാഷിന്റെ 'എല്ലാം പഠിച്ചിങ്ങ് പോരണം, കേട്ടുവോ' – എന്ന പതിവ് പല്ലവി 30 വർഷം കഴിഞ്ഞിട്ടും കാതിൽ മുഴങ്ങുന്നു.

ഹിന്ദിയിലെ പ്രാഥമിക പാഠങ്ങൾ പഠിപ്പിച്ച് തന്ന (അഞ്ചാം തരം മുതൽ ഏഴാം തരം വരെ) പരേതനായ പവിത്രൻ മാഷിനേയും നന്ദിയോടെ സ്മരിക്കുന്നു. വില്ല്യാപ്പള്ളി എം. ജെ. ഹൈസ്കൂളിലായിരുന്നു പത്താം തരം പഠിച്ചിരുന്നത്. NCC ഓഫീസർ കൂടിയായിരുന്ന വിജയൻ മാഷായിരുന്നു അവിടെ ഹിന്ദി പഠിപ്പിച്ചിരുന്നത്. അഗ്രഗണ്യന്മാരായിരുന്ന ഗുരുഭൂതങ്ങളുടെ അറിവുകൾ വേണ്ടവിധം ചൂഷണം ചെയ്യാൻ സാധിച്ചില്ല എന്നതിൽ ഇപ്പോഴും വിഷമം ഉണ്ട്. പ്രായോഗികമല്ലെങ്കിലും ഒരിക്കൽ കൂടി ഇവരുടെ ക്ലാസ്സിലിരുന്ന് കുറച്ചുകൂടി രാഷ്ട്രഭാഷ പഠിച്ചെടുക്കണമെന്ന് വെറുതെ മോഹിച്ച് പോകുന്നു !! ●

**ഒരിടത്ത് ഒരു മരക്കുറ്റി നിൽപ്പുണ്ടായിരുന്നു. ഇരുട്ടത്ത് ഒരു കള്ളൻ ആ വഴി വന്നു. 'അതൊരു പോലീസുകാരൻ തന്നെ.' അയാൾ പറഞ്ഞു. പിന്നെയൊരു യുവാവ് തന്റെ പ്രിയതമയെ തേടിവന്നു. 'അതെന്റെ കാമുകിതന്നെ' അവൻ പറഞ്ഞു. പ്രേതകഥകൾ കേട്ടുവളർന്നൊരു കുട്ടിയും ആ വഴി വന്നു. 'അയ്യോ പ്രേതം' കുട്ടി പറഞ്ഞു. പക്ഷെ അപ്പോഴെല്ലാം അത് മരക്കുറ്റി മാത്രമായിരുന്നു. നാം എന്താണോ, അപ്രകാരം നാം ലോകത്തെ കാണുന്നു.**

***-സ്വാമി വിവേകാനന്ദൻ-***

# കവിത

## ഏകാത്മകം

**എം. അൽഖാഫ്**
**7736685246**


തമ്പുരാക്കളില്ലാകാലം
തമ്പ്രാക്കളില്ലാ ലോകം
ആത്മാക്കളെല്ലാമേയൊന്ന്
ഏകാത്മകം !

ദളിതവിലാപമില്ലാതെ
പീഢിതർ രക്തം ചിന്താതെ
കടന്നുപോവുന്നുണ്ടോ ദിനങ്ങൾ ?

അടിമയെപ്പോൽ
പണിയെടുത്താൽ
കൂലിയായ് രോഗങ്ങൾ
ഭാര്യതൻ ശവമടക്കിനു
ശൈഖിന്റെ കാരുണ്യം !
ഏകാത്മകം
പറയാനെന്തെളുപ്പം !
ജീവിച്ചിരിക്കേ
വിശുദ്ധി വാഴ്ത്ത്
ചത്താൽ പശുവെ
നീക്കാനറപ്പ്
തോൽപൊളിച്ചാലോ
പൊളിവാക്കുറഞ്ഞ്
ദളിതനു മർദ്ദനം
ഏകാത്മകം
പറയാനെന്തെളുപ്പം !
ജനനേതാവിന്
സ്നേഹ വരവേൽപ്പ്
ഒരു റോസാപ്പൂ നീട്ടി സ്വീകരിക്കാം
എങ്കിലുമമ്പതിനായിരത്തിന്റെ
ഏഴടി പുഷ്പഹാരം !
ഏകാത്മകം
പറയാനെന്തെളുപ്പം !
സ്വർണ്ണപ്പേരുചാർത്തി കോട്ടുകൾ
വില കൂടിയ സൂട്ടുകൾ
വിമാനയാത്രകൾ തുടരെതുടരെ
അധികാരഗോവണിയിൽ
എന്തെല്ലാം മന്ത്രങ്ങൾ
ഏകാത്മകം
ഏകാത്മകം...! ●

**ഏക തത്ത്വ വരിക്കാരാവുക**
**ഒറ്റ പ്രതി – 15 രൂപ**
**ഒരു വർഷത്തേക്ക് – 170 രൂപ**
**രണ്ടു വർഷത്തേക്ക് – 330 രൂപ**
**മൂന്നു വർഷത്തേക്ക് – 500 രൂപ**
**മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.**

# ആരോഗ്യം



ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

# ഇംപെറ്റിഗോ (Impetigo)

**ഇ**ത് പകരുവാൻ സാധ്യതയുള്ള ഒരു ചർമ്മരോഗമാണ്. കുട്ടികളിലാണ് അധികവും കാണപ്പെടാറുള്ളതെങ്കിലും പ്രായമായവരിലും കണ്ടുവരുന്നുണ്ട്. ചെറിയ പനിയുടെ ലക്ഷണത്തോടെയാണ് രോഗാരംഭം. അതിന്നുശേഷം രണ്ടോ മൂന്നോ ദിവസങ്ങൾക്കകം ഒന്നോ ഒന്നിലധികം കുമിളകളോ പ്രത്യക്ഷപ്പെടുന്നതായിരിക്കും. അതുക്രമേണ വലുതാവുകയും പിന്നീട് ചുരുങ്ങി ഇളം മഞ്ഞ നിറത്തിലുള്ള പൊറ്റങ്ങളായി കാണപ്പെടുന്നു. ഇങ്ങിനെയുള്ള അവസ്ഥ മാസങ്ങളോളം നീണ്ടുനിൽക്കുന്നതായിരിക്കും. ഈ അസുഖം ഒരാൾക്ക് പിടിപെട്ടാൽ കുടുംബത്തിലെ മറ്റു അംഗങ്ങൾക്കും പകരുവാൻ സാധ്യതയുണ്ട്. ഈ കുമിളകൾ അധികപക്ഷവും പ്രത്യക്ഷപ്പെടാറുള്ളത് മുഖത്തും തലയുടെ മദ്ധ്യഭാഗത്തും പിൻവശത്തും ആയിരിക്കും. ചിലപ്പോൾ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിക്കാനിടയുണ്ട്. കുരുക്കളെല്ലാം ഒറ്റപ്പെട്ട തരത്തിലായിരിക്കും കാണപ്പെടുക. ഈ കുരുക്കളെല്ലാം രൂപാന്തരപ്പെട്ട് പൊറ്റങ്ങളായി വിഭജിച്ച പയറു മണിയുടെ ആകൃതിയിൽ ആയിത്തീരുന്നതാണ്. ഇത് ഒരു സ്ഥലത്തുനിന്ന് വേറൊരു സ്ഥലത്തിലേക്ക് വ്യാപിക്കുന്നതാണ്. ചൊറിയുന്നത് നിമിത്തം പുറത്തുവരുന്ന വെള്ളം പടർന്ന് എക്സിമയുടെ രൂപത്തിൽ മാറുന്നതായിരിക്കും. ഈ രോഗം ക്രമേണ എക്സിമ, വട്ടച്ചൊറി (Scabies) എന്നിവയായി രൂപാന്തരപ്പെടുവാൻ സാധ്യതയുണ്ട്. തുടർച്ചയായ ചികിത്സ എടുക്കേണ്ടിവരും.

## ഫംഗസ്സ് (Fungus)

ലോകത്ത് ഫംഗസ്സ് എന്ന പരോപ ജീവികൾ (Parasites) സുമാർ 1.5 ദശലക്ഷം ഉണ്ടെന്നാണ് അറിയുന്നത്. ഇതിൽ മുന്നൂറോളം ജീവികളാണ് ഹാനികരമായിട്ടുള്ളത്. ഈ ജീവികളുടെ ഉറവിടം മണ്ണ്, വെള്ളം, ചെടികൾ, മരങ്ങൾ ഇവയിലാണ്. കൂടാതെ ചില പക്ഷികൾ, ചില വളർത്തു മൃഗങ്ങൾ ഇവകളിലും കാണപ്പെടാറുണ്ട്. ഇവകളുടെ സമ്പർക്കം മൂലം ഈ ഫംഗസ്സ് ശരീരത്തെ പിടികൂടുന്നു. മനുഷ്യശരീരത്തിലെ വായ, തൊണ്ട, ഗുഹ്യ ഭാഗങ്ങൾ, മാറിടം ഇവയെല്ലാം ഫംഗസ്സിന്റെ ആക്രമണത്തിന്ന് ഇരയാകുന്നു. ഇത്തരത്തിലുള്ള ഫംഗസ്സ് രോഗത്തിനെ ടീനിയ (Tinea) എന്നു പറയപ്പെടുന്നു. ടീനിയ ശരീരത്തിലെ ഓരോ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിന്ന് ഓരോ പ്രത്യേക പേരിലറിയപ്പെടുന്നു. സാധാരണ കണ്ടുവരാറുള്ളത് കക്ഷത്തിൽ, തുടയിടുക്കുകൾ, മാറിടത്തിന്റെ വിടവുകൾ ഇവകളിൽ കാണുന്ന കറുത്ത പാടുകൾ, ചൊറിച്ചിലോടുകൂടിയോ അല്ലാതെയോ ആണ് കാണപ്പെടാറുള്ളത്. വരമ്പുകളോടുകൂടിയ വൃത്താകാരത്തിലുള്ള ഇളം ചുവപ്പുനിറത്തോടുകൂടിയ പാടുകൾ (Ringworm) ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നത് വേറൊരു തരത്തിലുള്ളതാണ്. ഇവയ്ക്ക് നല്ല ചൊറിച്ചിലുകളും ഉണ്ടായിരിക്കുന്നതാണ്. ശരീരത്തിലെ പ്രതിരോധ ശക്തികൾ കുറയുന്നതു മൂലമാണ് ഈ രോഗം പിടിപെടുന്നത്. വിയർപ്പുകൾ കെട്ടിനിൽക്കുന്ന ഭാഗങ്ങളിൽ രോഗാക്രമണത്തിന്ന് ശക്തിയേറുന്നു. അതുകൊണ്ട് ശുചിയാക്കിവെക്കുന്നത് രോഗത്തെ പ്രതിരോധിക്കാൻ സാധിക്കും. രോഗ വിമുക്തരാകണമെങ്കിൽ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുക എന്നതാണ് പ്രാഥമികവും ഉത്തമവുമായ മാർഗ്ഗം. അതിനുള്ള മരുന്നുകൾ തുടർച്ചയായി കഴിച്ചുകൊണ്ടിരിക്കണം. ലേപനമാർഗ്ഗം ശാശ്വതമായ പരിഹാരമാർഗ്ഗമല്ല. എല്ലാവിധ ചികിത്സാ സംവിധാനങ്ങളിലും ഫലപ്രദമായ മരുന്നുകൾ ലഭ്യമാണ്.

## കവിത



# എന്റെ ഭാഷ

പ്രസാദ് വാസുദേവൻ, ഷാർജ്ജ
00971529979496

വൈദ്യുത ഗമ ആഗമന നിയന്ത്രണ-
യന്ത്രത്തിലൊരു പാളിച്ചയുണ്ടെന്നു
ചൊല്ലി സംഭാഷണമാരംഭിച്ച പുഃന
രുദ്ധാരകനെന്റെ അച്ഛനോട് പറഞ്ഞു.
“കാലപ്പഴക്കം മൂലമൊരു കാലണവട്ടം
ചിതലരിച്ചു ദ്രവിച്ച ഈറൻ മരയന്ത്രം
പ്രവർത്തന ക്ഷമതമാക്കാനൊരു
പത്തിരുപത് വിനിമയ മൂല്യം
ചിലവു വരും യജമാൻ”
സംഭാഷണമൊരു സുരസാഗര-
മായ് കരയടിയും എന്നു നിനച്ച
മടയൻ പയ്യനെനിക്കു മുന്നിൽ
ക്ഷുരതം ചെയ്തു, മുഖം മിനുക്കി
കാലുറകയറ്റി കണ്ണടയണിഞ്ഞ
വെള്ളക്കാരൻ അനുവർത്തിയാം
എന്നച്ഛൻ മറുവുര ചെയ്തു.
“ദെൻ, ചേഞ്ച് ദ സ്വിച്ച് ” !
ആങ്കില ഭാഷയ്ക്ക് മുന്നിലെന്നുടെ
മാതൃഭാഷയുടെ വലിപ്പത്തെയോർത്തു
“തിളച്ചൂ, ചോര ഞരമ്പുകളിൽ”!

## കവിത

# നന്മയാകാം

ഗംഗാധരപണിക്കർ
9447341956

നിയമങ്ങളാലേ നിറഞ്ഞുനിന്നൊരു
വസ്തുക്കളെങ്ങോ മറഞ്ഞുപോയി,
സ്വാതന്ത്ര്യത്തോടു
പഠിച്ചോരുവിദ്യകൾ
ഭൂമിയെ ലഹരിയായ് കാർന്നുതിന്നു.
ഇഷ്ടത്തിൽ വിട്ടോരു പൊൻവാത്തു
കേവലം
പൊന്നും പോയ്
ദുർഗ്ഗന്ധവസ്തുവായി,
ശുദ്ധനായ് കെട്ടിയ പെണ്ണും
വടിയായി
ഏഴുതലമുറ മാറാപ്പായി
നല്ലതു ചിന്തിച്ചു
ചെയ്തവയൊക്കെയും
തന്നുടെ നരകത്തിൻ വഴിയുമായ്,
ബുദ്ധിയെന്തിന്നു വെറുതെയീ
ലോകത്തിൽ
സാഗരമദ്ധ്യേ പതിക്കുവാനോ,
നേരേവരുവാനായ് ഉടമയെ ഏല്പിച്ച
താണെങ്കിൽ ഈ ഗതി വരികയില്ല,
ഇനിയൊന്നും ചൊല്ലീട്ടു കാര്യമില്ലെ
ആർക്കെങ്കിലുമിതു നന്മയാകാം.



ഡോ. (മേജർ) നളിനി ജനാർദ്ദനൻ
09372001678, 09923911865

# കാൻസർ പകരുമോ ?

**കാ**ൻസർ രോഗികളുടെ ബന്ധുക്കൾക്കും കൂട്ടുകാർക്കുമെല്ലാം സ്വാഭാവികമായി തോന്നാനിടയുള്ള ഒരു സംശയമാണ് കാൻസർ പകരുമോ എന്നത്. കാൻസർ ഒരിക്കലുമൊരു പകർച്ചവ്യാധിയല്ല. കാൻസർ രോഗിയുമായി അടുത്തിടപഴകുക, തൊടുക, ചുംബിക്കുക, ഭക്ഷണം പങ്കിടുക, ലൈംഗിക ബന്ധം നടത്തുക തുടങ്ങിയവ കൊണ്ടൊന്നും കാൻസർ പകരുകയില്ല. ഗർഭിണികളിൽനിന്ന് ഗർഭസ്ഥശിശുവിലേക്ക് നേരിട്ട് പകരുവാനുള്ള സാധ്യതയും കുറവാണ്. പക്ഷേ ചിലതരം ചർമ്മാർബുദങ്ങൾ (ഉദാ: മെലനോമ) അപൂർവ്വമായി മറുപിള്ള വഴി ഗർഭസ്ഥ ശിശുവിലേക്ക് പകർന്നേക്കാം.

ഒരാളുടെ ശരീരത്തിലെ അർബുദകോശങ്ങൾക്ക് മറ്റൊരാളുടെ ശരീരത്തിൽ വളരാൻ കഴിയാറില്ല. ആരോഗ്യമുള്ള ഒരാളുടെ രോഗപ്രതിരോധവ്യവസ്ഥ പുറത്തുനിന്നുള്ള കോശങ്ങളെ കണ്ടുപിടിച്ചുനശിപ്പിക്കാറുണ്ട്. എന്നാൽ അവയവദാനത്തിനുശേഷം അവയവകോശങ്ങളെ, അവ സ്വീകരിച്ച ആളുടെ ശരീരം പുറന്തള്ളാതിരിക്കാനായി നല്കുന്ന മരുന്നുകളുടെ കാരണത്താൽ രോഗപ്രതിരോധവ്യവസ്ഥയുടെ പ്രവർത്തനം അടിച്ചമർത്തപ്പെടുന്നു. അപ്പോൾ കാൻസറിനെ പ്രതിരോധിക്കാൻ കഴിയാത്തതുകൊണ്ട് ഇത്തരം സന്ദർഭങ്ങളിൽ അവയവം സ്വീകരിച്ചയാൾക്ക് കാൻസർ ഉണ്ടാവാൻ സാധ്യതയുണ്ട് (അവയവം കൊടുത്തയാൾക്ക് കാൻസറില്ലെങ്കിലും). ഇതേ കാരണത്താൽ അവയവദാനം ചെയ്തയാൾക്ക് കാൻസറുണ്ടെങ്കിൽ വളരെ അപൂർവ്വമായി അവയവം സ്വീകരിച്ചയാൾക്ക് കാൻസർ ഉണ്ടായേക്കാം.

അടുത്തിടപഴകുമ്പോൾ പകരാനിടയുള്ള രോഗാണുക്കളിൽ ചിലത് കാൻസറുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ വൈറസ്സുകളും ബാക്ടീരിയകളും പരജീവികളും (പാരസൈറ്റ്) പെടുന്നു.

**വൈറസ്സുകൾ**

ചില വൈറസ്സുകൾ ബാധിച്ച രോഗികളിൽ കാൻസർ ഉണ്ടാവുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി

**1) Human Papilloma Virus (HPV)**

ഈ വൈറസ്സ് ഗർഭാശയഗളാർബ്ബുദത്തിനും യോനി, യോനിക്ക് പുറത്തുള്ള ഭാഗം, ലിംഗം, മലദ്വാരം എന്നിവിടങ്ങളിൽ അർബുദത്തിനും കാരണമാവാറുണ്ട്. അതിനുപുറമെ തല, കഴുത്ത്, തൊണ്ട, വായ എന്നീ ഭാഗങ്ങളിലുണ്ടാവുന്ന ചിലതരം കാൻസറിനും ഈ വൈറസ്സ് കാരണമാവാറുണ്ട്. അതോടൊപ്പം പുകവലിയും മദ്യപാനവുമുണ്ടെങ്കിൽ കാൻസറിനുള്ള സാധ്യത കൂടും.

**2) Epstein Barr Virus (EBV)**

ഈ വൈറസ്സ് മൂക്കിലും തൊണ്ടയിലുമുണ്ടാകുന്ന കാൻസറിനും (Nasopharyngeal cancer), പലതരം ലിംഫോമകൾക്കും (ഉദാ: Hodgkin lymphoma, Burkitt lymphoma, ആമാശയത്തിൽ ലിംഫോമ) കാരണമായേക്കാം.

**3) Hepatitis B Virus (HBV), Hepatitis C Virus (HCV)**

ഇവ ദീർഘകാലം നീണ്ടുനില്ക്കുന്ന കരൾപഴുപ്പിനും തുടർന്നു കരളിൽ അർബുദത്തിനും കാരണമായേക്കാം.

**4) Human Tlymphotropic Virus 1 (HTLV-1)**

എന്ന വൈറസ്സിന് ചിലതരം Lymphocytic leukemia, Non Hodgkin Lymphoma (NHL) എന്നീ കാൻസറുകളുമായി ബന്ധമുള്ളതായി കണ്ടിട്ടുണ്ട്.

**5) Human Herpes Virus type 8 (HHV-8) അഥവാ Kaposi Sarcoma Herpes Virus (KSHV)**

ഈ വൈറസ്സ് Kaposi Sarcoma എന്നു പേരുള്ള ഒരുതരം കാൻസറുമായി ബന്ധപ്പെട്ടിരിക്കുന്നു. HIV വൈറസ്സ് ബാധിച്ചതിനാൽ രോഗപ്രതിരോധവ്യവസ്ഥയുടെ പ്രവർത്തനം കുറയുന്ന AIDS രോഗികളിൽ ഇത്തരം കാൻസറും ഗർഭാശയ ഗളാർബ്ബുദവും കാണാറുണ്ട്.

ഇത്തരം വൈറസ്സുകൾ മനുഷ്യരിൽ നിന്നു മനുഷ്യരിലേക്ക് രക്തം വഴിയും ലൈംഗികബന്ധം വഴിയും പകരാം. വെറും വൈറസ്സ് അണുബാധ കാൻസർ ഉണ്ടാക്കാറില്ല. രോഗപ്രതിരോധവ്യവസ്ഥയുടെ പ്രവർത്തനം കുറഞ്ഞ് പ്രതിരോധശക്തി കുറയുക, മദ്യപാനം, മറ്റ് അണുബാധകൾ, മറ്റു രോഗങ്ങൾ എന്നിവയും കൂടിയുണ്ടെങ്കിൽ കാൻസർ ഉണ്ടാവാൻ സാധ്യത കൂടുന്നു.

**ബാക്ടീരിയകൾ**

Helicobacter pylori എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന ദീർഘകാല അണുബാധ കൊണ്ട് ആമാശയത്തിനുള്ളിലെ ആവരണം നശിക്കുമ്പോൾ ആമാശയാർബ്ബുദം ഉണ്ടാവാനുള്ള സാധ്യത കൂടുന്നു.

പരജീവികൾ (Parasites)

ചില പരജീവികൾ അർബ്ബുദസാധ്യത വർദ്ധിപ്പിക്കാറുണ്ട്. ഉദാ : ശരിയായി വേവിക്കാതെയോ പച്ചയായോ മത്സ്യം കഴിക്കുമ്പോൾ പകർന്നുകിട്ടുന്ന ഒരുതരം പരന്നവിരയായ clonorchis sinensis പിത്തനാളികളിൽ കാൻസർ ഉണ്ടാവാനിടയാക്കാം. വെള്ളത്തിലൂടെ പകരുന്ന വിരയായ Schistosoma haematobium മൂത്രാശയാർബ്ബുദം ഉണ്ടാക്കാൻ സാധ്യതയുണ്ട്.

ചില കുടുംബങ്ങളിൽ കാൻസർ കൂടുതലായി കാണാൻ കാരണം കാൻസർ പകരുന്നത് കൊണ്ട

ല്ല. ഇതിന്റെ കാരണങ്ങൾ പലതാവാം.

- കുടുംബാംഗങ്ങൾക്ക് ഒരേതരം ജീനുകൾ പാരമ്പര്യമായി കിട്ടുക.

- കുടുംബാംഗങ്ങൾക്ക് എല്ലാവർക്കും ഒരേതരത്തിൽപ്പെട്ട കാൻസറുണ്ടാക്കുന്ന വസ്തുക്കളുമായി ഇടപഴകേണ്ടിവരിക.

- കുടുംബാംഗങ്ങൾ ഒരേതരം അനാരോഗ്യകരമായ ജീവിതരീതി പിന്തുടരുക (ഉദാ : മദ്യപാനം, പുകവലി, തെറ്റായ ഭക്ഷണരീതി)

അതായത് കാൻസർ പകരുന്ന രോഗമല്ല. അതുകൊണ്ട് കാൻസർ രോഗികളുമായി ഇടപഴകുന്നതിൽ പേടിക്കേണ്ട കാര്യവുമില്ല. നിങ്ങളുടെ കുടുംബാംഗങ്ങൾക്കോ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ കാൻസറുണ്ടെങ്കിൽ അവരെ ഒരിക്കലും ഒറ്റപ്പെടുത്താതിരിക്കുക. അവർക്ക് നിങ്ങളുടെ സാമീപ്യം ആശ്വാസവും മാനസിക പിന്തുണയും നല്കാൻ സഹായിക്കും എന്നു മറക്കാതിരിക്കുക. •


## സൃഷ്ടികൾ ക്ഷണിക്കുന്നു

**ഏക തത്ത്വ പബ്ലിക്കേഷൻ**

പുറത്തിറക്കാൻ ഉദ്ദേശിക്കുന്ന

**കഥാ സമാഹാരം, കവിതാ സമാഹാരം**

എന്നിവയിലേയ്ക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.

**താത്പര്യമുള്ളവർ നിങ്ങളുടെ മികവുറ്റ കൃതികൾ ഞങ്ങൾക്കയച്ചുതരിക.**


കൃതികളുടെ മൂല്യനിർണ്ണയം നടത്തിയ ശേഷം മാത്രമേ സമാഹാരത്തിലേയ്ക്ക് തിരഞ്ഞെടുക്കുകയുള്ളൂ. തിരഞ്ഞെടുക്കപ്പെട്ട കൃതികൾ ചില നിബന്ധനകൾക്ക് വിധേയമായി മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക

എഡിറ്റർ, ഏക തത്ത്വ മാസിക
മൊബൈൽ - 9446443321


ഭാസ്കരൻ കേരളശ്ശേരിയുടെ

# ഇത്തിരി പ്രണയവും ഏറെ നർമ്മവും

ചെറുകഥാസമാഹാരത്തെ കുറിച്ച്




കെ. പി. രാധാകൃഷ്ണൻ
തിരുവനന്തപുരം
9249714992


നഷ്ടബോധത്തിന്റെയും വിഷാദാത്മക ഗൃഹാതുരത്വത്തിന്റെയും നേർത്ത ശീലുകൾ അനുവാചക ഹൃദയങ്ങളെ തരളിതമാക്കുന്ന പ്രണയ കഥകളുടെയും, ചുറ്റുപാടുകളിൽ കണ്ടെത്തിയ നർമ്മ മുഹൂർത്തങ്ങളെ ഹാസ്യപരിണാമപ്രക്രിയയിലൂടെ രസികത്വത്തിന്റെ ഭാഷയിൽ വികസിപ്പിച്ചെടുത്ത കഥകളുടെയും സമാഹാരമായ, ബാങ്ക് ഓഫ് ബറോഡയിൽ നിന്ന് വിരമിച്ച സീനിയർ മാനേജർ ശ്രീ. എം. പി. ഭാസ്കരൻ (ഭാസ്കരൻ കേരളശ്ശേരി) രചിച്ച 'ഇത്തിരി പ്രണയവും ഏറെ നർമ്മവും' നൽകുന്നത് വ്യത്യസ്തമായ ഒരു വായനാനുഭവം.

'ചൊല്ലുള്ളതിൽ കവിഞ്ഞുള്ളതെല്ലാമതിശയോക്തിയാം' (ഭാഷാഭൂഷണം) എന്ന തിരിച്ചറിവോടെ, വാക്കുകൾകൊണ്ട് കരിമരുന്നു പ്രയോഗം നടത്തി പ്രകമ്പനം കൊള്ളിക്കാതെ, മിതത്വത്തിന്റെ ഭാഷയിൽ മെനഞ്ഞെടുത്ത കഥകൾ.

കഥാസൃഷ്ടികളുടെ തട്ടകങ്ങളായ കേരളശ്ശേരിയിലും, ഗവൺമെന്റ് വിക്ടോറിയ കോളേജിലുമായി തങ്ങളുടെ കർമ്മ കാണ്ഡങ്ങളിൽ വ്യാപൃതരായിരിക്കുന്ന കഥാപാത്രങ്ങളുടെ, ത്രസിപ്പിക്കുന്ന കാമനകളും, താരുണ്യത്തിന്റെ ചമത്കാര ഭാവങ്ങളും, ഒറ്റപ്പെടലുകളും നൊമ്പരങ്ങളും കൂടിയതാണ് ഇതിലെ 'അന്ത്യസംഗമം', 'നാലുമണിപ്പൂക്കൾ', 'ഗാന്ധാരി' എന്നീ പ്രണയ കഥകളുടെ കഥനാന്തരീക്ഷം. സൂക്ഷ്മ പ്രമേയത്തിൽ ഏറെക്കുറെ സമാനതകൾ ഉള്ള കഥകൾ. പ്രണയ കാമുകൻ - എല്ലാ കഥകളിലും - രമണനോ ഉപഗുപ്തനോ അല്ല. പ്രേമ പാരവശ്യത്തിന്റെ ഉത്തുംഗ ശൃംഗങ്ങളിൽ നിലയുറപ്പിച്ച ... 'നിന്നെ പ്രണയപരാധീനയാക്കുവാൻ എന്തെന്നില്ലാത്തൊരഭിനിവേശം' എന്നുൽഘോഷിക്കുന്ന വയലാറിന്റെ കാമുകനുമല്ല, ഏറെക്കുറെ ഭാസ്കരൻ മാഷിന്റെ 'പ്രാണസഖിയുടെ പാമരനാം പാട്ടുകാരൻ !'

ഇതിവൃത്തത്തിന്റെ മേന്മയല്ല, മറിച്ച് സ്രഷ്ടാവിന്റെ ആത്മാവിൽ നിന്നുള്ള വിലാപം തീർക്കുന്ന ചില അമൂർത്ത നിമിഷങ്ങൾ, വിങ്ങിപ്പൊട്ടലുകൾ, ഇവയാണ് ഇതിലെ പ്രണയകഥകളെ ഹൃദ്യമാക്കുന്നത്. സർഗ്ഗ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ കഥാകാരൻ അനുഭവിച്ച നൊമ്പരം കഥാപാത്രങ്ങളിലൂടെ വായനക്കാർ തിരിച്ചറിയുന്നു. അവ കഥകളുടെ മൂല്യതലങ്ങൾക്ക് ആധികാരികത കൈവരുത്തുന്നു.

മാധവൻ, രവി, മോഹനൻ, നന്ദിനി, ഉമ, ജയ എന്നിവരൊക്കെയായി സ്വയം മാറുന്ന അവസ്ഥ. ഓണപ്പുടവയായി പൂർവ്വ കാമുകി നന്ദിനി സമ്മാനിച്ച ഒമ്പതുമുഴം കാരിക്കാമല്ല്, ദുരന്തചിഹ്നമാകുമ്പോഴും ('അന്ത്യസംഗമം'), 'കഴിഞ്ഞ മുപ്പത്തിമൂന്നുകൊല്ലമായി ഞാൻ എല്ലാ മാസവും ഇവിടെ വരുന്നു' ... എന്ന് ഉമ വിലപിക്കുമ്പോഴും (നാലുമണിപ്പൂക്കൾ) 'അവൾക്ക് സുഖല്യാണ്ടായിട്ട് പത്തുപതിനെട്ടുകൊല്ലായി. എന്നെയും കൂടി തിരിച്ചറിയില്ല' എന്ന് പ്രണയിനിയുടെ അമ്മ ഓർമ്മപ്പെടുത്തുമ്പോഴും (ഗാന്ധാരി) നഷ്ടപ്പെടലിന്റെ നിതാന്ത നൊമ്പരം അനുവാചക ഹൃദയങ്ങളിൽ നീറിപ്പടരുന്നു,

മിഴികൾ ഈറനണിയുന്നു.

പുസ്തകത്തിലെ ബാക്കി പന്ത്രണ്ടു കഥകളും നാടൻ രസികത്വത്തിന്റെ നേർകാഴ്ചകളാണ്. പൊതുവെ സാഹിത്യസൃഷ്ടികളിലെ ഹാസ്യാത്മകത ആസ്വാദ്യകരമാക്കുന്ന സന്ദർഭങ്ങൾ വിരളം. ചെമ്മനം ചാക്കോയുടെ കവിതാശകലങ്ങളും പി. ജി. വുഡ്ഹൗസിന്റെ കൃതികളും വായനക്കാർക്ക് ഹാസ്യത്തിന്റെ നിത്യനിർമ്മല മുഗ്ധമധുരിമ പകരുന്നവയാണ്. ഭാസ്കരൻ കേരളശ്ശേരിയുടെ ഹാസ്യകഥകൾ ഓർമ്മിപ്പിക്കുന്നത് അത്തരത്തിലുള്ള തെളിമയാർന്ന നർമ്മത്തിന്റെ വൈവിദ്ധ്യഭാവങ്ങൾതന്നെ.

നറും നർമ്മത്തിന്റെ നുറുങ്ങുകൾ കോർത്തിണക്കിയ ഈ കഥകളിലെ വാൾത്തലപ്പിൽ പൊതിഞ്ഞുവെച്ച ട്വിസ്റ്റ് ഉണർത്തുന്ന ചെറുചിരി ഏറെക്കാലം മനസ്സിൽ തങ്ങിനിൽക്കുമെന്ന് പുസ്തകത്തിന്റെ വാങ്മുഖത്തിൽ ഉണ്ണികൃഷ്ണൻ തിരുവാഴിയോട് സാക്ഷ്യപ്പെടുത്തുന്നു.

നിയമവിലക്കുകളെ ചോദ്യം ചെയ്യുകയെന്ന മലയാളി മനസ്സിന്റെ ഗൂഢഭാവത്തിന് വിധേയപ്പെടുമ്പോൾ വളരെ അപ്രസക്തമായ ഒരു വിഷയം കഥാനായകനെ അലോസരപ്പെടുത്തുന്നു. അതുവഴി ആത്മാഭിമാനത്തിനേറ്റ ക്ഷതവും അതിന് സ്ഥലത്തെ പ്രമാണിയായ ഹാജിയാരുടെ പരിഹാരക്രിയയും (ഒരു കവിയരങ്ങിന്റേയും കുഞ്ഞാമുഹാജിയുടെയും ഓർമ്മക്ക്) കഥയിലെ ശുദ്ധ ഹാസ്യത്തിന് മർമ്മസ്ഥാനം തിരിച്ചറിയുന്ന നിമിഷങ്ങളാണ്.

കഥാരചനക്ക് നേരിട്ടുള്ള അനുഭവങ്ങൾ അടിസ്ഥാനവിഭവമായി ഉപയോഗപ്പെടുത്തുമ്പോൾ തീഷ്ണത കൂടുന്നത് സ്വാഭാവികമെന്നും ഇതിനെ പ്രത്യക്ഷാനുഭവങ്ങൾ എന്നുപറയാമെന്നും എം. ടി. വാസുദേവൻനായർ നിരീക്ഷിക്കുന്നു. (കാഥികന്റെ കല) കഥാകൃത്ത് തന്റെ സുദീർഘമായ ഔദ്യോഗിക കാലത്തെ പ്രത്യക്ഷാനുഭവങ്ങൾ അടിസ്ഥാനമാക്കി രചിച്ച രണ്ടു ഹാസ്യകഥകളാണ് 'പാത്തുമ്മയുടെ ആടും - കർത്താവിന്റെ കുഞ്ഞാടും', 'ഹിന്ദിവാരം' എന്നിവ - ബാങ്കുദ്യോഗസ്ഥർ വായിക്കേണ്ട കഥകൾ.

ബാങ്ക് മാനേജരായ കഥാനായകൻ ഔദ്യോഗിക മീറ്റിംഗിനു പോകുമ്പോൾ വീട്ടുകാരിയുടെ കർശന താക്കീത്. നാവിലെ വികട സരസ്വതി വിളയാടാതെ നോക്കണം ! നിലവിലുള്ള ക്ലാർക്ക് ഓഫീസർ അനുപാതം ആശങ്ക ഉളവാക്കുന്നുവെന്ന് മീറ്റിങ്ങിൽ, മേലധികാരി ഓർമ്മപ്പെടുത്തുമ്പോൾ അതു മറികടക്കാനുള്ള ഉപായം നിർദ്ദേശിക്കാൻ ഭാര്യയുടെ താക്കീത് തടസ്സമാകുന്നില്ല. വരുന്നു - എല്ലാവരേയും സൗതബ്ധരാക്കിക്കൊണ്ട് ഒരു നിർദ്ദോഷ പരിഹാരം ! ആടു വളർത്തലിനുള്ള വായ്പാ നിബന്ധനകളും ഈ വിഷയത്തിൽ കഥാനായകന്റെ ആകുലതയും നർമ്മത്തിന്റെ പൊടിപൂരങ്ങൾ തീർക്കുന്ന കഥാമുഹൂർത്തങ്ങളാണ്. (പാത്തുമ്മയുടെ ആടും കർത്താവിന്റെ കുഞ്ഞാടും)

ഔദ്യോഗിക സന്ദർശനത്തിനെത്തുന്ന ബാങ്കിന്റെ ഉന്നത അധികാരിക്ക് കാഴ്ച വെക്കാൻ തയ്യാറാകുന്ന കേരളത്തിന്റെ തനതായ ഉല്പന്നങ്ങളുടെ കുറിപ്പടിയിൽ, റബ്ബർഷീറ്റിന്റെ അനിവാര്യതയെ കുറിച്ച് ആരായുമ്പോഴും രാഷ്ട്രഭാഷ പ്രചാരണത്തിൽ കൈവന്ന അംഗീകാരത്തിന്റെ രഹസ്യം, തികഞ്ഞ നിസംഗതയോടെ ബാങ്ക് മാനേജർ വെളിപെടുത്തുമ്പോഴും വായനക്കാരൻ ആസ്വദിച്ച് അറിയുന്നത് ഹാസ്യത്തിന്റെ രുചിഭേദം തന്നെ. (ഹിന്ദി വാരം)


കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ വേദികളിൽ നിറഞ്ഞുനിന്നിരുന്ന പ്രവാദവിഷയത്തെ, അസാമാന്യമായ കൈയടക്കത്തോടെ, സൂക്ഷ്മതയുടെ, ചാരുതയോടെ മെനഞ്ഞെടുത്ത് ആവിഷ്കരിച്ച കഥയാണ് 'സൂര്യപുത്രിക്ക് മാനത്തു നിന്നൊരു കുറിമാനം'.

രസച്ചരടിന്റെ ഒരറ്റം ചവിട്ടിപിടിച്ചുകൊണ്ട് വായനക്കാരെ ഭാവനയുടെ ക്രാന്തിവൃത്തത്തിലേക്ക് വിക്ഷേപിച്ച് പതിയെ താഴെ ഇറക്കി കാൽച്ചുവട്ടിലെ പ്രഭവസ്ഥാനത്തേക്ക് എത്തിച്ച് കേവല ധാരണകളെ ആസ്ഥാനത്താക്കി കഥാന്ത്യത്തിൽ വിസ്മയം ജനിപ്പിക്കുന്ന അപ്രതീക്ഷിത പിരിച്ചുറ്റ് - ഇതാണ് ഭാസ്കരൻ കേരളശ്ശേരിയുടെ രചനാശൈലിയെ വ്യത്യസ്തമാക്കുന്നത്.

എം. ടി. യുടെ ഭാഷ കടമെടുത്താർ 'പരാഗലേശങ്ങൾപോലെ ലോലമായ മാനസിക ഭാവങ്ങൾ നിമിഷത്തിന്റെ ക്യാൻവാസുകളിൽ വരച്ച വാങ്മയ ചിത്രങ്ങൾ മനോഹര കഥകളായി' മുന്നിലെത്തിയ ഹൃദ്യാനുഭവം.


**ഭാസ്കരൻ കേരളശ്ശേരിയുടെ**
**ഇത്തിരി പ്രണയവും ഏറെ നർമ്മവും**
കഥാസമാഹാരം വാങ്ങി വായിക്കുക
പേജ് - 80, വില - 85
**ഫോൺ - 0491 - 2576529, 9895164948**
പ്രസാധകർ -ജിമോട്ടിവേഷൻ, തൃശ്ശൂർ
ഫോൺ - 0487 - 2361038


# കവിത




**അജയ് ബാലചന്ദ്രൻ**
**9895659050**


# അതിജീവനം

ഉറ്റവർതൻ നെടുവീർപ്പാൽ
അന്നെൻ
ശ്വാസം നിലനിർത്തി.
അകത്തടക്കിയ കണ്ണീരന്നെൻ
ദാഹമകറ്റി
നീണ്ടുകിടക്കുന്ന നാളെതൻ
സ്മരണയിൽ
നിത്യം പശിയാറ്റി
പുറത്തുകാട്ടിയ പുഞ്ചിരിയെന്നും
പുലരിയായ് വഴികാട്ടി

ഇത്രനാൾ കണ്ണുകൾ
കാട്ടികൊടുത്തോരാ
മുഖം അതു സത്യമോ ?
ഇന്നതേ കണ്ണുകൾ
മായ്ചുകളഞ്ഞോരാ
മുഖം ഇനി സത്യമോ ?
കാഴ്ചകൾ നിത്യവും
കാണിച്ചുമായ്ക്കുന്ന
കൺകളെ എത്രനാൾ
വിശ്വസിക്കും ?
ഒന്നായിരുന്ന
നാലാത്മാക്കളെ ക്ഷണാൽ
ഇരുവഴിക്കാക്കിയതെന്തിനാവാം ?
ഉത്തരം കിട്ടാത്ത
ചോദ്യത്തിൻ വ്യർത്ഥത
വീണ്ടും പകർന്നൊരു വിരസ ദിനം.
രുചിച്ച സർവ്വത്തിലും
രുചി നിശ്ചലം
പുതുതായ് രുചിപ്പാൻ
രുചി പോരതാനും !
ഇക്കണ്ട പല്ലുകൾ അത്രയും
പോംവരെ ചവയ്ക്കൽ
ഒഴിഞ്ഞൊരുപായമുണ്ടോ ?

# കഥ

പ്രമോദ് മഞ്ചേരി
9495607393



# ദൈവങ്ങളുണ്ടാകുന്നത്

**ക**തിരേശൻ കാഴ്ചകൾ കണ്ടുകൊണ്ടാണ് കാശു സമ്പാദിക്കുന്നത്. ചെന്നൈ മരീനാബീച്ചിലേക്കുള്ള വഴിയിൽ ട്രാഫിക് തിരക്കിൽ നിന്നുമാറി നില്ക്കാനുള്ള ഒരത്താണിയായി കാൽനടക്കാർ അയാളുടെ നാലുചക്രവണ്ടിയ്ക്ക് ചുറ്റും കൂടുന്നു, ചെന്തെങ്ങിന്റേയും അല്ലാത്തതുമായ കരിക്ക് കുടിയ്ക്കാൻ. ബീച്ചിലെ പ്രകടനങ്ങൾ അയാൾക്കിഷ്ടമാണ്. സ്ഥലത്തെ പ്രധാനദിവ്യനായി വാഴ്ത്തപ്പെട്ടിരുന്ന നേതാവ് മരിച്ചത് ഈയിടെ ആയിരുന്നല്ലോ ? സംസ്കാര വേദിയുടെ ഏറ്റവും അടുത്തുള്ള പാനീയ സമാഹാരം കതിരേശന്റേതായിരുന്നതിനാൽ എല്ലാഗുണങ്ങളുടേയും ഉപഭോക്താവ് അയാളായി. പോക്കറ്റിൽ നാലു പുത്തൻ വീഴുന്ന കനമറിഞ്ഞ നാളുകൾ. ദാഹം ശമിപ്പിക്കാൻ വരുന്നവർ പറയുന്ന വാർത്തകൾ കേട്ട് ലോകവിവരങ്ങൾ അറിഞ്ഞതല്ലാതെ അയാൾക്ക് പ്രത്യേക പ്രതിപത്തിയൊന്നും ഒന്നിനോടും ഉണ്ടായിരുന്നില്ല. വർധ കൊടുങ്കാറ്റിനു മുമ്പുള്ള ഏതാനും നാളുകളായിരുന്നു അത്.

പട്ടണത്തെ കശക്കിയെറിഞ്ഞ വർധകൊടുങ്കാറ്റ് തന്നെ ആണ് കതിരേശന്റെ ജീവിതത്തിലും കാറ്റും കോളും നിറച്ചത്. അയാൾ കച്ചവടം തുടങ്ങിയത് 15 വയസ്സ് മുതലാണ്. അന്ന് അയാൾ നിന്ന സ്ഥലത്തെ പ്രമാണി മുനിയാണ്ടി ആയിരുന്നു. കാലിന്നു വളവുള്ള താടിക്കാരൻ. ചൂടുള്ള ദോശയും മറ്റു പലഹാരങ്ങളും സമർത്ഥമായി വിളമ്പി, പട്ടണത്തിലെ വിശക്കുന്ന വയറുകൾ നിറച്ച് മുനിയാണ്ടി പോക്കറ്റ് വീർപ്പിച്ചു. കടയടച്ചു കാശുമൊത്തം വാറ്റു കള്ളടിച്ചു ഭാര്യയേയും മക്കളേയും തല്ലി ചവിട്ടി അയാൾ ഒരു ക്ലീഷെ ജീവിത നാടകമാടിക്കൊണ്ടിരുന്നു. ദാരിദ്ര്യ രേഖക്കടിയിൽ ഇത്രയൊക്കെ അല്ലേ ചെയ്യാനാകൂ. ഒടുവിൽ ഒരു ദിവസം ശ്വാസകോശം നിറച്ചു പുകയും കരിയും പിടിച്ചു കരൾ കരിഞ്ഞ് വഴിയോരത്ത് ചത്തുമലച്ചു കിടന്നു പണ്ടാരമടങ്ങി. കാളവണ്ടിയിൽ ഒതുങ്ങുന്ന ജംഗമവസ്തുക്കളുമായി, ഇതിൽ കൊളൈന്തകളും പെടും, കരഞ്ഞു വിളിച്ച് ചുവന്ന ചേലയുടുത്ത പൊണ്ടാട്ടി പട്ടണം വിട്ടു. എടുത്ത് കൊണ്ടുപോകാനാകാതെ കിടന്ന മുനിയാണ്ടിയുടെ ആട്ടുകല്ല്, കാൽനടക്കാർ യൂണിവേഴ്സിറ്റി പറമ്പിൽ നിന്നും വേലിക്കിടയിലൂടെ തെരുവിലേക്കുറ്റു നോക്കുന്ന പൂക്കൾ പറിക്കാനുപയോഗിച്ചു. അലഞ്ഞുതിരിയുന്ന ആടുമാടുകൾ അതിൽ കയറി മുൻകാലുകൾമതിലിലേക്കുയർത്തി വെച്ചു. സ്വാതന്ത്ര്യത്തിന്നായി ചെടികൾ പുറത്തേക്ക് കൊതിയോടെ നീട്ടുന്ന തളിരുകളും നാമ്പുകളും ആർത്തിയോടെ ചവച്ചിറക്കിക്കൊണ്ടിരുന്നു. ഏതോ സുപ്രഭാതത്തിൽ ആ കല്ലാരോ പൊക്കിയെടുത്ത് പോയതോടെ നിരാശരായ ആടുകൾ വളരുന്ന ലതാപടലത്തെ നോക്കി കരഞ്ഞു മുദ്രാവാക്യം വിളിച്ചു. അങ്ങനെ വലിയ ഉപയോഗമൊന്നുമില്ലാതിരുന്ന ആട്ടുകല്ലിന്റെ കുഴവി മുന്നിലെ അരയാലിന്റെ ചുവട്ടിൽ വിശ്രമം കൊണ്ടു. ഏതോ ഉത്സവഘോഷയാത്രയുടെ ഭാഗമായി ആരോ അതിനെ കുങ്കുമമണിയിച്ചു. ചുകന്ന നെറ്റിയുമായി ആ കുട്ടിക്കുഴവി അരയാലിന്റെ കുഴഞ്ഞുമറിഞ്ഞ വേരുകൾക്കിടയിൽ അലസമായി, അശ്രദ്ധമായി കിടന്നു.

തിരിച്ചു കതിരേശനിലേക്ക് വരാം. വലിയ നേതാവിന്റെ ശവസംസ്കാരം കഴിഞ്ഞു പാർട്ടി പ്രവർത്തകർ ഒഴിഞ്ഞു പോയതോടെ കരിക്കു വില്പ്പന കുറഞ്ഞു. കൂനിന്മേൽ കുരുവെന്ന പോലെയാണ് കൊടുങ്കാറ്റിനെ പറ്റിയുള്ള മുന്നറിയിപ്പുകളുയർന്നത്. സ്വതേ അന്തർമുഖരായിരുന്ന നഗരവാസികൾ ഭയമെന്ന കമ്പളം മൂടി രാപ്പകൽ വീടുകൾക്കുള്ളിൽത്തന്നെ പാർപ്പുറപ്പിച്ചു.

കാറ്റടിച്ചു. രാഷ്ട്രീയ നേതാവ് മരിച്ചു മേലെ ചെന്നയുടൻ തൊന്തരവു തുടങ്ങിയെന്നു പ്രതിപക്ഷം മുറുമുറുത്തു. കലിയുഗം തന്നെയെന്നു വയസ്യർ തലകുലുക്കി. നഗരത്തിൽ നിഴലായിരുന്ന എൺപതു ശതമാനം മരങ്ങളും കശക്കിയെറിയപ്പെട്ടു. കൂടു നഷ്ടപ്പെട്ട പക്ഷികൾ ചാഞ്ഞും ചെരിഞ്ഞും നോക്കി കരഞ്ഞോർത്തു. പിന്നെ പതുക്കെ മനുഷ്യനിർമ്മിതമായ കെട്ടിടങ്ങളുടെ ഉള്ളറകളിൽ മനുഷ്യർ കാണാതെ ഇണചേർന്നു. പുതിയ തലമുറകളെ പറന്നും അടർന്നും പോകാത്ത കൂടുകളിലേക്ക് അവതരിപ്പിക്കുവാനായി, പൊട്ടുന്ന മുട്ടകളിലേക്ക് ചൂടു പകർന്നു. അവരുടെ മുന്നിൽ നഗര പുനസ്ഥാപനത്തിന്നായി മുദ്രാവാക്യം വിളിച്ചുകൊണ്ട് പണിയെടുക്കാത്ത മനുഷ്യരുടെ സംഘം കടന്നു പോയി. നഗരവഴികളിലെ ഇരുട്ടിൽ ആ പ്രകടനത്തിന്നായി കോൺട്രാക്ടർമാരിൽ നിന്നും കൂലി വാങ്ങി നേതാക്കന്മാർ മദിരാപാനം തുടങ്ങിക്കഴിഞ്ഞിരുന്നു.

നിരാശനായ കതിരേശന്റെ പക്കൽ പുതിയ ഒരു കൂട്ടം ആളുകൾ വന്നു നിന്നു. അവർ സൂക്ഷിച്ചുനോക്കിയത് പന്തലിച്ചു നിന്ന ആൽമരത്തേയും പഴയ മുനിയാണ്ടിയുടെ ആട്ടുകൽ കുഴവിയുമാണ്. അവർ കതിരേശനോട് ഒരേ സ്വരത്തിൽ കല്പ്പിച്ചു. "അണ്ണൻ... ഈ സ്ഥലം മാറിത്തരണം. കാരണം വർധ കൊടുങ്കാറ്റിൽ നിന്ന് ഈ മരം രക്ഷപ്പെട്ടത് ഇവിടെ സ്വയം ഭൂവായി കാണപ്പെടുന്ന ഈ മൂർത്തി കാരണമാണ്. വായു ഭഗവാനെ നിലയ്ക്ക് നിർത്തിയില്ലേ ? മഹാശക്തിമാൻ !!!"

വന്നയാളുകളുടെ രൂപവും ഭാവവും കതിരേശനെ നിർവീര്യനും ഭീരുവുമാക്കി കഴിഞ്ഞിരുന്നു. അയാൾക്കെന്തു ചെയ്യാനാവും ? ആരോ ഒരാൾ അയാളുടെ കയ്യിൽ നൂറു രൂപ നോട്ടുവെച്ചു കൊടുത്തു. "ഇവിടെ ഒരു കോവിൽ പണിയാനാണ് പരിപാടി. നിങ്ങളിപ്പോൾ പോവുക."


കതിരേശന്റെ കണ്ണ് നിറഞ്ഞു. അയാൾ കൈ കൂപ്പി നിന്നു. പിന്നെ തന്റെ വണ്ടി തള്ളി വേറൊരു താവളമന്വേഷിച്ച് നടന്നു. അപ്പോഴാണ് വേറൊരു കാഴ്ച അയാൾക്ക് ഗോചരമായത്. മരണമടഞ്ഞ നേതാവിന്റെ കൂറ്റൻ കട്ടൗട്ട് മാറ്റി വേറെയെന്തോ ഉയർത്തുകയാണ്. കരിക്ക് കുടിക്കാൻ വന്ന ആളുകൾ പറഞ്ഞു കതിരേശൻ കേട്ടിരുന്നത് നേതാവിന് സ്വന്തക്കാരാരും ഇല്ലാത്തതിനാൽ വീട്ടുവേലക്കാരനും മനസാക്ഷി സൂക്ഷിപ്പുകാരനുമായ കുട്ടി നേതാവാണത്രേ പുതിയ നേതാവായി ഉയർത്തപ്പെടുന്നത്. പണ്ട് താനെന്തുകൊണ്ട് ഒരു നേതാവിന്റെ വീട്ടിൽ വേലക്കാരനായി നിന്നില്ല എന്നയാൾ കണ്ഠിതപ്പെട്ടു.

ജയജയാരവങ്ങളുയരുന്നു സ്ഥാനമൊഴിഞ്ഞ നേതാവിന്റെ കട്ടൗട്ടിന്റെ സ്ഥാനത്തു വേലക്കാരന്റെ പുതിയ രൂപമുയർന്നു വരുന്നു. പിന്നിൽ ആൽമരച്ചുവട്ടിൽ മണിനാദത്തോടെ പൂജയും തുടങ്ങിക്കഴിഞ്ഞു.

കതിരേശനിരുവശത്തുമുള്ള ദൈവാവതാരങ്ങൾ ഉണർത്തിയ അത്ഭുതമായിരിക്കാം അയാളുടെ വായ് പതിവിലധികം തുറന്നിരുന്നു.

## കഥ

# സ്വർണ്ണം



ടി. കെ. ഉണ്ണികൃഷ്ണൻ
0491 – 2578098

**കേ**രളം ഒരു ഭ്രാന്താലയമാണ് എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ടത്രെ. പറഞ്ഞിട്ടുണ്ടെങ്കിൽ അത് ശരിക്കും അനുഭവിച്ചറിയാൻ ജ്വല്ലറിക്കടകളിലേക്ക് കടന്നു ചെല്ലുക. രാമൻ നായരും മകൾ ലക്ഷ്മിക്കുട്ടിയും ഭാര്യ മീനാക്ഷിയമ്മയും കടയിലേക്കുകയറി. വാച്ച്മാൻ സലൂട്ട് ചെയ്ത് വാതിൽ തുറന്നു. അകത്ത് പച്ചക്കറിച്ചന്തയിലുമധികം ആളുകൾ ആ വിശാലമായ ഹോളിൽ നിറഞ്ഞുനിൽപ്പുണ്ട്. പകലും കത്തിനിൽക്കുന്ന ലൈറ്റിന്റെ വെളിച്ചത്തിൽ ഹോളിന്റെ മൂന്നു ഭാഗത്തുമുള്ള കൗണ്ടറുകളുടെ പിന്നിൽ തുറന്ന അലമാരികളിൽ സ്വർണ്ണാഭരണങ്ങൾ തിളങ്ങുന്നുണ്ടായിരുന്നു. കടയിലെ രണ്ടുപേർ വന്ന് രാമൻനായരേയും കുടുംബത്തേയും ആദരവുപൂർവ്വം വിളിച്ച് ഹോളിന്റെ നടുവിലിട്ടിരുന്ന സോഫകളിൽ ഒന്നിൽ ഇരുത്തി. അങ്കിൾ അൽപ്പം കാത്തിരിക്കേണ്ടിവരും. കൗണ്ടറുകൾ നിറഞ്ഞിരിക്കുകയാണ് എന്ന് അതിലൊരാൾ പറയുമ്പോൾ കാപ്പിയുമായി ഒരു പെൺകുട്ടി വന്നു. കാപ്പി കുടിക്കൂ, സ്ഥലം ഒഴിവായാൽ വിളിക്കാം എന്ന് പറഞ്ഞ് അവർ പോയി.

രാമൻ നായർ ചുറ്റുമൊന്നു കണ്ണോടിച്ചു. അവരെപ്പോലെ പലരും കാത്തിരിപ്പാണ്. അയാളുടെ മനസ്സ് വീട്ടിലേക്ക് തിരിഞ്ഞു. മാങ്ങയുണ്ടാവുമ്പോൾ ഇനി അച്ചാറിന് പറിക്കേണ്ടിവരില്ല. മാങ്ങ പഴുത്തു വീഴുമ്പോൾ പെറുക്കേണ്ടിവരില്ല. ഇടിച്ചക്കയും പഴച്ചക്കയും ഇടേണ്ടിവരില്ല. എട്ടും പത്തും പടലകൾ നിറഞ്ഞ വാഴക്കുല ഇനി പഴുപ്പിക്കേണ്ടിവരില്ല. ചേനയും ചേമ്പും പറിക്കേണ്ടിവരില്ല. എല്ലാം ഇന്നലത്തോടെ അവസാനിച്ചു. വീട് ഒഴിച്ച് വിറ്റ സ്ഥലമെല്ലാം വാങ്ങിയവർ കമ്പിവേലി വളച്ചുകെട്ടി. അവർ തന്ന നോട്ടുകൾ വച്ച ബാഗ് അയാൾ ഒന്നുകൂടി മുറുക്കി പിടിച്ചു. അടുത്തയാഴ്ച മകളുടെ വിവാഹമാണ്. ചെറുക്കന്റെ വീട്ടുകാർ പറഞ്ഞത്ര സ്വർണ്ണം വാങ്ങണം.

വിളിക്കുന്നു നമുക്ക് ആഭരണങ്ങൾ നോക്കാം. ലക്ഷ്മിക്കുട്ടിയും മീനാക്ഷിയമ്മയും എഴുന്നേറ്റപ്പോൾ അയാൾ പറഞ്ഞു. നിങ്ങൾ നോക്കിയാൽ മതി. ഞാൻ ഇവിടെയിരിക്കാം. കയ്യിലുള്ള പണത്തിനനുസരിച്ച് വാങ്ങണം.

അവർ പോയപ്പോൾ അയാൾ പരിസരം ശ്രദ്ധിച്ചു. ഈ നിറഞ്ഞ തിരക്കിൽ തന്നെപ്പോലെ സ്ഥലം വിറ്റവരുണ്ടാകും, വീട് വിറ്റവരും ഉണ്ടാകും, പലിശയ്ക്ക് പണം വാങ്ങിയവരുമുണ്ടാകും, കൈക്കൂലി വാങ്ങിയും ജനങ്ങളെ കബളിപ്പിച്ചും പണമുണ്ടാക്കിയവരുമുണ്ടാകും. ഏതായാലും ഒരു കാര്യം നിശ്ചയം എല്ലാവരും സ്വർണ്ണത്തിന്റെ ഭ്രാന്തൻമാർ.

ബില്ല് അടച്ചുകഴിഞ്ഞപ്പോൾ അധികം പണമൊന്നും ശേഷിച്ചില്ല. വാങ്ങിയ ആഭരണങ്ങൾ ഒരു ബാഗിൽ വച്ച് അത് മറ്റൊരു ബാഗിലാക്കി കടയുടെ പേരുവച്ച സഞ്ചിയിലാക്കി മീനാക്ഷിയമ്മയുടെ കൈക്കു കൊടുത്തപ്പോൾ മകളുടെ കൈക്കൽ ഒരു ഗിഫ്റ്റ് പൊതിയും കിട്ടി. ഓട്ടോ പിടിച്ച് വീട്ടിലെത്തിയപ്പോൾ അമ്മയും മകളും വാതിൽ തുറന്ന് ഗിഫ്റ്റ് നോക്കാൻ ഓടി. അയാൾ കമ്പിവേലിക്കപ്പുറത്തുള്ള വൃക്ഷങ്ങളെ നോക്കി കണ്ണുതുടച്ചു.

ഊണ് കഴിഞ്ഞ് എല്ലാവരും കിടന്നപ്പോൾ ലക്ഷ്മിക്കുട്ടിക്ക് ഉറക്കം വന്നില്ല. അവളുടെ മനസ്സിൽ കാമുകൻ വിശാൽ നിറഞ്ഞുനിന്നു. ഒരു ജോലിയില്ലാത്ത കാരണത്താലാണ് അച്ഛനും അമ്മയും തന്റെ പ്രണയത്തെ തട്ടിമാറ്റി ഈ വിവാഹം നിശ്ചയിച്ചത്. അവൾ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ എന്തെല്ലാമൊക്കെയോ തീരുമാനിക്കുകയായിരുന്നു. പിന്നെ മൊബൈൽ അമർത്തി വിശാലിനെ വിളിച്ചു. എങ്ങിനെയെങ്കിലും രക്ഷപ്പെടണം. എങ്ങിനെ ? ആ ചോദ്യത്തിന് അവൾക്ക് ഉത്തരമുണ്ടായിരുന്നു. നീ ഒരു ഓട്ടോ എടുത്ത് ഗെയിറ്റിൽ വാ. ഞാൻ വരാം. പേടിക്കണ്ട. എന്റെ കൈക്കൽ വിവാഹത്തിന് വാങ്ങിയ ആഭരണങ്ങൾ ഉണ്ടാകും. നമുക്ക് എവിടെയെങ്കിലും പോയി ജീവിക്കാം.

റെയിൽവേ സ്റ്റേഷനിൽ ബാംഗ്ലൂരിലേക്ക് ടിക്കറ്റെടുക്കാൻ അവൾ ക്യൂവിൽ നിൽക്കുമ്പോൾ വിശാൽ ബാഗ് മുറുകെ പിടിച്ചുനിന്നു. ടിക്കറ്റുമായി അവൾ വന്നപ്പോൾ വിശാലിനെ കാണാനില്ല. അവൾ ചുറ്റും അന്വേഷിച്ചു. ഒരു ഭ്രാന്തിയെപ്പോലെ സ്റ്റേഷൻ മുഴുവൻ പരതി. ഒടുവിൽ തളർന്ന മനസ്സും തളർന്ന കാലുകളുമായി മടങ്ങാൻ ഒരിടമില്ലെന്ന തോന്നലോടെ സ്റ്റേഷനിൽ നിന്ന് ദൂരെ റെയിൽപാളത്തിൽ നിൽക്കുമ്പോൾ കണ്ണുനീർ ഇറ്റിറ്റു വീണു.

വിശാൽ ഓട്ടോ പിടിച്ച് ബസ് സ്റ്റാന്റിലേക്ക് ഓടുകയായിരുന്നു. സ്വർണ്ണത്തിന്റെ മുന്നിൽ ലക്ഷ്മിക്കുട്ടിയെ മറന്നിരുന്നു. എത്രയും പെട്ടെന്ന് നാടുവിടണം എന്നിട്ട് ജീവിതം ഒന്നു സുഖിക്കണം.

സ്റ്റേഷനിൽ വച്ചു തന്നെ അവരെ വീക്ഷിച്ചിരുന്ന ഒരാൾ ബൈക്കിൽ പിന്തുടരുന്ന കാര്യം വിശാൽ ശ്രദ്ധിച്ചിരുന്നില്ല. ആൾക്കാർ ഒഴിഞ്ഞ ഭാഗത്തുവെച്ച് അയാൾ ഓട്ടോ തടുത്തു. കത്തി നിവർത്തിക്കാട്ടി വിശാലിനെ ഇറക്കി. ഓട്ടോക്കാരനെ ഓടിച്ചു.

ബാഗിൽ പിടിച്ചപ്പോൾ വിശാൽ കുതറി. ഉന്തും തള്ളലിനുമിടയിൽ അയാൾ കത്തി വിശാലിന്റെ വയറ്റിൽ കയറ്റി. മരണപ്പിടച്ചിലിൽ ബാഗ് വിട്ട് വീണു. അതെടുത്ത് അയാൾ ഓടുമ്പോൾ ഒരു പോലീസ് ജീപ്പ് വരുന്നതുകണ്ടു. പരിഭ്രമത്തിൽ ബാഗ് ഇട്ട് അയാൾ ഓടി. ജീപ്പ് നിർത്തി. ഓടിപ്പോകുന്ന അക്രമിയെ പിടിക്കാനോ മരണപ്പിടച്ചിലിൽ കരയുന്ന വിശാലിനെ നോക്കാനോ പോലീസ് നിന്നില്ല. അവർ ആ ബാഗ് പരിശോധിച്ചു. അതിൽ കണ്ട സ്വർണ്ണവുമായി സ്ഥലം വിട്ടു.

പോലീസ് സ്റ്റേഷനിലെത്തി. പദവികൾക്കനുസരിച്ച് വീതിച്ചെടുത്തു. തമാശയെന്നോണം എസ്. ഐ. പറഞ്ഞു. ഈ സ്വർണ്ണഭ്രാന്ത് മനുഷ്യൻ വെടിഞ്ഞാൽ അതിന്റെ വില ചെമ്പിനെക്കാളും കുറയുമായിരുന്നു.

# കഥ

# കൊണ്ടച്ചീപ്പുരു

കെ. വിജയകുമാരൻ
**9448312631 9444540631**

**ഗ്രാ**മത്തിൽ ബസ്സിറങ്ങും മുമ്പു തന്നെ കുറച്ചകലെ വടക്കുകിഴക്കുഭാഗത്തായി ആ കുന്നും, അതിനു മുകളിലെ ചെറിയ അമ്പലവും കാണപ്പെട്ടു. അയാൾ അടുത്തിരുന്ന യാത്രക്കാരനോട് മുറിത്തെലുഗിൽ സ്ഥലം ചോദിച്ചുറപ്പുവരുത്തി. കിഴക്ക് കുന്നിൻചെരുവിൽ ഒരു ചെറിയ സംഘം സന്ദർശകർ പതുക്കെ ഇഴഞ്ഞു കയറുന്നതയാൾ കണ്ടു. പത്തുപന്ത്രണ്ടുപേർ കാണും. ഒപ്പം ഇറങ്ങിയ ആൾ കുന്നിന്മുകളിലേക്കു നയിക്കുന്ന വഴി ചൂണ്ടിക്കാട്ടി വേഗം ചെന്നാൽ ആ സംഘത്തോടൊപ്പംകൂടാമെന്നു പറഞ്ഞു. ചോദിക്കാതെ തന്നെ അയാൾ ഈ വിവരം നല്കിയത് ഗ്രാമീണരുടെ അന്യരെ സഹായിക്കാനുള്ള സന്മനസ്സാണെന്നയാൾ കരുതി.

സഹയാത്രികൻ ചൂണ്ടിക്കാട്ടിയ കുളവരമ്പിലൂടെ അയാൾ വടക്കുപടിഞ്ഞാറു ദിശയിൽ സാമാന്യം വേഗത്തിൽ നടന്നു. കുന്നിന്റെ ചുവട്ടിലെത്തിയപ്പോൾ അതിന്റെ മുകൾഭാഗം അല്പം കാണാമെന്നിരുന്നാലും താഴെ മധ്യേ കുറെ ഭാഗം കാണാൻ പാടില്ലായിരുന്നു. ചെറുപ്പത്തിൽ വല്യപ്പൂപ്പന്റെ കാല്ക്കലിരുന്നാൽ കുടവയറിനപ്പുറം തലമാത്രം കാണുന്നതുപോലെ. മുമ്പേപോയ സംഘത്തേയും കാണ്മാനില്ല. ഒറ്റയ്ക്ക് ഒരപരിചിതസ്ഥലത്ത് പെട്ടു പോകുന്നതിന്റെ ബുദ്ധിമുട്ടൊഴിവാക്കാനായി അയാൾ കുന്നിൻമുകളിലേക്ക് ഓടിക്കയറുവാൻ തുടങ്ങി.

മുകളിലേക്ക് ഓടിക്കയറി ഏതാണ്ട് പാതിദൂരം പിന്നിട്ടപ്പോൾ മുമ്പേ പോയ സംഘം ആളുകൾ ആ ചെറിയ അമ്പലത്തിനു ചുറ്റുമായി കാണപ്പെട്ടു. അപ്പോൾ ചെറിയൊരാശ്വാസം തോന്നി. കിതപ്പു മാറ്റാനായി അയാൾ അല്പം നിന്നു. താഴെ ആമ്പലും താമരയും നിറഞ്ഞ കുളവും, അതിനപ്പുറമുള്ള നെൽവയലുകളും ഒരുമിച്ചൊരുക്കുന്ന സുന്ദരമായ ദൃശ്യം അയാൾ മനംകുളിരെ ആസ്വദിച്ചു. അല്പനിമിഷങ്ങൾക്കുശേഷം അയാൾ വീണ്ടും കയറാൻ തുടങ്ങി.

കുന്നിന്മുകളിലെത്തിയപ്പോൾ നേരത്തെ കണ്ട സംഘത്തിന്റെ പൊടിയില്ല. അമ്പലത്തിനുപടിഞ്ഞാറുഭാഗത്ത് അല്പം തുറന്ന സ്ഥലമുണ്ടെങ്കിലും അതിനപ്പുറം പൊക്കമുള്ള പാറകളാണ്. അവ തെക്കു പടിഞ്ഞാറു ഭാഗത്തു വ്യാപിച്ചു കിടക്കുന്ന മുൾച്ചെടികളിൽ വിലയം പ്രാപിക്കുന്നു. വടക്കുഭാഗത്ത് കുന്ന് കിഴുക്കാംതൂക്കായി കാണപ്പെട്ടു. താഴെ നിന്നും വളരുന്ന ഒരു പേരാലിന്റെ ശാഖകൾ കുന്നിനൊപ്പം പൊക്കം വയ്ക്കാൻ വെമ്പുന്നതുപോലെത്തോന്നി.

പത്തുപന്ത്രണ്ടുപേർ വരുന്ന ആ സംഘം എങ്ങോട്ട് മായമായിപ്പോയെന്ന് അയാൾക്കൊരെത്തും പിടിയും കിട്ടിയില്ല. കുന്നിന്റെ തെക്കുപടിഞ്ഞാറെ ഭാഗത്ത് ബുദ്ധഭിക്ഷുക്കളുടെ ഗുഹയുണ്ടെന്നു ലോഡ്ജിലെ മാനേജർ പറഞ്ഞതോർത്തു. പക്ഷെ കിഴക്കുനിന്നും കയറി വന്ന വഴിയല്ലാതെ മുകളിൽനിന്നും മറ്റു വഴികളൊന്നും ഉള്ളതായി അയാൾ കണ്ടില്ല. ഒറ്റപ്പെട്ടുപോയതിന്റെ പരിഭ്രമം ഇപ്പോഴയാൾക്ക് അല്പമായി അനുഭവപ്പെട്ടു. അതുമറക്കാൻ ശ്രമിച്ചുകൊണ്ട് അയാൾ ആ തുറന്ന അമ്പലത്തിനകത്തു കടന്നു.

ഏകദേശം ഒരാൾപൊക്കത്തിൽ രണ്ടര മീറ്റർ സമചതുരാകൃതിയിൽ നാലുഭാഗത്തും കെട്ടിപ്പൊക്കിയ മതിൽ. കിഴക്കുഭാഗത്തായി രണ്ടടി അകലത്തിലൊരു പ്രവേശന ദ്വാരം. അകത്ത് ഒരു ലിംഗപ്രതിഷ്ഠ, അതിന്റെ പാർശ്വങ്ങളിൽ ഒരു സർപ്പവും മറ്റൊരവ്യക്തമായ പ്രതിഷ്ഠയും. മുൻവശത്ത് പാറയിൽ രണ്ടു പാദങ്ങളുടെ അടയാളം കൊത്തിയിരിക്കുന്നു. അത് ശ്രീരാമന്റേതായിരിക്കുമെന്നയാൾ ഊഹിച്ചു. ഒരു നിമിഷത്തേക്ക് അയാളുടെ മനസ്സിൽ നാട്ടിൽ തന്റെ ഗ്രാമത്തിനടുത്തുള്ള മച്ചിപ്പാറക്കുന്നിൻമുകളിലെ അമ്പലവും അവിടുള്ള പ്രതിഷ്ഠയും തെളിഞ്ഞു. ആയിരക്കണക്കു മൈലുകൾക്കപ്പുറമുള്ള രണ്ടു മനുഷ്യസമൂഹങ്ങൾ ഈശ്വര പ്രതിഷ്ഠയുടെ കാര്യത്തിൽ സമാനമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകണ്ട് അയാൾ അത്ഭുതപ്പെട്ടു.

ചില നിമിഷങ്ങൾ അയാളുടെ മനസ്സ് മച്ചിപ്പാറയുമായി ബന്ധപ്പെട്ട ബാല്യകൗമാര ദശകളിൽ തങ്ങിനിന്നു. അയാൾ പഠിച്ച പ്രൈമറി സ്കൂൾ കുന്നിന്നപ്പുറമുള്ള ഗ്രാമത്തിലായിരുന്നു. കുന്നിന്നരികിലൂടെ കൂട്ടുകാരുമൊരുമിച്ച് രാവിലേയും വൈകീട്ടുമുള്ള യാത്ര, തോട്ടിലെ വെള്ളത്തിൽ തകർപ്പൻ കളി, കുന്നിൻ താഴ്‌വരയിലെ പേരാലിന്റെ വേരുകളിൽ തൂങ്ങി ഊഞ്ഞാലാട്ടം, വഴിയോരത്തെ മാവിൽനിന്നും മാങ്ങ എറിഞ്ഞുവീഴ്ത്തൽ, സ്ലെറ്റുമായ്ക്കാനായി മാപ്പെല ശേഖരണം എന്നീ വിവിധ ദൃശ്യങ്ങൾ ഒരു വെള്ളിത്തിരയിലെന്നപോലെ അയാളുടെ മനസ്സിൽ മിന്നി മറഞ്ഞു. സാധാരണ ദിനചര്യകളിൽ കുന്നുകയറ്റം ഉൾപ്പെട്ടിരുന്നില്ല. അതിന്നുവർഷത്തിൽ രണ്ടു ദിവസങ്ങളാണ് ബാലവൃന്ദം നീക്കിവച്ചിരുന്നത് - ആഗസ്റ്റ് പതിനഞ്ചും ജനുവരി ഇരുപത്തിയാറും.

ആ ദിവസങ്ങളിൽ പുസ്തകസഞ്ചിയും ചോറ്റുപാത്രവുമില്ലാതെയാണ് സ്കൂളിൽ പോക്ക്. ദേശീയ പതാക ഉയർത്തി, മിഠായി വിതരണം കഴിഞ്ഞാൽ മടക്കയാത്രയിൽ കുട്ടികൾ കുന്നിന്റെ മുകളിൽ കയറുക പതിവാണ്. പിന്നീട് വലുതായപ്പോൾ വൈകുന്നേരങ്ങളിൽ കുന്നിന്മുകളിലിരുന്ന് വായനയും, പ്രകൃതി ഭംഗിയാസ്വാദനവുമായി കഴിഞ്ഞ അസംഖ്യം ദിനങ്ങൾ അയാളുടെ സ്മരണയിൽ തെളിഞ്ഞുമാഞ്ഞു.

തന്റെ ഗ്രാമത്തിലെ ആദ്യത്തെ ബിരുദധാരിയായി വിദൂരതുറമുഖനഗരത്തിലേക്ക് ഉപരിപഠനാർത്ഥം യാത്രയായതോടെ കുന്നിന്മുകളിലേക്കുള്ള യാത്ര വിരളമായി. കൊല്ലങ്ങൾക്കുശേഷം ഒരു കേന്ദ്രഗവേഷണസ്ഥാപനത്തിൽ ശാസ്ത്രജ്ഞനായി ജോലിയിൽ പ്രവേശിക്കുകയും, ആന്ധ്രാപ്രദേശത്തിൽ വിശാഖപട്ടണത്തുള്ള ഗവേഷണ നിലയത്തിൽ നിയമനം ലഭിക്കുകയും ചെയ്തു.

സുദീർഘമായ മത്സ്യഗവേഷണസേവനത്തിനു മുന്നോടിയായി സമുദ്രതീരത്തെ മത്സ്യഗ്രാമങ്ങൾ സന്ദർശിച്ച് അവിടുള്ള വലകളേയും അതിൽ പിടിക്കപ്പെടുന്ന മത്സ്യങ്ങളേയും നേരിട്ടു കണ്ടുപഠിക്കാനായി രണ്ടുമാസം സർവേയിൽ ഏർപ്പെടണമെന്നാണ് നിർദ്ദേശം. വിജയനഗരം ജില്ലയിലെ ചിന്തപ്പള്ളി എന്ന ഗ്രാമത്തിൽ ഒരു ശനിയാഴ്ച ഉച്ചയ്ക്ക് സർവേ കഴിഞ്ഞതിൽപ്പിന്നെ തിരികെ വിശാഖപ്പട്ടണത്തേക്കു പോകുന്നതിനുപകരം വിജയനഗരത്തു താമസിച്ച് തിങ്കളാഴ്ച വീണ്ടും ജില്ലയിലെതന്നെ ബറിപ്പേട്ട എന്ന മറ്റൊരു ഗ്രാമം

സന്ദർശിക്കാനായിരുന്നു പരിപാടി.

അയാൾ ഒരു ചെറിയ ലോഡ്ജിൽ മുറിയെടുത്ത് നന്നായി ഉറങ്ങി അതിരാവിലെ എഴുന്നേറ്റു. പിറ്റേന്നു പോകാനുള്ള ബസ്സിന്റെ വിവരമെല്ലാം അന്വേഷിച്ചശേഷം ഒരു ഞായറാഴ്ച മുഴുവനും എങ്ങിനെ ചിലവഴിക്കാമെന്നായി ചിന്ത. സമീപത്തായി കാണാൻ കൊള്ളാവുന്ന വല്ല സ്ഥലവുമുണ്ടോ എന്ന അന്വേഷണത്തിന് ഉത്തരമായി ശ്രീകാകുളം റോഡിൽ ഒരു മുക്കാൽ മണിക്കൂർ സഞ്ചരിച്ചാൽ ഒരു കുന്നും അതിൻമുകളിൽ ചെറിയൊരമ്പലവും, കുറേ ബൗദ്ധസന്യാസിമാരുടെ ഗുഹകളും ഉണ്ടെന്നറിവായി. എന്നാൽ പിന്നെ അത് ചെന്നുകണ്ട് ഉച്ചയ്ക്ക് ഊണിനുമുമ്പ് തിരികെ ലോഡ്ജിലെത്താമെന്നു തീരുമാനിച്ചു. പെട്ടെന്നു പ്രാതൽ കഴിച്ച് യാത്ര പുറപ്പെട്ടു. അങ്ങിനെ എത്തിയ കുന്നിന്മുകളിൽ വഴിമുട്ടിനിൽക്കവേയാണ് അയാളുടെ മനസ്സ് ഭൂതകാലത്തേക്കു മുതലക്കൂപ്പു നടത്തിയത്. പെട്ടെന്ന് പുറകിൽ താഴെനിന്നും ഒരു സ്ത്രീശബ്ദം അയാളെ വർത്തമാനത്തിലേക്ക് കൊണ്ടുവന്നു.

“ബാബുഗാരു, നേനു മിമ്മല്നെ അവതലയ്ക്ക് തീസുകെള്ത്താനു”[1]

അയാൾ തിരിഞ്ഞുനോക്കി. കാറ്റിൽ ചറപറാ പറക്കുന്ന ചെമ്പിച്ച മുടിയിഴകളും, മുഷിഞ്ഞ സാരിയുമായി ഒരു ഉണങ്ങിയ സ്ത്രീരൂപം നടന്നടുക്കുന്നു. പ്രായം സുമാർ ഇരുപതു കഴിഞ്ഞുകാണും. അവർ കുന്നിലേക്ക് ഓടിക്കയറിയതാവണം, നന്നായി കിതയ്ക്കുന്നുണ്ടായിരുന്നു.

“മിമ്മല്നെ നേനു അവതലയ്ക്ക് തീസുകെള്ത്താനു, ബാബുഗാരു”[2]

അവർ ആവർത്തിച്ചു. തന്നെ കുന്നിന്റെ മറുഭാഗത്തേക്കു കൊണ്ടു പോകാമെന്നാണവർ പറഞ്ഞത്. മുകളിൽ വഴിയറിയാതെ താൻ വലയുകയാണെന്ന് ഇവരെങ്ങിനെ അറിഞ്ഞു എന്നയാൾ അത്ഭുതപ്പെട്ടു. അയാൾ അവരുടെ പേരു ചോദിച്ചു.

“മീ പേരേണ്ടമ്മാ?”[3]

“ആതലക്ഷ്മി, ബാബുഗാരു”[4]

ആദിലക്ഷ്മി എന്നതിന്റെ പ്രാകൃത ഉച്ചാരണമായിരിക്കാമെന്നയാൾ ഊഹിച്ചു. താഴെ ഗ്രാമത്തിലുള്ളവർ കുന്നിലേക്കുവരുന്ന സന്ദർശകർക്ക് ഗൈഡായി വർത്തിക്കാറുണ്ട്. വല്ലപ്പോഴും അയാളെപ്പോലെ ഒറ്റയ്ക്കു വരുന്നവർ ഒരു ഗൈഡിന്റെ അഭാവത്തിൽ കുന്നിനപ്പുറത്തേക്കുള്ള വഴിയറിയാതെ വലഞ്ഞുപോകാറുണ്ട്. അയാൾ പട്ടണത്തിൽ നിന്നും വന്ന ബാബു ആണെന്നും കുന്നിന്മുകളിൽനിന്നും അപ്പുറത്തുള്ള ഗുഹകളിലേക്ക് വഴി കാണിച്ച് താഴെ എത്തിച്ചാൽ നല്ല ടിപ്പു തരും എന്നും തന്നോടൊപ്പം ബസ്സിറങ്ങിയ ആൾ പറഞ്ഞുവത്രെ.

വലിയ സാമ്പത്തിക പ്രതീക്ഷയുമായി വെയിലത്ത് കുന്ന് ഓടിക്കയറിയെത്തിയ ആ പാവം ഗ്രാമയുവതിയെ നിരാശയാക്കരുതെന്നയാൾ മനസ്സിൽ കരുതി. സാരിയുടെ കീഴ്ഭാഗം അല്പം മുകളിലോട്ടു കുത്തി, തലമുടി മുകളിൽ മുറുകെ ‘കൊണ്ട’ യായി വാരിക്കെട്ടി അവർ അയാൾക്ക് വഴികാട്ടി മുമ്പേ നടന്നു. പടിഞ്ഞാറുഭാഗത്തുള്ള പാറക്കെട്ടിനു സമീപമെത്തിയപ്പോൾ ഒരു കല്ലിനു താഴെ കഷ്ടിച്ച് ഒരാൾക്ക് പ്രവേശിക്കാവുന്ന ഒരു ദ്വാരം കണ്ടു. ആതലക്ഷ്മി നിഷ്പ്രയാസം അതിനകത്തിറങ്ങി. അവരുടെ പിടലിയിൽ ഇടതുവശത്തായി ഒരു വലിയ കറുത്ത മറുക് അയാളുടെ ശ്രദ്ധയിൽപെട്ടു. ഇടതുഭാഗത്തുള്ള മറുക് പെണ്ണുങ്ങൾക്ക് ഭാഗ്യലക്ഷണമാണോ എന്നയാൾ ഓർക്കാൻ ശ്രമിച്ചു. അയാളുടെ അമാന്തം കണ്ട് ആതലക്ഷ്മി തല പുറകോട്ടു തിരിച്ച് പുറകെ വരുവാൻ നിർദ്ദേശിച്ചു.

“രണ്ടി ബാബുഗാരു, ഭയപ്പെടക്കണ്ടി.”[5]

ഭയപ്പെടാതെ പുറകേ വരുവാനാണ് നിർദ്ദേശമെങ്കിലും അല്പം ആശങ്കയോടെ അയാൾ അവരെ അനുഗമിച്ചു. അകത്ത് കഷ്ടിച്ചൊരാൾക്ക് നന്നായി കുനിഞ്ഞു നടക്കാവുന്ന ഒരു വഴി. പ്രവേശന ദ്വാരത്തിലൂടെ വരുന്ന വെളിച്ചത്തിൽ കാണാറായി. ആഃലക്ഷ്മി “ബാബുഗാരു, ഇലാ രണ്ടി”[6] എന്ന് ഇടക്കിടെ പറഞ്ഞുകൊണ്ട് ആ വഴിയിലൂടെ മുമ്പോട്ടുനടന്നു. അല്പം കഴിഞ്ഞപ്പോൾ വഴിയിൽ വെളിച്ചമില്ല. വവ്വാലുകൾ തങ്ങുന്ന സ്ഥലങ്ങളിൽ അനുഭവപ്പെടാറുള്ള പ്രത്യേക രൂക്ഷഗന്ധം. അല്പം ശ്വാസം മുട്ടുന്നതുപോലെത്തോന്നിയെങ്കിലും അയാൾ യാന്ത്രികമായി ആതലക്ഷ്മിയുടെ ശബ്ദത്തെ പിൻതുടർന്നു. ക്രമേണ വഴിയിൽ അല്പം വെളിച്ചം കാണാറായി. ആതലക്ഷ്മി മുമ്പിൽ നടക്കുന്നുണ്ട്. അല്പദൂരം പിന്നിട്ടപ്പോൾ പെട്ടെന്ന് വായുവിൽ വിയർപ്പിന്റെ ഗന്ധം അനുഭവപ്പെട്ടു. ഗുഹയുടെ മറുവശത്തുനിന്നു വന്ന കാറ്റ് ആതലക്ഷ്മിയെ തഴുകിവരുന്നതിനാലാണോ ഗന്ധമെന്നയാൾ അറിഞ്ഞു. പെട്ടെന്നു വഴി രണ്ടുപേർക്കു നിവർന്നു നടക്കാവുന്ന വലുപ്പത്തിലായി. ആതലക്ഷ്മി തിരിഞ്ഞുനിന്നൊന്നു പുഞ്ചിരിച്ചു. ഇനിയങ്ങോട്ട് ഗുഹാമുഖത്തേക്ക് സാധാരണപോലെ നടന്നുപോകാം എന്നവർ പറഞ്ഞു.

പത്തടി നടന്നപ്പോൾ അവർ കുന്നിന്റെ തെക്കുഭാഗത്തേക്ക് തുറക്കുന്ന ഒരു ഗുഹയിൽ പ്രവേശിച്ചു. ചെറിയൊരു ഹാളിനെ അനുസ്മരിപ്പിക്കുന്ന ഗുഹയുടെ മുകളിൽ ഒരാർച്ചുപോലെ പരുക്കൻ പാറയുടെ മേൽക്കൂര, താഴെ മിനുസമുള്ള പാറ. ഒന്നാമത്തെ ആ വലിയ ഗുഹയിൽ നിന്നുകൊണ്ടയാൾ തെക്കോട്ടുനോക്കി. കുന്നിനു താഴെ പാറക്കൂട്ടങ്ങളും അതിനുമപ്പുറം നെൽവയലുകളും കുളങ്ങളും, കരിമ്പനകളും, മരങ്ങളും, റോഡും ചേർന്നൊരുക്കുന്ന ഹൃദ്യമായ ദൃശ്യവിരുന്ന് അയാൾ നന്നായി ആസ്വദിച്ചു.

ഒന്നാം ഗുഹയുടെ കിഴക്കുഭാഗത്ത് ഒരു വലിയ പാറയാണ്. അതിൽ കൊത്തിയ പടവുകൾ കയറിയിറങ്ങുമ്പോൾ രണ്ടാമത്തെ ഗുഹയിലെത്തുകയായി. അവിടുന്നങ്ങോട്ട് മൂന്നും നാലും ഗുഹകൾ വ്യക്തമായി കാണാം. അവ തമ്മിൽ അന്യോന്യം ബന്ധിപ്പിക്കുന്ന വഴികളുമുണ്ട്. അയാൾക്കുമുമ്പേ പോയ സംഘം നാലാമത്തെ ഗുഹയും സന്ദർശിച്ച് താഴോട്ടിറങ്ങാൻ തുടങ്ങിയിരുന്നു. അയാൾ വാച്ചിൽ നോക്കി, സമയം പന്ത്രണ്ട് മണി. നന്നായി ദാഹിക്കുന്നു.

“കൊഞ്ചം മഞ്ചിനീളു ദൊരുഗുത്തുന്താ”[7] അയാൾ തട്ടിമുട്ടി ചോദിച്ചു.

“ഇലാ രണ്ടി ബാബുഗാരു”[8] എന്നു പറഞ്ഞ് ആതലക്ഷ്മി രണ്ടാം ഗുഹയുടെ മൂലയിലേക്ക് നടന്നു.

അവർ അവിടെ ഇറ്റുവീഴുന്ന ഒരു നീരുറവയിൽ നിന്നു ഒരു കൈക്കുമ്പിൾ, വെള്ളം ശേഖരിച്ചു കുടിച്ചു. അയാളും അല്പം വെള്ളം കുടിച്ചുനോക്കി. നല്ല രുചിയും അല്പം തണുപ്പുമുണ്ട്. രണ്ടു കൈക്കുടന്ന വെള്ളം കുടിച്ചു കഴിഞ്ഞപ്പോൾ അയാളുടെ ദാഹം പമ്പകടന്നു. അയാൾ മറ്റു ഗുഹകൾ വേഗത്തിൽ നടന്നുകണ്ടു. ആതലക്ഷ്മി ഒപ്പം നടന്ന് ഗുഹകളെപ്പറ്റി അവർക്കറിയാവുന്ന കഥകളൊക്കെ തോരാതെ വിളമ്പിക്കൊണ്ടിരുന്നു.

താഴോട്ടുള്ള ഇറക്കം കഠിനമായിരുന്നു. മയമില്ലാത്ത കൂർത്ത പാറക്കല്ലുകൾക്കിടയിലൂടെ മുൾച്ചെടികളെ ഒഴിവാക്കി വളരെ സൂക്ഷിച്ചിറങ്ങേണ്ടിയിരുന്നു. പാറക്കൂട്ടങ്ങൾക്കിടയിലെ ഇറക്കം മുമ്പേപോയ

# കഥ

സംഘത്തിന്റെ വേഗത വല്ലാതെ കുറച്ചു. പാടം താണ്ടി റോഡിലെത്തിയ ആ സംഘം പടിഞ്ഞാറോട്ടു നടന്നു പോയി.

അയാൾ ആതലക്ഷ്മിയോടൊപ്പം കുന്നിറങ്ങി റോഡിലൂടെ കിഴക്കോട്ട് നടന്ന് ഗ്രാമത്തിലെത്തി. അടുത്ത ബസ് വരുന്നതുവരെ ആൽത്തറയിലിരിക്കുകയേനിവൃത്തിയുള്ളു. അയാൾ ആതലക്ഷ്മിക്ക് അഞ്ചു രൂപ കൊടുത്തു. അവരുടെ കണ്ണുകളിൽ ഏതോ വലിയൊരു നിധി കിട്ടിയ പ്രതീതി. കുടിക്കാൻ അല്പം വെള്ളം കിട്ടുമോ എന്നയാൾ ചോദിക്കവേ ആതലക്ഷ്മി ഓടിച്ചെന്ന് രണ്ടു കുപ്പി ഗോളിസോഡയുമായാണ് വന്നത്. തന്റെ മെലിഞ്ഞ തുടയിൽ വച്ച് സോഡ പൊട്ടിച്ചു അയാൾക്കു കൊടുക്കുമ്പോൾ ഇതുവരെ ഒരു രൂപയിൽ കൂടുതൽ ആരും ടിപ്പ് തന്നിട്ടില്ലെന്നവർ പറഞ്ഞു. സോഡയ്ക്ക് കാശു കൊടുത്തപ്പോൾ അവർ വാങ്ങാൻ വിസമ്മതിച്ചു. അടുത്ത ബസ് രണ്ടുമണിക്കാണ്. അപ്പോൾ സമയം ഒന്നു മുപ്പത്. മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ അയാൾ ആതലക്ഷ്മിയെപ്പറ്റി കൂടുതൽ വിവരങ്ങളാരാഞ്ഞു.

കിഴക്കേ ഗോദാവരി ജില്ലിയിലെ പല്ല-കഡിയാം എന്ന ഗ്രാമത്തിൽ നിന്നും പതിനഞ്ചാമത്തെ വയസ്സിൽ അവർ ആ ഗ്രാമത്തിലെ ജോഗറാവുവിന്റെ ഭാര്യയായി വന്നതാണ്. അയാൾക്കന്നു പത്തൊമ്പത് വയസ്സായിരുന്നു. മൂന്നുകൊല്ലം കഴിഞ്ഞ് അവർ ഒരാൺകുട്ടിയേയും നാലാം കൊല്ലം ഒരു പെൺകുട്ടിയേയും പ്രസവിച്ചു. ജോഗറാവു നന്നായി അദ്ധ്വാനിക്കുന്ന ഒരു യുവാവായിരുന്നു. ചില ഒഴിവുനാളുകളിൽ അയാൾ ശ്രീകാകുളത്തേക്കെന്നു പറഞ്ഞ് പോകുമായിരുന്നു. തിരികെ വരുന്നത് പലപ്പോഴും അടുത്ത ദിവസമായിരിക്കും.

മറ്റു ജോലിയൊന്നും തരപ്പെടാത്തപ്പോൾ അയാൾ ഏജൻസി ഏരിയായിൽ ചൂലുണ്ടാക്കാനുള്ള പുല്ലു ശേഖരിക്കാൻ ചില യുവാക്കളോടൊപ്പം പോകുമായിരുന്നു. ദിവസങ്ങൾ കഴിഞ്ഞ് ഉണങ്ങിയ പുൽക്കെട്ടുകൾ കാളവണ്ടികളിൽ അവിടെത്തിക്കുമായിരുന്നു. ആതലക്ഷ്മി അതുപയോഗിച്ച് 'കൊണ്ടച്ചീപ്പുരു' എന്നു പറയുന്ന ചൂലുണ്ടാക്കും. നാലണക്ക് ഒരു ചൂലെന്ന കണക്കിൽ അവരതു വിൽക്കും. വൈകുന്നേരമാകുമ്പോഴേക്കും നാലഞ്ചു രൂപ സമ്പാദിക്കും. വളരെ പരിമിതമായ ആവശ്യങ്ങൾ മാത്രമുള്ള ആ കുടുംബത്തിന് വലിയ സാമ്പത്തികപ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല.

കഴിഞ്ഞ വർഷം ഒരു ദിവസം പുല്ലു ശേഖരിക്കാനായിച്ചെന്ന ജോഗറാവു ഒരാഴ്ച കഴിഞ്ഞിട്ടും തിരിച്ചുവന്നില്ല. ആതലക്ഷ്മി ആകെ ബേജാറായെങ്കിലും ആരോടും പരാതി പറയാൻപോയില്ല. രണ്ടാഴ്ച കഴിഞ്ഞ് ഒരു രാത്രിയിൽ ജോഗറാവു തിരിച്ചുവന്നു. അവൻ ഇരുന്നൂറു ഉറുപ്പിക ആതലക്ഷ്മിയുടെ കയ്യിൽ കൊടുത്തു. ഒരുപക്ഷെ ഇനി അയാൾക്ക് തിരിച്ചുവരാനാവില്ലെന്നു സംഭാഷണമധ്യേ സൂചിപ്പിച്ചു. ആതലക്ഷ്മി കരഞ്ഞില്ല. കുട്ടികളുണരും മുമ്പേ അവരുടെ അച്ഛൻ സ്ഥലം വിട്ടിരുന്നു. പിന്നീടയാൾ മടങ്ങിവന്നില്ല. ആന്ധ്രാ-ഒഢീഷാ അതിർത്തിയിലെ കാടുകളിൽ ആയുധധാരികളായി നടക്കുന്ന ഒരു സംഘത്തിൽ ജോഗറാവുവിനെ കണ്ടതായി ചിലർ പറഞ്ഞു കേട്ടു. ആതലക്ഷ്മി അതിനെപ്പറ്റി ഒന്നും അന്വേഷിക്കാൻ പോയില്ല.

ഈയിടെ ഒരു മാസികയിൽ വായിച്ച, ആന്ധ്രയിലെ ദരിദ്രയുവാക്കൾ ഒരുകാലത്ത് പാടിനടന്ന ശ്രീ ശ്രീയുടെ "നിന്റെ നാടേതെന്നു ചോദിച്ചാൽ നക്സൽബാരിയെന്നു പറയൂ, പഠിച്ചതെവിടെ എന്നു ചോദിച്ചാൽ ശ്രീകാകുളത്തെന്നു പറയൂ, ആരെന്നു ചോദിച്ചാൽ വിപ്ലവകാരിയെന്നുപറയൂ, മതമേതെന്നു ചോദിച്ചാൽ മവോ മതമെന്നു പറയൂ, വർഗ്ഗമേതെന്നു ചോദിച്ചാൽ അദ്ധ്വാനിക്കുന്ന വർഗ്ഗമെന്നു മുഴങ്ങുന്ന ശബ്ദത്തിൽ പറയൂ" എന്ന വരികൾ അയാളുടെ ഓർമ്മയിൽ വന്നു. ഒരു പക്ഷെ ജോഗറാവു ആ വരികളിലെ ആഹ്വാനം ശ്രവിച്ചവരുടെ പരമ്പരയിലെ ഒടുക്കത്തെ കണ്ണിയാകാം.

ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ഭർത്താവിന്റെ സഹായമില്ലാതെ രണ്ടു കുട്ടികളെ 'കൊണ്ടച്ചീപ്പുരു' വിറ്റുകിട്ടുന്ന വരുമാനം കൊണ്ട് വളർത്തുന്ന വിഷമം വിവരിച്ചപ്പോൾ ആതലക്ഷ്മിയുടെ കണ്ണുകൾ അല്പം ഈറനായി. താൻ ടിപ്പായിക്കൊടുത്ത അഞ്ചു രൂപ അവരെ അത്ര മാത്രം സന്തുഷ്ടയാക്കിയതിന്റെ പൊരുൾ അയാളറിഞ്ഞു.

എവിടേയൊക്കെയോ കളിച്ചു, വിശന്നു തളർന്ന രണ്ടു കുട്ടികൾ ഓടിവന്ന് ആതലക്ഷ്മിയുടെ സാരിയിൽ പിടിച്ചുനിന്നു.

"അമ്മാ... ആക്കലേസ്തൊന്തീ..."[9] കുട്ടികൾ ഒരുമിച്ചു ചിണുങ്ങി. അയാൾക്ക് ഗൈഡായി പോയതു കാരണം കുട്ടികൾക്ക് ഭക്ഷണമുണ്ടാക്കാൻ ആ അമ്മയ്ക്ക് സമയം കിട്ടിയില്ലല്ലോ.

"ഒക അര ഘണ്ടല്ലൊ അന്നം പെടുത്താനു രാ..."[10] എന്നു പറഞ്ഞുകൊണ്ട് അവർ തന്റെ കുടിലിനകത്തേക്കോടി. അയാൾ കുട്ടികളുടെ പേര് ചോദിച്ചു.

"നീ പേരേണ്ടി ?"[11]

"നാ പേരു ശീനിവാസ റാവു"[12] പയ്യൻ പറഞ്ഞു.

"നീ പേരു ?"[13]

"നാ പേരു മുച്യാലമ്മ "[14] പെൺകുട്ടി പറഞ്ഞു.

അയാൾ തന്റെ സഞ്ചിയിൽ സദാ സ്റ്റോക് ചെയ്യാറുള്ള ബിസ്കറ്റ് പാക്കു പൊട്ടിച്ച് കുട്ടികൾക്ക് വീതിച്ചുകൊടുത്തു. അവരതും കൊണ്ട് കുടിലിലേക്കു ഓടിപ്പോയി. അകലെ ബസ്സിന്റെ ഇരമ്പം കേട്ടു. അടുപ്പിൽ തീയിട്ട് അരി തിളപ്പിക്കാൻ വെച്ച് ആതലക്ഷ്മി പുറത്തേക്കു വന്നപ്പോഴേക്കും അയാളെയും കൊണ്ട് ബസ് പടിഞ്ഞാറോട്ട് കുറേദൂരം പോയിരുന്നു. ഇതുപോലൊരു സന്ദർശകൻ ഇനിയെന്നെങ്കിലും വരുമോ എന്നവർ അല്പനേരം ആലോചനാമഗ്നയായി. പിന്നീട് കാര്യമായൊന്നും സംഭവിക്കാത്തതുപോലെ കുടിലിനകത്തേക്കുപോയി.

ഒരു വ്യാഴവട്ടക്കാലത്തെ ആന്ധ്രയിലെ ജീവിതത്തിനിടക്ക് പലപ്പോഴും 'കൊണ്ടച്ചീപ്പുരേ...' എന്നു നീട്ടിവിളിച്ചുകൊണ്ട് ഒരു കെട്ടു ചൂലുമായി തെരുവുകളിൽ അലയുന്ന ആതലക്ഷ്മിയുടെ അവതാരങ്ങളെ അയാൾ കാണാനിടയായിട്ടുണ്ട്. അപ്പോഴൊക്കെയും ഒരു നിമിഷം ആതലക്ഷ്മിയുടെ ചെമ്പിച്ച മുടിയും, മുഷിഞ്ഞ സാരിയുടുത്ത ഉണങ്ങിയ രൂപവും അയാളുടെ മനസ്സിൽ മിന്നിമറയും. പലപ്പോഴും ആരെങ്കിലും അത്തരം ചൂലെടുത്തു നിലം തൂക്കുന്നത് കാണുമ്പോൾ പോലും അവരുടെ രൂപം മനസ്സിൽ തെളിയാറുണ്ട്.

ഈ കാലങ്ങളിൽ കൊണ്ടച്ചീപ്പുരു എന്ന ഉത്പന്നത്തിനു ചില മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. അന്നയാൾ കണ്ട ആതലക്ഷ്മിയുടെ ഉത്പന്നം തികച്ചും ജൈവവസ്തുക്കളാൽ നിർമ്മിതമായിരുന്നു. പിന്നീട് പുല്ലിനെ കൂട്ടിക്കെട്ടുന്നതിനായി അല്പം കമ്പിയും മറ്റും ഉപയോഗിച്ചതായി കാണാറായി. അതിനെത്തുടർന്ന് പിടിയിൽ പ്ലാസ്റ്റിക് നാട കെട്ടിയ, കുറേക്കൂടി ഉറപ്പും ഭംഗിയും ഉള്ള ഉത്പന്നമിറങ്ങിയിരുന്നു. അപ്പോഴും തലയിൽ ചുമന്നു ചൂലു വില്ക്കുന്നവർ വിരളമല്ലായിരുന്നു. പിന്നീട് തൊണ്ണൂറുകളിൽ സൂപ്പർബസാറുകളുടെ ആവിർഭാവത്തോടെ കൊണ്ടച്ചീപ്പുരു പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ് സ്റ്റോറുകളിൽ പ്രത്യക്ഷമാകാ

ൻ തുടങ്ങി. അതോടുകൂടി തെരുവുതോറും നടന്നു ചൂലു വിൽക്കുന്നവരുടെ എണ്ണം ക്രമേണ കുറഞ്ഞില്ലാതായി.

കഴിഞ്ഞ ദിവസം ഒരു മാസികയുടെ പിൻചട്ടയിൽ ഒരു ബ്രാൻഡെഡ് ചൂലിന്റെ മുഴുപ്പേജ് പരസ്യം കണ്ട് അയാൾ അമ്പരന്നുപോയി. പല വർണ്ണങ്ങളിലുള്ള കുഴലുപോലുള്ള പിടികളിൽ കയ്യിൽ നിന്നും വഴുതാതിരിക്കാൻ ചെറിയ പരുപരുത്ത വരകളും മുഴകളും അവയ്ക്കിടയിൽ ചൂലിന്റെ (ബ്രാൻഡ്) പേരും എമ്പോസ് ചെയ്തിരിക്കുന്നു. കോർപ്പറേറ്റ് ആക്രമണത്തിൽ കൊണ്ടച്ചീപ്പുരുവിനും രക്ഷയില്ലാതായെന്നയാൾ അറിഞ്ഞു. ആതലക്ഷ്മിയെപ്പോലുള്ളവരുടെ ജീവിതത്തിന് തന്മൂലം എന്തുമാറ്റമാണുണ്ടായിരിക്കുക എന്ന് അയാൾക്ക് ചിന്തിക്കാനേ കഴിഞ്ഞില്ല.

ആന്ധ്ര വിട്ട് വീണ്ടുമൊരു ദശാബ്ദക്കാലം കഴിഞ്ഞ് ഒരു സൗഹൃദസന്ദർശനത്തിനായി കഴിഞ്ഞ മാർച്ചിൽ അയാൾ വിശാഖപട്ടണത്തെത്തി. ഒരു സുഹൃത്തിന്റെ മൂന്നാം നിലയിലെ ഫ്ളാറ്റിൽ നിന്നും ലിഫ്റ്റിന് അടുത്തെത്തിയപ്പോൾ അത് 'ഔട്ട് ഓഫ് ഓർഡർ' ആണെന്നു സൂചന കിട്ടി. പതുക്കെ ഗോവണിയിലൂടെ താഴോട്ടിറങ്ങി. റൈലിങ്ങിൽ കൈ വഴുതിക്കൊണ്ട് അലസമായി താഴോട്ടു നോക്കി. രണ്ടാമത്തെ നിലയിൽനിന്നുള്ള ഗോവണിപടികൾ ഒരു കൊണ്ടച്ചീപ്പുരു കൊണ്ട് ഒരു സ്ത്രീ വൃത്തിയാക്കുന്നു. പെട്ടെന്ന് ആ സ്ത്രീയുടെ പിടലിയിൽ ഇടതുഭാഗത്തുള്ള വലിയ കറുത്ത മറുക് അയാളുടെ ശ്രദ്ധയിൽപ്പെട്ടു. ഓർമ്മയിൽനിന്നും ആ മറുകിന്റെ ഉടമയെ ചികഞ്ഞെടുക്കാനായി അയാൾക്ക് ഒരു നിമിഷംപോലും വേണ്ടിവന്നില്ല. അയാളുടെ മനസ്സിൽ ആതലക്ഷ്മിയുടെ രൂപം തെളിഞ്ഞു. അയാൾ താഴെ അവരെ നോക്കി.രണ്ടര ദശാബ്ദങ്ങളിൽ കാലം അവരുടെ ദേഹത്തിൽ ശേഷിച്ച യൗവ്വനം മുഴുവനായും ചോർത്തിയെടുത്തതുപോലെത്തോന്നി. ഗോവണിയുടെ പാതി പടവുകൾ തൂത്ത് മധ്യത്തിലുള്ള ലാൻഡിങ്ങിൽ അയാളിറങ്ങിപ്പോകാനായി ഒതുങ്ങി തലകുനിച്ചു നിൽക്കുകയായിരുന്നു അവർ.

അയാളവരെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട് താഴോട്ടിറങ്ങി. ലാൻഡിങ്ങിൽ അവർക്കടുത്തെത്തിയപ്പോൾ അയാൾ ചോദിച്ചു.

“ഏമ്മാ, മീരു ആതലക്ഷ്മി കാദാ...?”[15]

ഓർക്കാപ്പുറത്ത് ഒരപരിചിതൻ തന്റെ പേരു പറയുന്നതുകേട്ട് അവർ വല്ലാതെ വിസ്മയിച്ചു. അവരയാളെ സൂക്ഷിച്ചു നോക്കിക്കൊണ്ടു മൊഴിഞ്ഞു.

“അവുനു ബാബുഗാരു, മീരു...?”[16]

“നന്നു ഗുർത്തുപ്പെട്ടലേദാ...?”[17]

“ലേദു ബാബുഗാരു...”[18]

“നേനു മീ ഊരിലോ ഒക ഇരവൈ ഐദു സംവത്സരാലമുന്തു ഒക രോജു വച്ചാനു. ആ രോജു മീരു നാക്കു കൊണ്ടമീദ ധാരി ചൂപ്പിച്ചാരു.”[19]

പെട്ടെന്ന് ആതലക്ഷ്മിയുടെ മുഖത്ത് ഒരു പ്രകാശം തെളിഞ്ഞു. അവർ വിസ്മയത്തോടെ ചോദിച്ചു. “ആ രോജു മീരു നാക്കു ഐദു രൂപായലിച്ചേരു കാദാ...?”[20]

അന്നയാൾ കൊടുത്ത അഞ്ചു രൂപ ടിപ്പിലാണ് അവരുടെ ഓർമ്മ കൊളുത്തിക്കിടന്നത്. അയാൾ ചിരിച്ചുകൊണ്ട് തലകുലുക്കി. പിന്നീട് അയാൾ അവരുടെ ഭർത്താവിനെപ്പറ്റിയും, കുട്ടികളെപ്പറ്റിയും ചോദിച്ചു, കൊണ്ടച്ചീപ്പുരു ഉണ്ടാക്കി വില്ക്കുന്നതിനെപ്പറ്റിചോദിച്ചു. അവർ ശാന്തയായി അയാളുടെ ചോദ്യങ്ങൾക്കു മറുപടി പറഞ്ഞു.

ഭർത്താവ് ജീവിച്ചിരുന്നിട്ടും ഒരു സഹായവും ലഭിക്കാതായപ്പോൾ ആതലക്ഷ്മി തന്റെ മാതാപിതാക്കളുടെ സഹായം തേടി. അല്പം കൃഷിയിൽനിന്നു കിട്ടുന്ന നെല്ലും പച്ചക്കറികളും അവർ മകളും പേരക്കിടാങ്ങളുമായി പങ്കുവച്ചു. കൂലിവേലയും ചൂലുവില്പ്പനയുമായി അത്യാവശ്യം വീട്ടുചെലവിനുള്ള പണം അവരുണ്ടാക്കി. കുട്ടികൾ വലുതായി നല്ല നിലയിലാകുമെന്നവർ സ്വപ്നം കണ്ടു.

അങ്ങിനെയിരിക്കെ ഒരു ദിവസം ഏജൻസി ഏരിയയിൽ ഒരു നേതാവിന്റെ സന്ദർശനത്തിനു മുന്നോടിയായി ഉണ്ടായ സ്ഫോടനത്തിൽ മരിച്ച നാലു ദളം അംഗങ്ങളിൽ ജോഗറാവുവും ഉണ്ടായിരുന്നുവെന്ന വാർത്ത വന്നു. നേതാവിന്റെ വാഹനം തകർക്കാനായി റോഡിൽ മൈൻ കുഴിച്ചിടവേ ആകസ്മികമായി ഉണ്ടായ സ്ഫോടനത്തിൽ ഒരാളുടേതൊഴികെ മറ്റു മൂന്നുപേരുടേയും മുഖം തിരിച്ചറിയാൻ പറ്റാത്തവിധം ശിഥിലമായിപ്പോയിരുന്നു. ആതലക്ഷ്മിക്ക് കരയാൻപോലും കഴിയാത്തൊരു സ്ഥിതിയായിരുന്നു. എന്നാൽ മക്കളിരുവരും അന്ന് ധാരാളം കരഞ്ഞു. മകൻ അന്ന് എട്ടാം ക്ലാസ്സിലായിരുന്നു, മകൾ ഏഴിലും. അവരുടെ മനസ്സിൽ രാപ്പകൽ അവർക്കുവേണ്ടിമാത്രം കഷ്ടപ്പെടുന്ന അമ്മയേക്കാൾ ഒരു സ്മരണ മാത്രമായി അവശേഷിച്ച അച്ഛന് ഒരുന്നതസ്ഥാനമാണുണ്ടായിരുന്നത്.

പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ മകനെ ഒരു ചെറിയ അടിപിടിക്കേസിന്റെ ഭാഗമായി പോലീസ് പിടിച്ചുകൊണ്ടുപോയി. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന അനിയത്തിയോട് അതിക്രമം കാട്ടിയ സ്ഥലത്തെ ഒരു ജന്മിയുടെ മകനേയും കൂട്ടുകാരനേയും തല്ലി മാരകമായ മുറിവേല്പ്പിച്ചതായിരുന്നു കേസ്. അതുകഴിഞ്ഞവൻ സ്കൂളിൽ പോക്ക് നിർത്തി. ചിലപ്പോൾ അനിയത്തിയെ അനുഗമിച്ച് സ്കൂളുവരെ പോകും. പിന്നെ വീട്ടിലേക്ക് മടങ്ങും. ഒരുനാൾ അയൽപ്പക്കത്തെ ഒരു മുതിർന്നയാളോടൊപ്പം അവൻ ചൂലിന്നാവശ്യമായ പുല്ലറുക്കാൻ പോയി. പിന്നീട് അല്ലറ ചില്ലറ പണികളുമായി അവൻ അലസമായി കഴിഞ്ഞു. ചില ദിവസങ്ങളിൽ അവൻ ശ്രീകാകുളത്തേക്കു പോയി. ആതലക്ഷ്മി കാരണമൊന്നും ചോദിച്ചില്ല. മകൾ പത്തിലേക്കു ജയിച്ചു. രണ്ടുമാസം കഴിഞ്ഞ് മകൻ അച്ഛന്റെ വഴിയെ പോയി.

ദുരന്തം അവിടെയൊന്നും അവസാനിച്ചില്ല. പബ്ലിക് പരീക്ഷയെഴുതി ഫലം കാത്തിരിക്കവേ ഒരുനാൾ മകളും അപ്രത്യക്ഷയായി. അവൾ അച്ഛന്റേയും ചേട്ടന്റേയും വഴി തന്നെ തിരഞ്ഞെടുത്തുവെന്ന് അനുമാനിച്ചു. ആ ഭൂമിയിൽ മുളയ്ക്കുന്ന ചില മനുഷ്യ വിത്തുക്കൾ കാലങ്ങളായി മുഴങ്ങുന്ന ശ്രീ ശ്രീ യുടെ വരികൾ ഏറ്റുപാടാൻ നിയോഗിക്കപ്പെട്ടവരാണോ എന്നയാൾ ചിന്തിച്ചുപോയി. അല്പമായ മാനവജീവിതത്തിൽ ജനിതകമല്ലാത്ത ഇത്തരം കാര്യങ്ങൾ എങ്ങനെ തലമുറകൾ കൈമാറുന്നുവെന്ന് ആലോചിച്ചിട്ട് അയാൾക്ക് ഒരെത്തും പിടിയും കിട്ടിയില്ല.

ഒടുവിൽ ആതലക്ഷ്മി അവരുടെ മാതാപിതാക്കളുടെ അടുത്തെത്തി. നാൽപ്പതു വയസ്സു തികയും മുമ്പ് ഒരു മനുഷ്യായിസ്സിന്റെ കഷ്ടപ്പാടുകളത്രയും അനുഭവിച്ചുമടങ്ങിയ മകൾക്ക് ആ മാതാപിതാക്കൾ ആശ്രയം നൽകി. ഒരു ദുരന്തനായികക്ക് കാലം ഒരുക്കിയ റോളുകൾ ഇനിയും ബാക്കിയായതു പോലെയാണ് രണ്ടായിരത്തിപ്പതിനാല് ഒക്ടോബറിലെ തൂഫാൻ വന്നത്. വിശാഖപട്ടണത്തുള്ള ഇളയ സഹോദരനെ കാണാൻ ചെന്ന വൃദ്ധദമ്പതികളുടെ ജീവൻ കൊടുങ്കാറ്റിൽ മുറിഞ്ഞുവീണ ഒരു മരക്കൊമ്പിനടിയിലമർന്നു.

# കഥ

തികച്ചും അനാഥയായ ആതലക്ഷ്മിയെ അച്ഛന്റെ സഹോദരൻ വിശാഖപട്ടണത്തേക്കു കൊണ്ടുവന്നു. കഴിഞ്ഞ ഒരു കൊല്ലമായി ആ അപ്പാർട്ട്മെന്റിലെ തൂപ്പുകാരിയായി ജോലിനോക്കുന്നു. കൂടാതെ ഒരു വീട്ടിൽ ജോലിയുമുണ്ട്. അവരുടെ 'ചിന്നാന' അടുത്ത അപ്പാർട്ട്മെന്റിലെ വാച്ചുമാനാണ്. അത്യാവശ്യം വയറുകഴിഞ്ഞു പോകാനുള്ളത്, മാസം ആയിരത്തിഎണ്ണൂറുരൂപ ശമ്പളം ലഭിക്കുന്നുണ്ട്.

അവർ ഗോവണിയിറങ്ങി താഴെ പാർക്കിങ് ഏരിയായിൽ എത്തിയപ്പോൾ അയാൾ പേഴ്സ് തുറന്ന് നൂറു രൂപയെടുത്ത് നീട്ടി. അവർ "ഒദ്ദു ബാബു ഗാരു, നാക്കെന്തുകു ഡബ്ബു"[21] എന്നു പറഞ്ഞു മേടിക്കാൻ വിസമ്മതിച്ചു. അയാൾ രൂപ തിരികെ പേഴ്സിൽ വച്ചു.

ഗേറ്റുകടന്നു പുറത്തുനിർത്തിയ വാഹനത്തിൽ കയറവേ അയാൾ ഒന്നു തിരിഞ്ഞുനോക്കി. ആതലക്ഷ്മി കയ്യിൽ കൊണ്ടച്ചീപ്പുരുവുമായി നിസ്സംഗയായി നില്ക്കുന്നു. നരച്ചു നിറം മങ്ങിയ ഒലീവ് പച്ച സാരിയിൽ അവർ ഒരു ജീവനുള്ള കൊണ്ടച്ചീപ്പുരുപോലെ തോന്നി. തന്റെ ജന്മനിയോഗം പൂർത്തിയാക്കി വലിച്ചെറിയപ്പെടാൻ കാത്തിരിക്കുന്ന മറ്റൊരു കൊണ്ടച്ചീപ്പുരു !

**കുറിപ്പുകൾ**

1. ബാബു, ഞാൻ നിങ്ങളെ അപ്പുറത്തേക്ക് കൊണ്ടുപോകാം.
2. നിങ്ങളെ ഞാൻ അപ്പുറത്തേക്ക് കൊണ്ടുപോകാം, ബാബു.
3. നിങ്ങടെ പേരെന്താണമ്മ ?
4. ആതലക്ഷ്മി, ബാബു
5. വരൂ ബാബു, പേടിക്കേണ്ടാ കേട്ടോ.
6. ബാബു, ഇതുവഴി വന്നോളൂ.
7. കുറച്ച് കുടിവെള്ളം കിട്ടുമോ.
8. ഇതുവഴി വരൂ ബാബു.
9. അമ്മാ, വിശക്കുന്നു.
10. ഒരരമണിക്കൂറിൽ ചോറുതരാം മക്കളേ.
11. നിന്റെ പേരെന്താ ?
12. എന്റെ പേര് ശീനിവാസറാവു.
13. നിന്റെ പേര് ?
14. എന്റെ പേര് മുത്യാലമ്മ.
15. അമ്മോ, നിങ്ങൾ ആതലക്ഷ്മിയല്ലേ ?
16. അതേ ബാബു നിങ്ങള്...?
17. എന്നെ ഓർമ്മയില്ലേ...?
18. ഇല്ല ബാബു.
19. ഞാൻ നിങ്ങടെ ഗ്രാമത്തിൽ ഒരിരുപത്തഞ്ചു കൊല്ലം മുമ്പ് വന്നിരുന്നു. അന്ന് നിങ്ങൾ കുന്നിൻമുകളിൽ എനിക്ക് വഴികാട്ടിയായിരുന്നു.
20. അന്ന് നിങ്ങളെനിക്ക് അഞ്ചുരൂപ തന്നിരുന്നില്ലേ...?
21. വേണ്ട ബാബു, എനിക്കെന്തിനാണ് പണം ?

**നിങ്ങളുടെ വഴി നിങ്ങൾക്ക് നല്ലത്.**
**പക്ഷെ എനിക്കല്ല.**
**എന്റെ വഴി എനിക്ക് നല്ലത് നിങ്ങൾക്കല്ല.**
***- സ്വാമി വിവേകാനന്ദൻ -***

## കവിത



**കെ. സുധാകരൻ**
**9400658289**

# മാതൃവാത്സല്യം

ഈ ധരണിയാകുന്നൊരെൻ പാഠശാലയും
പഞ്ചഭൂതാദികളാകുമെൻ ഗുരുക്കൻമാരും
പ്രപഞ്ചസൃഷ്ടികളാൽ പാഠപുസ്തകങ്ങൾ
തീർത്തെന്നെ കാത്തിരിക്കുമീപാഠശാലയാം ധരണി

പത്തുമാസം ഗർഭത്തിൽ ചുമന്നങ്ങൊരുദിനം
അദ്ധ്യയനത്തിനായ് പാഠശാലയിലിരുത്തിയെന്നെ
അലമുറയിട്ടന്നു കരഞ്ഞു അപരിചിതമാം
പാഠശാലയിലന്നെത്തിയൊരാദിനം


കരഞ്ഞിടുന്നൊരെന്നെ മാറോടുചേർത്തു
സ്നേഹത്തിൻ പാലമൃതൂട്ടിയന്നേരമമ്മ
പൊക്കിൾ കൊടിയാൽ തീർത്തൊരാബന്ധമറുത്തു
പാലമൃതാൽ സുദൃഢമാം ബന്ധമതുതീർത്തു

കാത്തിരിപ്പാൽ നേടിയൊരാബന്ധത്താലന്നു
ജന്മസാഫല്യം കൈവരിച്ചൊരാമാതൃത്വം
മാറിടം ചുരത്തിടും ജീവാമൃതം നുകരവെ
പേറ്റുനോവിൻ വേദനമറന്നൊരാമാതൃത്വം

കണ്ണിമകൾ വിടർന്നിടാ വേളയിലറിഞ്ഞന്നുസ്നേഹ
മയിയാമമ്മ തലോടിടുമാ പരിലാളനസുഖം
അമ്മതൻ മാനസ്സവല്ലരി പൂത്തൊരാസുദിനം
അന്നല്ലൊ നാൾകുറിച്ചൊരെൻ ജന്മദിനം

സ്നേഹമാം മേമ്പൊടി ചേർത്തന്നമ്മ നൽകിയ
പാലമൃതെന്നൊരാ പിറന്നാൾ സമ്മാനമതിന്നും
മനസ്സാം അക്ഷയപാത്രമതിൽ ക്ഷീരസാഗരമായ്
നിറഞ്ഞിടുന്നുവർഷമതേറെ കഴിഞ്ഞെന്നാകിലും

ആ സ്നേഹസാഗരത്തെയളന്നിടാനാകുമോയെന്നും
നേടിയൊരാദ്രവ്യമതുമുഴുവൻ നൽകിയെന്നാകിലും
ഉള്ളിന്റെയുള്ളിൽ നിന്നുമുയർന്നീടുന്നൊരു
നിഷ്കളങ്കമാം സ്നേഹവാക്കുകൾ കൊണ്ടല്ലാതെ.



അരവിന്ദൻ
9745935385, 0494 - 2682899

# മരണം

**പൂ**മുഖത്തിട്ട ചാരുകസേരയിൽ അയാൾ മരണം കാത്തുകിടന്നു. മരണത്തിനുമുമ്പ് ചെയ്തുതീർക്കേണ്ട കാര്യങ്ങളെല്ലാം അയാൾ ഓരോന്നായി ചെയ്തുതീർത്തിരുന്നു. ഏറ്റവും ആദ്യം ചെയ്തത് പുരയിടം ഭാഗിച്ചുവെക്കലാണ്. മക്കൾക്ക് ഓരോരുത്തർക്കും സ്വത്ത് വെവ്വേറെയാക്കി. മരണപത്രമെഴുതുകയാണുണ്ടായത്. ആരെയും അറിയിക്കാതെ അത് രജിസ്റ്റർ ചെയ്തുപെട്ടിയിൽ ഭദ്രമായിവെച്ചു. മരണാനന്തരം മക്കൾ സ്വത്തിനുവേണ്ടി വഴക്കു കൂടുകയില്ലല്ലൊ.

മരണവൃത്താന്തമറിയിക്കേണ്ടവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കാൻ നന്നേ പാടുപെട്ടു. പതിനെട്ടുവയസ്സിൽ നാടുവിട്ടതാണ്. അന്നുമുതൽ പലരേയും പരിചയപ്പെട്ടു. പലരോടുമൊപ്പം പലനഗരങ്ങളിൽ പ്രവർത്തിച്ചു. പല സംഘടനകളുടെ ചുക്കാൻ പിടിച്ചു... സുഹൃത്തുക്കളുടെ ഒരു നീണ്ട നിരതന്നെയുണ്ടായിരുന്നു... ഓർമ്മശക്തി തളരാൻ തുടങ്ങിയിരുന്നു. തലേന്നു കണ്ടവരെപ്പോലും പിറ്റേന്ന് ഓർക്കാനാവുന്നില്ല. കുറേനേരം മിനക്കെട്ടാലാണ് ഓർമ്മവരിക. പഴയ ഡയറികളിലും ടെലഫോൺ ഡയറക്ടറികളിലും മുങ്ങിത്തപ്പി. അറിയാവുന്നവരെ വിളിച്ച് ആവശ്യമുള്ളവരുടെ നമ്പറുകൾ തിരക്കി ശേഖരിച്ചു. അങ്ങിനെ കുറേ ദിവസങ്ങളുടെ പ്രയത്ന ഫലമായി സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും ലിസ്റ്റൊരുക്കി. വിലാസങ്ങളും ഫോൺനമ്പറുകളും ഒരു നല്ല ഡയറിയിൽ ഭംഗിയായി എഴുതിവെച്ചു. മരണവാർത്ത അറിയിക്കാനുള്ളവരുടെ പട്ടിക എന്നൊരു തലക്കെട്ടും കൊടുത്തു. അടിയിൽ ചുകന്ന മഷി കൊണ്ടൊരു വരയും.

ചരമം പ്രസിദ്ധീകരിക്കുന്ന പത്രങ്ങളെക്കുറിച്ചോർത്തപ്പോൾ അത്തരം പ്രാദേശിക പത്രങ്ങളുടെ പേരും, ഫോൺ നമ്പറുകളും, പത്രറിപ്പോർട്ടർമാരുടെ വിവരങ്ങളും അന്വേഷിച്ചറിഞ്ഞു. പത്രങ്ങൾക്ക് കൊടുക്കാനുള്ള മാറ്റർ തയ്യാറാക്കലായിരുന്നു അടുത്ത ജോലി. ജനനം, വിദ്യാഭ്യാസം, ജോലി, ജോലിയെടുത്ത സ്ഥാപനങ്ങൾ, കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ വസ്തുതകൾ മാറ്ററിൽ സ്ഥലം പിടിച്ചു. ഇയ്യിടെ എടുത്ത ഫോട്ടോകളിൽ നിന്നൊരെണ്ണം തിരഞ്ഞെടുത്ത് മാറ്ററോടൊന്നിച്ചുവെച്ചു. എല്ലാറ്റിന്റേയും പത്തു പതിനഞ്ചു കോപ്പികളും തയ്യാറാക്കി. പത്രപ്രതിനിധികൾക്ക് സമ്മാനിക്കാൻ ഉപഹാരങ്ങളും ഒരുക്കിവെച്ചു. പത്രങ്ങളിൽ വിശദമായ വാർത്ത പ്രത്യക്ഷപ്പെടണമെങ്കിൽ ഉപഹാരം നന്നാകണം എന്ന് പഠിച്ചത് അനുഭവം കൊണ്ട്.

മരണവീട്ടിൽ ഒരുക്കേണ്ടതെന്തൊക്കെയാണെന്ന് ചോദിച്ചറിഞ്ഞു. കൂടാതെ ഈയിടെ മരണമടഞ്ഞ വീടുകളിലെല്ലാം നേരിട്ടുപോയി മനസ്സിലാക്കുകയും ചെയ്തു. കിണ്ടി, നിലവിളക്ക്, എണ്ണ, തിരി, തേങ്ങ, നെല്ല്, അരി, ചന്ദനത്തിരി, കർപ്പൂരം, കോറത്തുണി... മരണശേഷം ശവശരീരം കിടത്തേണ്ടതെവിടെയെന്നുവരെ അയാൾ കുറിച്ചുവെച്ചു. അന്ത്യാഞ്ജലിയർപ്പിക്കാൻ എത്തുന്നവർക്ക് വരാനും പോകാനുമുള്ള സ്ഥലമെങ്കിലും വേണമല്ലൊ.

ശവദാഹത്തിനുവേണ്ട ഒരുപ്പടികളെക്കുറിച്ചായിരുന്നു പിന്നീടുള്ള ചിന്ത. മാവുവെട്ടി ദഹിപ്പിക്കൽ നാടുകടന്നകാലമാണല്ലൊ. ചൂളക്കാരന്റെ വിലാസവും ഫോൺ നമ്പറും സംഘടിപ്പിച്ചു. അവർക്ക് വേണ്ട സാധനങ്ങൾ ടെറസ്സിനു മുകളിൽ ഒരുക്കിവെച്ചു. ചിരട്ട, ചകിരി, വിറക്, വൈക്കോൽ, നെയ്യ്, ചന്ദനമുട്ടികൾ, ചന്ദനത്തിരി, കർപ്പൂരം, ഓലക്കൊടിക്കെട്ട്... എല്ലാം സുഭിക്ഷമായി ശേഖരിച്ചുവെച്ചു. കൂടാതെ ചാണകക്കുണ്ടിലെ ചാണകം സൂക്ഷിച്ചുവെക്കണമെന്ന നിർദ്ദേശവും കൊടുത്തു.

യേശുവിനെപ്പോലെ കാലിത്തൊഴുത്തിലല്ലെങ്കിലും പഞ്ഞക്കുടിലിലായിരുന്നു ജനനം. അമ്മ കൂലിപ്പണിക്കു പോയി കിട്ടുന്നതുകൊണ്ട് കഴിഞ്ഞു. അച്ഛനാരെന്നറിയില്ല. ഏതോ മഹാനാണെന്നാണ് അമ്മ വിശേഷിപ്പിക്കാറ്. കണ്ണിൽ ചോരയില്ലാത്ത ആ മനുഷ്യനെക്കുറിച്ചോർത്താൽ കലിവരും. അയാളെ വെറുക്കരുതെന്ന് അമ്മ കൂടെക്കൂടെ പറയുമ്പോൾ അത്ഭുതം തോന്നും. ഒരച്ഛൻ ചെയ്യേണ്ടതൊന്നും ചെയ്യാതെ ഒളിവിൽ കഴിയുന്ന ആ മനുഷ്യനെ കണ്ടാൽ അരച്ചുതിന്നണമെന്നയാൾ കരുതും. അച്ഛനോടുള്ള പകയും അച്ഛന്റെ പേരുവെളിപ്പെടുത്താത്ത അമ്മയോടുള്ള വൈരാഗ്യവുമായാണ് വളർന്നത്.

എഴുത്തച്ഛൻ മാഷടെ കനിവുകൊണ്ട് മൂപ്പരുടെ സ്കൂളിൽ നാലഞ്ചുവരെ പഠിച്ചു. എഴുത്തച്ഛൻ മാഷാണ് തെങ്ങുകയറ്റക്കാരൻ മനോജിനെ പരിചയപ്പെടുത്തിയതും. തേങ്ങയും അടക്കയും പെറുക്കിക്കൂട്ടുന്ന ജോലിയിൽ തുടങ്ങി ക്രമേണ തെങ്ങുകയറ്റക്കാരനായി. താമസിയാതെ കൊപ്രക്കച്ചവടം തുടങ്ങി. തേങ്ങ എണ്ണത്തിനെടുത്തു കൊപ്രയാക്കി. അടക്ക കരാറെടുത്തു. തൊട്ടതെല്ലാം പൊന്നാക്കുന്ന വിധം കച്ചവടം പുരോഗമിച്ചു. പണമായി. വീടായി. പറമ്പുകളായി... നാട്ടിൽ അറിയപ്പെടുന്നവനായി. അച്ഛനില്ലാതെ പിറന്നവനെന്ന മുദ്ര പണത്തിന്റെ തിളപ്പിൽ അലിഞ്ഞുപോയി. നാട്ടിലെ എണ്ണപ്പെട്ട കുടുംബത്തിൽ നിന്നു വിവാഹം. മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു പുറത്തിറങ്ങുന്നതിനുമുന്നുതന്നെ മൾട്ടിനാഷണൽ കമ്പനികൾ തപ്പിയെടുത്ത മക്കൾ...

ഇപ്പോൾ ഒന്നിനും വയ്യാതായി. അസുഖങ്ങൾക്ക് പഞ്ഞമില്ല. പ്രമേഹം, ശ്വാസംമുട്ട്, ബി. പി., കൊളസ്ട്രോൾ... മരുന്നുകൾ കഴിച്ചുമടുത്തു - ഒറ്റക്കുള്ള ജീവിതവും. വേണ്ടപ്പെട്ടവരാരും അടുത്തില്ല. പണിക്കാരുടെ ദയകൊണ്ടാണ് ജീവൻ നിലനില്ക്കുന്നത്. ഗ്രാമമെന്നുകേട്ടാൽ പുച്ഛിക്കുന്ന മക്കൾ. പേരക്കുട്ടികൾ. അവരോടൊപ്പം നഗരത്തിന്റെ തിളക്കത്തിൽ ലയിച്ചു കഴിയുന്ന ഭാര്യ.

ഇനി മരണമെ ശരണമുള്ളു. ആരുടെയും സഹായം തേടാതെ ആരെയും ബുദ്ധിമുട്ടിപ്പിക്കാതെ... ശവസംസ്കാരത്തിനുപോലും ആർക്കും ഓടി നടക്കേണ്ട. പണം ചെലവാക്കണ്ട. എല്ലാം ശേഖരിച്ചുവെച്ചിട്ടുണ്ട്. കാലൻ എഴുന്നള്ളുകയേ വേണ്ടൂ.

ദേശത്തിലെ ഒന്നുരണ്ടു വീടുകളിൽ മരണം നടന്നപ്പോൾ അയാൾ സന്തോഷിച്ചു. ഇനി അധികതാമസമുണ്ടാവില്ല. കാലൻ അടുത്തെത്തിക്കഴിഞ്ഞു. ഒരിടത്തെത്തിയാൽ അവിടെയുള്ള കാലം കൂടിയവരെയെല്ലാം എടുത്തേ മൂപ്പർ തിരിച്ചുപോകൂ. രണ്ടുതവണ ഒരേസ്ഥലത്തേക്ക് വരേണ്ട ആവശ്യമില്ലല്ലൊ. എല്ലാം കരുത്തോടെ കാണാൻ ശ്രമിച്ചിട്ടും അടുത്ത വീട്ടിലെ യുവാവി

ന്റെ ഓർക്കാപ്പുറത്തുണ്ടായ മരണം അയാളെ പിടിച്ചുകുലുക്കി...

തന്റെ മരണത്തിനു ഇനി അധികതാമസമുണ്ടാവില്ലെന്നോർത്ത അയാൾക്ക് എന്തെന്നില്ലാത്ത പരവേശം. പേടി. ഇരിക്കപ്പൊറുതിയില്ലാതെ അയാൾ ഒരുവിധം ചാരുകസേരയിൽ നിന്നെണീറ്റു. ആകാശത്തിൽ രക്തം തളം കെട്ടുന്നതും രാത്രിയുടെ ഇരുട്ടിലേക്ക് സൂര്യൻ തളർന്നുവീഴുന്നതും കണ്ടയാൾ ഞെട്ടി. തലചുട്ടു പൊള്ളി. ഉമ്മറക്കോലായിൽ അയാൾ തലങ്ങും വിലങ്ങും ഇടറി നടന്നു. വെച്ചോടത്തിരിക്കാത്ത കാലുകൾ. ശരീരം താങ്ങാനാവാതെ വിറക്കുന്ന കാലുകൾക്ക് ശക്തിതരേണമെ എന്നയാൾ ദീനമായി പ്രാർത്ഥിച്ചു. നിലത്തു വീഴാതിരിക്കാൻ ചുമരിൽ ചാരി. ഉമ്മറത്തൂൺ പിടിക്കാനാഞ്ഞ അയാളുടെ കാലുകൾ പതറി. നിലത്തുമലച്ചു വീണ അയാൾ ഉറക്കെ നിലവിളിച്ചു.

"എന്നെ രക്ഷിക്കണേ..."

ഓടിയെത്തിയ പരിചാരകർ താളുപോലെ തളർന്നുകിടന്ന അയാളെ താങ്ങിയെടുത്തു. പരിചാരകരിൽ കാലകിങ്കരന്മാരുടെ നിറവും രൂപവും കണ്ടയാൾ സംഭ്രമിച്ചു. അവരുടെ ശക്തിയാർന്ന കൈകളിൽ നിന്ന് കുതറിമാറാനാകാതെ അയാൾ പിടഞ്ഞുകെഞ്ചി. "എനിക്കിപ്പോൾ മരിക്കണ്ട. എനിക്കിനിയും ജീവിക്കണം." പക്ഷെ ശബ്ദം പുറത്തുവന്നില്ല. അയാളുടെ ശ്വാസം നിലക്കാൻ തുടങ്ങിയിരുന്നു.

●



പുള്ളോട് പ്രവീൺ
9447509447

# ജീവിതം ഒരു പോസ്റ്റുമാർട്ടം

**ബാ**ല്യത്തിൽ പഠിക്കാൻ മിടുക്കൻ ആയിരുന്നു അവൻ. പക്ഷേ, പിന്നീട് വലിയ വാക്കുകൾ മനപ്പാഠമാക്കാൻ കഴിയാതെ വന്നപ്പോളും, വിരലുകൾ മടക്കി ചെയ്യുന്ന കണക്കുകൾ അവസാനിച്ച് വലിയ ഗുണിതങ്ങൾ ആയപ്പോളും അവൻ ഒരു പരാജിതൻ ആയി. എങ്കിലും, ഒരു നേരം മാത്രം വയറു നിറച്ച് ലഭിക്കുന്ന ഉച്ചക്കഞ്ഞി ഓർത്തപ്പോൾ അവൻ തോൽക്കാൻ തയ്യാറായില്ല. കഷണങ്ങൾ ആയി മുറിച്ചെടുത്ത കടലാസ് തുണ്ടുകൾ ഉപയോഗിച്ച് പരീക്ഷകൾ ജയിച്ച അവൻ അങ്ങനെ ഉച്ചക്കഞ്ഞിക്ക് നന്ദി അറിയിച്ചു.

ദാരിദ്ര്യം ഉണ്ടെങ്കിലും സുന്ദരൻ ആയിരുന്നു അവൻ. അതിനാൽ തന്നെ അവൻ ഇഷ്ടപ്പെട്ട പെണ്ണും അവനെ പ്രണയിച്ചു. അദ്ധ്വാനം കൊണ്ട് ഉറച്ച ശരീരം ആയിരുന്നു അവന്റെ, അതിൽ ആകൃഷ്ടയായ അവൾ തന്റെ ചാരിത്ര്യവും അവന് സമ്മാനിച്ചു. സർക്കാർ ജോലിക്കാരന് മാത്രമേ മകളെ വിവാഹം കഴിപ്പിക്കു എന്ന അവളുടെ അച്ഛന്റെ വാശിയും, അവളുടെ ആശയും കാരണം അവൾക്ക് അവനെ പിരിയേണ്ടി വന്നു. വിവാഹം ഉറപ്പിച്ച ശേഷം തിളങ്ങുന്ന കണ്ണുകളും ആയി എത്തിയ അവളെ നിറഞ്ഞ കണ്ണുകളും ആയി അവൻ യാത്രയാക്കി.

എല്ലാവരേയും പോലെ അവനും വിവാഹിതൻ ആയി. വിവാഹ ജീവിതത്തിലെ പതിവ് കിടപ്പ് മുറി രംഗങ്ങൾ ആവർത്തിക്കപ്പെട്ടപ്പോൾ അവരുടെ മുറ്റത്തും മൂന്നു കുരുന്നുകൾ ഓടിനടന്നു. അവരുടെ വിദ്യാഭ്യാസം, പാർപ്പിടം, ഭക്ഷണം, വസ്ത്രം എന്നിവ നല്ല പോലെ നടത്താൻ ആയി അവൻ പ്രവാസ ജീവിതം ആരംഭിച്ചു. മണ്ണിന്റെ മണം അവന് അന്യം നിന്നെങ്കിലും പഴയ വീടിന്റെ സ്ഥാനത്ത് മാളിക ഉയർന്നു, മക്കൾ എഞ്ചിനീയരും ഡോക്ടറും ഒക്കെ ആയി. മുറ്റത്ത് ആഡംബരകാറുകൾ വിശ്രമിച്ചു.

പ്രായം ഏറെ ചെന്നപ്പോൾ അവൻ നാട്ടിലേക്കു മടങ്ങി. നാടിന്റെ മാറ്റം അവന് ഉൾക്കൊള്ളാൻ ആയില്ല. വീട്ടിൽ അവൻ ഒറ്റപ്പെട്ടു. മക്കൾ വിവാഹിതർ ആയതോടെ അവന് ശത്രുക്കളും കൂടി. ഭാര്യയും എതിർപക്ഷത്ത് ചേർന്നതോടെ അവൻ മുകളിലെ നിലയിൽ നിന്നും താഴെ ഇറങ്ങാതെ ആയി. ഹോം നേഴ്സ് എന്ന പേരിൽ വന്ന പെൺകുട്ടി നൽകുന്ന ഭക്ഷണം കൊണ്ട് അവൻ ജീവൻ നില നിർത്തി.

ഒടുവിൽ അവനെ തേടി കാലൻ എത്തി. ആസന്നമായ അവന്റെ മരണം വേണ്ടപ്പെട്ടവരെ അറിയിക്കാൻ കാലൻ ശ്രമിച്ചു. കടലുകൾക്ക് അപ്പുറത്തുള്ള മക്കൾക്ക് വാട്സ് ആപ്പ് സന്ദേശം അയച്ചുനോക്കി. അച്ഛന്റെ സന്ദേശം ആയതുകൊണ്ട് അത് വായിക്കാതെ തന്നെ അവരുടെ മൊബൈലിൽ വിശ്രമിച്ചു. ഉച്ചത്തിൽ ഉള്ള ടി.വി.യുടെ ശബ്ദം കാരണം അയാളുടെ ഭാര്യയും കാലൻ പറഞ്ഞത് കേട്ടില്ല. ഒടുവിൽ ആരെയും അറിയിക്കാതെ അവൻ മരണത്തിന്റെ കൈ പിടിച്ചു വീടിനു പുറത്തു കടന്നു. ആ സമയത്ത് ടി. വി. യിൽ അലറി കരയുന്ന സീരിയൽ നായികയുടെ ശബ്ദം ആദ്യമായി അവന് ആശ്വാസം പകർന്നു.

●

## കണ്ണേട്ടൻ

ഡേവിഡ് മാത്യു



ഓഫീസിൽ പോകാതിരിക്കാൻ പറ്റില്ലെന്നോ. അതെന്താ, അത്രയ്ക്ക് തിരക്കുണ്ടോ ?

തിരക്കുള്ളതുകൊണ്ടൊന്നുമല്ല . കുട്ടികളുള്ളതിനാൽ വീട്ടിലിരുന്നാൽ പകലുറക്കം ശരിയാകില്ല.

EKA THATHWA
POST BOX NO 70
PALAKKAD - 678001

ഗോപിനാഥ് മേനോൻ ചെറുവട്ടത്ത്
9446024238

# മരണത്തിന്റെ ഗന്ധം



**നി**ശ്ശബ്ദത ഉറങ്ങുന്ന രാത്രി... എല്ലാ മുറികളിലും ഫാൻ തിരിയുന്ന ശബ്ദം... ഫ്രീസർ മോട്ടോറിന്റെ നേരിയ മൂളൽ.... മുനിഞ്ഞു കത്തുന്ന നിലവിളക്ക്, അടുത്തു ഒരു കുപ്പിയിൽ നിറയെ നല്ലെണ്ണ, ധൂപത്തിരികൾ കത്തിച്ചുവെച്ചിട്ടില്ല... ഭാഗ്യം... അല്ലെങ്കിൽ വീടിന്റെ ഗേറ്റ് എത്തുമ്പോഴേക്കും തന്നെ smell of death വരവേൽക്കാനുണ്ടാവും...

മരിച്ച വീട്ടിൽ പ്രത്യേകിച്ച് മൃതശരീരം കിടത്തിയ മുറിയിൽ ആരും ഉച്ചത്തിൽ സംസാരിച്ചുകൂടാ... മുകളിലെവിടെയോ landphone അടിക്കുന്ന ശബ്ദം രാത്രിയുടെ നിശ്ശബ്ദതയെ കീറിമുറിച്ചു.

പിറ്റേന്ന് നടക്കാനിരിക്കുന്ന സംസ്കാരചടങ്ങിന്റെ സമയത്തെക്കുറിച്ചോ എല്ലാവരും എത്തിചേർന്നോ എന്നതിനെക്കുറിച്ചോ ഉള്ള enquiry ആവാം... ആരോ അടക്കിപ്പിടിച്ചു വർത്തമാനം പറയുന്നു... മരണവീട്ടിലെ ചിട്ടവട്ടങ്ങൾ അറിയാതെ വിശന്നു ഉറക്കെ കരയുന്ന കുട്ടിയുടെ ശബ്ദം!!! വാതിൽ ചാരിവച്ച അടുക്കള... ഇനി എന്തെങ്കിലും വെച്ച് ഉണ്ടാക്കുന്നത് ദഹനം കഴിഞ്ഞുമാത്രം... വിശന്നു നിലവിളിക്കുന്ന കുട്ടിയുടെ ഒച്ച അകന്നകന്നു പോയി... തൊട്ടടുത്ത വീട്ടിലും ആരും കിടന്നിട്ടില്ല... ചായയും അസമയത്ത് എത്തുന്ന് ബന്ധുക്കൾക്ക് കൊടുക്കാൻ ഭക്ഷണവും അവിടെയാണ്.

അടക്കിപ്പിടിച്ച തേങ്ങലോ നിലവിളിയോ ഒന്നുമില്ലാത്ത ഒരു മരണവീട്... തണുപ്പിച്ചു കിടത്തിയ മൃതശരീരം ആരെയോ കാത്തിരിക്കുന്നുണ്ട്. കാത്തിരുന്നു ക്ഷീണം ബാധിച്ച പലരും കട്ടിലിലും നിലത്തുവിരിച്ച പായകളിലും ഇരുന്നും ചരിഞ്ഞു കിടന്നും മയങ്ങുന്നു.

പുറത്തും തൊടിയിലും എല്ലാം ലൈറ്റിട്ടു പ്രകാശമാനമാക്കിയിട്ടുണ്ട്... മരണം സംഭവിച്ചിട്ടു മണിക്കൂറുകൾ ആയി... മുൻവശത്ത് പ്ലാസ്റ്റിക് കസേരകളും വലിയ തുണികൾ വലിച്ചുകെട്ടി ഒരു പന്തലും...

മണിക്കുട്ടി എപ്പോ എത്തും ?

അമേരിക്കയിൽ നിന്ന് ഇന്നലെ പുറപ്പെട്ടുകഴിഞ്ഞു... പാരീസ് വഴിയും ലണ്ടൻ വഴിയും വരാം... നെടുമ്പാശ്ശേരിയിൽ ഇറങ്ങി കഴിഞ്ഞാൽ പിന്നെ കഷ്ടിച്ചു മൂന്നു മണിക്കൂർ... കാലത്ത് ഏഴെട്ട് മണിയാവുമ്പോഴേക്കും എത്തണ്ടതാണ്...

ഇരുട്ടിലെവിടെയൊക്കെയോ ആരുടെയൊക്കെയോ നിഴലുകൾ....

ഇന്നലെ ഉച്ചയോടെ തന്നെ മാവ് വെട്ടി വിറകു കഷണങ്ങളാക്കി അടുക്കി വച്ചിട്ടുണ്ട്... മൂപ്പരുടെ കർമ്മം ചെയ്യുന്നതാരായിരിക്കും... ഒറ്റത്തടിയായിരുന്നല്ലോ... മരുമകൾ ചെയ്യുമായിരിക്കും... അതിനല്ലേ കാത്തിരിക്കുന്നത്... പക്ഷെ സ്ത്രീകൾക്ക് ദഹിപ്പിക്കുന്ന സ്ഥലത്ത് വരാനോ അതിന്റെ ക്രിയകളിൽ പങ്കെടുക്കാനോ പാടില്ലല്ലോ... മരണവിവരം കിട്ടിയ ഉടൻ തന്നെ മണിക്കുട്ടി അറിയിച്ചു... ഞാൻ വന്നിട്ടേ എടുക്കാവൂ... ഫ്രീസറിൽ നല്ലപോലെ താഴ്ന്ന ഊഷ്മാവിൽ എടുത്തുവെക്കാൻ വേണ്ടത് ചെയ്യണം എന്നും... എത്താൻ 48 മണിക്കൂർ എടുക്കും. മരിച്ചുപോയ ആളുടെ കാര്യത്തിൽ മണിക്കുട്ടിയുടെ വാക്കുകൾ ഫൈനലാണ്.

ആരു പറഞ്ഞു മണിക്കുട്ടി സ്വന്തം മരുമകളാണെന്ന്? അകന്ന ബന്ധത്തിലെ ഒരു സഹോദരിയുടെ കുട്ടി... നാട്ടുകാർ അച്ഛൻ ആരെന്നറിയുന്നതിനുമുമ്പ് തന്നെ നാട്ടിൽ തനിച്ചാക്കിയിട്ടു പോയില്ലേ? ഇപ്പോൾ കാനഡയിൽ ഒരു ആന്ധ്രാക്കാരന്റെ കൂടെയാണ് പൊറുതിയെന്നു കേട്ടുകേൾവി... പിന്നെ മണിക്കുട്ടി എവിടെയും പോയില്ല. മൂപ്പരുടെ മണിക്കുട്ടിയായി ഇവിടെ. നാട്ടിൽ പത്താം ക്ലാസ് കഴിഞ്ഞു പാട്ട് പഠിക്കാൻ പാലക്കാട്ടോ തൃപ്പൂണിത്തുറയിലോ അയക്കണമെന്നായിരുന്നു പ്ലാൻ... അതിനു ആപ്ളിക്കേഷൻ ഫോമും വാങ്ങി വെച്ചതല്ലേ...

പിന്നെ അവളുടെ ഇഷ്ടത്തിനു വഴങ്ങി കോളേജിൽ ചേർത്തു... ഒരു ഭാഗവതരെ വച്ച് കുറച്ചു കാലം വീട്ടിൽ പാട്ടും പഠിപ്പിച്ചിരുന്നു... മൂപ്പരെല്ലാവരോടും മണിക്കുട്ടിക്കു സുബ്ബലക്ഷ്മിയുടെ ശബ്ദമാണെന്നാണ് പറയുക... നല്ല ശുദ്ധമായ തെളിഞ്ഞ സ്വരം... ശാസ്ത്രീയത്തിനു പറ്റിയത്!!! കീർത്തനം വരെയെത്തി ഗുരുവായൂർ ഏകാദശിക്ക് പാടാൻ ഉറപ്പിച്ചു പേരുവരെ രജിസ്റ്റർ ചെയ്തതല്ലേ ? മൂപ്പർക്ക് അപ്പോഴേക്കും എന്തോ ഒരു അസുഖം കണ്ടുപിടിച്ചു എന്നാണ് പറയുന്നത്. മണിക്കുട്ടി പിന്നെ പാടിയിട്ടില്ല. മൂപ്പരേയും കൊണ്ട് ബോംബേയിലും മദ്രാസിലെ അടയാറിലുമൊക്കെ കൊണ്ടുപോയി ചികിത്സിച്ചു... റിട്ടയർ ചെയ്തുകിട്ടിയ തുക മുഴുവനും മണിക്കുട്ടിയുടെ പേരിൽ ബാങ്കിൽ ഇട്ടിരിക്കുകയാണത്രെ!!! മൂപ്പരുടെ മെലിഞ്ഞു വരുന്ന ശരീരം കണ്ടപ്പോൾ നാട്ടുകാർ ഊഹിച്ചെടുത്തു... ദീനമെന്താണെന്ന്.

മണിക്കുട്ടിയുടെ ശരിയായ പേര് എം. ശ്രീപാർവ്വതി, മംഗലത്ത് ശ്രീപാർവ്വതി. ആരൊക്കെയോ പാറു... പാറു... എന്ന് വിളിച്ചുതുടങ്ങിയപ്പോഴാണ് മൂപ്പര് സ്ഥിരമായ വിളിപ്പേര് ഇട്ടത്. 'മണിക്കുട്ടി' എന്ന്. എല്ലാവരോടും താക്കീത് ചെയ്യുകയും ചെയ്തു. 'പാറു' എന്ന് വിളിച്ചുപോകരുതെന്ന്.

മണിക്കുട്ടിയുടെ അമ്മ 'രാജം' നല്ല സുന്ദരിയായിരുന്നു. കൊലുന്നനെ... നല്ല ഉയരം... വലിയ കണ്ണുകളും. അരയ്ക്കൊപ്പം ഇടതൂർന്ന മുടിയും വലതുവശം കുത്തിയ... നീണ്ട ഭംഗിയുള്ള മൂക്കിൽ വജ്ര മൂക്കുത്തിയും. അമ്മയുടെ തൻ സ്വരൂപമാണ് മണിക്കുട്ടിയെന്നാണ് മൂപ്പര് പറയുക. മണിക്കുട്ടിയുടെ അച്ഛനെക്കുറിച്ച് ആരെങ്കിലും ചോദിക്കുമ്പോൾ മാത്രം വേഗം വിഷയം മാറ്റിക്കളയും. അതെല്ലാർക്കും അറിയുകയും ചെയ്യാം.

നേരം പ്രകാശമായതോടെ ആളുകൾ എത്തിത്തുടങ്ങി. മുറ്റത്തിട്ട കസേരകളിൽ ഇരുന്നു മണിക്കുട്ടിയുടെ വരവ് പ്രതീക്ഷിച്ചു. അമേരിക്കയിൽ അവർക്ക് കിട്ടുന്ന ഡോളർ ശമ്പളത്തെക്കുറിച്ചും ഈ വയസ്സിലെ ഒറ്റക്കുള്ള താമസത്തെക്കുറിച്ചൊക്കെ പതിഞ്ഞ സ്വരത്തിൽ സംസാരിച്ചു. പുലർച്ചെ തന്നെ ആരെയോ അയച്ചിട്ടുണ്ട് എയർപോർട്ടിലേക്ക് ടാക്സിയുമായി... കൊണ്ടുവരാൻ...

നേർത്ത മഞ്ഞിന്റെ കുളിരിൽ കാലത്ത് എത്തിയവർ അടുത്ത വീട്ടിൽ നിന്ന് കൊടുത്തയച്ച ചൂട് ചായ ഊതിക്കുടിച്ചു... കുറച്ചുദൂരം തൊടി അവസാനിക്കുന്നിടത്താണ് ചിത ഒരുക്കിയിരിക്കുന്നത്. മാവിന്റെ വിറകു വേഗം കത്തിപ്പിടിക്കാൻ തെ

ങ്ങിന്റെ ഓലകൾ ഒതുക്കി ചൂട്ടു പോലെയാക്കി അടുക്കിവച്ചിരിക്കുന്നു... ചിതയിൽ മണ്ണെണ്ണ ഒഴിച്ച് കത്തിച്ചു കൂടാ...

കർപ്പൂരവും ഒരുപിടി രാമച്ചവും പച്ച മഞ്ഞളും കോടിയും പട്ടും ചെറിയ മൺകുടവും എല്ലാം ഉമ്മറത്തെ തിണ്ണയിൽ നിരത്തിവച്ചിട്ടുണ്ട്. ഇനി മണിക്കുട്ടി ഒന്ന് വന്നുകിട്ടിയാൽ മാത്രം മതി. രണ്ടു ദിവസത്തെ കാത്തിരിപ്പിന് അവസാനം...

മരണം അറിയിച്ചാൽ മാത്രം മതി സംസ്കാരത്തിനുള്ള സാധനങ്ങൾ ഒന്നുപോലും വിടാതെ കൃത്യമായി വീട്ടിലെത്തിക്കും.

ഒരു കാറിന്റെ ഹോൺ കേട്ടപ്പോൾ എല്ലാവരും എഴുന്നേറ്റ് അറ്റൻഷൻ ആയി. മണിക്കുട്ടി തന്നെ. ഒരു വെളുത്ത കാർ ഗേറ്റിന്റെ തൊട്ടടുത്ത് വന്നുനിന്നു. വിളിക്കാൻ ചെന്ന ആരോ ആണ് ഡോർ തുറന്നുകൊടുത്തത്.

ആർത്തലച്ചു ഓടി വീട്ടിനകത്തേക്ക് കയറുന്ന മണിക്കുട്ടിയെ കാത്തുനിന്നവരെ നിരാശരാക്കിക്കൊണ്ട് കാറിറങ്ങി തല കുനിച്ചു പതുക്കെ നടന്നുപോയ മണിക്കുട്ടി മൃതദേഹത്തിന്റെ കാൽക്കൽ കുറച്ചു സമയം തൊഴുതുനിന്നു. ആരൊക്കെയോ കൂടി ശ്രദ്ധാപൂർവ്വം ഡിക്കിയിൽ ഇരുന്നിരുന്ന സ്യൂട്ട് കേസുകൾ ഇതിനകം അകത്തേക്ക് എത്തിച്ചിരുന്നു. ഇനി അധികം വൈകിച്ചൂടാ... വേഗം തുടങ്ങാം. ഫ്രീസറിൽ നിന്ന് നിലത്തിറക്കിവച്ച ശരീരം... വാതിലും ജനലും എല്ലാം തുറന്നിടൂ. കാറ്റു വരട്ടെ... ബാക്ടീരിയ ഭക്ഷിക്കാൻ ആരംഭിച്ച മാംസത്തിന്റെ നേരിയ ഗന്ധം. ശിവൻ പോയാൽ പിന്നെ വെറും... ശവം... പേരും നാളും നഷ്ടപ്പെട്ട മനുഷ്യൻ...

മണിക്കുട്ടി ഒരു ശില പോലെ കാൽക്കൽ നിന്ന്... ജന്മാന്തരങ്ങളുടെ പുണ്യപാപങ്ങളും കുന്നോളം സ്നേഹവും ഏറ്റുവാങ്ങി. പട്ടു പുതച്ച ശരീരം ചിതക്ക് മേൽ വച്ചു. കുളിച്ച് ഈറനായി വന്നു, ചിത കൊളുത്തി. മൺകുടം പിന്നോട്ട് എറിഞ്ഞുപൊട്ടിച്ചു... സ്ത്രീക്ക് വിധിച്ചിട്ടില്ലാത്ത സംസ്കാര കർമ്മം... ഈറൻ മുടിയിൽ നിന്നും നെറ്റിയിലൂടെ ഉതിർന്ന ജലകണങ്ങളിൽ ഇത്തിരി കണ്ണീരുപ്പ് പതുക്കെ പതുക്കെ അലിഞ്ഞില്ലാതായി... ആളൊഴിഞ്ഞ ചിതക്കരികെ എപ്പോഴോ മുറിച്ചുമാറ്റിയ ഒരു പ്ലാവിന്റെ കുറ്റിയിൽ ഇരുന്നു മണിക്കുട്ടി മൂപ്പരുടെ സ്നേഹച്ചൂടും പുകയും ഏറ്റുവാങ്ങി...

ഡെറ്റോളും ഫിനയിലും ചേർത്ത് കഴുകി വൃത്തിയാക്കിയ മണം... മരണത്തിന്റെ വ്യത്യസ്തമായ വേറൊരു ഗന്ധം... ശരീരം കിടത്തിയിരുന്ന മുറിയിൽ കത്തിച്ചുവച്ച നിലവിളക്ക്... ബന്ധുക്കൾക്ക് ആശ്വാസനിശ്വാസങ്ങളോടെ പ്രഭാത ഭക്ഷണം... ഇപ്പോൾ വീട്ടിൽ അത്യാവശ്യം ഒച്ചയും ബഹളവുമൊക്കെയായി.

ആരോ മണിക്കുട്ടിയെ അടുക്കളയിലേക്ക് വിളിച്ചു.

'ഇപ്പോ എനിക്കൊരു കപ്പു കാപ്പി മാത്രം...' കുറച്ചുനേരമൊന്നു കിടന്നോട്ടെ... പുതിയ കിടക്കവിരിയുടെ മണം... മുറിയുടെ വാതിൽ പുറത്തുനിന്ന് ചാരി... ഉറങ്ങിക്കോട്ടെ ഒരൽപ്പം... പച്ചമുള ചീന്തുന്ന പോലെയുള്ള ഒരു ശബ്ദം കേട്ടാണ് എല്ലാരും കൂടെ മണിക്കുട്ടിയുടെ മുറിയിലേക്ക് ഓടി ചെന്നത്... മുറിയുടെ ഓരത്തുവച്ച ഹാർമോണിയ പെട്ടിയിൽ തല ചേർത്തുവച്ച് ഏങ്ങലടിച്ചു കരയുന്ന മണിക്കുട്ടി...

ഡിസ്റ്റർബ് ചെയ്യണ്ട. കരഞ്ഞ് കരഞ്ഞുവേണം സ്വയം സമാധാനം വരാൻ... Home they brought the warrior dead എന്ന കവിതയിലെ, കല്ല് പോലെ ഇരുന്ന വിധവയെ ഒന്ന് കരയിച്ചു, സങ്കടക്കടൽ പുറത്തുകൊണ്ടുവരാൻ കൊച്ചുകുഞ്ഞിനെ മടിയിൽ വച്ച് കൊടുത്തപോലെ... മണിക്കുട്ടിക്കു ആ ഹാർമോണിയം...

* * * * *

പെട്ടിയും സാധനങ്ങളും എല്ലാം ടാക്സിയിൽ കേറ്റിയ പണിക്കാർക്കൊക്കെ മണിക്കുട്ടി നിർലോഭം 'ഡോളർ' കൊടുത്തു.


ഇനി എന്നാണ്.... ഇങ്ങോട്ടൊക്കെ ?

വരാം എന്നെങ്കിലും...

എല്ലാവർക്കും അറിയാം... മംഗലത്ത് ശ്രീപാർവ്വതി ഇനി ഇങ്ങോട്ടില്ല എന്ന്. അമർത്തിയടച്ച ഡോറിന്റെ ഗ്ലാസ്സിനകത്ത് കൂടെ കൈകൂപ്പുന്ന മണിക്കുട്ടിയുടെ അവ്യക്തമായ നിഴൽ... മുന്നോട്ടു നീങ്ങിയ കാറിന്റെ പിന്നിലെ പുകക്കുഴൽ തുപ്പിയ വെളുത്ത പുകയുടെ മണം... മരണത്തിന്റെ മറ്റൊരു ഗന്ധം ? അറിയില്ല...

●

## കവിത



ദേവീപ്രസാദ് പീടിയ്ക്കൽ
9995253253

# ഹൂറി

മിഴി കൊണ്ട്
നീയെന്നെയളന്നതല്ലേ...
മൊഴി കൊണ്ട്
നീയെന്റെ അരുമയല്ലേ...
വിണ്ണിലുള്ള ചന്തിരന്റെ
തോഴിയല്ലേ...
എന്നുമെന്റെ ഖൽബിനുള്ളിലെ
റാണിയല്ലെ...
സുറുമയിട്ടൊരു മിഴിപിടച്ചത്
എന്തിനാണ്...?
അരികിലെത്താൻ ഞാൻ
കൊതിച്ചതുമെന്തിനാണ്...
ഹിജാബിനുള്ളിലൊളിച്ചു വച്ചൊരു
കൂന്തലാണോ...
ദേഹമെന്നിലലിഞ്ഞു തീരണ
വെണ്ണയാണോ...
വിറപൂണ്ടുതേനുള്ളിൽ
നിറയണൊരധരങ്ങളോ
റമദാനിലണയണ
അമ്പിളിപ്പൂന്തിങ്കളാണോ...
ജിന്നെനിക്കായ് കാത്തുവെച്ചൊരു
ഹൂറിയാണോ...
നാണമുയരണ മുല്ലപൂത്തതു
പല്ലിലാണോ...
ഇതിലേതു മൊഞ്ച്...
എതേതു മൊഞ്ച്
ഹുറിയവളൊരു ഹൂറി
മൈലാഞ്ചി മൊഞ്ച്
മിഴി കൊണ്ട്
നീയെന്നെയളന്നതല്ലേ...
മൊഴി കൊണ്ട്
നീയെന്റെ അരുമയല്ലേ...

**ലോകം നമുക്ക് വേണ്ടിയാണ്. നാം അതിനുവേണ്ടിയല്ല. നന്മയും തിന്മയും നമ്മുടെ സേവകരാണ്. നാം അവയുടേതല്ല.**
***– സ്വാമി വിവേകാനന്ദൻ***

# കഥ



മോഹൻദാസ് പെരിങ്ങോട്ടുകുറുശ്ശി
9744989896

# വിനോദക്കാഴ്ച

**ഉ**ച്ച വെയിൽ അനസ്യൂതം പെയ്തിറങ്ങുന്ന നഗരത്തിന്റെ നടുവിലാണത് സംഭവിച്ചിരിക്കുന്നത്. തലങ്ങും വിലങ്ങും കൂകിപ്പാഞ്ഞ് സമയത്തെ പുറകിലാക്കാൻ ശ്രമിക്കുന്ന മോട്ടോർ വാഹനങ്ങൾക്കിടയിൽ ഇടക്കിടെ ദൃശ്യമാകുന്ന അതിഭീകരമായ കാഴ്ച. ഛെ ! ആ നശിച്ചവൻ കാണിച്ച പണി നോക്കിക്കേ ! മൃതപ്രായനായ മരണവെപ്രാളത്താൽ ചുടുനിണത്തിൽ കിടന്നുരുളുന്ന ഒരുവന്റെ മരണ ചേഷ്ടകൾ. അതാണാ വൃത്തികെട്ടവൻ നിമിനേരം കൊണ്ടില്ലാതാക്കിയത്. അടുത്ത നിലയിലേക്ക് ഓടിക്കയറാനുള്ള നേരവും കുറവ്. അഥവാ ഓടിയെത്തുമ്പോഴേക്കും സംഭവിക്കാനുള്ളതെങ്ങാനും സംഭവിച്ചാലോ ! പിന്നെ ആർക്കുവേണം ചലനമറ്റ് കണ്ണും തുറിച്ച് ചത്തുകിടക്കുന്നവന്റെ ഒരു ഫോട്ടോ. ആത്മഗതങ്ങളിലുരസിയ ഡ്രൈവറോടുള്ള അമർഷത്തിൽ പിന്നേയുമയാളിലെ അർപ്പണബോധമുള്ള കലാകാരൻ ആവർത്തിച്ചു. ഛെ !

ഒടുവിൽ ഗതാഗതക്കുരുക്കഴിഞ്ഞ് അന്യസംസ്ഥാനത്തുകാരൻ കൺവെട്ടത്തുന്ന് മറഞ്ഞപ്പോൾ അയാൾ അറിയാതെ പറഞ്ഞു. താങ്ക് ഗോഡ്. പിന്നെ ഒരു നിമിഷം പോലും വേണ്ടി വന്നില്ല ഫ്ളാറ്റിലെ സിറ്റൗട്ടിൽ സ്ഥാനം പിടിച്ചവരെല്ലാം ഉഷാറിലായി. ചാഞ്ഞും ചരിഞ്ഞും, സൂം ചെയ്തും അവസാന ഒരിറ്റുവെള്ളത്തിനായ് ദയനീയമായ് നാവു നുണയുന്ന ഏതോ ഒരുവന്റെ മരണ ചേഷ്ടകളെ വർണ്ണനാതീതമായ ഉത്തരവാദിത്തത്തോടെ കൈയിലുള്ള മൊബൈൽ ക്യാമറയിൽ പകർത്താൻ തുടങ്ങി. മതി. ഈയ്യൊരൊറ്റ നേർക്കാഴ്ച കൊണ്ട് മാത്രം നാളെത്തന്നെ കൂട്ടുകാർക്കിടയിലും, ഓഫീസ് സ്റ്റാഫിനു നടുവിലും ഞാനൊരു ഹീറോയായ് മാറും. കിട്ടാൻ പോകുന്ന ലൈക്കുകളും, കൈയ്യടികളും ഏറ്റുവാങ്ങി മറ്റുള്ളവർക്കിടയിലെ ഗുരുവായൂർ കേശവനാകുന്ന നാളെയിലെ ഒരു പ്രഭാതം. ഹൊ ! ഓർക്കുമ്പോൾ ആകെക്കൂടി ഒരു കുളിരുകോരൽ അയാളെ വലയം ചെയ്തു.

കഴിഞ്ഞ തവണ അനാർക്കലി മാളിൽവെച്ച് രാഖി മേനോൻ പരസ്യമായ് ആശ്ലേഷിച്ചതും തന്റെ മൊബൈലിൽ ഒരു പിഞ്ചുകുഞ്ഞിനെ തെരുവുനായ്ക്കൾ കടിച്ചുപറിക്കുന്ന ക്ലിപ്പിങ്ങുകൾ ഒടുക്കത്തെ ക്ലാരിറ്റിയോടെ പകർത്തി കാണിച്ചു കൊടുത്തതിനാലാണല്ലൊ! തന്റെ ഹിറ്റ് ലിസ്റ്റിൽ അങ്ങനെ എത്രയെത്ര ഒറിജിനാലിറ്റി തുളുമ്പുന്ന വിഷ്വലുകൾ. നഗരമധ്യത്തിലെ പിടിച്ചുപറി, മനോനില തെറ്റിയ ഭ്രാന്തന്റെ പേക്കൂത്തുകൾ, സദാചാര പോലീസിനെതിരെ, യുവജനത നടത്തിയ ചുംബനസമരത്തിന്റെ ചൂടൻ രംഗങ്ങൾ... വെയിലിറങ്ങിത്തുടങ്ങിയ അംബരവീഥിയിൽ മിഴികൾ പായിച്ച് ഒരു നെടുവീർപ്പോടെ തന്റെ പുന്നാര മൊബൈലിൽ തുരുതുരാന്ന് ചുംബിച്ചവൻ പതുക്കെ ചോരമണം മാറാത്ത നിരത്തിന്റെ മാറിലേക്കിറങ്ങി.

അൽപംമുമ്പ് കഴിഞ്ഞതെല്ലാം മറന്ന് നഗരമിവിടെ വീണ്ടും ഉഷാറിലാണ്. ശുചീകരണ തൊഴിലാളികൾ മീറ്ററുകളോളം പരന്നൊഴുകിയ രക്തക്കറകളെ അപ്പാടെ തേച്ചുമാച്ചിരിക്കുന്നു. ആരുടെ കൺകോണുകളിലും ഇപ്പോൾ മരവിപ്പോ പകച്ചിലുകളോ ഇല്ല. ഭൂമി അങ്ങനെ കറങ്ങുന്നതിനിടയിലെപ്പോഴോ വീണുകിട്ടിയ ഒരു ചെറിയ വിനോദക്കാഴ്ച അത്രയേ ഉള്ളൂ പുറകിന്റെ പുറകിലേക്ക് അടർന്ന് മറിഞ്ഞ് വീണ ആ കുഞ്ഞുസംഭവത്തിന്.

മുഖത്തേക്ക് ഇരമ്പിയടിച്ച കനൽത്തുള്ളികൾ ഇപ്പോൾ കുളിർതെന്നലായ് രൂപാന്തരപ്പെട്ടിരിക്കുന്നു. അനുസരണ തൊട്ടുതീണ്ടിയിട്ടില്ലാത്ത അളകങ്ങൾ നെറ്റിത്തടത്തിൽ കാറ്റിന്റെ താളത്തിനൊത്ത് ഇളകിയാടുന്നത് മാടിയൊതുക്കുന്നതിനിടയിൽ ടേബിളിലെ ഒഴിഞ്ഞ ഗ്ലാസ്സുകളും കുപ്പികളും പെറുക്കിയെടുത്ത് വെയ്റ്റർ മൃദുവായ് മൊഴിഞ്ഞു. സാർ നമ്മുടെ പഴയ ബ്രാൻഡ് തന്നെയല്ലെ ! അതെയെന്നു ചിരിച്ചുകൊണ്ട് കണ്ണിറുക്കിയശേഷം വീണ്ടുമയാൾ നാളെയിലേയ്ക്ക് മറഞ്ഞു.

ഇനി രാഖി മേനോൻ വേണ്ട ! ഓഫീസിൽ പുതുതായ് ജോയിൻ ചെയ്ത മോളി വർഗ്ഗീസാവട്ടെ ടാർഗറ്റ്. ചിരിക്കുംതോറും സൗന്ദര്യത്തിന്റെ മാറ്റുകൂട്ടുന്ന ആ നുണക്കുഴികൾ, നിലാവിനെ തോൽപ്പിക്കുന്ന ആ കണ്ണുകളിലെ വശ്യത. അവൾ മതി. സാഹസികതയെ ഏറെ പ്രണയമാണെന്നും ഒത്താൽ ഗിരിശൃംഖം കീഴടക്കണമെന്നുമൊക്കെയുള്ള അവളുടെ വീമ്പിളക്കലുകൾ എന്റെയീ പുതിയ എക്സ്ക്ലൂസിവിൽ വില പോവില്ല. വോഡ്കയുടെ അവസാന നനവും നുണഞ്ഞ് കണ്ട കാഴ്ചകളെ മനസ്സിൽ ഒന്നൂടെ റീവൈൻഡ് ചെയ്യുന്നതിനിടയിൽ തന്റെ പുന്നാര ഫോൺ രാജപാളയന്റെ സ്വരത്തിൽ വന്യമായ താളലയങ്ങളോടെ മുരണ്ടു. ഒന്നല്ല. ഒട്ടേറെത്തവണ.

അങ്ങേത്തലയ്ക്കൽ വിറവാതം വിഴുങ്ങിതീരാറായ അമ്മയുടെ ചിലമ്പിച്ച ശബ്ദം. എന്താമ്മേന്ന് തിരിച്ച് ചോദിക്കേണ്ട മാത്രയിൽ എല്ലാം ശരവർഷങ്ങളായ് തേങ്ങലിന്റെ അകമ്പടിയോടെ കാതിനു കീഴിൽ ഉതിർന്നുവീണു.

പെൻഷൻ തുക കൈപ്പറ്റാനായ് ട്രഷറിയിലേക്ക് പോയ അച്ഛന്റെ ജീവൻ നിർമ്മാണ മേഖലയെ പുഷ്ടിപ്പെടുത്താനുള്ള മരണപ്പാച്ചിലിന്നിടയിൽ ഏതോ ഒരു ടിപ്പർ വണ്ടി ചതച്ചരച്ചിരിക്കുന്നു. ഉടൻ മോർച്ചറിയിലെത്തി ബോഡി കൈപ്പറ്റണംന്ന്.

അന്നേരമെങ്കിലും അർപ്പണബോധമുള്ള ആ കലാകാരന്റെ ഹൃദയം ഒന്ന് തുടിച്ചുവോ എന്തോ ? ●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# കഥ



രാധാ കണ്ണൻ
9349451627

# ശിലയുടെ മോഹം

**കാ**ർമേഘങ്ങൾ ഉരുണ്ടുകൂടുന്നത് കണ്ടപ്പോൾ നേരിയ ഭയം ഉള്ളിൽ തോന്നാതിരുന്നില്ല. വീണ്ടും ഒരു മഴക്കാലം കൂടി. ആരും തിരിഞ്ഞുനോക്കില്ലെന്ന് ഉറച്ചുവിശ്വസിച്ചിരുന്നതാണ്. എത്രയോ പേർ വന്നു, പോയി പക്ഷെ എന്നെ തിരിഞ്ഞുനോക്കാൻ ആർക്കും മനസ്സു വന്നില്ല. ദിവസങ്ങൾ മാസങ്ങൾക്കും അവ വർഷങ്ങൾക്കും വഴിമാറി. വയസ്സുകൾ മാത്രം ഏറിക്കൊണ്ടിരുന്നതല്ലാതെ അതിനുയോജിക്കുംവിധം ജീവിതത്തിൽ ഒന്നും നടന്നില്ല. അല്ലെങ്കിലും ചിന്തിക്കാനെന്തവകാശം ! എത്രയോ പേർ ജനിക്കുന്നു, മരിക്കുന്നു. അവരെല്ലാവരും വേണ്ടവിധം ജീവിക്കുന്നുണ്ടോ ? ആവോ ?

അവസാനം എനിക്കും ആ ഒരു ദിവസം വന്നു. ഞാൻ മനസ്സിൽ പ്രതീക്ഷ വളർത്തി കാത്തിരുന്ന ആ ദിവസം. അവനെത്തുമ്പോൾ എനിക്ക് തീരെ പ്രതീക്ഷയില്ലായിരുന്നു. അതുകൊണ്ടുതന്നെ നാണിക്കാനും ഞാൻ മെനക്കെട്ടില്ല. പക്ഷേ... പക്ഷേ പലരേയും നോക്കി ഒടുവിൽ അവൻ തിരഞ്ഞെടുത്തത് എന്നെയായിരുന്നു. കറുത്ത നിറമായിരുന്നിട്ടും വലിയ ഘടനയൊന്നും ഇല്ലാതിരുന്നിട്ടും ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. മനസ്സിൽ സന്തോഷത്തിന്റെ പൂത്തിരി കത്തിക്കയറിയത് ഞാൻ പോലും അറിഞ്ഞില്ല. നോക്കിപ്പോയവൻ തിരിച്ചുവരാൻ രണ്ടാഴ്ച എടുത്തു. ഒടുവിൽ ഒരു ദിവസം അവനും കുറച്ചു കൂട്ടുകാരും ചേർന്ന് വീണ്ടും എന്റെ അരികിലേയ്ക്ക്. ചങ്ങാതിമാർക്ക് മറ്റുള്ളവ കാണിച്ചുകൊടുത്തിട്ട് നേരെ അവൻ മാത്രം എന്റെ അരികിലെത്തി.

ഒരു പരിചയപ്പെടലിന്റെ ആവശ്യം ഞങ്ങൾക്കിടയിൽ ഇല്ലായിരുന്നു. എങ്കിലും ഒരു ഉൾഭയം എന്നിലേയ്ക്ക് അരിച്ചുകയറുന്നത് ഞാനറിഞ്ഞു. 'ഈശ്വരാ, എന്താണാവോ ചെയ്യുക ?' എന്തായാലും മലർത്തിയിട്ട എന്റെ മേൽ ഉളികൾ പാഞ്ഞപ്പോൾ, അനാഥത്വമാണ് വേദനകളിൽ വലുതെന്ന് വിചാരിച്ച എനിക്ക് അതല്ലെന്ന് മനസ്സിലായി. ദീനതയോടെ അവന്റെ മുഖത്തേക്ക് നോക്കിയ എന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

അന്നേക്ക് മതിയാക്കി പോകുമ്പോൾ അവൻ എന്റെ ചുറ്റും നടന്ന് എന്നെ തടവിനോക്കുന്നുണ്ടായിരുന്നു. പിറ്റേന്നും കൃത്യസമയത്ത് തന്നെ അവൻ വന്നു. അന്ന് ഒരു വലിയ സഞ്ചിയും അവന്റെ കൈയ്യിലുണ്ടായിരുന്നു. അതിൽ നിന്ന് എന്തെല്ലാമോ പെറുക്കിയെടുത്ത് എന്റെ അരികിലേക്ക് വന്ന അവനെ നോക്കി ഞാൻ ദയനീയമായി പറഞ്ഞു. "ഇനി ഒന്നും ചെയ്യല്ലേ." സ്നേഹപൂർവ്വം അവൻ പറഞ്ഞു, "ഇപ്പോൾ, ഇപ്പോൾ മാത്രമാണ് വേദന. പിന്നീട് ഈ ഞാൻ പോലും നമിക്കും." ആഴ്ചകളോളം വേദനിച്ചും പനിച്ചും കടന്നുപോയി. ക്രമേണ ഞാൻ തന്നെ നാണിക്കുംവിധം എന്റെ രൂപം മാറിത്തുടങ്ങി. നിതംബവും, ഇടുപ്പും, അടിവയറും ഭംഗി മുറ്റുന്ന കാൽ പാദങ്ങളും എന്നിൽ വന്നുതുടങ്ങി. അടുത്ത ഒരാഴ്ച ആരും എന്റെ അടുത്ത് വരികയോ, എന്നെ നോക്കുകയോ ചെയ്തില്ല. എന്നെ കാണാൻ എനിക്കു തന്നെ കൊതി തോന്നിയ നിമിഷങ്ങൾ !!

ഒരുദിവസം വീണ്ടും അവൻ വന്നു. കൂടെ ആരൊക്കെയോ ഉണ്ടായിരുന്നു. അഭിപ്രായങ്ങൾക്കൊടുവിൽ വീണ്ടും വേദനയുടെ ദിനരാത്രങ്ങൾ. കൈകളും കവിൾത്തടങ്ങളും ഉണ്ടായെങ്കിലും തൊട്ടു നോക്കാൻ കഴിഞ്ഞില്ല. മാറിടത്തിൽ ഉളി അമർന്നപ്പോൾ ദുഃസ്സഹമായി തോന്നി. എങ്കിലും സഹിച്ചു. ഒന്നും കാണാൻ കഴിയാത്തതിനാൽ വേറെ വഴിയില്ലല്ലോ? മഴ മഞ്ഞിന് വഴിമാറിയപ്പോൾ അല്പം കുളിരുതോന്നി. എന്തേ അങ്ങനെ സംഭവിക്കാൻ ? അറിഞ്ഞില്ല. ഉയർന്ന മാറിടങ്ങളും, കാർകൂന്തലും, കാതുകളും രൂപപ്പെട്ടു. അവസാനം - അവസാനം മാത്രം മിഴികൾ. എന്നിട്ടും കാണാൻ കഴിഞ്ഞില്ല. ഏതോ ഒരു നല്ല ദിവസം കുറേ ജനങ്ങൾ എന്റെ അരികിലേയ്ക്ക് വന്നു. അന്നാണ് എന്റെ കണ്ണുകൾക്ക് കാഴ്ച കിട്ടിയത്. ഞാൻ എന്നെത്തന്നെ ഒന്നുനോക്കി. ലജ്ജിച്ചുപോയി ഞാൻ. വെറുതെ വെയിലും മഴയുമേറ്റുകിടന്ന എനിക്ക് ഇങ്ങനെ ഒരു രൂപമോ? മുന്നിൽ ആണുങ്ങൾ മാത്രം. പക്ഷേ അനങ്ങാൻ കഴിയുന്നില്ല. എല്ലാവരും ചേർന്ന് കുളിപ്പിച്ച് ഒരു മുറിക്കകത്ത് ഇരുത്തി അഭിഷേകങ്ങളും, അലങ്കാരങ്ങളും, മന്ത്രങ്ങളും, ആഹാരങ്ങളും ഒക്കെ കണ്ടപ്പോൾ ഞാനോർത്തുപോയി. എവിടെ അയാൾ ? എവിടെയോ കിടക്കുമായിരുന്ന എന്നെ ഇവിടെ എത്തിച്ച ആ വ്യക്തി ? കണ്ടില്ല. ഒരിക്കലും. അതോ, അറിയാഞ്ഞിട്ടോ ? എന്താ യാലും എന്റെ മുൻപിൽ വരും ! ഒരിക്കലെങ്കിലും. വരാതിരിക്കില്ല. തീർച്ച !!!

•

# പാചകം



ജയ ബാലചന്ദ്രൻ
09895659050

## പപ്പായ ഓലൻ

### ആവശ്യമുള്ള സാധനങ്ങൾ

1) പച്ച പപ്പായ ചെറുത് - 1
2) പച്ചമുളക് - 4 എണ്ണം
3) ഉപ്പ് - ആവശ്യത്തിന്
4) തേങ്ങാപാൽ - 1 മുറിയുടെ
5) കറുവേപ്പില - 2 കൊത്ത്
6) പച്ച വെളിച്ചെണ്ണ - 2 സ്പൂൺ

### പാകം ചെയ്യുന്ന വിധം

കനം കുറച്ച് പപ്പായ അരിഞ്ഞതും പച്ചമുളകും ആവശ്യത്തിന് ഉപ്പും കുറച്ച് വെള്ളത്തിൽ വേവിച്ച് വാങ്ങിവെയ്ക്കുക. അതിലേക്ക് തേങ്ങയുടെ ഒന്നാം പാലും കറിവേപ്പിലയും, പച്ച വെളിച്ചെണ്ണയും ചേർത്ത് ഇളക്കി ചൂടോടെ ഉപയോഗിക്കാം.

•




## സത്യൻ താന്നിപ്പുഴ
8086314867


# ജീവിതവിജയത്തിന് വേണ്ട വഴികൾ

**ര**വീന്ദ്രൻസാറ് സാഹിത്യകാരനാണ്. കഥകളും നോവലുകളുമാണ് എഴുതുന്നത്. അദ്ദേഹത്തിന്റെ പല നോവലുകളും വാരികകളിൽ തുടർക്കഥയായി വരുന്നുണ്ട്. സാഹിത്യ സൃഷ്ടിക്ക് നല്ല പ്രതിഫലവും കിട്ടുന്നുണ്ട്. ഒരു നോവലിന് സാഹിത്യഅക്കാദമിയുടെ അവാർഡും ലഭിച്ചു.

രവീന്ദ്രൻസാറിന് സ്കൂളിലായിരുന്നു ജോലി. സ്കൂളിലും നാട്ടിലും ഉള്ളവരെല്ലാം അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്നു. ഒരു ദിവസം ഒരു അഭ്യുദയകാംക്ഷി കാണാൻ വന്നു. വഴിയിൽ വച്ച് ഒരാളോട് രവീന്ദ്രൻസാറിന്റെ വീട് എവിടെയാണെന്നു ചോദിച്ചു.

"ഞങ്ങളുടെ രവീന്ദ്രൻസാറിന്റെ വീട് ഞാൻ കാണിച്ചുതരാം. സാറിനെ അറിയാത്തവർ ഈ നാട്ടിൽ ആരുമില്ല. എല്ലാവർക്കും വേണ്ടപ്പെട്ട വ്യക്തിയാണ് രവീന്ദ്രൻസാറ്" എന്ന് പറഞ്ഞ് അയാൾ രവീന്ദ്രൻ സാറിന്റെ വീട്ടിൽ കൊണ്ടുപോയി കാണിച്ചുകൊടുത്തു.

രവീന്ദ്രൻസാറിനോട് സംസാരിച്ചിരുന്നപ്പോൾ അഭ്യുദയകാംക്ഷി ചോദിച്ചു : 'സാറിന് നാട്ടിൽ നല്ല ജനപിൻതുണയുണ്ടല്ലോ ? നാട്ടുകാരുടെ കണ്ണിലുണ്ണിയാണല്ലോ സാറ്. എന്താണ് നാട്ടുകാർക്ക് സാറിനോട് ഇത്ര സ്നേഹം തോന്നാൻ കാരണം ?'

ഞാൻ ഗുരുവിന്റെ ദർശനം അനുസരിച്ച് ജീവിക്കുന്ന ഒരുവനാണ്.

"അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരനുസുഖത്തിനായ്‌വരേണം."

എന്ന ഗുരു ദർശനം നിത്യജീവിതത്തിൽ ആചരിക്കുന്ന വ്യക്തിയാണ്. അങ്ങനെ ജീവിച്ചാൽ എല്ലാവരും ഇഷ്ടപ്പെടും. അതിനുവേണ്ട ഒന്നാമത്തെ കാര്യം ചിരിക്കാൻ പഠിക്കുക. ഒരു വ്യക്തിയെ കാണുമ്പോൾ ഒരു പുഞ്ചിരിയോടെ സമീപിക്കുക. രണ്ടാമത്തെ കാര്യം ഇങ്ങോട്ട് സംസാരിക്കാൻ നോക്കിയിരിക്കാതെ അങ്ങോട്ട് കയറി സ്നേഹത്തോടെ സംസാരിക്കണം. മൂന്നാമത്തെ കാര്യം ഇങ്ങോട്ട് ചോദിക്കുന്ന കാര്യങ്ങൾക്ക് സഹായം ചെയ്തുകൊടുക്കുക. നാലാമത്തെ കാര്യം പോസിറ്റീവ് ചിന്ത വേണം. ഒരു കാര്യവും നെഗറ്റീവ് ആയി ചിന്തിക്കരുത്. ഓപ്പൺ പേഴ്‌സണാലിറ്റി ഉണ്ടെങ്കിൽ എല്ലാവരും നമ്മളെ ഇഷ്ടപ്പെടും. ജീവിതവിജയത്തിന് ഈ വഴികളാണ് വേണ്ടത്. •




## എം. പി. വാസുദേവൻ
9048912029


# നന്മ വിളഞ്ഞ കാലം

**സ**ദാചാരമൂല്യങ്ങളും നന്മ വിളയുന്ന നനവാർന്ന മണ്ണും മണ്ണിന്റെ മണമുള്ള മനുഷ്യരും. അന്ന് ഗ്രാമത്തിന്റെ മുഖമുദ്രയായിരുന്ന കാലം. വലിയ പത്തായപ്പുര വീടുകൾ പാരമ്പര്യത്തിന്റെ യശസ്സോതി പ്രൗഢ ഗംഭീരമായി നിലകൊണ്ടിരുന്ന കാലം. മനുഷ്യൻ കാരുണ്യമുള്ള മനസ്സിന്റെ ഉടമകളായി സഹജീവികളെ അവനോളം സ്നേഹിച്ച് ഒരു പാടംഗങ്ങൾ ഒരുമയോടെ ഒരുവീട്ടിൽ കഴിഞ്ഞിരുന്ന കാലം.

ഭൂമിശാസ്ത്രപരമായും പരിസ്ഥിതിയ്ക്കനുസരിച്ചും വിട്ടുനിൽക്കുന്ന കരകളെയും കുന്നുകളെയും ആസ്പദമാക്കി പേരുകളുണ്ടായി. തെക്കെക്കര, വടക്കെക്കര, കിഴക്കേകര, പടിഞ്ഞാക്കര, കുന്നിൻ പുറം, ചോലകുണ്ട് ഇങ്ങനെ വീട്ടുപേരിലും സ്ഥലപ്പേരിലും അറിയപ്പെട്ടു.

കാലം മുന്നോട്ട് പോക പോക... പൂക്കൾ നിറഞ്ഞിടം പൂക്കാട് വീടെന്നും ഗുണഗണങ്ങൾ നിറഞ്ഞ് പൊരുത്തമുള്ള സ്ഥലത്തെ വീടിന് പൊറ്റയിൽ വീടെന്നും കരിമ്പനകൾ ധാരാളമുള്ളിടത്തെ വീടിന് പനന്തൊടി വീടെന്നും വിളിക്കപ്പെട്ടു.

കാലം പിന്നെയും ഒരുപാട് കഥകൾ ചമച്ച് മുന്നോട്ടാഞ്ഞു. വലിയ പുളിമരമുള്ള വീടിനെ പുളിയിങ്കൽ വീടെന്നു വിളിച്ചു. പുളി വെട്ടിയപ്പോൾ കുറ്റിയിങ്കൽ വീടായി. കാലത്തിനൊപ്പം അവസ്ഥകളും പരിതാപകരമായി. കുറ്റി പതുക്കെ പതുക്കെ പുഴക്കിയെടുത്തപ്പോൾ വീടും കുഴിയിങ്കൽ വീടായി.

കാലരഥം ഉരുണ്ടുരുണ്ടു വന്നു. തലമുറകളും ചിന്തകളും മാറി. ലോകത്തെ കൈക്കുമ്പിളിൽ ഒതുക്കി നടക്കുന്ന പുതിയ തലമുറക്കാർ. കുഴി കുഴിയായിത്തന്നെ കിടക്കുമോ? അവർ മണ്ണിൽ കാലൂന്നിനിൽക്കുമോ? മേലനങ്ങി അദ്ധ്വാനിക്കുമോ ? അവരുടെ ചിന്ത എങ്ങനെയെന്നറിയില്ലല്ലോ ? •

# കത്തുകൾ

## അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയ സുഹൃത്തെ,

ഞാൻ ഭാരതത്തിലല്ലാതെ മറ്റൊരു രാജ്യത്തും താമസിച്ചിട്ടില്ല. ഭാരതം എന്ന എന്റെ രാജ്യത്തിന്റെ മഹത്വം ഞാനിവിടെ ജീവിച്ചുകൊണ്ട് മനസ്സിലാക്കുന്നു. ലോകത്തെവിടെയും നാനാത്വങ്ങളിൽ ഏകത്വം നിറഞ്ഞ ഒരു ജീവിതക്രമം ഞാനിതുവരെ കേട്ടിട്ടില്ല. പല രാഷ്ട്രങ്ങളിലും ഒരേ മതക്കാർ ഒരേ വിശ്വാസികൾ കലഹിച്ചു പരസ്പരം വെട്ടിച്ചാവുന്ന കാലഘട്ടത്തിലും ഭാരതഖണ്ഡത്തിൽ എല്ലാവരും ഒരുമിച്ചു സന്തോഷത്തോടെ കഴിയുന്നു. ലോകാ സമസ്താ സുഖിനോ ഭവന്തു എന്നു ചിന്തിക്കുന്ന, അങ്ങനെ പ്രാർത്ഥിക്കുന്ന മറ്റൊരു രാജ്യമുണ്ടോ, മറ്റൊരു ജനതയുണ്ടോ ? സംശയമാണ്.

ജാതിമതവർഗ്ഗചിന്തകൾ പാടില്ലാത്തതാണെന്ന് അറിഞ്ഞുകൊണ്ടും നാമതിനു പ്രോത്സാഹനവും പ്രചോദനവും നൽകുന്നതും നമുക്കിടയിൽ ചിലർ മതിലുകൾ സൃഷ്ടിക്കുന്നതും നമുക്കറിയാവുന്ന സത്യമാണ്. ഇനി വളർന്നുവരുന്ന തലമുറയിലെങ്കിലും ഇത്തരം പ്രവണതകൾ ഇല്ലാതിരിക്കട്ടെ എന്നാശ്വസിക്കാം. ഇ. ടി. എം എന്നാൽ എ. ടി. എം. പോലെയെന്ന് ഞാനൊരു തവണ എഴുതിയത് ഇപ്പോൾ തിരുത്തുന്നു. കാരണം എ. ടി. എം. എന്നാൽ നിരാശ മാത്രമാണ് ചിലർക്ക്. ഇ. ടി. മുരളീധരൻ എഴുതിയ സുഖിനോ ഭവന്തു മാത്രമല്ല എനിക്ക് പറയാനുള്ളത് എന്ന പംക്തിയിൽ ഇതുവരെ ചിന്തിച്ചതൊക്കെയും കാലികപ്രസക്തിയുള്ള വിഷയങ്ങൾ തന്നെ. മുരളി കാലത്തിനുമുമ്പേ നടക്കേണ്ട വ്യക്തികളിൽപ്പെടുന്നു. അതോടൊപ്പം എന്റെ നല്ലൊരു സുഹൃത്താണെന്നത് എന്റെ അഭിമാനമായി കരുതുന്നു.

പഴഞ്ചൊല്ലുകളുടെ പ്രസക്തി എടുത്തുപറയുന്ന ഗുരുവചനങ്ങളിൽ തിളങ്ങിനിൽക്കുന്ന എം. എം. മേനോൻ പ്രശംസനീയമാണ്. ടി. വി. നാരായണൻ കുട്ടി എഴുതിയ ലേഖനം അധികൃതരുടേയും ബന്ധപ്പെട്ടവരുടേയും കണ്ണുതുറപ്പിക്കട്ടെ. അവാർഡുകളുടെ മൂല്യങ്ങൾക്കപ്പുറത്താണ് യഥാർത്ഥ ചിന്തകളുടെ മൂല്യം എന്ന് അരവിന്ദൻ എഴുതിയത് അക്ഷരംപ്രതി ശരിയാണ്. എന്റെ അഭിനയ സ്മരണകൾ തുടങ്ങിയ മുക്കം ഭാസി അനുഭവത്തിന്റെ ഏടുകൾ മറിക്കുന്നു. ടി. കെ. ഉണ്ണികൃഷ്ണന്റെ പ്രണയം എന്ന കഥ, എന്റെ പ്രിയ സുഹൃത്ത് സുരേഷ് തെക്കീട്ടിലിന്റെ ആഗ്രഹവും സങ്കടവും, കാലം എന്നീ മിനിക്കഥകൾ ശ്രദ്ധേയം തന്നെ. സുരേഷ് തെക്കീട്ടിലിന്റെ അകം നിറയെ ആശയങ്ങളുടെ കലവറയാണ് എന്നെനിക്ക് പലപ്പോഴും തോന്നിയത് തെറ്റല്ല. സുരേഷ് തെക്കീട്ടിലിന്റെ കഥകളുടെ ഉൾത്തുടിപ്പിനെക്കുറിച്ച് ഇന്ദുജൻ ഇന്ദീവരം എഴുതിയത് നന്നായി. ജോൺ എന്ന പ്രകൃതി സ്നേഹിയെ പോലുള്ളവർ രാജ്യത്തെമ്പാടുമുണ്ടായിരുന്നെങ്കിൽ എന്ന് ഞാനോർത്തുപോയി. സമാനതകളില്ലാത്ത ആ കാർഷിക വിപ്ലവകാരനെക്കുറിച്ച് ജലജ മേനോൻ എഴുതിയത് എടുത്തുപറയാം.

എല്ലാംകൊണ്ടും വായനക്കാരന് ഹൃദ്യമായ അനുഭൂതി നിറഞ്ഞതാണെന്റെ ഏക തത്ത്വ.

സസ്നേഹം

എം. പി. വാസുദേവൻ

9048912029

പ്രിയ പത്രാധിപർ,

ഏക തത്ത്വയുടെ നാലു ലക്കങ്ങൾ മാത്രമേ ഞാനിതുവരെ വായിച്ചിട്ടുള്ളൂ. ആത്മാർത്ഥമായി പറയട്ടെ, ഒന്നിനൊന്നുമെച്ചം. നല്ല അച്ചടി, നല്ല ഉള്ളടക്കം, സർവ്വോപരി കരളുറപ്പുപ്രകടമാക്കുന്ന പത്രാധിപക്കുറിപ്പ്. എന്റെ രണ്ടു കവിതകൾ ഏക തത്ത്വയിൽ പ്രസിദ്ധീകരിച്ചു, നന്ദി. അതിലുപരി, ദൂരസ്ഥരായ രണ്ടുപ്രമുഖരെ എനിക്ക് ഈ മാസികയിലൂടെ പരിചയപ്പെടാനായി. കവിയും, സാഹിത്യകാരനുമായ ശ്രീ. മുരളീധർ കൊല്ലത്ത്, നടനും, സാഹിത്യകാരനുമായ ശ്രീ. മുക്കം ഭാസി എന്നിവരാണ് ആ പ്രമുഖർ. രണ്ടുപേരും എന്റെ കവിതയെക്കുറിച്ച് അഭിപ്രായം പറയാൻ ഫോണിൽ വിളിക്കുകയായിരുന്നു. ശ്രീ. മുക്കം ഭാസി അഭിനന്ദനത്തിനൊപ്പം വിലപ്പെട്ട ഒരു നിർദ്ദേശവും നൽകി. ഇത് ഒരു അമൂല്യാനുഭവമായി ഞാനിവിടെ അടയാളപ്പെടുത്തുന്നു. രണ്ടുപേർക്കും ഹൃദയംഗമായ നന്ദി. ഒപ്പം, ഇതിനു കാരണഭൂതമായ 'ഏക തത്ത്വ' മാസികയ്ക്കും, അതിന്റെ സാരഥിയായ അങ്ങേയ്ക്കും എന്റെ സ്നേഹോഷ്മളമായ നന്ദി. ഏക തത്ത്വയുടെ പ്രസിദ്ധി ഉത്തരോത്തരം വളരട്ടെ !!

വിജയാശംസകളോടെ

സത്യൻ പി. പനഞ്ചിക്കൽ

ആലപ്പുഴ, 9495477533.

2016 സപ്തംബർ മാസത്തിലെ ഏക തത്ത്വയുടെ മുഖചിത്രം കളറുമുക്കി വേർതിരിച്ച കോഴിക്കുഞ്ഞുങ്ങളുടേതായിരുന്നു. സമകാലിക പ്രസക്തി നിറഞ്ഞ മുഖചിത്രം. അസ്സലായിട്ടുണ്ട്. വേർതിരിക്കപ്പെട്ട ഓരോ മനുഷ്യരൂപങ്ങളേയും ആരോ കടന്നാക്രമിച്ചുകൊണ്ടിരിയ്ക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മുടെ പ്രയാണം. ഈ കടന്നുകയറ്റം മാനവനന്മയുടെ നെഞ്ചിലേയ്ക്കാണെന്നതാണ് സത്യം. ഏക തത്ത്വയുടെ എഡിറ്റർ സൂചിപ്പിച്ചതുപോലെ എല്ലാ മതവിഭാഗത്തിൽപ്പെട്ടവരുടേയും ദുഃഖം നമ്മുടേതാകണം. അന്യന്റെ കണ്ണുനീരിനുമുന്നിൽ ഒന്നു ശിരസ്സുനമിക്കാൻ നാം തയ്യാറാകണം. പ്രിയ സഹോദരാ... എനിക്ക് പറയാനുള്ളത് എന്ന അങ്ങയുടെ പംക്തിയിൽ ശ്രേഷ്ഠമായ സംസ്കാരത്തെക്കുറിച്ചും ഭാരതം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും വീണ്ടും വീണ്ടും ബോധ്യപ്പെടുത്തുന്നതിൽ അതീവ സന്തോഷമുണ്ട്. മുക്കം ഭാസി മാഷെ പോയി കണ്ട് ആദരിച്ചതും അനുഗ്രഹം വാങ്ങിയതും നന്നായി. ഒത്തിരി സുഹൃത്തുക്കളേയും ഏക തത്ത്വ മാസികയിലൂടെ മുരളി എനിക്ക് സമ്മാനിച്ചു. സർവ്വേശ്വരൻ അങ്ങേയ്ക്കിനി അനവധി കാലം ആയുസ്സും ആരോഗ്യവും സമ്പത്തും പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഉത്തമസൃഷ്ടികൾ ആലേഖനം ചെയ്ത ഏക തത്ത്വയ്ക്കുവേണ്ടിയുള്ള കാത്തിരിപ്പ് തുടരുന്നു. എല്ലാ നന്മകളും നേർന്നുകൊണ്ട് ഒത്തിരി സ്നേഹത്തോടെ കാവ്യപൂർവ്വം

മുരളീധർ കൊല്ലത്ത്

9387475851

പ്രിയപ്പെട്ട മുരളി

അജയ് ബാലചന്ദ്രന് നേരിട്ട തീരാദുഃഖത്തെ ശമിപ്പിയ്ക്കാനുള്ള ഒരു ഔഷധവാക്കും എന്റെ കൈയ്യിലില്ല. എങ്കിലും കാലം ആ കുട്ടിയുടെ ദുഃഖത്തിന്റെ മുറിപ്പാട് മായ്ക്കട്ടെ ! ഞാൻ പ്രാർത്ഥിക്കുന്നു.

സുരേഷ് തെക്കീട്ടിലിന്റെ കഥകളുടെ കവിൾത്തുടിപ്പ് എന്ന ഇന്ദുജന്റെ നിരൂപണം (തലക്കെട്ട് തന്നെ കാവ്യാത്മകം) ടി. കെ. ഉണ്ണികൃഷ്ണൻ സാറിന്റെ 'പ്രണയം' ഏറെ ഹൃദ്യമായി.

ഭാവുകങ്ങൾ തെക്കീട്ടിലിനും എല്ലാ എഴുത്തുകാർക്കും.

സസ്നേഹം

മുക്കം ഭാസി.

9846138693

പതിവിൽ നിന്ന് അല്പം വ്യത്യാസമായ മുഖചിത്രം. പതിവു പോലെ സമകാലിക വിഷയങ്ങളെ വിലയിരുത്തുന്നതോടൊപ്പം ചിന്ത യെ ഉണർത്തുന്ന മുഖമൊഴി ഉള്ളട ങ്ങിയ മികച്ച രചനകൾ.

നന്ദി...

കമർ അഷ്ക്കർ
8891551508

## മറുപടി

പത്തിരുപത്തിയഞ്ച് ലക്ക ങ്ങളിൽ തുടർച്ചയായി ലേഖനം എ ഴുതിയ ഒരാളുടെ ഒരു ലേഖനം പ്ര സിദ്ധീകരിക്കാത്തതിൽ പ്രതിഷേ ധിച്ച് എന്നെ വിളിച്ച് കയർത്ത് സം സാരിച്ചപ്പോൾ എല്ലാം കേട്ടശേഷം ഞാൻ തിരിച്ചുചോദിച്ചത് ഇത് മാ ത്രം - കഴിഞ്ഞ 6 വർഷമായി വരി സംഖ്യ ഒന്നുപോലും സാറ് തന്നില്ല ല്ലോ ? മറുപടിയായി പറഞ്ഞത് അത് എത്ര വേണമെങ്കിലും തരാം. ഫെ ബ്രുവരി 1ന് തരാം എന്നു പറയുക യും 20ം തിയതി 50 പൈസ പോസ്റ്റ് കാർഡിൽ ഇങ്ങിനെ എഴുതി അറി യിക്കുകയും ചെയ്തു. 'ഏക തത്ത്വ ഫെബ്രുവരി ലക്കം കിട്ടി. തുടർന്ന് അയക്കേണ്ടതില്ല.'

വെറുതെ കിട്ടിയാൽ എ ന്തും കൈനീട്ടി വാങ്ങി അഭിപ്രായം അധികാരസ്വരത്തിൽ പറയുന്നവ രോട് ദൈവം പൊറുക്കട്ടെ.

ഏക തത്ത്വയുടെ സാമ്പ ത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതി നായുള്ള ഉപദേശങ്ങളും നിർദ്ദേശ ങ്ങളും പൂർണ്ണമായും പ്രാവല്യത്തി ൽ കൊണ്ടുവരാൻ ശ്രമിക്കുന്നതാ യിരിക്കും. വേണ്ടസമയത്ത് സാമ്പ ത്തികസഹായം ചോദിക്കാതെ തന്നെ എത്തിക്കുന്ന നന്മ നിറഞ്ഞ വ്യക്തികളോട് ഞാൻ എന്നും കട പ്പെട്ടിരിക്കുന്നു. നന്മയ്ക്കായുള്ള ഈ സംരംഭത്തിന്റെ വിജയം കാം ക്ഷിക്കുന്നവർക്കും അതിനായ് പ്രാർ ത്ഥിക്കുന്നവർക്കും, അഭിപ്രായങ്ങൾ രേഖപ്പെടുത്തിയവർക്കും, പിന്നെ എ ല്ലാ വായനക്കാർക്കും നന്ദി. •

# (സുഹൃദ്) വായനക്കാർക്കൊരു കത്ത് (എഴുത്തുകാർക്കും)

പ്രിയമുള്ളവരെ,

ഞാൻ ഏക തത്ത്വയുടെ വരിക്കാരാക്കിയ എന്റെ സുഹൃത്തു ക്കളോട് വരിസംഖ്യ ഒരു വർഷം തികയുമ്പോൾ പുതുക്കുവാൻ ഒരു പരസ്യത്തിലൂടെ കഴിഞ്ഞ വർഷം അപേക്ഷിച്ചിരുന്നു. എന്തെങ്കിലും ബുദ്ധിമുട്ടുള്ളവർ എന്നെ അറിയി ക്കുവാനും. അത് കഴിഞ്ഞ് അഞ്ചോ ളം സുഹൃത്തുക്കൾ എന്നോട് പറ ഞ്ഞതിൻ പടി അവരുടെ പുതുക്കൽ വരിസംഖ്യ (ഒന്നു മുതൽ ആറുവരെ കൊല്ലത്തേക്ക്) അയക്കുകയും, ആ കാശ് പിന്നീട് അവരിൽ നിന്നും ഈ ടാക്കുകയും ചെയ്തു.

അതോടൊപ്പം ശ്രീ. മുരളി നടത്തുന്ന നഷ്ടക്കച്ചവടത്തെപ്പറ്റി തരം കിട്ടുമ്പോഴൊക്കെയും പ്രസം ഗിച്ച് അദ്ദേഹത്തിനു മാനസാന്തരം വരുത്തുവാനുള്ള ശ്രമവും തുടർ ന്നു. സംഗതിവശാൽ ഈയിടെ അ ദ്ദേഹത്തോട് എന്റെ സുഹൃത്തുക്ക ളിൽ ആരൊക്കെ വരിസംഖ്യ പുതു ക്കിയെന്ന് ചോദിച്ചു. വളരെ കുറച്ചു പേരെ പുതുക്കിയിട്ടുള്ളു എന്ന മറു പടിയാണ് കിട്ടിയത്. എന്നാലവർ ക്കൊക്കെയും മാസിക മുടങ്ങാതെ അയക്കുന്നുണ്ടെന്ന് കേട്ട് ഞാൻ ച കിതനായി. ഇതുവരെ എന്റെ പ്ര സംഗമൊക്കെയും ശ്രീ. മുരളി കേ ട്ടിട്ടും ഒരു മാറ്റവുമുണ്ടായില്ല എന്നാ ണ് മനസ്സിലാക്കേണ്ടത് (എന്നെ തല്ല ണ്ടാ... ഞാൻ നന്നാവില്ലോ... എന്ന നാട്ടുമ്പുറത്തെ ചൊല്ലുപോലെ)

ഒരുവിധത്തിൽ പറഞ്ഞാൽ എന്റെ സൗഹൃദത്തെ പരിക്കില്ലാതെ നിലനിർത്താൻ അദ്ദേഹം സ്വയം ചി ല സാമ്പത്തിക പരിക്കുകൾ ഏല് ക്കാൻ സന്നദ്ധനായി എന്നതാണ്. സാമ്പത്തിക കാര്യങ്ങളിൽ ചില മര്യാദകളൊക്കെ വേണമെന്ന് ശഠി ക്കുന്ന ഒരു വ്യക്തിയെന്ന നിലയ്ക്ക് ഇതെനിക്ക് ഒട്ടും സ്വീകാര്യമല്ല. ഈ കത്ത് പ്രസിദ്ധീകരിച്ച അടുത്ത ല ക്കം മുതൽ വരിസംഖ്യം പുതുക്കാ ത്ത എന്റെ സുഹൃത്തുക്കൾക്ക് മാസിക അയച്ച് എന്നെ വലിയൊരു കടക്കാരനാക്കരുതെന്ന് ശ്രീ. മുരളി യോട് അപേക്ഷിക്കയാണ്. കൂടാതെ ഞാൻ വരിക്കാരാക്കിയ സുഹൃത്തു ക്കൾ ഒന്നുകിൽ വരിസംഖ്യ കുടിശ്ശി ക തീർത്ത് അടയ്ക്കുകയോ അല്ലെ ങ്കിൽ ബുദ്ധിമുട്ട് എന്നെ അറിയിക്കു കയോ ചെയ്യണമെന്ന് അപേക്ഷി ക്കുന്നു. ഒരുമാസത്തെ മൊബൈൽ റീച്ചാർജ്ജിന്റെ ഒരംശം മാത്രം വരു ന്ന വരിസംഖ്യ അടയ്ക്കുക വിഷമ മാവില്ല എന്നും കരുതട്ടെ. ഈ സംഗ തി ആ പരസ്യത്തിനുശേഷം ഞാനി തുവരെ വരിക്കാരായി ചേർത്ത മറ്റ് ഇരുപത്തിനാലു സുഹൃത്തുക്കൾ ക്കും ബാധകമാണ്.

ഇനി എഴുത്തുകാരുടെ കാ ര്യത്തിലേയ്ക്ക് വരാം. മുഖ്യധാര പ്ര സിദ്ധീകരണങ്ങൾ എഴുത്തുകാർക്ക് പ്രതിഫലം കൊടുക്കുമ്പോൾ ഏക തത്ത്വ എഴുത്തുകാരിൽനിന്നും വരി സംഖ്യ ചോദിക്കുന്നത് വിരോധാഭാ സമല്ലേ? ആണെന്നു തന്നെ സമ്മതി ക്കാം. എന്നാൽ പ്രവേശനം നിഷിദ്ധ മായ ആ ബല്ല്യ ആശുപത്രികളിൽ കടന്നുകൂടാനാകാത്തവർക്ക് ആശ യങ്ങളെ ഗർഭം ധരിച്ച് പ്രസവിച്ച് പെരുവഴിയിലിടാനനുവദിക്കാതെ ഒരു മാന്യമായ സ്ഥലമൊരുക്കിവെ ക്കുന്ന ഏകതത്ത്വയുടെ സേവനം നാം മനസ്സിലാക്കണം. അതുമുറ പോലെ ഇറങ്ങുന്നതിന്റെ സാമ്പ ത്തികവശം കൂടെക്കൂടെ സൂചിപ്പി ച്ചിട്ടും എല്ലാം, എന്നും സൗജന്യമാ യി വേണം എന്നു വാശിപിടിക്കു ന്നത് മനസ്സിലാക്കാനാണ് പ്രയാസം. അത്തരം സമീപനം തന്റെ ആശയാ വിഷ്കാരത്തിനുതകുന്ന ഏക ചുവ രിനെ തച്ചുടയ്ക്കുന്ന ചിത്രകാരന്റെ സാഹസത്തിനു തുല്യമാണ്.

ജനിച്ചിട്ട് ഏഴു കൊല്ലം കഴി ഞ്ഞു. ശൈശവം കഴിഞ്ഞു കൗമാര ത്തിലേക്കെത്തിയ ഈ മാസികയെ സ്വന്തം കാലിൽ നില്ക്കുന്ന ഒരു യുവതിയായി (യുവാവും) കാണാൻ ആഗ്രഹമില്ലേ ? അതിനോടൊപ്പം ആശയങ്ങളുടെ സുഖപ്രസവങ്ങളും മുടങ്ങാതെ തുടരണമെന്ന് ആഗ്രഹ മില്ലേ ? വരിക്കാരുടെ ഒരു വിപുലമാ യ ബെയ്സില്ലാതെ പരസ്യം ലഭിക്കു മെന്നു കരുതാനാകുമോ ? വരിസം ഖ്യയും പരസ്യങ്ങളും ചേർന്ന് സാ മ്പത്തിക ആരോഗ്യം മെച്ചപ്പെടു മ്പോൾ എഴുത്തിനു പ്രതിഫലം സാ ധ്യമാകുമെന്ന് ഉറപ്പുണ്ട്. അതുവരെ എഴുത്തുകാരും വരിക്കാരാകുന്ന താണ് അഭികാമ്യം (തീരെ നിവൃത്തി യില്ലാത്തവർക്ക് ശ്രീ. മുരളി സൗജ ന്യമായി മാസിക അയക്കുമെന്ന് ഉറ പ്പുണ്ട്) അതിനാൽ നമ്മൾ എഴുത്തു കാർ എഴുത്തിനുപുറമെ അല്പം മാസികയുടെ വിപണനവും ഏറ്റെടു ക്കുന്നത് നന്നായിരിക്കും. നമ്മുടെ കൃതികൾ കൂടുതൽ ആളുകൾ വാ യിക്കുമെന്ന സ്വാർത്ഥ താല്പര്യവും കൂടി കണക്കിലെടുക്കാമല്ലോ.

ആദരപൂർവ്വം

കെ. വിജയകുമാരൻ
ചെന്നൈ, 09444540631

# കഥ



രേഖ രമേശൻ
9847597994

# വിദേശയാത്ര

**മൂ**ടൽ മഞ്ഞിന്റെ നേർത്ത പാളികളെ വകഞ്ഞുമാറ്റി വാഹനങ്ങൾ ഓരോന്നായി നിരത്തുകൾ താണ്ടി വന്നു കൊണ്ടിരുന്നു. യാത്രക്കാർ എല്ലാവരും എത്തിക്കഴിഞ്ഞിരുന്നില്ല. വന്നു ചേർന്നവർ തങ്ങളുടെ സഹയാത്രികൾ ആരെല്ലാമാണെന്ന് അന്വേഷിക്കുന്ന തിരക്കിലുമായിരുന്നു. ഭംഗിയായി അലങ്കരിച്ച വാഹനങ്ങൾ ഏവരേയും ആകർഷിച്ചു. യാത്രികർ ഓരോരുത്തരും തങ്ങൾക്കനുവദിച്ച വാഹനങ്ങളിൽ കയറുവാൻ തുടങ്ങി.

യാത്ര പുറപ്പെടാനായി എന്നറിയിക്കുന്ന കാഹളം മുഴങ്ങി. 'ജിനൂ... വേഗം വരൂ...' കൂട്ടുകാർ ഉറക്കെ വിളിച്ചു.

ജിനുവിന് അമ്മയെ വേർപിരിയാൻ പ്രയാസം തോന്നി. അമ്മയ്ക്കും ഇത് ആദ്യാനുഭവമാണ്. പക്ഷെ, ഈ യാത്ര ഒഴിവാക്കാനാവില്ല. അത് അമ്മയ്ക്ക് അറിയാം. നിറകണ്ണുകളോടെ അവർ മകനെ യാത്രയാക്കി.

വാഹനത്തിന്റെ ഡ്രൈവർ കുട്ടികൾക്ക് നിർദ്ദേശം നൽകി, 'യാത്ര തുടങ്ങിയാൽ ആരും ബഹളം വെയ്ക്കരുത്. പുറത്തുള്ള കാഴ്ചകൾ നിങ്ങളെ വിസ്മയിപ്പിക്കുന്ന തായിരിക്കും. ലക്ഷ്യസ്ഥാനത്തെത്തുന്നതുവരെ ഈ വാഹനം ഒരിക്കലും ആർക്കുവേണ്ടിയും നിർത്തുന്നതല്ല. എല്ലാവർക്കും ശുഭയാത്ര നേരുന്നു... ഇത്തരമൊരു യാത്ര ഇനി ഒരിക്കലും സാധിക്കില്ല... അറിയാമല്ലോ...?'

ജിനുവടങ്ങുന്ന പതിമൂന്നംഗ സംഘം വാഹനത്തിൽ ഇരിപ്പുറപ്പിച്ചു. അപ്പോഴാണ് ഒഴിഞ്ഞു കിടക്കുന്ന ഒരു സീറ്റ് അവർ ശ്രദ്ധിച്ചത്. സംഘത്തിലൊരാൾ ചോദിച്ചു, "എന്തിനാണ് ഒരു സീറ്റ് അധികം...? നാം പതിമൂന്ന് പേരല്ലേയുള്ളൂ? താങ്കൾ ആരെയെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ?"

ഡ്രൈവർ മറുപടിയൊന്നും പറഞ്ഞില്ല. നിർത്തിയിട്ടിരുന്ന വാഹനങ്ങൾ ഓരോന്നായി ചലിക്കാൻ തുടങ്ങി. ഒരു കുട്ടിയാത്രികൻ അക്ഷമനായി ചോദിച്ചു, "നമ്മളെന്താണ് പോകാത്തത് ? ഇനിയും ആരെങ്കിലും കയറാനുണ്ടോ? ആരാണത്?"

പെട്ടെന്ന് വാഹനത്തിന് പുറകിൽ ഒരാൾ പ്രത്യക്ഷപ്പെട്ടു. മഞ്ഞുവീഴ്ച കാരണം മുഖം വ്യക്തമല്ല. എങ്കിലും... ആ കണ്ണുകൾ... മനസ്സിൽ പതിഞ്ഞുപോയ ക്രൂരമായ ദൃഷ്ടികൾ... അത് കുട്ടികളെ ഭയചകിതരാക്കി. ആറടി പൊക്കത്തിൽ കറുത്ത വസ്ത്രം ധരിച്ച ഒരു രൂപം. അത് വാഹനത്തിനടുത്തേയ്ക്ക് നടന്നടുക്കുകയാണ്. കുട്ടികൾ കൂടുതൽ അസ്വസ്ഥരായി. പൈശാചികത മുറ്റിനിൽക്കുന്ന ആ രൂപത്തിന് ഇടയ്ക്ക് അടി പതറുന്നുണ്ടോ? അവർ സംശയിച്ചു. നിഷ്കളങ്കത തുളുമ്പി നിന്നിരുന്ന എല്ലാ കണ്ണുകളിലും ഭയം പത്തി വിടർത്തിയാടി. കുട്ടിസംഘത്തിലെ രണ്ടുപേർ ഭയന്നുവിറച്ച് സീറ്റിനടിയിൽ ഒളിച്ചു.

വാഹനം ഇയാളെ കാത്തുനിൽക്കുകയായിരുന്നുവോ?

"ഇയാളും നമ്മോടൊപ്പമുണ്ടോ?" വിറയാർന്ന ശബ്ദത്തോടെ കുട്ടികൾ ചോദിച്ചു.

"ഇയാളാണ് പതിനാലാം നമ്പർ സീറ്റുകാരൻ," ചെറുപുഞ്ചിരിയോടെ ഡ്രൈവർ പറഞ്ഞു.

അതാ... അയാൾ അടുത്തെത്തിക്കഴിഞ്ഞു ! വാഹനത്തിൽ കയറുവാൻ അയാൾ നന്നേ പ്രയാസപ്പെടുന്നതായി തോന്നി. വലതുകാലിന്റെ മുട്ടിന് താഴെ ചലനമുണ്ടായിരുന്നില്ല. കാലുകൾ വേച്ച് വേച്ച് നടന്ന് അയാൾ ഒഴിഞ്ഞ സീറ്റിൽ ഇരുന്നു. ജിനുവിന്റെ അരികിലായി. ഭയത്തിന്റെ കറുത്ത കരങ്ങൾ ജിനുവിനെ വരിഞ്ഞുമുറുക്കി. ശ്വാസം മുട്ടുന്നു. ശബ്ദം പുറത്തുവരുന്നില്ല.

"ഞാനൊന്ന്... അപ്പുറത്തേയ്ക്കിരിക്കട്ടെ...?" പതിഞ്ഞ ശബ്ദത്തിൽ ജിനു ഡ്രൈവറോട് ചോദിച്ചു.

"പറ്റില്ല...അനുവദിച്ച സീറ്റിൽ നിന്ന് മാറാൻ സാധ്യമല്ല," ഡ്രൈവർ തീർത്തുപറഞ്ഞു.

സമയം പതുക്കെ ഇഴഞ്ഞു നീങ്ങി. കുട്ടികൾക്ക് വഴിയോരക്കാഴ്ചയിലൊന്നും ശ്രദ്ധിക്കാൻ സാധിച്ചില്ല. ഈ യാത്ര എങ്ങനെയെങ്കിലും അവസാനിച്ചുകിട്ടുവാൻ അവർ ആഗ്രഹിച്ചു. കറുത്ത വസ്ത്രധാരി ആരേയും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. നിസ്സംഗഭാവത്തോടെ പുറത്തേയ്ക്ക് കണ്ണും നട്ടിരിപ്പാണ്.

ധൈര്യം സംഭരിച്ച് ജിനു അയാളുടെ മുഖത്തേയ്ക്കൊന്ന് നോക്കി. കണ്ണുകളിലെ ക്രൂരതയ്ക്ക് മങ്ങലേറ്റിരിയ്ക്കുന്നു. അവന് ചെറിയൊരാശ്വാസം തോന്നി.

"എന്ത് പറ്റിയതാ... ചേട്ടാ...?" അവൻ ചോദിച്ചു.

മറുപടിയില്ല. ഒരു തുറിച്ചു നോട്ടം മാത്രം! നിശബ്ദത തളം കെട്ടിനിന്നു.

പരിഹാസത്തിന്റെ ഒരു മിന്നലാട്ടം ജിനുവിന്റെ ചുണ്ടുകളിൽ വിരിഞ്ഞു. അവൻ വീണ്ടും ചോദിച്ചു, "കാലിൽ വെടികൊണ്ടതാണല്ലേ? എങ്ങനെയാ...? ആരുടെയാ...? പോലീസുകാരുടെയാണോ ? അതോ... പട്ടാളക്കാരുടെയോ ?"

വീണ്ടും മൂകത ! കുട്ടികൾ എല്ലാവരും ഈ വാക്കുകൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പക്ഷെ, തിരിഞ്ഞുനോക്കുവാൻ ധൈര്യം വന്നില്ല.

യാത്ര ലക്ഷ്യം കാണുന്നത വരറിഞ്ഞു. സംഘത്തെ സ്വീകരിക്കാൻ വഴിയോരം മുഴുവൻ ദീപാലംകൃതമാക്കിയിരുന്നു. വഴിയോരക്കാഴ്ച്ചകളിൽ മുഴുകവേ അകലെ നിന്ന് സ്വാഗതഗാനത്തിന്റ അലകൾ ഒഴുകിയെത്തി.

ഒരു വലിയ കവാടത്തിന് മുന്നിൽ വാഹനം നിന്നു. നവാഗതരെ സ്വീകരിക്കുവാൻ ഒരു വലിയ കൂട്ടം അവിടെ കാത്തുനിന്നിരുന്നു. സ്വാഗതഗാനം അതിന്റെ ഉച്ചസ്ഥായിയിലെത്തി. യാത്രികർ ഓരോരുത്തരായി ക്രമനമ്പർ അനുസരിച്ച് വാഹനത്തിൽ നിന്നിറങ്ങി. എന്നാൽ കറുത്ത വസ്ത്രധാരിയ്ക്ക് ഒരിഞ്ചുപോലും അനങ്ങുവാൻ സാധിച്ചില്ല. കാലുകൾ മരവിച്ചുപോയിരിക്കുന്നു.

"വരൂ…ഞാൻ സഹായിക്കാം." ജിനു തന്റെ കൊച്ചു കൈകൾ നീട്ടി.

"താങ്കൾ ഉതിർത്ത വെടിയുണ്ട നേരെ എന്റെ നെഞ്ചിലാണ് തുളച്ചുകയറിയത്. അതിനാൽ കൈകാലുകൾക്ക് ഒരു കേടും സംഭവിച്ചിട്ടില്ല. എന്റെ ചുമലിൽ പിടിച്ചോളൂ."

ഒരു നടുക്കത്തോടെ അയാൾ അത് കേട്ടു. ജിനുവിന്റെ നിഷ്കളങ്കമായ നോട്ടത്തെ നേരിടാൻ അയാൾക്ക് കഴിയുമായിരുന്നില്ല. തന്റെ നേരെയുള്ള മൂർച്ചയേറിയ ആയു

ധമായി അത് മാറുന്നു. തല താഴ്ത്തി, വാഹനത്തിൽ നിന്നിറങ്ങുവാൻ ശ്രമിച്ചു. സാധിക്കുന്നില്ല.

"വിഷമിക്കേണ്ട ചേട്ടാ... കഴിഞ്ഞതെല്ലാം നമുക്ക് മറക്കാം... ഇതൊരു പുതിയ തുടക്കമാണ്... വരൂ..." കുട്ടികൾ പ്രോത്സാഹിപ്പിച്ചു.

കവാടത്തിനടുത്തേയ്ക്ക് നടന്നടുക്കവേ ഒരു കുട്ടിയാത്രികൻ പറഞ്ഞു, "ചേട്ടനും കൂട്ടരും ഉതിർത്ത വെടിയുണ്ടകളുടെ ഇരകളാണ് ഞങ്ങൾ. ഒരേ വിദ്യാലയത്തിൽ... ഒരേ ക്ലാസ്സിൽ... ഒരുമിച്ചിരുന്ന് പഠിച്ചവർ... ഇപ്പോൾ ഇവിടെയും ഒരുമിച്ച്... വരൂ... നമുക്കൊരുമിച്ച് നീങ്ങാം..." എല്ലാവരും കൈകോർത്തുപിടിച്ചു.

"ഒരു സംശയം കൂടി..." നിഷ്കളങ്കമായ മറ്റൊരു ശബ്ദം.

അയാൾ മുഖമൊന്നുയർത്തി നോക്കി. സീറ്റിനടിയിൽ ഒളിച്ചിരുന്ന സഞ്ചാരിയാണ്. വീണ്ടുമൊരു നടുക്കത്തോടെ അയാൾ ശ്രദ്ധിച്ചു. ക്രൂരതയുടെ ബാക്കിപത്രമായി കോമളമായ മുഖത്തിന്റെ ഒരു ഭാഗം മാത്രം! മറുവശം കവിളിനോട് ചേർത്ത് ചിന്നിച്ചിതറിപ്പോയിരിക്കുന്നു. ക്ലാസ് റൂമിലെ ഡെസ്കിനടിയിലേക്ക് വെടിയുതിർത്തപ്പോൾ തലയ്ക്ക് വെടിയേറ്റതാണ്. കുറ്റബോധത്തിന്റെ കനത്ത പ്രഹരമേറ്റ് അയാൾ മുഖം തിരിച്ചു.

യാത്രികൻ തുടർന്നു, "ചേട്ടന് ഞങ്ങളെ നേരത്തേ അറിയാമായിരുന്നോ? എന്താണ് ഞങ്ങളോടുള്ള ശത്രുതയ്ക്ക് കാരണം? ഞങ്ങൾ ചെയ്ത തെറ്റെന്താണ്...?"

കുട്ടികളെല്ലാവരും കവാടത്തിനകത്തേയ്ക്ക് പ്രവേശിച്ചു. ജിനുവിന്റെ ചുമലിൽ പിടിച്ച് കാലുകൾ വേച്ച് വേച്ച് അയാളും.

"എനിക്കറിയില്ല." അയാൾ പറഞ്ഞു. "ആരുടെയൊക്കെയോ കൈയ്യിലെ കളിപ്പാവയായിരുന്നു ഞാൻ. ചെയ്യുന്നതെല്ലാം ശരിയാണെന്ന് വിശ്വസിച്ചു. അവരെന്നെ വിശ്വസിപ്പിച്ചു. കാഴ്ചയില്ലാത്ത കണ്ണുകളും തണുത്തുറഞ്ഞ മനസ്സുമായി ഞാൻ തുടർന്നു... ഇപ്പോൾ എല്ലാം മനസ്സിലാക്കുന്നു... പക്ഷെ, വൈകിപ്പോയി..." വാക്കുകൾ ഇടയ്ക്കുവെച്ച് മുറിഞ്ഞുപോയി. ഒന്നുറക്കെ കരയണമെന്ന് തോന്നി. കണ്ണീരും കനിഞ്ഞില്ല.

ഇരകളും വേടനും കൈകോർത്തുകഴിഞ്ഞപ്പോഴും അങ്ങകലെ കുട്ടിസംഘത്തിന്റെ യാത്രയയപ്പു ചടങ്ങുകൾ അവസാനിച്ചിരുന്നില്ല. നിറകണ്ണും വഴിക്കണ്ണുമായി അമ്മമാർ...

സമാധാന പുലരിയ്ക്കായി ചൂടുപിടിച്ച ചർച്ചകളും പദ്ധതികളുമായി ഒരു കൂട്ടർ... മഞ്ഞുപോലുറച്ച മനസ്സുമായി മറ്റൊരു കൂട്ടർ... കൂടാതെ, ഒരു യാത്രയയപ്പ് മാത്രം പ്രതീക്ഷിച്ചുകൊണ്ട് വേറെ ചിലരും... ●


നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**

പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

തവണകളായും പണമടയ്ക്കാം.


# കവിത




**മുരളീധർ കൊല്ലത്ത്**

**9387475851**


## ആൽമരം

പൂമരങ്ങൾ കാടിനെ കാക്കും പോലെ
എന്റെ നെഞ്ചിലെ ചില്ലകൾ
നിന്നെ വലയം പ്രാപിയ്ക്കും

പ്രളയം വന്നറ്റമില്ലാക്കയത്തിലേയ്ക്കാണ്ടിറങ്ങിയാലും
നിന്നെ ഞാൻ പ്രണയിച്ചു കൊണ്ടേയിരിക്കും

അടുത്ത ജന്മം അതൊന്നുണ്ടെങ്കിൽ
നിനക്ക് തണലേകാൻ മാത്രം
ഞാനൊരാൽ മരമായി പിറക്കാം.



## വസന്തനിലാവിൽ


**അന്ന ജോസഫ് കോരുത്തോട്**

**9048614387**


പൂനിലാവിന്റെ മടിയിൽ
കർമ്മസാക്ഷി ഉറങ്ങീ...
പ്രകൃതി നല്കിയ പുതപ്പിനടിയിൽ
നിഷ്ക്രിയനായ്, നിശ്ചലനായ് മയങ്ങി !

അനന്തവിഹായസ്സിൽ അമൃതുമായി നില്ക്കും
ഇന്ദുവിൽ പൊൻമുഖം തിളങ്ങി
നിന്റെയുമാനനം വിളങ്ങി രാവിൽ
എന്റെ കടാക്ഷശരങ്ങൾ പതിഞ്ഞ്

ഏകാന്തമാമീ വസന്തരാവിൽ
നീയും ഞാനും മാത്രം
പറയൊത്തരായിരം കഥകൾ
പറഞ്ഞുനാം കണ്ണിൽക്കണ്ണിൽ നോക്കിനിന്നു.
വേർപാടിൽ വേദന മാത്രമാണുള്ളത്തിൽ
മറ്റൊന്നുമുരിയാടുവാനില്ല.
ഒടുവിലിരുളിന്റെ നേർത്ത വെളിച്ചത്തിൽ
നിഴലായ് നീ പോയ് മറഞ്ഞു.

ഒന്നങ്ങുറങ്ങുവാനാശയോടെ
എന്റെ ശയ്യയെ പുൽകിയ
വിശ്രാമവേളയിൽ
ഒന്നുതിരിഞ്ഞുമറിഞ്ഞുകിടന്നുഞാൻ
ഓമലാളെ നിൻ രൂപമോർത്തു.

# നോവൽ

ബാലു എന്ന ബാലചന്ദ്രൻ ഇരുപതാം വയസ്സിൽ മുംബൈയിലെത്തുന്നു. ഒരു ജോലിയ്ക്കായി കഠിനശ്രമം. പിന്നീട് വ്യവസായി ആയി മാറുന്നു. അനസൂയ എന്ന തന്റെ ഓഫീസ് സ്റ്റാഫിനെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നു. അവളുടെ രോഗിയായ ഭർത്താവ് തിരിച്ചുവരുന്നു. ബാലുവിന്റെ ജീവിതം ശോഭനമാവാൻ അവൾ അമ്മയേയും ഭർത്താവിനേയും മകളേയും കൊണ്ട് ചെന്നൈയിലെത്തുന്നു. വൈകാതെ ഭർത്താവും (വിനോദ്) അമ്മയും മരിക്കുന്നു. താൻ ഗർഭിണിയാണെന്ന് മനസ്സിലാവുന്നു. ഒരു മകൻ ജനിക്കുന്നു. ബാലുവിന്റെ മകനാണെന്ന് അനസൂയയ്ക്ക് മാത്രം അറിയാം. ശെൽവൻ, മങ്കൈ എന്ന രണ്ടു സുഹൃത്തുക്കളെ കൂടി കിട്ടുന്നു. കാലം കടന്നു. അനസൂയ ക്യാൻസർ രോഗിയാവുന്നു. എം. ബി. എ. കഴിഞ്ഞ മകനെ ബാലുവിനടുത്തേയ്ക്ക് അയക്കുന്നു. ആദ്യ ദർശനത്തിൽത്തന്നെ ബാലു വൈകാരികമായി തളരുന്നു. ഹാർട്ട് അറ്റാക്കായി മരിക്കുന്നു.

**തുടർന്നു വായിക്കുക...**



**കൃഷ്ണ എഴക്കാട്**
**9847469166**

# ഇത് അനസൂയയുടെ കഥ നിന്റേയും

(അവസാന ഭാഗം)

## പിതൃബലി

**വി**വരം അറിയിച്ചപ്പോൾ അനസൂയക്കും എത്തണം. അവൾ പറന്നുവന്നു. മകളോടൊത്ത്. യമുനയിൽ നിമഞ്ജനം ചെയ്ത ചിതാഭസ്മം പിതൃതർപ്പണം ചെയ്തത് ശ്രേയസ്സ് തന്നെയായിരുന്നു. യാദവിന്റെ അഭ്യർത്ഥന. മക്കളില്ലാത്ത ബാലുവിന് വേണ്ടി ഒരു സഹായം.

ചില സത്യങ്ങൾ കാലത്തിനായി വിട്ടുകൊടുക്കണം. ഫ്ളാറ്റിൽ തിരിച്ചെത്തിയ ഇന്ദുമതിയെക്കുറിച്ച് ആധിപൂണ്ടു യാദവ്. ഒറ്റയ്ക്ക് എങ്ങനെ മുന്നോട്ട് പോകും. സാമ്പത്തിക സ്ഥിതി മാത്രമല്ലല്ലോ ഒരാളുടെ നിലനില്പ്പിന് അടിസ്ഥാനം. അവർ വല്ല അബദ്ധവും കാണിക്കുമോ ? സ്ത്രീയല്ലേ പെട്ടെന്ന് തളർന്നാൽ...

“അനസൂയ ഒന്നകത്തേക്ക് വരൂ...” ഇന്ദുമതി ക്ഷണിച്ചു. യാദവും ശ്രേയസ്സും മാത്രമായി പുറത്ത്. അകത്തെ മുറിയിൽ ആശുപത്രിയിൽ നിന്നും കൊണ്ടുവന്ന ബാഗുകളിൽ ഒന്നിൽനിന്നും ഇന്ദുമതി ഒരു കവറെടുത്തു.

“അനസൂയ ഇരിക്കൂ. ഇത് അനസൂയ അയച്ചതല്ലേ.” ആ കവർ വിറകൈയ്യോടെ വാങ്ങിയ അവളുടെ മുഖം വിവർണ്ണമായി. തല താഴ്ത്തി അവൾ ഇരുന്നുപോയി. ഇന്ദുമതി എല്ലാമറിഞ്ഞിരിക്കുന്നു. ഈശ്വരാ... താൻ വരരുതായിരുന്നു. ഒന്നും വേണ്ടായിരുന്നു.

വാതിൽ ചാരി ഇന്ദുമതി വന്നു. ചുമലിൽ പിടിച്ചു. താടിയിൽ പിടിച്ച് മുഖം ഉയർത്തി കണ്ണുകളിലേയ്ക്ക് നോക്കി. അവൾ ശാന്തമായി പുഞ്ചിരിച്ചു. വേദനയും വിഷാദവും കലർന്ന ചിരി - തോറ്റവളുടെ ചിരി ?!

“നീയെത്ര ഭാഗ്യവതി ! വിധി അച്ഛനേയും അമ്മയേയും മകനേയും ഒന്നിപ്പിച്ചിരിക്കുന്നു. ഒരുപക്ഷേ ബാലു ഉണ്ടായിരുന്നെങ്കിൽ എനിക്കിങ്ങനെ പറയാനാവുമായിരുന്നോ ? സ്വന്തം ഭർത്താവിനെ പങ്കുവയ്ക്കാൻ ഒരു ഭാര്യയ്ക്ക് ആവുമോ ? പക്ഷെ ഇപ്പോൾ എന്റെ മനസ്സിൽ ഒരു ദേഷ്യവുമില്ല. ഞാനീ കത്ത് രണ്ട് ദിവസം മുൻപ് കണ്ടിരുന്നു. ഡോക്ടർ പറഞ്ഞിരുന്നു അധികമില്ലായെന്ന്. അതിനാൽ തിരികെടാറായ ആ ജീവനെ ചോദ്യം ചെയ്ത് വേദനിപ്പിക്കാൻ എനിക്ക് തോന്നിയില്ല. അല്ലെങ്കിലും മക്കളെ നൽകാൻ കഴിയാത്ത ഞാൻ അതർഹിക്കുന്നില്ല. ഓർത്തു നോക്കൂ... ഒരിക്കലും എന്റെ ജീവിതം അവഗണിക്കപ്പെട്ടതായിരുന്നില്ല. നിറഞ്ഞ മനസ്സോടെ എന്നെ സംരക്ഷിച്ചു. ഒരിക്കലും കുറ്റം പറഞ്ഞില്ല. സഹതപിച്ചില്ല.

വിവാഹത്തിനുമുൻപ് സംഭവിച്ചതും ആത്മാർത്ഥമായിരിക്കും. എനിക്കുറപ്പുണ്ട്. ആ സത്യമാണ് ശ്രേയസ്സിനെ അദ്ദേഹത്തിന്റെ അരികിലെത്തിച്ചത്. മകന്റെ കർമ്മങ്ങൾ അനുഷ്ഠിക്കാൻ കാലം തന്ന സൗഭാഗ്യം. ഞാനാണ് അനാഥ. ആരുമില്ല. മരിക്കാനും വേണം ഭാഗ്യം. ജീവിക്കാൻ മോഹവുമില്ല. സ്നേഹിക്കാൻ ആരുമില്ല. ഒറ്റത്തടി...” ഇത്രയും പറയുമ്പോഴേക്കും ഇന്ദുമതി വിതുമ്പിപ്പോയി. യാദവും ശ്രേയസ്സും മുറിയുടെ വാതിൽക്കലെത്തിയതുപോലും അവർ അറിഞ്ഞിരുന്നില്ല.

അനസൂയ എഴുന്നേറ്റ് സമനില വീണ്ടെടുത്തു. ക്ഷീണിച്ച കൈകൾ അവൾ ശ്രേയസ്സിന് നേരെ നീട്ടി. അവന്റെ കൈകൾ ഇന്ദുമതിയുടെ കൈകളിൽ വെച്ച് പറഞ്ഞു. “ഇവൻ നിങ്ങൾക്കും അവകാശപ്പെട്ടതാണ്. ഞാനിനി അധികകാലമില്ല. അവനെ ഇവിടെ ഏൽപ്പിക്കട്ടെ...”

ഓരോ ജീവനും തന്റെ കണ്ണികൾ ബാക്കിയാക്കി ലോകത്തോട് വിട പറയുന്നു. മായാ ലോകത്തെ ചില കടുത്ത യഥാർത്ഥ്യങ്ങൾ ബന്ധങ്ങൾ ബന്ധനങ്ങളുടെ ചങ്ങലക്കണ്ണികൾ - ചിലപ്പോൾ മോചിതരാവാൻ ആഗ്രഹിക്കുന്നു. മറ്റു ചിലപ്പോൾ അവയുടെ കണ്ണികൾ വരിഞ്ഞു മുറുകട്ടെ എന്നും ആഗ്രഹിക്കുന്നു...

യാദവ് കണ്ണുതുടച്ച് പുറത്തേക്ക് വണ്ടിയിലിരിക്കുമ്പോഴും അയാൾ പറഞ്ഞു - “ബാലു നീയെത്ര ധന്യൻ.”

ബാൽക്കണിയിൽ നിന്ന് അനസൂയ സന്ധ്യാംബരത്തെ നോക്കി. നരച്ചമുടി. കുറ്റി മുടികളിൽ കടൽക്കാറ്റ് തട്ടി തണുത്തു. ദൂരെ പടിഞ്ഞാറ് അസ്തമയ സൂര്യന്റെ പതനം ആരംഭിച്ചിരുന്നു. ആ സിന്ദൂരം കടലിൽ മായാൻ അധികം സമയമില്ല. ഇങ്ങു കിഴക്ക് ഉദിച്ചുയരാൻ വെമ്പുന്ന പൗർണ്ണമി ചന്ദ്രൻ... അനസൂയയുടെ ചുണ്ടിൽ അപ്പോഴും മായാത്ത പുഞ്ചിരി ബാക്കിയായിരുന്നു... ആരോടും പരിഭവമില്ലാത്ത ചിരി !

* * * * *

അനസൂയ ഓർത്തു - ഒരിക്കൽ താനും വിനോദും കടൽപ്പാലം കടന്ന് ഒരു സൂഫികബറിടം സന്ദർശിച്ച നിമിഷം. പരസ്പരം മൗനിക

ളായി ആ വിശുദ്ധാന്തരീക്ഷത്തിൽ പ്രാർത്ഥിച്ചുനിന്നത്. അന്ന് പൗർണ്ണമിയായിരുന്നു.

ചുവന്ന പട്ടിട്ട ഖബറിടം കുന്തിരിക്കം മണക്കുന്ന അന്തരീക്ഷം - മൗനമായിരുന്നു പ്രാർത്ഥന. ബഹളമയമായ ഈ മുംബൈ നഗരത്തിൽ ഇത്തരം ഒരുസ്ഥലം വശ്യമായിരുന്നു. മനസ്സിനെ തണുപ്പിക്കാൻ ഭക്തർ ഓടിയെത്തി. തിരിച്ചുനടക്കുമ്പോൾ വേലിയേറ്റമായിരുന്നു. അലറിത്തുള്ളി കരയോടടുക്കുന്ന തിരകൾ. ഓരോ തവണയും പിന്നോട്ട്, കൂടുതൽ ആയത്തിൽ മുന്നോട്ട് പൊങ്ങിവരുന്ന ജലം...

കടൽപ്പാലത്തുനിന്നും കണ്ട ഹൃദയാവർജ്ജകമായ ആ കാഴ്ച... പടിഞ്ഞാറ് അസ്തമയ സൂര്യൻ തന്റെ കർമ്മം കഴിഞ്ഞ് യാത്ര പറയുന്നു. കിഴക്ക് ചെറു ചുവപ്പിൽ മുങ്ങി എഴുന്നേറ്റ് ഉയർന്ന് വരുന്ന പൂർണ്ണ ചന്ദ്രൻ. തന്റെ ദിവസം തുടങ്ങുന്നതിനായി പുഞ്ചിരിയോടെ ഉയർന്നുവരുന്നു...

തങ്ങളുടെ ഇരുവശവും സൂര്യനും ചന്ദ്രനും പ്രപഞ്ചത്തിന്റെ മാതാപിതാക്കൾ... ആത്മകാരകനായ സൂര്യനും മാതൃഭാവത്തിൽ ചന്ദ്രനും... ആ കാഴ്ച തന്നെ ഇന്നും താൻ കാണാനിടയായി...

അതെ, ഓരോ ജീവന്റെയുള്ളിലുമുള്ള സൂര്യചന്ദ്രൻമാർക്ക് മരണമില്ല... ഒരിക്കലും... ഒരേ ചാക്രിക പ്രവാഹത്തിൽ എല്ലാവരും ഒഴുകിക്കൊണ്ടേയിരിക്കും...

കൂടെ നിന്ന മകളുടെ തോളിലേക്ക് അനസൂയ ചാഞ്ഞു... "നീ എന്നെ മനസ്സിലാക്കുന്നുണ്ടോ?" അവൾ തലയാട്ടി ചേർത്തുപിടിച്ചു.

"മോളെ, സ്വത്തും പദവിയും അല്ല നമ്മെ ജീവിക്കാൻ ശക്തി നൽകുന്നത്. സ്നേഹിക്കാൻ - നിരുപാധികം സ്നേഹിക്കാൻ - സ്നേഹിക്കപ്പെടാനും ആരെങ്കിലുമൊക്കെ നമുക്ക് ഉണ്ടാവണം. പിന്നെ ഏതു പ്രയാസങ്ങളും നമുക്ക് മറികടക്കാം. ജീവിതത്തിന് എന്നും ഇരട്ടവരക്കോപ്പിയുടെ ചന്തമാവില്ല, പ്രതീക്ഷിക്കയേവേണ്ട..."

മങ്ങിയ ഇരുട്ടിൽ രണ്ടുനിഴലുകളുമായി അവർ ബാൽക്കണിയിൽ ബാക്കിയായി. അതെ ഓരോ ജീവനും മറ്റൊരു ജീവന്റെ ബലിക്കായി ബാക്കിയാവുന്നു...

(അവസാനിച്ചു)

കുറിപ്പ് :

കാലപ്രവാഹത്തിൽ തലമുറകളുടെ വ്യവസ്ഥിതികളുടെ അന്തരം വർദ്ധിക്കുന്നു. പക്ഷെ ജീവിതം ജീവിച്ചുതന്നെ തീർക്കാൻ വിധിക്കപ്പെടുന്നതാണ്. പ്രതിബന്ധങ്ങളിൽ പതറുന്നവർ, തോറ്റോടുന്നവർ മരിച്ചു ജീവിക്കുന്നു. മാറ്റങ്ങളെ ഉൾക്കൊള്ളാതെ.

ചിലർ ഇച്ഛാശക്തിയോടെ കാലത്തിനൊത്ത് സ്വയം പരിവർത്തനം നടത്തുന്നു. വലിയ ലോകത്തെ ചെറിയ മനുഷ്യരുടെ കഥയാണിത്. അത് പറയാനുള്ള ചെറിയൊരു ശ്രമം മാത്രമായിരുന്നു എന്റേത്. പ്രിയ വായനക്കാരുടെ അഭിപ്രായങ്ങൾക്കായി കാത്തിരിക്കുന്നു...


കൃഷ്ണ എഴക്കാട്



"ജീവിക്കാൻ വേണ്ടി ഭക്ഷിക്കുകയും
ഭക്ഷിക്കാൻ വേണ്ടി പ്രയത്നിക്കുകയും ചെയ്യുന്ന
ഒരു സമൂഹത്തെയാണ് നമുക്കാവശ്യം."

തങ്കച്ചൻ ജോൺ
9447034614

# കവിത



ഇന്ദുജൻ ഇന്ദീവരം
9567128513

## അമ്മ
## ഒരു വിസ്മയഭാവം

അമ്മിഞ്ഞ തന്നതും നമ്മെ വളർത്തിയെൻ
പൊന്നോമനക്കുഞ്ഞെന്നോതിയതും
ഉമ്മവച്ചോമനിച്ചാനന്ദ മധുതന്ന-
തമ്മയാണെന്നു നാം ഓർമ്മിക്കണം.

അമ്മയീമണ്ണാണ് പൂവാണ് പുഴയാണ്
നന്മകൾ മേയുന്ന താഴ്വരയും
സ്നേഹാമൃതത്തിന്റെ തേൻതുള്ളി ആദ്യമായ്
നാവിൽ പുരട്ടിയതമ്മയല്ലോ !

അനുഭവം അമ്മയെന്നോർക്കുന്ന പുരുഷൻ
സൽക്കർമ്മമേഖല വീണ്ടെടുക്കും
വൈവിധ്യമോലുന്ന ഭൂമിയിലെല്ലാരും
ഒന്നെന്ന ഭാവം നിരത്തിവയ്ക്കും.

കർമ്മൈക സാക്ഷിയാം മാതൃസ്മരണയിൽ
മാലോകർ മാനസം വിമലമെങ്കിൽ
ആചന്ദ്രതാരമീ മണ്ണിൽ മുഴങ്ങട്ടെ
"ലോകാ സമസ്താ സുഖിനോ ഭവന്തു !"




സുകുമാരൻ നെല്ലാനിക്കാട്
9495276965

## മധുരാസ്വാസ്ഥ്യം

ഓർമ്മകൾ തേൻ ചുണ്ടുകളിൽ
ഓളം വെട്ടും നാളുകളിൽ
താളം തുള്ളും വേദികളിൽ
നൃത്തമാടും മേനക നീ... (ഓർമ്മകൾ...)
നിന്നെമറന്നു നീയാടി -
ഓർമ്മകൾ കൊണ്ടൊരു മാലകൊരുത്തു
കടമിഴിക്കോണിനാൽ ചിത്രം വരയ്ക്കെ-
കടമിഴി, ഞാനതിൽ ചായ മുഴിഞ്ഞു (ഓർമ്മകൾ)
എന്നുള്ളിലാശകൾ നീ വരച്ചു
എന്നന്തരാത്മാവുണർന്നു പാടി
ആശകൾ കൊണ്ടു ഞാൻ വീണമീട്ടി-
ആരുമറിയാതെ വീർപ്പുമുട്ടി. (ഓർമ്മകൾ)

# മൂന്നു കഥകൾ



**സുരേഷ് തെക്കീട്ടിൽ**
9446330957

## നീതി

**പ**ണത്തിന് ഏറെ ബുദ്ധിമുട്ടിയാണ് അയാൾ പഠിച്ചത്. അതുകൊണ്ടാകാം പണമുള്ളവരോട് പ്രത്യേക ദേഷ്യവും പകയും അയാൾക്ക് ഉണ്ടായത്. പിന്നീട് ഡോക്ടറായി സ്വകാര്യ പ്രാക്ടീസ് തുടങ്ങിയപ്പോഴും ആ പക ഒടുങ്ങിയിരുന്നില്ല. അതുകൊണ്ടുതന്നെ ചികിത്സക്കായി മുന്നിലെത്തുന്ന സമ്പന്നരായ ആളുകളെ പരമാവധി പിഴിഞ്ഞിരുന്നു. യാതൊരു മനസാക്ഷിക്കുത്തും, ദയയും ഇല്ലാതെ തന്നെ.

മോനേ.. ഒരു സ്ഥാനത്തെത്തുമ്പോൾ എല്ലാവരേയും ഒരേപോലെ കാണണം. ആരോടും പക്ഷഭേദം കാണിക്കരുത്.

അമ്മ അയാളോട് എപ്പോഴും പറയാറുണ്ടായിരുന്നത്രേ ഈ  വാചകം. ഓർമിപ്പിക്കാറുണ്ടായിരുന്നത്രേ ഈ  കാര്യം.

അമ്മയുടെ വാക്കുകൾ അയാളത് മറന്നിട്ടില്ല. മറക്കുകയുമില്ല. അതുകൊണ്ടുതന്നെ മുന്നിലെത്തുന്ന പണമില്ലാത്ത പാവപ്പെട്ടവരോടും അയാൾ പണക്കാരോട് കാണിക്കാറുള്ള അതേ രീതി തന്നേയാണ് സ്വീകരിക്കാറുള്ളത്, ഒരു വ്യത്യാസവുമില്ലാതെ.

## അന്ധവിശ്വാസി

**മേ**ലേക്കാട്ടിലെ അപ്പുവേട്ടന്റെ മാതിരിയുള്ള ആളുകള് ഇക്കാലത്തും ജീവിക്കുന്നുണ്ടല്ലോ അതാലോചിക്കുമ്പോഴാ അത്ഭുതം. ഇതുപോലൊരു അന്ധവിശ്വാസി വേറെ എവിടേം ഉണ്ടാവില്ല. പണ്ട് കാലത്ത് ഒക്കെ എവിടെയെങ്കിലുമൊക്കെ  ഉണ്ടാവുമായിരിക്കും. അയാള് ഈ ലോകത്തൊന്നും അല്ലാന്നാ തോന്നണത്. മിനിയാന്ന് എന്നോട് പറഞ്ഞത് കേട്ടാൽ നിങ്ങളൊക്കെ അന്തം വിടും . അയാളെ വയസ്സു കാലത്ത് വയ്യാണ്ടാവുമ്പൊ അയാളുടെ മക്കള് നോക്കുംന്ന്... എങ്ങനെണ്ട്.

## കത്ത്...

**ര**ചനകൾ അയച്ച് പ്രസിദ്ധീകരിക്കുന്നതും കാത്തിരുന്ന് മനസ്സ് മടുത്തപ്പോഴാണ് അയാൾ വീണ്ടും പത്രാധിപർക്ക് കത്തെഴുതിയത്.

സാർ.. രചനകൾ അയച്ചിരുന്നു. ഒന്നും പ്രസിദ്ധീകരിച്ചുകണ്ടില്ല. ഒരു വിവരവുമില്ലാത്തതുകൊണ്ടാണ് വീണ്ടും എഴുതുന്നത്.

പത്രാധിപരുടെ മറുപടി വന്നത് ഇങ്ങനെ.

ആദ്യം എഴുതിയതും അതുകൊണ്ട് തന്നെയായിരുന്നു.

**കവിത**

# ചിത

**ജയകൃഷ്ണൻ പെരിങ്ങോട്ടുകുറുശ്ശി**
**8301862969**

താരകേ നീഎൻ കരൾമഞ്ഞുകൂട്ടിലായ്
അടർന്നുവീണൊരു നക്ഷത്രപൊട്ട്.
പണ്ടു നമ്മൾ നെയ്ത പൊൻകിനാവിൻ
തുണ്ടു കണ്ടുവോ നീ നിൻ വഴിച്ചോലയിൽ
എങ്ങുപോയ് മറഞ്ഞുനീ ഏകാകിയായി
എന്റെ സ്വപ്നത്തിന്റെ മാറാപ്പുമേന്തി
തിരികെ തരിക നീ കവർന്നതെല്ലാം സഖീ-
മരണമെന്നോടു മന്ത്രിപ്പൂ സമയമായി.
ഇരവിലും പകലിലും വെയിലിലും മഴയിലും
ഇതളിട്ടു നിൽപ്പൂ നിന്നോർമ്മപ്പൂവ്
ഉരുകി എരിയുന്നൊരു മെഴുകുനാളത്തിന്റെ
ഉയിർവെന്ത നിലവിളി കേൾക്കുന്നുവോ
പുഴയൊഴുകി കടലിൽ ചേരുന്നപോലെ
മഴവില്ല് മാനത്ത് മറയുന്നപോലെ
മധുരമാം ശ്രീരാഗനിർഝരിതൻ തേരിൽ
ചിത കത്തും നേരത്തെന്നരികിൽ വരില്ലേ,
താരകേ നീ എൻ ചാരെയുണ്ടാവണം.
ചാമ്പലായ് തീരുന്ന നിമിനേരമോളം
ചിതയിലമരട്ടെ എൻ മോഹങ്ങളും.
ചെയ്ത പാപങ്ങളും കൊയ്ത സ്വപ്നങ്ങളും
കരയാതിരിക്കേണമപ്പോഴുമരികെ നീ
കണ്ണീരു വീണുള്ളു പൊള്ളുവാൻ വയ്യ
ഇനിവരും ജന്മത്തിൽ കാണാതിരിക്കുവാൻ
നിന്റെ തുടുമിഴികൾ നനയാതിരിക്കുവാൻ
അവസാനമൊരു പിടിചാരമായ് തീരവേ
അതിൽ നിന്നൊരു നുള്ളെടുത്തു നീ ചാർത്തുക
ഇനിയോരോ പുലരിയിലും പുതുമണ്ണിൻ
ഗന്ധമാർന്നുണരുന്ന പനിനീർമുകുളമായ് വിടരുക,
ഇനി നിന്റെ ഹൃദയത്തിന്നാഴങ്ങളിൽ
ജലമൗനമായ് പോലും ഞാനില്ലെന്നുമോർക്കുക
കൺകളിൽ വെള്ളിയാമ്പൽ തിരി തെളിച്ചുനീ
മൗനമായ് യാത്രാമൊഴി പൂക്കൾ വിതറുക
ഓർക്കുവാനോർമ്മകൾ ഇരുൾ മൂടിയെങ്കിൽ
മറക്കാനെളുപ്പമാണെന്നോർക്കുക സഖീ
താരകേ നീ എൻ മനസ്സിൻ ചിതയിലായ്
അടർന്നു വീണൊരു നക്ഷത്രപൊട്ട്.

**ജ്യോതിഷം പഠിയ്ക്കാൻ**
**ഇതാ ഒരു സുവർണ്ണാവസരം.**

ബേസിക് & അഡ്വാൻസ്ഡ് കോഴ്സുകൾ ശ്രേഷ്ഠമായും ലളിതമായും പഠിപ്പിക്കുന്നു. ബേസിക് കോഴ്സ് തപാലിലൂടെയും നേരിട്ടും. അഡ്വാൻസ് കോഴ്സ് നേരിട്ടും പഠിപ്പിക്കുന്നു. ജ്യോതിഷത്തിൽ അടിസ്ഥാന പരിജ്ഞാനം ഉള്ളവർക്ക് അഡ്വാൻസ്ഡ് കോഴ്സിലേക്ക് നേരിട്ട് പ്രവേശനം ഉണ്ട്. കൂടാതെ ജ്യോതിഷസംബന്ധമായ എല്ലാകാര്യങ്ങളും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്ത് റിപ്പോർട്ട് കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഉടൻ വിളിയ്ക്കുക.

**എൻ. ബി. കർത്ത, 9388524617**



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# വിദേശ മദ്യ വിൽപ്പനശാലയ്ക്കെതിരെ...




നിരവധി പ്രമുഖർക്കൊപ്പം ശ്രീ. മുക്കം ഭാസിയും സമരത്തിൽ

**മുക്കം :** ശാലീന സുന്ദരമായ മുക്കം കയ്യിട്ടാ പൊയിൽ പ്രദേശത്ത് പ്രദേശവാസികളുടെ സൈ്വരവും സമാധാനവും കെടുത്താൻ ഇടിത്തീപോലെ വരാനിരുന്ന വിദേശ മദ്യ വിൽപ്പനശാലയ്ക്കെതിരെ കുഞ്ഞുകുട്ടികളടക്കം നടത്തിയ പതിനൊന്നു ദിവസത്തെ 'കൂട്ടായ്മ സമരം' ഫലം കണ്ടു. വിവിധ സാംസ്കാരിക സംഘടനകൾ, മതസംഘടനകൾ, അധ്യാപകസംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, മാധ്യമ പ്രവർത്തകർ തുടങ്ങി നിരവധി പേർ ഈ ധർമ്മ സമരത്തിന്ന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. കൂട്ടത്തിൽ ഏക തത്ത്വ പത്രാധിപർ ശ്രീ. ഇ. ടി. മുരളീധരൻ സമരപ്പന്തൽ സന്ദർശിച്ച് സമരഭടന്മാർക്ക് അഭിവാദ്യമർപ്പിച്ചു. ആ ദേശത്തെ നിരവധി പ്രമുഖർക്കൊപ്പം ശ്രീ. മുക്കം ഭാസിയും സമരത്തിൽ സജീവ സാന്നിധ്യം വഹിച്ചു.

സ്ഥലം എം. എൽ. എ. ശ്രീ. ജോർജ്ജ് എം. തോമസ് എക്സൈസ് മന്ത്രിയുമായി ബന്ധപ്പെട്ട് യാതൊരു കാരണവശാലും പ്രസ്തുത സ്ഥലത്ത് വിദേശമദ്യത്തിൻ പാനശാല അനുവദിയ്ക്കില്ല എന്ന ഉറപ്പിന്മേൽ കൂട്ടായ്മ സമരം 9-2-2017 ന് അവസാനിപ്പിച്ചു. ●

### ആർ. കെ. വള്ളിച്ചിറ രചിച്ച ആഴിയും പുഴയും എന്ന കവിതാ സമാഹാരത്തിന്റെ

# പുസ്തകപ്രകാശനവും സി. ഡി. പ്രകാശനവും

**പാലാ:** ശ്രീ. ആർ. കെ. വള്ളിച്ചിറ രചിച്ച ആഴിയും പുഴയും എന്ന കവിതാ സമാഹാരം പാലാ സഹൃദയ സമിതിയുടെ ആഭിമുഖ്യത്തിൽ പാലാ ടൗണിലെ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ആഡിറ്റോറിയത്തിൽ വെച്ച് സുപ്രസിദ്ധ എഴുത്തുകാരി ശ്രീമതി. ഡി. ശ്രീദേവി, പിന്നോക്ക വിക സന വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. ആർ. ജോഷിക്ക് നൽകിക്കൊണ്ട് 11-2-2017 ൽ പ്രകാശനം ചെയ്തു.

വേദിയിൽ പ്രസിദ്ധരായ എഴുത്തുകാരുടെ കൂട്ടത്തിൽ പാലക്കാട്ടു നിന്നെത്തിയ ഏക തത്ത്വ ചീഫ് എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരനും കവിയായ രജീഷ് കാളികാവും സാഹിത്യ സമിതി ഭാരവാഹികളായ പാലാ രവി, പുലിയനൂർ രവി എന്നിവരും എഴുത്തുകാരായ പി. ആർ. സുകുമാരൻ, പി. കെ. ശാരങ്ധരൻ, സത്യൻ പന്തതല, പഞ്ചായത്ത് മെമ്പർ സന്ധ്യ ബിനു എന്നിവർ സംസാരിച്ചു. തുടർന്ന് പ്രസ്തുത വേദിയിൽ വെച്ച് ആഴിയും പുഴയും എന്ന കവിതാ സമാഹാര ത്തിന്റെ സംഗീത സംവിധാനം ചെയ്ത സി. ഡി. ശ്രീ. കെ. കെ. സോമനാഥൻ മാസ്റ്റർ, പുൽപ്പള്ളി കവിയായ രജീഷ് കാളികാവിന് നല്കി പ്രകാശനം ചെയ്തു.



Published on 15/02/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7, Issue 4, March 2017, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM



ബെഡ്ഡിനോടൊപ്പം ബെഡ്ഷീറ്റും പില്ലോയും സൗജന്യം








Sleepwell MATTRESSES PILLOWS CUSHIONS

Peps

RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com